# മഖ്ബറയിലൂടെ

## പ്രമാണം | ചരിത്രം | കർമ ശാസ്ത്രം



യാസീൻ കാമിൽ സഖാഫി കല്ലുവെട്ടുപാറ

SUNNAH CLUB

Sunnahclub.in

# മഖ്ബറയിലൂടെ

പ്രമാണം | ചരിത്രം | കർമ ശാസ്ത്രം

**മുഹമ്മദ് യാസീൻ കാമിൽ സഖാഫി കല്ലുവെട്ടുപാറ**

SUNNAH CLUB

Click to follow us:

Sunnahclub.in

# ആമുഖം

മഹത്തുക്കളുടെ മഖാമുകൾക്ക് ഏറെ ശ്രേഷ്ഠത കൽപ്പിച്ച മതമാണ് ഇസ്ലാം. അതിനെ പാടെ നിഷേധിച്ച് ബിംബത്തിനു തുല്യമാണെന്നു വരെ വിശ്വസിക്കുന്ന വിഭാഗമാണ് ബിദ്അതുകാർ. സുന്നികൾ മുഴുവൻ മുശ്രികുകളാണെന്ന് പറയുന്ന ഇവർക്ക് ഇത് വലിയ പ്രശ്നമൊന്നുമല്ലെങ്കിലും അവരുടെ വ്യാജ പ്രചരണങ്ങളിൽ വിശ്വാസികൾ പെട്ടുപോകാതിരിക്കാൻ വേണ്ടിയാണ് ഇങ്ങനെയൊരു പരിശ്രമം നടത്തുന്നത്.

എല്ലാവിഷയങ്ങളും ശരിയും തെറ്റും വേർത്തിരിച്ച് തുറന്നെഴുതുകയാണ് ഇതിന്റെ ശൈലി. മഖ്ബറയുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ പ്രമാണത്തിലും ചരിത്രത്തിലും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിലും ഏറെ കാണാനാകും. അതിൽ ചിലതെല്ലാം ഇവിടെ ഉദ്ധരിക്കുകയും സാധാരണ ബിദ്അതുകാർ തെറ്റിദ്ധരിപ്പിക്കാറുള്ള വിഷയങ്ങൾ ചർച്ചക്കെടുത്ത് അഹ്ലുസ്സുന്നയുടെ കൃത്യമായ ആശയം വിശദീകരിക്കുകയാണിവിടെ.

ഇതിൽ പ്രതിപാദിക്കേണ്ട ഉള്ളടക്കത്തെ കുറിച്ച് നല്ലൊരു ധാരണ നൽകിയ പ്രിയസുഹൃത്ത് അനസ് അടക്കം പലരും നിർദ്ദേശങ്ങൾ തന്ന് സഹായിച്ചവരുണ്ട്. ഉസ്താദുമാർ മാതാപ്പിതാക്കൾ മുഹിബ്ബുകൾ എല്ലാവർക്കും റബ്ബ് നന്മ ചൊരിയട്ടെ.!

Version: 05.05

# ഉള്ളടക്കം

1. മഖാമുകളുടെ ലക്ഷ്യം.................................... 06
2. അനുഗ്രഹത്തിന്റെ കേന്ദ്രങ്ങൾ......................... 09
- അസ്ഹാബുൽ കഹ്ഫിന് ചാരെ
- ✓ സ്വഹാബതിന്റെ പക്ഷം
- തിരു മണ്ണിനെ കൊതിച്ച്
- ഉയരത്തിലുള്ള ഖബർ
- മഴക്കുവേണ്ടി റൗളയിൽ
- ✓ ഏറ്റവും മഹത്വമുള്ള സ്ഥലം
- ✓ ചരിത്രത്തിൽ
- സ്വഹാബിയുടെ ഖബർ
- ഇമാം ബുഖാരി(റ) വിന്റെ മഖ്ബറ
- ✓ ഇബ്നു തൈമിയ്യ പോലും.
- ✓ ശിർക്കിന്റെ കേന്ദ്രമോ!?

3. ഖബർ സിയാറതും തബർറുകും.......................... 34
- ✓ മഹത്തുക്കളെ സിയാറത് ചെയ്യൽ
- ✓ യാത്ര കെട്ടിപ്പുറപ്പെടൽ
- സ്ത്രീകൾക്കും സുന്നത്ത്
- ✓ മഖ്ബറയും തബർറുകും
- ഖബർ ചുംബിക്കൽ, തൊട്ടുമുത്തൽ
- മഖ്ബറകളും തബർറുകും
- അനിയന്ത്രിതമായാൽ
- വിളക്ക്, കൊടി, ജാറം മൂടൽ
- തെറ്റിദ്ധാരണകൾ ഒഴിവാക്കാം.
- ഖബറിനു മുന്നിൽ സുജൂദ്.

4. മഖ്ബറ നിർമ്മാണം........................................ 68
5. ഖബർ കെട്ടി ഉയർത്തൽ................................ 76

- നിർബന്ധം
- കറാഹത്ത്
- ഹറാം.

6. അനുസ്മരണ സമ്മേളനം ആണ്ട് നേർച്ച............ 89

- കാരുണ്യം വർഷിക്കും
- ദുആക്ക് ഉത്തരം- അസ്സാളൽ ബദ്ർ
- മറ്റു ഇബാദതുകൾക്കൊപ്പം
- തെറ്റുകൾ പൊറുക്കാൻ
- മരണപ്പെട്ട ഇടങ്ങളിലും
- അനുസ്മരണ ഗാനം

✓ ആണ്ടു നേർച്ചകൾ

- എല്ലാ വർഷവും1?
- ബദ്രീങ്ങളുടെ ആണ്ട്
- ഭക്ഷണം നൽകാമോ!?
- മഖാമിലേക്ക് നേർച്ച
- മഹാന്മാരുടെ പേരിൽ അറവ്
- നേർച്ചയിലെ അനാചാരങ്ങൾ

7. ചോദ്യോത്തരങ്ങൾ.......................................... 118

? 01. ആരാധനാ കേന്ദ്രമാക്കിയോ!?
? 02. വഹാബികളും മഖ്ബറ പൊളിയും
? 03. ഇമാം ഹൈതമി(റ) വിന്റെ സവാജിറിൽ!?
? 04. എന്റെ ഖബർ ആഘോഷമാക്കരുത്!?
? 05. ആരാധിക്കപ്പെടുന്ന ബിംബമാക്കരുതേ.. !?
? 06. അലി(റ) ഖബർ പൊളിക്കാൻ പറഞ്ഞത്!?
? 07. നബി(സ)യുടെ ഖബർ എങ്ങനെ!?

# മഖാമുകളുടെ ലക്ഷ്യം

പരിശുദ്ധ ഇസ്ലാം മഹത്തുക്കൾക്ക് വലിയ പ്രാധാന്യം കൽപ്പിക്കുന്ന മതമാണ്. മുസ്ലിമായവരോട് ഇസ്ലാം മഹത്വം കൽപ്പിക്കുന്ന കാര്യങ്ങളേയും വ്യക്തികളേയും ആദരിക്കണമെന്നത് റബ്ബിന്റെ കൽപ്പനയാണ്. അല്ലാഹു പറയുന്നു.

﴿ذَٰلِكَ وَمَنْ يُعَظِّمْ شَعَائِرَ اللَّهِ فَإِنَّهَا مِنْ تَقْوَى الْقُلُوبِ ﴿٣٢﴾

"ആരെങ്കിലും അല്ലാഹുവിന്റെ ചിഹ്നങ്ങളെ ബഹുമാനിക്കുന്ന പക്ഷം അത് ഹൃദയത്തിന്റെ തഖ്‌വയിൽ പെട്ടതാണ്." *(അൽ ഹജ്ജ്32)*

ഈ ഗണത്തിൽ വളരെ പ്രധാനപ്പെട്ടതാണ് മനുഷ്യർ. അവർ ആദരവ് കൽപ്പിക്കപ്പെടേണ്ട ജീവിയായിട്ടാണ് റബ്ബ് പടച്ചത്.

അല്ലാഹു പറയുന്നു.

﴿وَلَقَدْ كَرَّمْنَا بَنِي آدَمَ ﴿٧٠﴾

"തീർച്ചയായും നമ്മൾ മനുഷ്യരെ ബഹുമാനിച്ചിരിക്കുന്നു" *(അൽ ഇസ്റാഅ് 70)*

ഈ ആദരവ് ഒരിക്കലും മരണത്തോടു കൂടെ അവസാനിക്കുന്നില്ല. ഒരാൾ മരണപ്പെട്ടാൽ ആവ്യക്തിയെ കുളിപ്പിക്കുക, കഫൻ ചെയ്യുക, തുടങ്ങിയ കർമ്മങ്ങൾ ചെയ്യാൻ ഇസ്ലാം കൽപ്പിച്ചത് മരണം കൊണ്ട് ഒരു മനുഷ്യന് അവന്റെ ജീവിതത്തിൽ ഉണ്ടായിരുന്ന പവിത്രത നഷ്ടപ്പെടുന്നില്ലെന്നതിന് വ്യക്തമായ തെളിവാണ്. ജീവിത കാലത്ത് തന്നെ ബറകതെടുക്കൽ കൊണ്ട് മഹത്വമുള്ള മഹാത്മാക്കൾ വഫാതാവൽ കൊണ്ട് ആ മഹത്വം മുറിഞ്ഞു പോവുകയില്ല. മുത്ത് നബി(സ) മരണപ്പെട്ട സമയം അബൂബക്കർ(റ) നേരെ കയറിവന്നു കൊണ്ട് അവിടുത്തെ മുഖം ചുംബിക്കുകയുണ്ടായ സംഭവം ഇമാം ബുഖാരി(റ) റിപ്പോർട്ടു ചെയ്യുന്നുണ്ട്.

أَخْبَرَنِي أَبُو سَلَمَةَ أَنَّ عَائِشَةَ زَوْجَ النَّبِيِّ ﷺ أَخْبَرَتْهُ قَالَتْ» :أَقْبَلَ أَبُو بَكْرٍ عَلَى فَرَسِهِ مِنْ مَسْكَنِهِ بِالسُّنْحِ.... فَكَشَفَ عَنْ وَجْهِهِ، ثُمَّ أَكَبَّ عَلَيْهِ فَقَبَّلَهُ، ثُمَّ بَكَى فَقَالَ: بِأَبِي أَنْتَ يَا نَبِيَّ اللهِ....... **(صحيح البخاري - ط السلطانية: ١٢٤١ و١٢٤٢ البخاري (ت ٢٥٦)**

അബൂബക്കർ(റ) തിരു ഹബീബിന്റെ ചാരെ എത്തി അവിടുത്തെ മുഖം കണ്ടപ്പോൾ അവിടുന്ന് ആ മുഖത്തേക്ക് വീണു ചുംബിച്ചു, കരഞ്ഞുകൊണ്ട് പറഞ്ഞു "ഞാൻ അങ്ങേക്ക് അർപ്പിതം നബിയേ..." **(ബുഖാരി:1241)**

ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി(റ) ഈ ഹദീസ് വ്യാഖ്യാനിച്ചു കൊണ്ടെഴുതുന്നു.

وَفِي هَذِهِ الْأَحَادِيثِ جَوَازُ تَقْبِيلِ الْمَيِّت تَعْظِيمًا وتبركا **(فتح الباري لابن حجر: 115/3— ابن حجر العسقلاني (ت ٨٥٢)**

"ഈഹദീസിൽ ആദരവിന് വേണ്ടിയും തബറുകിന് വേണ്ടിയും മരണപ്പെട്ടവരെ ചുംബിക്കൽ അനുവദിനീയമാണെന്നതിന് തെളിവുണ്ട്." **(ഫത്ഹുൽ ബാരി/ ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി(റ):3/115)**

മരണപ്പെട്ട മഹാത്തുക്കളെ കൊണ്ട് തബറുക് എടുക്കുക എന്നതാണ് ജാറങ്ങൾ നിർമ്മിക്കുന്നതു കൊണ്ടും അതിനു ചാ

രെ ആണ്ടുകൾ നടത്തുന്നതു കൊണ്ടും, അതുമായി ബന്ധപ്പെട്ട എല്ലാ സൽകർമ്മങ്ങൾ കൊണ്ടും സുന്നികൾ ലക്ഷ്യമാക്കുന്നത്.

മരണപ്പെട്ട മഹത്തുക്കളെ കൊണ്ടുള്ള തബർറുകിൽ പെട്ടതാണ് അവരുടെ മഖ്ബറകൾ കൊണ്ടുള്ള തബർറുക്. അത് അനുവദിനീയമാണെന്ന് പറയുന്നത് ഇസ്‌ലാമിലെ പ്രമാണങ്ങൾ അതിനെ ശരി വെക്കുന്നുണ്ടെന്നതു കൊണ്ടും കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങൾ അത് അനുവദനീയവും പുണ്യകരവുമായി പരിചയപ്പെടുത്തിയതു കൊണ്ടുമാണ്.

ആദ്യം പ്രമാണങ്ങളിലേക്കു കടക്കാം.

# മഖ്ബറകൾ അനുഗ്രഹ വർഷത്തിന്റെ കേന്ദ്രങ്ങൾ

മുത്ത് നബി(സ) യുടെ ഇസ്റാഉനെ കുറിച്ചു പ്രതിപാദിച്ചു കൊണ്ടുതുടങ്ങുന്ന സൂറതുൽ ഇസ്റാഇന്റെ ആദ്യ വചനങ്ങൾ അറിയാത്തവരുണ്ടാകില്ല. മസ്ജിദുൽ അഖ്സയെ കുറിച്ച് ഖുർആൻ ഈ ആയതിൽ പരിചയപ്പെടുത്തുന്ന വളരെ പ്രധാന ഭാഗം ശ്രദ്ധിക്കുക.

﴿سُبْحَانَ الَّذِى أَسْرَى بِعَبْدِهِ لَيْلا مِنَ الْمَسْجِدِ الْحَرَامِ إِلَى الْمَسْجِدِ الأَقْصَى الَّذِى بَارَكْنَا حَوْلَهُ لِنُرِيَهُ مِنْ آيَاتِنَا إِنَّه هُوَ السَّمِيعُ الْبَصِيرُ ١﴾

*മസ്ജിദുൽ ഹറാമിൽ നിന്ന് ചുറ്റും ബറകത് നിറക്കപ്പെട്ട മസ്ജിദുൽ അഖ്സയിലേക്ക് നമ്മുടെ ദൃഷ്ടാന്തങ്ങൾ കാണിച്ചു കൊടുക്കാൻ മുത്ത് കൊണ്ടുപോയ റബ്ബ് എത്ര പരിശുദ്ധവാൻ!*

ലോകത്ത് ഏറ്റവും മഹത്വമേറിയ മസ്ജിദുൽ ഹറാമിൽ നിന്ന് ചുറ്റും ബറകത് നിറക്കപ്പെട്ട പള്ളിയിലേക്ക് അല്ലാഹു മുത്ത് നബി(സ)യെ കൊണ്ടു പോകുമ്പോൾ ആ പള്ളിക്ക് ചുറ്റുമുള്ള ബറകത് എന്തെന്നത് പ്രസക്തമായ ചോദ്യമാണ്. രണ്ടു കാരണങ്ങളാണ് തഫ്സീറുകളിൽ കാണാനാവുക. മസ്ജിദുൽ അഖ്

സ്വക്ക് ചുറ്റും നിരവധി അമ്പിയാക്കളടക്കമുള്ള മഹത്തുക്കളെ മറവ് ചെയ്യപ്പെട്ടിട്ടുണ്ട് എന്നതാണ് പ്രധാന കാരണം. മറ്റൊന്ന്, മസ്ജിദുൽ അഖ്സ്വക്ക് ചുറ്റും അല്ലാഹു നല്ല പഴങ്ങളും മറ്റും സംവിധാനിച്ചിട്ടുണ്ട്. സകല മുഫസ്സിരീങ്ങളും ഈ ബറകതിന്റെ രണ്ടു കാരണങ്ങളെ എടുത്തെഴുതിയിട്ടുണ്ട്.

ഇമാം ഖുർത്വുബി(റ) എഴുതുന്നു.

ثم قال: (الَّذِي بارَكْنا حَوْلَهُ) قِيلَ: بِالثِّمَارِ وَبِمَجَارِي الْأَنْهَارِ. وَقِيلَ: بِمَنْ دُفِنَ حَوْلَهُ مِنَ الْأَنْبِيَاءِ وَالصَّالِحِينَ، وَبِهَذَا جَعَلَهُ مُقَدَّسًا(**تفسير القرطبي = الجامع لأحكام القرآن ٢١٢/١٠ — القرطبي، شمس الدين (ت ٦٧١)**

മസ്ജിദുൽ അഖ്സയുടെ പരിസരം ബറകത് നൽകപ്പെട്ടതിന്റെ കാരണം അവിടെയുള്ള പുഴകളും ഫല വൃക്ഷങ്ങളുമാണെന്ന് അഭിപ്രായമുണ്ട്. മറ്റൊരു അഭിപ്രായം അമ്പിയാക്കളെയും സ്വാലിഹീങ്ങളെയും ചുറ്റും മറവ് ചെയ്യപ്പെട്ടിട്ടുണ്ടെന്ന കാരണത്താലാണ്. ഇതു കാരണമാണ് മസ്ജിദുൽ അഖ്സ 'മുഖദ്ദസ്' എന്ന പേരിലറിയപ്പെടാൻ കാരണം.(**തഫ്സീറുൽ ഖുർത്വുബി :10/212**)

ഇബ്നു അബ്ബാസ്(റ) വിന്റെ ശിഷ്യനായ ഇമാം മുജാഹിദ്(റ) ഈ ആയതിന് വിശദീകരണം നൽകിയത് തന്നെ നിരവധി അമ്പിയാക്കളുടെ സ്മരണകളുറങ്ങുന്ന കേന്ദ്രമാണ് മസ്ജിദുൽ അഖ്സ എന്നതാണ്. ഇത് നിരവധി തഫ്സീറുകളിൽ കാണാനാകും. മറ്റുചില തഫ്സീറുകളും പേജുകളും ചുവടെ നൽകുന്നു.

**تفسير الثعلبي** = الكشف والبيان عن تفسير القرآن ط دار التفسير ١٨١/١٦ — الثعلبي (ت ٤٢٧) **التفسير الوسيط** للواحدي ٩٤/٣ — الواحدي (ت ٤٦٨) **تفسير السمعاني** ٢١٤/٣ — أبو المظفر السمعاني (ت ٤٨٩) **تفسير البغوي** - إحياء التراث ١٠٥/٣ — البغوي، أبو محمد (ت ٥١٦) **تفسير الماوردي** = النكت والعيون ٢٢٦/٣ — الماوردي (ت ٤٥٠) **تفسير الزمخشري** الكشاف عن حقائق غوامض التنزيل ٦٤٨/٢ — الزمخشري (ت ٥٣٨) **فضائل بيت المقدس** - ابن الجوزي - ط الآفاق ٨٤/١

— ابن الجوزي (ت ٥٩٧) **التبصرة لابن الجوزي** ٤١/٢ — ابن الجوزي (ت ٥٩٧)
**زاد المسير في علم التفسير** ٨/٣ — ابن الجوزي (ت ٥٩٧) **تفسير الرازي** = مفاتيح
الغيب أو التفسير الكبير ٢٩٢/٢٠ — الفخر الرازي (ت ٦٠٦) **تفسير النسفي** = مدارك
التنزيل وحقائق التأويل ٢٤٥/٢ — أبو البركات النسفي (ت ٧١٠) **تفسير الخازن** لباب
التأويل في معاني التنزيل ١١٠/٣ — الخازن (ت ٧٤١) **البحر المحيط في التفسير** ١٠/٧
— أبو حيان الأندلسي. (ت ٧٤٥) **مرقاة المفاتيح** شرح مشكاة المصابيح ٤٠٣٨/٩ —
الملا على القاري (ت ١٠١٤)

## അസ്ഹാബുൽ കഹ്ഫിന് ചാരെ

പരിശുദ്ധ ഖുർആനിലെ വളരെ പ്രധാനപ്പെട്ട ചരിത്രമാണ് അസ്ഹാബുൽ കഹ്ഫിന്റെ സംഭവം. അല്ലാഹുവിന്റെ ഔലിയാക്കളിൽ വളരെ മഹത്തുക്കളായ ആഏഴു പേർ വഫാതായി കിടക്കുന്ന സ്ഥലത്തിന് അവരുടെ സ്മരണകളില്ലാത്ത വിധം ചുറ്റും കെട്ടിടങ്ങൾ നിർമ്മിക്കുകയാണോ വേണ്ടത്, മറിച്ച് അവർക്കു സമീപ്പം അവരെ സ്മരണകൾ നിലനിർത്തി വരുന്നവർക്ക് ബറകതെടുക്കാൻ വേണ്ടി പള്ളി നിർമ്മിക്കുകയാണോ വേണ്ടത് എന്ന വിഷയത്തിൽ അക്കാലത്ത് തർക്കമുണ്ടായത് പരിശുദ്ധ ഖുർആൻ കൃത്യമായി വിവരിക്കുന്നുണ്ട്. കാഫിരീങ്ങളായ ജനങ്ങളുടെ അഭിപ്രായം അവരുടെ സ്മരണകൾ വേണ്ട എന്നിടത്തായിരുന്നു.[1] പരിശുദ്ധ ഖുർആനിൽ അവരുടെ വാദത്തെ റദ്ദ് ചെയ്യുന്ന ഭാഗം നോക്കാം.

﴿إِذْ يَتَنَازَعُونَ بَيْنَهُمْ أَمْرَهُمْ فَقَالُوا ابْنُوا عَلَيْهِم بُنْيَانًا﴾

*"അവർക്കിടയിൽ അസ്ഹാബുൽ കഹ്ഫിന്റെ കാര്യത്തിൽ തർക്കമുണ്ടായ സമയം, ഒരു വിഭാഗം ആളുകൾ പറഞ്ഞു. അവരുടെ മേൽ നിങ്ങൾ കെട്ടിടം പണിയുക. (അൽ കഹ്ഫ്: 21)*

---

[1] قَالَ ابْنُ عَبَّاسٍ: يَتَنَازَعُونَ فِي الْبُنْيَانِ، فَقَالَ: الْمُسْلِمُونَ: نَبْنِي عَلَيْهِمْ مَسْجِدًا يُصَلِّي فِيهِ النَّاسُ لِأَنَّهُمْ عَلَى دِينِنَا، وَقَالَ الْمُشْرِكُونَ: نَبْنِي عَلَيْهِمْ بُنْيَانًا لِأَنَّهُمْ مِنْ أَهْلِ نَسَبِنَا) **تفسير البغوي - إحياء التراث ١٨٥/٣ — البغوي، أبو محمد (ت ٥١٦) (تفسير الثعلبي = الكشف والبيان عن تفسير القرآن ١٦٢/٦ — الثعلبي (ت ٤٢٧)**

ശേഷം മുഅ്മിനീങ്ങൾ പറഞ്ഞ തീരുമാനത്തെ അല്ലാഹു ശരിവെക്കുന്നതു കാണുക.

قَالَ الَّذِينَ غَلَبُوا عَلَىٰٓ أَمْرِهِمْ لَنَتَّخِذَنَّ عَلَيْهِم مَّسْجِدًا ﴿٢١﴾

*"എന്നാൽ അവരുടെ കാര്യത്തിൽ മികച്ചയാളുകൾ പറഞ്ഞ കാര്യം 'തീർച്ചയായും ഞങ്ങൾ അവർക്ക് ചാരെ ഒരു മസ്ജിദ് പണിയും' എന്നായിരുന്നു" (അൽ കഹ്ഫ്:21)*

ഇവിടെ മഹാത്മാക്കളുടെ ചാരെ പള്ളി നിർമ്മിക്കാൻ കൽപ്പിക്കുന്നതിലൂടെ മഹാത്മാക്കളെ ആദരിക്കാൻ സൗകര്യം ചെയ്യാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാണ്.

മുഫസ്സിറുകൾ ഇക്കാര്യം കൃത്യമായി വ്യക്തമാക്കുന്നുണ്ട്.

ഇമാം നസഫി(റ) എഴുതുന്നു.

. ﴿لَنَتَّخِذَنَّ عَلَيْهِمْ مَسْجِدًا﴾: نتعبد فيه؛ لأنَّهم مسلمون فيتبرَّك المسلمون بالصلاة في مسجدهم عندهم **(التيسير في التفسير - ٤٨/١٠ — أبو حفص النسفي (ت ٥٣٧)**

നമുക്ക് അവരുടെ സമീപ്പം പള്ളി പണിയാമെന്ന് പറഞ്ഞത് അവിടെ വെച്ച് ആരാധനകൾ നടത്തുവാനാണ്. കാരണം പറഞ്ഞവർ മുസ്‌ലിംകളാണ്. അങ്ങനെ അവർ അവരുടെ സമീപം നിസ്കരിക്കൽ കൊണ്ട് ബറകതെടുക്കും. **(അത്തയ്സീർ ഫീ തഫ് സീർ/ ഇമാം നസഫി:10/48)**

മറ്റു ചില തഫ്സീറുകൾ കൂടി..

- والذين غلبوا على أمرهم المسلمون وملكهم المسلم لأنهم بنوا عليهم مسجدا يصلى فيه المسلمون ويتبركون بمكانهم وكانوا أولى بهم بالبناء عليهم حفظا لتربتهم بها وضنا بها( **تفسير النيسابوري = غرائب القرآن ورغائب الفرقان ٤١١/٤ — النيسابوري، نظام الدين القمي (ت ٨٥٠)**

- لَنَتَّخِـذَنَّ عَلَـيْهِمْ مَسْـجِدًا اى لنبنـين عـلى بـاب كهفهـم مسـجدا يصـلى فيـه المسـلمون ويتبركـون بمكانهم- **(روح البيـان ٢٣٢/٥ — إسـماعيل حـقي (ت ١١٢٧ )**
- (لَنَتَّخِـذَنَّ عَلَـيْهِمْ مَسْـجِدًا) ١٨: ٢١ أَيْ مَعْبَـدًا يَكُـونُ مُبَارَكًـا لِمُجَاوَرَتِـهِ هَـؤُلَاءِ الصَّالِحِينَ **( البداية والنهاية ط السعادة ١١٦/٢ — ابن كثير (ت ٧٧٤)**
- قوله: ﴿لَنَتَّخِذَنَّ عَلَيْهِم مَّسْجِدًا﴾ يعبد الله فيه، ونستبقي آثار اصحاب الكهف بسـبب ذلك المسجد. **(اللباب في علوم الكتاب ٤٥٣/١٢ — ابـن عـادل (ت ٧٧٥)**

ചുരുക്കത്തിൽ മഹാത്മാക്കളെ അവരുടെ വഫാതിനു ശേഷവും ആദരിക്കുക എന്നത് ഇസ്‌ലാമിൽ തർക്കമറ്റ കാര്യമാണ്. ജീവിത കാലത്തുള്ളതു പോലെ അവരുടെ മഖ്ബറയിൽ നിന്ന് ബറകത് പ്രതീക്ഷിക്കുന്നത് ഈ രണ്ടു ആതിന്റെയും വെളിച്ചത്തിൽ വ്യക്തമാണ്.

മഹാത്മാക്കളല്ലെങ്കിൽ പോലും ഖബറിനു മുകളിൽ ചവിട്ടുന്നതു പോലും ഇസ്‌ലാം വിരോധിച്ചിട്ടുണ്ട്. ഏതൊരു വിശ്വാസിയുടെയും ഖബറിന്മേലോ അതിന്റെ പരിസരത്തോ മലമൂത്ര വിസർജ്ജനം നടത്തുന്നത് നിരോധിക്കപ്പെട്ട കാര്യമാണ്.

എന്നാൽ ഖബറുകൾക്ക് മുന്നിൽ സുജൂദ് ചെയ്യുക, ഖബറിനെ ഖിബലയാക്കി അതിലേക്ക് തിരിഞ്ഞു നിസ്കരിക്കുക ഇതെല്ലാം എക്കാലത്തും ഇസ്‌ലാം വിരോധിച്ച കാര്യമായിരുന്നു. ജൂത നസ്വാറാക്കൾ ഇത്തരം കർമ്മങ്ങൾ ചെയ്ത കാരണത്താൽ അവരെ അല്ലാഹു ശപിച്ചിട്ടുണ്ടെന്ന് മുത്ത്നബി(സ) പറഞ്ഞ ഹദീസ് അറിയാത്തവരുണ്ടാകില്ല. അവിടുന്ന് പറയുന്നു.

عَنْ عَائِشَةَ ، عَنِ النَّبِيِّ ﷺ قَالَ فِي مَرَضِهِ الَّذِي مَاتَ فِيهِ» :لَعَنَ اللهُ الْيَهُودَ وَالنَّصَارَى؛ اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسْجِدًا» **(صحيح البخاري: ١٣٣٠- ط السلطانية)**

“ജൂത നസാറാക്കളെ അവർ അവരുടെ അമ്പിയാക്കളുടെ ഖബറുകൾ മസ്ജിദാക്കിയ കാരണം അല്ലാഹു ശപിച്ചിരിക്കുന്നു” **(സ്വഹീഹുൽ ബുഖാരി:1330)**

ഈ ഹദീസൊരിക്കലും മുകളിൽ നൽകിയ ആയതുകൾക്ക് എതിരാവുന്നില്ല. കാരണം ഹദീസുകളിൽ എതിർത്തത് ഖബുകൾക്കു മുന്നിൽ സുജൂദ് ചെയ്യുന്നതും, അതിനെ ഖിബ്‌ലയാക്കി അതിലേക്ക് തിരിഞ്ഞു നിസ്കരിക്കുന്നതുമായ ജൂത ന സാറാക്കളുടെ കർമ്മത്തെയാണ്.

ഈ ആയതുകളിൽ അത്തരത്തിലുള്ള കാര്യത്തെയല്ല പ്രതിപാദിക്കുന്നതെന്ന് വ്യക്തമാണ്. കാരണം: പരിശുദ്ധ ഖുർ ആൻ മുഅ്മിനീങ്ങളുടെ പ്രവർത്തനമായും നല്ല തീരുമാനമായും പരിചയപ്പെടുത്തിയത് ഒരിക്കലും ഖബറുകൾക്കു മുന്നിൽ പോയി സുജൂദ് ചെയ്യലാവുകയില്ലെന്നത് പറയേണ്ടതില്ലല്ലോ! ഇനി ﴿لَنَتَّخِذَنَّ عَلَيْهِم مَّسْجِدًا﴾ എന്നത് മുൻ സമുദായത്തിന്റെ ശരീഅതിൽ ആയിരുന്നുവെന്നും നമ്മുടെ ശരീഅതിലാണ് അത് വിരോധിക്കപ്പെട്ടത് എന്ന് പറയാനും നിർവ്വാഹമില്ല. അങ്ങനെയാണെങ്കിൽ മുൻ സമുദായമായ യഹൂദ നസാറാക്കളെ അനു വദിനീയമായ കാര്യത്തിന്റെ പേരിൽ അല്ലാഹു ശപിക്കേണ്ട ആവശ്യം വരുന്നില്ല. അതിനാൽ ഈ ആയതിലുള്ളത് ഖബറിന്റെ മേൽ/ ഖബറിലേക്ക് തിരിഞ്ഞു നിസ്കരിക്കാൻ പള്ളിയുണ്ടാക്കുകയെന്ന നിലക്ക് വിശദീകരിക്കുന്നതിനർത്ഥമില്ല. മറിച്ച് ഈ ആയതുകൾ ഖബറുമായി ബന്ധപ്പെട്ട് ബറകതെടുക്കലിനെ മാത്രമാണ് ലക്ഷ്യമാക്കുന്നത്. അത് ഇക്കാലത്തും സാധ്യമാണ്. അതൊരിക്കലും നബി(സ) പറഞ്ഞ വിരോധനയുടെ ഗണത്തിൽ പെടുകയുമില്ല.

മുകളിൽ പറഞ്ഞ ഹദീസിനെ ഇമാംബൈളാവി(റ)(ഹി.685) വിശദീകരിക്കുന്നത് കാണുക.

وَقَالَ الْبَيْضَاوِيُّ لَمَّا كَانَتِ الْيَهُودُ وَالنَّصَارَى يَسْجُدُونَ لِقُبُورِ الْأَنْبِيَاءِ تَعْظِيمًا لِشَأْنِهِمْ وَيَجْعَلُونَهَا قِبْلَةً يَتَوَجَّهُونَ فِي الصَّلَاةِ نَحْوَهَا وَاتَّخَذُوهَا أَوْثَانًا لَعَنَهُمْ وَمَنَعَ الْمُسْلِمِينَ عَنْ مِثْلِ ذَلِكَ فَأَمَّا مَنِ اتَّخَذَ مَسْجِدًا فِي جِوَارٍ صَالِحٍ وَقَصَدَ التَّبَرُّكَ بِالْقُرْبِ مِنْهُ لَا التَّعْظِيمَ لَهُ وَلَا

التَّوَجُّهَ نَحْوَهُ فَلَا يَدْخُلُ فِي ذَلِكَ الْوَعِيد **(تحفة الأبرار شرح مصابيح السنة ١/٢٥٧- البيضاوي (ت٦٨٥)**

"ജൂത-നസ്വറാക്കൾ അവരുടെ അമ്പിയാക്കളെ പരിധിവിട്ട് ആദരിച്ച് അവരുടെ ഖബ്റുകൽക്കു സുജൂദു ചെയ്യുകയും നിസ്കാരത്തിൽ അതിനെ ഖിബലയാക്കി നിസ്കരിക്കുകയും അതിനെ ആരാധിക്കാൻ ബിംബമാക്കുകയും ചെയ്തപ്പോൾ അല്ലാഹു അവരെ ശപിക്കുകയും അത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നതിൽ നിന്ന് മുസ്ലിംകളെ വിലക്കുകയും ചെയ്തു. എന്നാൽ ഒരു മഹാന്റെ സാമീപ്യം കൊണ്ട് ബറക്കത്തെടുക്കൽ മാത്രം ലക്ഷ്യമാക്കി -മുകളിൽ പറഞ്ഞ പരിധിവിട്ട ആദരവല്ല-[1] അദ്ദേഹത്തിന്റെ ചാരത്ത് ഒരു പള്ളി നിർമ്മിച്ചാൽ പ്രസ്തുത ഹദീസിൽ പരാമർശിച്ച മുന്നറിയിപ്പിൽ പെടുന്നതല്ല. **(ഫത്ഹുൽ ബാരി: 2/275)**

പരിശുദ്ധ ഖുർആൻ ഖബ്റുകൾക്കു ചാരെ പള്ളിയുണ്ടാക്കുന്നതിനെ കുറിച്ച് പറഞ്ഞതും മുഫസ്സിറുകൾ വിശദീകരിച്ചതും ഇമാം ബൈളാവീ(റ) പറഞ്ഞ ഈ ഗണത്തിലാണെന്ന് ഇതോടെ വ്യക്തമായി. അവിടുത്തെ ഈ വിശദീകരണം അംഗീകരിച്ചു ഉദ്ധരിച്ച ചില ഇമാമീങ്ങളും അവരുടെ ഗ്രന്ഥങ്ങളും:

**فتح الباري لابن حجر** :ابن حجر العسقلاني 1/525 **شرح المشكاة للطيبي** ٣/٩٣٧ **الشمائل الشريفة** للإما السيوطي ١/٣٧٥ **إرشاد الساري** للإمام القسطلاني ٦/٤٦٧ **مرقاة المفاتيح** للملا على القاري ٢/٦٠١ **فيض القدير** للمناوي ٥/٢٥١ **شرح الزرقاني على الموطأ** ٤/٣٦٧ **تحفة الأحوذي** ٢/٢٢٦ **فيض الباري** ٢/٥٨

ചുരുക്കത്തിൽ മഹാത്മാക്കളുടെ ഖബറിനെ പരിധിവിട്ട് ആദരിച്ചു, അതിനു നേരെ സുജൂദ് ചെയ്യുന്നതിനെയും അതിലേക്ക് തിരിഞ്ഞു നിസ്കരിക്കുന്നതിനേയുമാണ് ഈ ഹദീസിൽ എതിർ

---

[1] വെറും ആദരവിനെയല്ല ഈ പറയുന്നത്. التَّعْظِيم എന്നതിലെ ال അറബി അറിയുന്നവർക്ക് ഇത് മഅ്റിഫയുടെ ال ആണെന്ന് മനസ്സിലാകും. അതായത് മുകളിൽ പറഞ്ഞ ആദരവ്. അത് ജൂത നസ്വാറാക്കൾ ചെയ്ത സുജൂദ് കൊണ്ടുള്ള ആദരവാണ്.( يَسْجُدُونَ لِقُبُورِ الْأَنْبِيَاءِ تَعْظِيمًا لِشَأْنِهِمْ എന്ന ആദരവ്)

ത്തിട്ടുള്ളത്. ഇത് മുൻസമുദായത്തിലും നമ്മുടെ ഉമ്മത്തിലും കടുത്ത തെറ്റായ കാര്യമാണ്. ഇതല്ല, പരിശുദ്ധ ഖുർആനിൽ മേൽ പറഞ്ഞ രണ്ടുആയതുകളിലുമുള്ള ബറകതും ആദരവും. ഇവ രണ്ടും കൂട്ടിക്കുഴച്ച് ഈ ഹദീസിൽ തീരെ ബറകത് എടുക്കാൻ പാടില്ലെന്ന് ബിദ്അതുകാർ പറയുന്നത് സാധാരണക്കാരെ തെറ്റിദ്ധരിപ്പിക്കാനും, എക്കാലത്തും സുന്നികൾ ശക്തമായി എതിർത്തു തള്ളിയ വ്യാജ ത്വരീഖതുകാർ ഖബറുകൾക്കു മുന്നിൽ ചെയ്യുന്ന സുജൂദിനേയും മറ്റുതോന്നിവാസങ്ങളെയും സുന്നികളുടെ മേൽ വച്ചുകെട്ടാൻ വേണ്ടിയുമാണ്.

പുറമെ, ഖബറുകൾക്കിടയിൽ പള്ളിതന്നെ പാടില്ലെന്ന് പറയുക യാണെങ്കിൽ ഇന്ന് കേരളത്തിലുള്ള 90 ശതമാനം മഹല്ലു പള്ളികളും ഖബർസ്ഥാനുണ്ടായ കാരണം കൊണ്ട് പൊളിച്ചു കളയേണ്ടിവരും.

## സ്വഹാബത്തിന്റെ പക്ഷം

മുത്ത്നബി(സ)യെ വളരെയധികം ആദരിക്കുകയും അവിടത്തിൽ നിന്ന് നന്നായി ബറകതെടുക്കുകയും ചെയ്തവരായിരുന്നു സ്വഹാബികൾ. അതിന്റെതെളിവുകൾ പറയേണ്ടതില്ലാത്ത വിധം ബുഖാരി മുസ്ലിം അടക്കമുള്ള ഹദീസ് ഗ്രന്ഥങ്ങൾ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. ഈ ആദരവ് അവിടുത്തെ വഫാത്തോടു കൂടെ അവർ നിർത്തി വെച്ചിട്ടില്ല. വഫാത്തിനു ശേഷവും അവർ അവിടുത്തെ ഖബറുശരീഫിനെ വളരെ മഹത്വമുള്ളതായി കണ്ടു.അവിടെ ഒരിടം ലഭിക്കുവാൻ അവർ കൊതിച്ചിട്ടുണ്ട്.

### തിരുമണ്ണിനെ കൊതിച്ച് ഉമർ(റ)

സ്വഹീഹുൽ ബുഖാരിയിലെ ഒരു സംഭവം കാണുക.

عَنْ عَمْرِو بْنِ مَيْمُونٍ الْأَوْدِيِّ قَالَ: رَأَيْتُ عُمَرَ بْنَ الْخَطَّابِ قَالَ» :يَا عَبْدَ اللهِ بْنَ عُمَرَ اذْهَبْ إِلَى أُمِّ الْمُؤْمِنِينَ عَائِشَةَ فَقُلْ: يَقْرَأُ عُمَرُ بْنُ الْخَطَّابِ عَلَيْكِ السَّلَامَ، ثُمَّ سَلْهَا أَنْ أُدْفَنَ مَعَ صَاحِبَيَّ، قَالَتْ: كُنْتُ أُرِيدُهُ لِنَفْسِي، فَلَأُوثِرَنَّهُ الْيَوْمَ عَلَى نَفْسِي، فَلَمَّا أَقْبَلَ، قَالَ لَهُ: مَا لَدَيْكَ؟ قَالَ: أَذِنَتْ لَكَ يَا أَمِيرَ الْمُؤْمِنِينَ، قَالَ مَا كَانَ شَيْءٌ أَهَمَّ إِلَيَّ مِنْ ذَلِكَ الْمَضْجَعِ، فَإِذَا

قُبِضْتُ فَاحْمِلُونِي ثُمَّ سَلِّمُوا، ثُمَّ قُلْ: يَسْتَأْذِنُ عُمَرُ بْنُ الْخَطَّابِ، فَإِنْ أَذِنَتْ لِي فَادْفِنُونِي، وَإِلَّا فَرُدُّونِي إِلَى مَقَابِرِ الْمُسْلِمِينَ. **(صحيح البخاري: ١٣٩٢- ط السلطانية)**

ഉമർ(റ) വഫാതിന്റെ സമയം തന്റെ മകനോട് പറഞ്ഞു: "നീ ആഇശ(റ) യുടെ ചാരെ പോയി മുത്ത്നബി(സ)യുടെ കൂടെ എന്നെ മറവുചെയ്യാൻ സമ്മതം ചോദിക്കണം". മഹതി പറഞ്ഞു: "ഞാൻ എനിക്കു വേണ്ടി കരുതിയതായിരുന്നു ആ സ്ഥലം. ഇപ്പോൾ ഞാൻ ഉമർ(റ)വിനു വേണ്ടി നൽകുന്നു. ഉമർ(റ) വിനോട് സന്തോഷം അറിയിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: "എനിക്ക് ആ കിടപ്പറയേക്കാൾ മുഖ്യമായി ഒന്നുംതന്നെയില്ല. ഞാൻ വഫാതായാൽ നിങ്ങൾ എന്നെ ചുമന്ന് അവിടം ചെന്നു കൊണ്ട് സലാം ചൊല്ലി, ഒന്നുകൂടി സമ്മതം ചേദിക്കണം. സമ്മതം ലഭിച്ചാൽ അവിടം എന്നെ മറവു ചെയ്യണം. അല്ലെങ്കിൽ പൊതു ഖബറിടത്തിൽ മറവു ചെയ്യാം." **(സ്വഹീഹുൽ ബുഖാരി(റ):1392)**

ഈ ഹദീസ് വ്യാഖ്യാനിച്ച ഇമാമീങ്ങളെല്ലാം സ്വാലിഹീങ്ങളുടെ വഫാത്തിന് ശേഷം അവരുടെ സാമീപ്യം കൊണ്ട് ബറകത് ലഭിക്കുമെന്നും അത് ആഗ്രഹിക്കൽ സുന്നത്താണെന്നും രേഖപ്പെടുത്തിയത് കാണാം.

സ്വഹീഹുൽ ബുഖാരിയുടെ വളരെ പൗരാണിക വ്യാഖ്യാതാവ് ഇമാം ഇബ്നുൽ ബത്വാൽ(റ)(ഹി.449) എഴുതുന്നു.

فيه من الفقه: الحرص على مجاورة الموتى الصالحين فى القبور طمعًا أن تنزل عليهم رحمة فتصيب جيرانهم، أو رغبة أن ينالهم دعاء من يزورهم فى قبورهم من الصالحين **(شرح صحيح البخاري:٣/٣٨٠ - ابن بطال — ابن بطال (ت ٤٤٩)**

ഈ ഹദീസിൽ വഫാതായ സ്വാലിഹീങ്ങൾക്ക് ഇറങ്ങുന്ന റഹ്മത് അവർക്ക് സമീപ്പത്തുള്ളവർക്കും ലഭിക്കുമെന്നതിനെ പ്രതീക്ഷിച്ചു കൊണ്ട് അവരുടെ സാമീപ്യം കൊതിക്കാമെന്ന കർമ്മശാസത്രപരമായ വിഷയത്തിന് തെളിവുണ്ട്. അല്ലെങ്കിൽ സ്വാലിഹീങ്ങളുടെ ഖബർ സിയാറത് ചെയ്യാൻ വരുന്നവരുടെ ദുആഇൽ ഉൾപ്പെടുമെന്ന് ആഗ്രഹിച്ചും അവരുടെ സാമീപ്യം കൊതി

ക്കാം **(ശറഹു സ്വഹീഹുൽ ബുഖാരി/ ഇമാം ഇബ്നു ബത്വാൽ(റ) :3/380)**

ഇമാം കിർമാനി(റ)(ഹി.786) പറയുന്നു.

وأنه يستحب الدفن في أفضل المقابر واختيار جوار الصالحين )الكواكب الدراري في شرح صحيح البخاري:١٦٣/٧ — الكرماني، شمس الدين (ت ٧٨٦)

ഈ ഹദീസ് കൊണ്ട് ഖബ്ർസ്ഥാനിൽ സ്വാലിഹീങ്ങളുടെ സാമീപ്യം തിരഞ്ഞെടുക്കൽ സുന്നത്താണ്. **(അൽ കൗകബുദ്ദാരി/ഇമാം കിർമാനി(റ):7/163)**

മറ്റു ചില കിതാബുകൾ

- وَفِيهِ الْحِرْصُ عَلَى مُجَاوَرَةِ الصَّالِحِينَ فِي الْقُبُورِ طَمَعًا فِي إِصَابَةِ الرَّحْمَةِ إِذَا نَزَلَتْ عَلَيْهِمْ وَفِي دُعَاءِ مَنْ يَزُورُهُمْ مِنْ أَهْلِ الْخَيْرِ)**فتح الباري لابن حجر:٢٥٨/٣ — ابن حجر العسقلاني (ت ٨٥٢)**
- وصارا ضجيعيه بعد مماته، فضيلة خصهما الله بها، وكرامة حباهما بها لم تحصل لأحد،)**التوضيح لشرح الجامع الصحيح:١٨٩/١٠ابن الملقن(ت ٨٠)**
- وفي الحديث: أن الخلافة بعد عمر شورى، وأن الدفن يندب في أفضل المقابر، وأن مجاورة الصالحين مندوبة.) **منحة الباري بشرح صحيح البخاري:٤٧٥/٣ — زكريا الأنصاري (ت ٩٢٦)**

മരണാനന്തരമുള്ള ജീവിതത്തിൽ പോലും ഉമർ(റ) മുത്ത് നബി(സ)യുടെ മഖ്ബറയുടെ ബറകത് പ്രതീക്ഷിക്കുകയും അതിനേക്കാൾ മുഖ്യമായി തനിക്കൊന്നുമില്ലെന്നു പറയുകയും ചെയ്യുന്നതാണ് നാം കണ്ടത്. ഇനിയും നിരവധി സംഭവങ്ങൾ സ്വഹാബത്തിൽ നിന്ന് തന്നെ കാണാനാകും.

കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ തന്നെ ഒരു മയ്യിതിനെ മറ്റൊരു സ്ഥലത്തെ ഖബർസ്ഥാനിലേക്ക് കൊണ്ട് പോകാൻ പാടുള്ളതല്ല എന്ന മസ്അല കാണാം. എന്നാൽ ഒരാൾ മക്ക, മദീന, ബൈതുൽ മുഖദ്ദസ്, സ്വാലിഹീങ്ങളുള്ള ഖബർസ്ഥാൻ എന്നി

വയുടെ അടുത്ത പ്രദേശത്താണ് മരണപ്പെട്ടതെങ്കിൽ അദ്ദേഹ ത്തിന്റെ മയ്യിത് ഇപ്പറഞ്ഞിടങ്ങളിലേക്ക് നീക്കൽ അനുവദിനീയ മാണെന്ന് സകല ഫിഖ്ഹിന്റെ കിതാബുകളിലും കാണാം.

قَالَ الزَّرْكَشِيُّ وَغَيْرُهُ أَخْذًا مِنْ كَلَامِ الْمُحِبِّ الطَّبَرِيِّ وَغَيْرِهِ: وَلَا يَنْبَغِي التَّخْصِيصُ بِالثَّلَاثَةِ لَوْ كَانَ بِقُرْبِ مَقَابِرِ أَهْلِ الصَّلَاحِ وَالْخَيْرِ فَالْحُكْمُ كَذَلِكَ؛ لِأَنَّ الشَّخْصَ يَقْصِدُ الْجَارَ الْحَسَنَ.

**نهاية المحتاج إلى شرح المنهاج** ٣٧/٣ — الرملي، شمس الدين (ت ١٠٠٤) **مغني المحتاج** ٥٨/٢ — الخطيب الشربيني (ت ٩٧٧) **أسنى المطالب** ٣٣٣/١ — زكريا الأنصاري (ت ٩٢٦) **حاشية الجمل على شرح المنهج** :٢١٠/٢ — الجمل (ت ١٢٠٤)

മക്ക, മദീന, ബൈതുൽ മുഖദ്ദസ് എന്നിവിടങ്ങളിൽ ഈ ഹുക്മ് ചുരുങ്ങുകയില്ല. മഹത്തുക്കളുടെ മഖ്ബറക്കു സമീപ്പ പ്ര ദേശത്താണ് ഒരാൾ മരണപ്പെട്ടതെങ്കിൽ അവിടേക്കും അദ്ധേഹ ത്തന്റെ ഖബറിനെ മാറ്റാം. കാരണം ഏതൊരാളും നല്ല സഹ ചാരിയെ ഇഷ്ടപ്പെടുന്നതാണ്. **(നിഹായ:3/37)(മുഗ്നി:2/ 58)**

ഇവിടെയെല്ലാം മഹത്വമുള്ള സ്ഥലം എന്ന നിലക്ക് മക്ക മ ദീന, മുഖദ്ദസ് എന്നിവയുടെകൂടെ മഹത്തുക്കൾ അന്ധിയുറങ്ങു ന്ന മഖ്ബറക്ക് പ്രാധാന്യം കൽപ്പിക്കുന്നതാണ് കണ്ടത്.

## ഈസാനബി(അ) തിരുഖബ്റിനു ചാരെ

قَالَ رَسُول الله ال: «وَالَّذِي نَفْسِي بِيَدِهِ لَيَنْزِلَنَّ عِيسَى ابْنُ مَرْيَمَ ثُمَّ لَئِنْ قَامَ عَلَى قَبْرِي فَقَالَ: يَا مُحَمَّدُ لَأُجِيبَنَّهُ

مسند أبي يعلي - ٦٤٤٩ تاريخ دمشق لابن عساكر ٤/٤٩٤) المطالب العالية للعسقلاني ٥٨٥/١٥ جامع الاحاديث للسيوطي ٣١٨/٣٩

നബി(സ) പറഞ്ഞു: “ഈസാ നബി(അ) അന്ത്യനാളിൽ ഇറ ങ്ങിവന്നു എന്റെ ഖബറിന്റെ ചാരത്ത് വന്ന് ‘യാ മുഹമ്മദ്.!’ എ ന്ന് വിളിക്കുമ്പോൾ ഞാൻ ഉത്തരം നൽകുക തന്നെ ചെയ്യും.”

ഈ ഹദീസ് ഉദ്ധരിച്ച ഇമാമീങ്ങൾ മുഴുവനും സ്വഹീഹാ ണെന്ന് പറയുന്നുണ്ട്. ബിദ്അത് കാരുടെ നേതാവ് അൽബാനി

പോലും നിർവാഹമില്ലാതെ ഈ ഹദീസ് സ്വഹീഹാണെന്ന് എഴുതുന്നുണ്ട്. (**സിൽസില:സ്വഹീഹ്: 6/524**).

ഈസാ(അ) അന്ന് വരുന്നത് നബി(സ) യിൽ നിന്ന് അവിടുത്തെ ശരീഅത്ത് പഠിപ്പിച്ചു തരാൻ വേണ്ടിയാണെന്ന് ഇമാം സുയൂതി(റ) പറയുന്നുണ്ട്.(**അൽ ഹാവി ലിൽ ഫതാവാ 2/197**)

## ഉയരത്തിലുള്ള ഖബർ

ഖബർ ഉയരം കൂടിയാൽ കടുത്ത തെറ്റാണെന്ന് വിശ്വസിക്കുന്ന ബിദ്അതുകാർ നിരവധിയാണ്. അത് ശിർക്കാണെന്ന് വരെ വിശ്വസിക്കുന്ന ബിദ്അതുകാർ വരെയുണ്ട്.[1] എന്നാൽ സ്വഹീഹുൽ ബുഖാരിയിലെ ഒരു ഹദീസ് നമുക്ക് പരിചയപ്പെടാം.

وَقَالَ خَارِجَةُ بْنُ زَيْدٍ رَأَيْتُنِي وَنَحْنُ شُبَّانٌ فِي زَمَنِ عُثْمَانَ وَإِنَّ أَشَدَّنَا وَثْبَةً الَّذِي يَثِبُ قَبْرَ عُثْمَانَ بْنِ مَظْعُونٍ حَتَّى يُجَاوِزَهُ **(صحيح البخاري - ط السلطانية ٩٥/٢ — البخاري (ت ٢٥٦)** كتاب الجنائز←باب الجريد على القبر

ഖാരിജത് ബിനു സൈദ്(റ) പറയുന്നു.“ഞങ്ങൾ ഉസ്മാൻ(റ) വിന്റെ ഭരണകാലത്ത് യുവാക്കളായിരുന്നു. ഞങ്ങളിൽ ഏറ്റവും നല്ല ചാട്ടക്കാർ ഉസ്മാൻ ബ്നു മള്ഊൻ(റ)വിന്റെ ഖബർ കവച്ചു വെച്ചു ചാടാൻ മാത്രം ശക്തിയുള്ളവരായിരുന്നു. (**സ്വഹീഹുൽ ബുഖാരി:2/95**)

ഈ ഹദീസ് തെളിവാക്കി ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി(റ) എഴുതുന്നു.

وَفِيهِ جَوَازُ تَعْلِيَةِ الْقَبْرِ وَرَفْعِهِ عَنْ وَجْهِ الْأَرْضِ**)فتح الباري لابن حجر :٢٢٣/٣ — ابن حجر العسقلاني (ت ٨٥٢(**جزء ٣←قوله باب الجريدة على القبر

ഈ ഹദീസിൽ ഖബർ ഭൂമിയെ തൊട്ട് ഉയർത്താനും ഉയരത്തിലാക്കുവാനും തെളിവുണ്ട്.(**ഫത്ഹുൽ ബാരി:3/223**)

---

[1] ശിർക്കാണെന്ന് ബിദ്അതുകാരുടെ പല പ്രസിദ്ധീകരണങ്ങളും എഴുതിയിട്ടുണ്ട്. തെളിവുകൾ അടക്കം അപ്പുറത്ത് വരുന്നുണ്ട്.

ഇമാം സകരിയ്യൽ അൻസ്വാരി(റ) ഈ ഹദീസ് വിശദീകരിക്കുന്നത് കാണുക:

(حتّى يجاوزه) أي: من علوه، وفي ذلك، كما قال شيخنا: جواز تعلية القبر ورفعه عن وجه الأرض، قال **(منحة الباري بشرح صحيح البخاري ٤٣٨/٣ — زكريا الأنصاري (ت ٩٢٦)**

കവച്ചുവെക്കുന്നവരെന്ന് പറഞ്ഞത് അതിന്റെ ഉയർച്ച കാരണമാണ്. ഇതിൽ അസ്ഖലാനി ഇമാം പറഞ്ഞതു പോലെ ഖബർ ഭൂമിയെ തൊട്ട് ഉയർത്താനും ഉയരത്തിലാക്കുവാനും ഇതിൽതെളിവുണ്ട്. **(മിനഹുൽ ബാരി/ഇമാം സകരിയ്യൽ അൻസ്വാരി (റ):3/438)**

'ശുബ്ബാൻ'(യുവാവ്) എന്ന പദത്തിന് അർത്ഥം പ്രായപൂർത്തിയിൽ കുറഞ്ഞതായി ഒരഭിപ്രായംപോലും കാണാനാകില്ല. എന്നിട്ടും ഇതിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി ബിദ്അതുകാർ ചില ചരിത്രത്തിലെ കണക്കുകളുമായി വരാറുണ്ട്. ബുഖാരി ഇമാം തന്റെ സ്വഹീഹിൽ ഇത്ര വ്യക്തമായ പദം കൊണ്ട് ഉദ്ധരിച്ചതിനെ ഗണ്ഡിക്കാൻ അത് ഒരുനിലക്കും സ്വീകാര്യത കൊണ്ട് പ്രാപ്തമല്ല.

## യാത്ര ദൈർഘ്യം കുറയാൻ

ഇമാംനവവി(റ) ഉത്ബതു ബ്നു ആമിർ(റ) വിന്റെ ചരിത്രം പറയുന്നത് കാണുക.

وشهد فتوح الشام وهو كان البريد إلى عمر بن الخطاب رضى الله عنه بفتح دمشق ووصل المدينة في سبعة أيام ورجع منها إلى الشام في يومين ونصف بدعائه عند قبر رسول الله صلى الله عليه وسلم وتشفعه به في تقريب طريقه.

**تهذيب الأسماء واللغات ١/٣٣٦) عمدة القاري شرح صحيح البخاري (١١/١) الكواكب الدراري شرح صحيح البخاري (٩/٢٠٣) سبل الهدى والرشاد في** سيرة خير العباد (١٢/٤٠٧)

“സ്വഹാബീ പ്രമുഖനായ ഉഖ്ബതുബ്നു ആമിർ(റ) ശാമി ൽ നിന്ന് മദീനയിലേക്ക് വന്ന ഏഴ് ദിവസത്തെ യാത്രാ ദൈർഘ്യം തിരിച്ചു പോകുമ്പോൾ ചുരുങ്ങിക്കിട്ടാൻ വേണ്ടി റസൂൽ(സ്വ) യു ടെ റൗളാ ശരീഫിന് ചാരത്തേക്ക് പോയി. അവിടെ വെച്ച് ദു ആ നടത്തുകയും നബി(സ്വ) തങ്ങളോട് ശുപാർഷ തേടുകയും ചെ യ്തു. അക്കാരണത്താൽ യാത്ര ചുരുങ്ങി രണ്ടര ദിവസം കൊ ണ്ട് ശാമിൽ തിരിച്ചെത്തി” (**തഹ്ദീബുൽ അസ്മാഉ വല്ലുഗാത് /ഇ മാം നവവി(റ):1/336)**

## മഴക്കു വേണ്ടി റൗളയുടെ ചാരെ

മുസ്വന്നഫ് ഇബ്നു അബീ ശൈബ(റ) ഉദ്ധരിക്കുന്നു.

وَقَالَ الْحَافِظُ أَبُو بَكْرِ الْبَيْهَقِيُّ : أَخْبَرَنَا ......عَنْ أَبِي صَالِحٍ عَنْ مَالِكٍ قال: أصاب الناس قحط في زمن عُمَرَ بنِ الْخَطَابِ فَجَاءَ رَجُلٌ إِلَى قَبْرِ النَّبِيِّ ﷺ فَقَالَ: يَا رَسُولَ اللَّهِ اسْتَسْقِ اللهَ لِأُمَّتِكَ فَإِنَّهُمْ قَدْ هَلَكُوا فَأَتَاهُ رَسُولُ الله ﷺ في المنام فقال: ايت عمر فأقره منى السلام وأخبرهم أنهم مسقون وقل له عليك بالكيس الكَيْسَ. فَأَتَى الرَّجُلُ فَأَخْبَرَ عُمَرَ فَقَالَ: يَا رب ما آلوا إِلَّا مَا عَجَزْتُ عَنْهُ .وَهَذَا إِسْنَادٌ صَحِيحٌ **(البداية والنهاية ٩٢/٧)**

**فتح الباري** للعسقلاني ٤٩٥/٢] **الإصابة** للعسقلاني ٦/٢١٦] **المواهب اللدنية** القسطلاني ٣/٣٧٤] **مصنف ابن أبي شيبة** ٦/٣٥٦] **تاريخ ابن أبي خيثمة** (٢/٨٠] **دلائل النبوة** للبيهقي ٧/٤٧] **الاستيعاب** لابن عبد البر ٣/١١٤٩] **تاريخ دمشق** لابن عساكر ٥٦/٤٨٩] **جامع الأحاديث** للسيوطي ٢٥/٣٨] **الجوهر المنظم** للهيتمي ] **شفاء السقام** للإمام السبكي ١٣٦ ]

ഉമർ(റ)വിന്റെ കാലത്ത് കഠിനമായ വരൾച്ച ബാധിച്ചു. അ ന്ന് ഒരാൾ നബി(സ) യുടെ ഖബറിനു സമീപം വന്നു പറഞ്ഞു. നബിയേ... ഈ സമുദായത്തിനുമഴ ലഭിക്കുവാൻ അങ്ങ് റബ്ബി നോട് പ്രാർഥിക്കുക. നബി(സ) സ്വപ്നത്തിൽവന്നു അദ്ദേഹത്തോ ട് പറഞ്ഞു. നീ ഉമർ(റ)വിനെ സമീപിച്ച് എന്റെ സലാം പറയുക. അവർക്ക് മഴ ലഭിക്കുമെന്ന കാര്യം അറിയിക്കുക. ഭരണം കുറച്ച് മയത്തിലാക്കാനും പറയുക. അദ്ദേഹം ഉടൻ ഉമർ(റ)വിനെ സമീ പിച്ചു. പ്രസ്തുത സംഭവം വിവരിച്ചു കൊടുത്തു. ഉമർ(റ) കരഞ്ഞു കൊണ്ട് പറഞ്ഞു. റബ്ബേ... ഭരണത്തിൽ എന്നെ കൊണ്ട് അശ

ക്തമായതല്ലാതെ ഞാൻ ഒന്നും വീഴ്ച വരുത്തിയിട്ടില്ല. **(അൽബിദായ വന്നിഹായ/ഇബ്നു കസീർ:7/92)**

ഉമർ(റ) വിന്റെ കാലത്ത് ഈ കാര്യം അവിടുന്ന് അംഗീകരിക്കുകയാണ് ചെയ്തത്. ഈവന്നയാൾ സ്വഹാബിയോ അല്ലെങ്കിൽ താബിഇൗയോ ആണെന്നതിൽ തർക്കമില്ല. ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി(റ) പറയുന്നു.

أَنَّ الَّذِي رَأَى الْمَنَامَ الْمَذْكُورَ هُوَ بِلَالُ بْنُ الْحَارِثِ الْمُزَنِي أَحَدُ الصَّحَابَة**(فتح الباري ٤٩٦/٢)**

തീർച്ചയായും ഈ പറയപ്പെട്ട സ്വപ്നം കണ്ട വ്യക്തി അത് ബിലാലുബ്നു ഹാരിസുൽ മുസനി(റ) എന്ന സ്വഹാബി തന്നെയാണ്. **(ഫത്ഹുൽ ബാരി:2/296)**[1]

---

1 ഈ സംഭവം ഇമാം ബുഖാരി (റ) യുടെ ശൈഖായ ഇബ്നു അബീ ശൈബ(റ) അടക്കം നിരവധി മുഹദ്ദിസുകൾ പൂർണ്ണ സ്വഹീഹായ സനദിലൂടെ റിപ്പോർട്ട് ചെയ്തതാണ്. ഇമാം ഇബ്നു ഹജർ അസ്ഖലാനി(റ) ഇബ്നു കസീർ തുടങ്ങി ഒരുപാട് ഇമാമീങ്ങൾ അത് വ്യക്തമായി بسند صحيح സ്വഹീഹാണെന്ന് എഴുതിയിട്ടാണ് ഇതുദ്ധരിക്കുന്നത്. ഒരു ഇമാമിനും ആ വിഷയത്തിൽ തർക്കമേയില്ല.

എന്നാൽ ഇബ്ൻ ഹജർ അസ്ഖലാനി(റ) അദ്ദേഹത്തിൻ്റെ വിശ്വ പ്രസിദ്ധ വ്യാഖ്യാന ഗ്രന്ഥമായ ഫത്ഹുൽ ബാരിയിൽ ഇത് സ്വഹീഹാണ് എന്ന് പറഞ്ഞതിന് ശേഷം ഈ സംഭവത്തിൽ പരാമർശിച്ച നബി ﷺ തങ്ങളുടെ ഖബറിങ്കൽ പോയ "റജുൽ" എന്നത് സ്വഹാബിയായ ബിലാൽ ബ്നു ഹാരിസുൽ മുസ്നി (റ) തങ്ങളാണ് എന്നാണ് സൈഫ് എന്നവർ പറയുന്നത് എന്ന് പറഞ്ഞിട്ടുണ്ട്.

യഥാർത്ഥത്തിൽ ഈ ഒരു ഭാഗം ചരിത്രത്തിന്റെ സ്വീകരയതയെ ഭാധിക്കുന്ന സംഗതിയേ അല്ല. വന്നയാൾ ആരാണ് എന്നത് മാത്രമാണ് സെയ്ഫ് (റ) ഉദ്ധരിക്കുന്നത്. അതുപയോഗിച്ചാണ് വഹാബികൾ സൈഫി(റ) നെതിരെയുള്ള കുറ്റങ്ങൾ എഴുതിയുണ്ടാക്കി മൊത്തത്തിൽ എല്ലാ ഇമാമീങ്ങളും സ്വഹീഹായി ഉദ്ധരിച്ച ഈ സംഭവത്തെ നിശേധിക്കാൻ ശ്രമിക്കാറുള്ളത്. യഥാർത്ഥത്തിൽ സെയ്ഫ് എന്നവർ ചരിത്രത്തിൽ യോഗ്യനാണ് എന്ന് ഇമാമീങ്ങൾ വളരെ വ്യക്തമായി പഠിപ്പിച്ചതാണ്. ഇനി ഹദീസിൽ യോഗ്യ നല്ല എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ പോലും ഈ സ്വഹീഹായ സംഭവം സൈ ഫിൽ നിന്ന് ഉദ്ധരിക്കുന്നതേ അല്ല. ഈ സംഭവം പൂർണ സ്വഹീഹായി ഇ മാം ഇബ്നു അബീ ഷൈബ(റ) അടക്കം എല്ലാ ഇമാമീങ്ങളും ഉദ്ധരിച്ചതാണ്.

www.sunnahclub.in

ഉമർ(റ) ഇവിടെ മുത്ത് നബി(സ) യുടെ ഖബർ ശരീഫിന് ചാരെ വന്നയാളെ എല്ലാ അർത്ഥത്തിലും അംഗീകരിക്കുന്ന രംഗമാണ് ഈ സംഭവത്തിലുള്ളത്.

## തിരു കരങ്ങൾ ചുംബിക്കുന്നു

ഇമാം സുയൂഥി(റ) എഴുതുന്നു:

حَجَّ سَيِّدِي أحمد الرفاعي فَلَمَّا وَقَفَ تُجَاهَ الْحُجْرَةِ الشَّرِيفَةِ أَنْشَدَ فِي حَالَةِ الْبُعْدِ رُوحِي كُنْتُ أُرْسِلُهَا ... تُقَبِّلُ الْأَرْضَ عَنِّي فَهْيَ نَابِبَتِي وَهَـذِهِ نَوْبَةُ الْأَشْبَاحِ قَدْ حَضَرَتْ .... فَامْدُدْ يَمِينَكَ كَيْ تَحْزَى بِهَا شَفَتِي فَخَرَجَتِ الْيَدُ الشَّرِيفَةُ مِنَ الْقَبْرِ الشَّرِيفِ فَقَبَّلَهَا**(الحاوي للفتاوي للإمام السيوطي : 311,312/2)**

---

ചുരുക്കത്തിൽ ഉമർ(റ) വിന്റെ കാലത്ത് ഒരു വ്യക്തി നബി(സ) തങ്ങളുടെ ഖബറിന് ചാരെ വന്നിട്ടുണ്ട് എന്ന വിഷയം സ്വഹീഹാണെന്ന വിഷയത്തിൽ തർക്കമില്ല. അദ്ദേഹം ഉമർ(റ) വിന്റെ ചാരെ ഈ സംഭവം വന്നു പറഞ്ഞതും അവിടുന്ന് ഈ മറുപടി പറഞ്ഞതും ഒന്നും സ്വഹീഹാണെന്നതിൽ ഒരു തർക്കവുമില്ലാത്ത കാര്യമാണ്. എല്ലാ ഇമാമീങ്ങളും ഏക സ്വരത്തിൽ അത് പറഞ്ഞതുമാണ്.

എന്നാൽ അക്കാലത്ത് വന്നയാൾ ഒന്നുകിൽ താബിഈയായ മഹാനായിരിക്കും. അല്ലെങ്കിൽ സ്വഹാബിയായിരിക്കും . ഈ രണ്ടു സാധ്യതകളെ വന്നയാളെ ഉമർ(റ) അംഗീകരിച്ചെന്ന് സ്വഹീഹായി സ്ഥിരപ്പെട്ട ഈ സംഭവത്തിലുള്ളൂ... അങ്ങനെയിരിക്കെ ചരിത്രത്തിൽ ഏറ്റവും അവലംബ പണ്ഡിതനായ സൈഫ്(റ) ഈ വന്നയാളെ കുറിച്ച് ബിലാലുബ്നു ഹാരിസുൽ മുസനി(റ) എന്ന സ്വഹാബി വര്യനാണ് എന്ന വിഷയം കൂടി പറഞ്ഞിട്ടുണ്ടെങ്കിൽ അവിടെ സ്വഹാബിയാവാനുള്ള സാധ്യതകക്ക് നന്നായി ബലം നൽകുന്നുണ്ടെന്നത് വ്യക്തമാണ്.

മറ്റൊന്ന് ഉമർ(റ) നോട് വന്നു പറഞ്ഞപോൾ അവിടുന്ന് നിങ്ങൾ ചെയ്തത് ശിർക്കാണ് എന്ന് പറഞ്ഞു എന്നോ മറ്റൊരുതരത്തിലോ ഒന്നും തന്നെ പ്രതികരിച്ചതായി ഈ സ്വഹീഹായ സംഭവത്തിലില്ല. പൂർണ്ണമായി അംഗീകരിക്കുകയാണ് അവിടുന്ന് ചെയ്തത്.

പുറമെ നൂറുകണക്കിന് ഇമാമീങ്ങൾ ഈ സംഭവം മുഴുവനായി ഉദ്ധരിച്ചിട്ടും ഒരു ഇമാമും ശിർക്കാനെന്നോ തൗഹീദിനെതിരാണന്നൊ പറഞ്ഞില്ല. മറിച്ച് ഇബ്നു ഹജറുൽ അസ്ഖലാനി(റ) പോലുള്ളവർ ഇത് സ്വാഹാബിയാണ് ചെയ്തതെന്നു വ്യക്തമായി പഠിപ്പിക്കാനാണ് ശ്രമിച്ചത്.

ശൈഖ് രിഫാഇൗ(റ) ഹജ്ജ് നിർവ്വഹിച്ച ശേഷം തിരുനബി (സ) യുടെ ഹള്റത്തിൽ വന്നു കൊണ്ട് പാടി.. “നബിയേ.. ഞാൻ വിദൂരെയായിരിക്കുമ്പോഴെല്ലാം എന്റെ ആത്മാവിനെ അങ്ങിലേക്ക് അയച്ചു ഈ ഭൂമിയെ ചുംബിപ്പിക്കാറുണ്ട്. ഇന്നിതാ അങ്ങയെ തേടി ഈയുള്ളവൻ തന്നെ നേരിൽ വന്നിരിക്കുന്നു. അങ്ങയുടെ കരമൊന്ന് നീട്ടിത്തന്നാലും.. ഞാൻ ചുംബിച്ചോട്ടെ..!” അപ്പോൾ തിരുനബിയുടെ കൈ ഖബറിൽ നിന്ന് പുറത്തുവരികയും രിഫാഇൗ ശൈഖ്(റ) ചുംബിക്കുകയും ചെയ്തു. **(അൽ ഹാവീ ലിൽ ഫതാവാ/ഇമാം സുയൂഥി(റ):2 /314)**

## ഏറ്റവും മഹത്വമുള്ള സ്ഥലം

ലോകത്തെ ഏറ്റവും മഹത്വമേറിയ സ്ഥലം ഏതാണെന്ന കാര്യം ഇമാമീങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. അത് മുത്ത്നബി(സ) യുടെ ഖബറുശ്ശരീഫാണെന്നാണ് ഇമാമീമീങ്ങൾ ഏകോപിച്ചു കൊണ്ട് (ഇജ്മാഅ്) പറഞ്ഞത്.

ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) എഴുതുന്നു.

إلَّا التُّرْبَةُ الَّتِي ضَمَّتْ أَعْضَاءَهُ الْكَرِيمَةَ - صَلَّى اللَّهُ عَلَيْهِ وَسَلَّمَ - فَهِيَ أَفْضَلُ إجْمَاعًا حَتَّى مِنْ الْعَرْشِ **[ابن حجر الهيتمي, تحفة المحتاج في شرح المنهاج 64/4]**

മുത്ത് നബി(സ)യുടെ മഹത്തായ ശരീരം സ്പർശിച്ചിരിക്കുന്ന ആ മണ്ണിനെ മാറ്റി നിർത്തിയാൽ മക്ക, പിന്നെ മദീനയാണ് ഏറ്റവും മഹത്വ ഭൂമി- തിരു ഹബീബിന്റെ മണ്ണ് എല്ലാത്തിനേക്കാൾ മഹത്വമേറിയതാണെന്നതിൽ ഇജ്മാഉണ്ട്. അല്ലാഹുവിന്റെ അർശിനേക്കാൾ വരെ **(തുഹ്ഫ/ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) :4/64)**

പണ്ഡിതന്മാർ ഏകോപിച്ചിട്ടുണ്ടെന്ന ഈ കാര്യം ഏതെങ്കിലും ഒരു ഇമാം പറഞ്ഞതല്ല. നിരവധിഇമാമീങ്ങൾ ഇത് അംഗീകരിച്ചതു കാണാം. ഇമാം ഇബ്നു അഖീൽ(റ) (ഹി.513) വിനോട് ഇതു സംബന്ധമായി ഒരു ചോദ്യം വന്നപ്പോൾ അവിടുന്ന് പറഞ്ഞ മറുപടി ബിദ്അതുകാരുടെ നേതാവ് ഇബ്നുൽ ഖയ്യിം തന്നെ ഉദ്ധരിക്കുന്നുണ്ട്.

فائدة: هل حجرة النبي ﷺ أفضل أم الكعبة؟

قال ابن عقيل: "سألني سائل أيما أفضل حجرة النبي ﷺ الكعبة فقلت: إن أردت مجرد الحجرة فالكعبة أفضل وإن أردت وهو فيها فلا والله ولا العرش وحملته ولا جنه عدن ولا الأفلاك الدائرة لأن بالحجرة جسدا لو وزن بالكونين لرجح) **بدائع الفوائد ط عالم الفوائد ٣/١٠٦٥ — ابن القيم (ت ٧٥١)**

നബി(സ)യുടെ ഹുജ്റതു ശരീഫാണോ കഅ്ബയാണോ കൂടുതൽ ശ്രേഷ്ഠത!?

ഇബ്നുഅഖീൽ(റ) മറുപടി നൽകി. "മുത്ത് നബി(സ)യുള്ള ഖബറുശരീഫിനെ കുറിച്ചാണ് നിങ്ങളുടെ ചോദ്യമെങ്കിൽ.. റബ്ബാണ് സത്യം..! അല്ലഹുവിന്റെ അർഷും, അത് ചുമക്കുന്ന മലാഇകതും, സ്വർഗ്ഗവും മറ്റു എല്ലാത്തിനേക്കാളും മഹത്വം മുത്ത് നബി(സ)യുടെ ഖബറുശരീഫിനാണ്. കാരണം, ആഖബറിൽ ഒരു ശരീരമുണ്ട്. അതിന്റെ മഹത്വം ഇരുലോകത്തെ മുഴുവൻ സൃഷ്ടികളെ കൊണ്ടളന്നാലും അതെത്രയോ ഉന്നത സ്ഥാനത്തായിരിക്കും." **(ബദാഇഉൽ ഫവാഇദ്/ഇബ്നുൽ ഖയ്യിം :3/1065)**

മറ്റു ചില കിതാബുകളുടെ ഉദ്ധരണികൾ

- قَالَ الْقَاضِي عِيَاضٌ أَجْمَعُوا عَلَى أَنَّ مَوْضِعَ قَبْرِهِ ﷺ أَفْضَلُ بِقَاعِ الْأَرْضِ وَأَنَّ مَكَّةَ وَالْمَدِينَةَ أَفْضَلُ بِقَاعِ الْأَرْضِ**(النووي، شرح النووي على مسلم، ٩/١٦٣)**
- وَالْمَشْهُورُ عَنِ الْجُمْهُورِ أَنَّ مَكَّةَ أَفْضَلُ مِنَ الْمَدِينَةِ إِلَّا الْمَكَانَ الَّذِي ضَمَّ جَسَدَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ **(ابن كثير، السيرة النبوية لابن كثير، ٢/٢٨٥)**
- لَكِنِ اسْتَثْنَى عِيَاضٌ الْبُقْعَةَ الَّتِي دُفِنَ فِيهَا النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَحَكَى الِاتِّفَاقَ عَلَى أَنَّهَا أَفْضَلُ الْبِقَاعِ **(فتح الباري ابن حجر العسقلاني , 68/3)**
- وَاللَّهِ إِنَّكِ لَخَيْرُ أَرْضِ اللَّهِ إِلَى اللَّهِ، وَأَحَبُّ أَرْضِ اللَّهِ إِلَى اللَّهِ» ) : فِيهِ تَصْرِيحٌ بِأَنَّ مَكَّةَ أَفْضَلُ مِنَ الْمَدِينَةِ كَمَا عَلَيْهِ الْجُمْهُورُ إِلَّا الْبُقْعَةَ الَّتِي ضَمَّتْ أَعْضَاءَهُ - عَلَيْهِ الصَّلَاةُ وَالسَّلَامُ - فَإِنَّهَا أَفْضَلُ مِنْ مَكَّةَ، بَلْ مِنَ الْعَرْشِ إِجْمَاعًا **(الملا على القاري، مرقاة المفاتيح شرح مشكاة المصابيح، ٥/١٨٦٨)**

- انعقد الإجماع كما قال القاضي بن عياض وغيره – على أن أفضل بقع الأرض على الإطلاق المكان الذي ضم جسده ﷺ وعلى أن مكة والمدينة أفضل بقاع الأرض بعده **(إعلام الساجد بأحكام المساجد ١٨٦/١ - الزركشي، بدر الدين )**
- قالَ القُسْطَلانِيّ واسْتثنى القاضِي عِياض البقْعَة الَّتِي دفن فِيها النَّبِي ﷺ فَحكى الِاتِّفاق على أنَّها أفضل بقاع الأرْض بل قالَ بن عقيل الحَنْبَلِيّ انها أفضل من العَرْش انْتهى **(شرح سنن ابن ماجه للسيوطي وغيره ١٠١/١ — السيوطي)**
- أفضلُ البِلادِ غيرِ البُقعَةِ التي دُفِن فِيها النَّبِيِّ -ﷺ-فإنّها أفضلُ البِقاع والله سبحانه وتعالى **(التدريب في الفقه الشافعي ٤٤٦/١ - سراج الدين البلقيني (ت ٨٠٥)**
- واسْتَثْنى القاضِي عِياضٌ البُقْعَةَ الَّتِي دُفِنَ فِيها النَّبِيُّ - ﷺ - فَحَكى الِاتِّفاقَ عَلى أنَّها أفْضَلُ بِقاعِ الأرْضِ بَلْ قالَ ابْنُ عَقِيلٍ الحَنْبَلِيُّ أنَّها أفْضَلُ مِن العَرْشِ **(أسنى المطالب في شرح روض الطالب ٤٣٨/١ — الأنصاري، زكريا (ت ٩٢٦)**

# ചരിത്രത്തിൽ

നിരവധി മഹാത്മാക്കളുടെ ഖബറുകളെ കുറിച്ചും അവിടെയുള്ള ഖുബ്ബകളെ കുറിച്ചും അവിടെ സിയാറത് ചെയ്യുന്നവരെ പറ്റിയും ചരിത്രത്തിൽ കാണാനാകും. ഇമാമീങ്ങൾ ഓരോ മഹത്തുക്കളെ പരിചയപ്പെടുത്തുമ്പോഴും അവരുടെ മഖാം സ്ഥിതി ചെയ്യുന്ന സ്ഥലവും അതിന്റെ പ്രത്യേകതകളും വിവരിക്കാറുണ്ട്. നിരവധി സംഭവങ്ങൾ മഖ്ബറകളുടെ ചാരത്ത് സംഭവിച്ചതായും കാണാനാകും. ഇതുമാത്രം പറയാനായി ഗ്രന്ഥങ്ങൾ തന്നെ രചിച്ച ഇമാമീങ്ങളുണ്ട്. ചില ചരിത്രസംഭവങ്ങൾ മാത്രം നമുക്ക് പരിചയപ്പെ ടാം.

ഇമാം നവവി(റ) ഇമാം ശാഫിഈ(റ) വിന്റെ ഖബറിന്റെ ആപ്രൗഢി തന്റെ രണ്ട് ഗ്രന്ഥത്തിന്റെ തുടക്കത്തിലും അവിടുത്തെ മഹത്വം പറയുന്നതിനു കൂടെ എഴുതുന്നുണ്ട്.

وَقَبْرُهُ بِمِصْرَ عَلَيْهِ مِنْ الْجَلَالَةِ وَلَهُ مِنْ الِاحْتِرَامِ مَا هُوَ لَائِقٌ بِمَنْصِبِ ذَلِكَ الْإِمَامِ.
**[تهذيب الأسماء واللغات - ٤٦/١] (المجموع شرح المهذب:٨/١ - ط المنيرية— النووي) ت ٦٧٦**

ഇമാം ഷാഫി(റ) വിന്റെ ഖബ്റു ശരീഫ് മിസ്റിലാണ്. ആ ഖബർ ഇമാമിന്റെ ഉന്നത സ്ഥാനത്തിന് യോജിക്കുന്ന രീതിയിലുള്ള ഗാംഭീര്യവും ബഹുമാനവുമുള്ളതാണ്. **(തഹ്ദീബുൽ അസ്മാഇ വല്ലുഗാത്/ഇമാംനവവി(റ): 1/46) (മജ്മൂഅ്:1/8)**

അക്കാലത്തു തന്നെ മിസ്വിറിലെ ഏറ്റവും വലിയ ഖുബ്ബയാണ് ഇമാം ശാഫിഈ(റ) വിന്റെ ഖബറിനു മുകളിലുള്ളത്. ഇമാം ഷാഫിഈ(റ)വിന്റെ ശിഷ്യനും ഉറ്റ സുഹൃത്തുമായ ഇബ്നു അബ്ദുൽ ഹകമിന്റെ സ്ഥലത്താണ് ഈ ഖുബ്ബ സ്ഥിതി ചെയ്യുന്നത്.

ഹാഫിള് ഇബ്നു അബ്ദുൽ ബർ(റ)(ഹി463) എഴുതുന്നു.

عبد الله بن عبد الحكم ابْن أَعْيَنَ بْنِ اللَّيْثِ مَوْلَى عُثْمَانَ بْنِ عَفَّانَ يُكَنَّى أَبَا مُحَمَّدٍ رَوَى عَنِ الشَّافِعِيِّ وَأَخَذَ عَنْهُ وَكَتَبَ كُتُبَهُ لِنَفْسِهِ وَلابْنِهِ مُحَمَّدٍ وَكَانَ مُتَحَقِّقًا بِقَوْلِ مَالِكٍ وَكَانَ صَدِيقًا لِلشَّافِعِيِّ وَعَلَيْهِ نَزَلَ إِذْ جَاءَ مِنْ بَغْدَادَ إِلَى مِصْرَ. وَعِنْدَهُ مَاتَ الشَّافِعِيُّ وَدُفِنَ فِي وَسَطِ قُبُورِ بَنِي عَبْدِ الْحَكِم بِمِصْرَ وَبَنَوْا عَلَى قَبْرِهِ قُبَّةً وَتُوُفِّيَ عَبْدُ اللَّهِ بْنُ عَبْدِ الْحَكَمِ فِي شَهْرِ رَمَضَانَ سَنَةَ أَربع عشرَة وَمِائَتَيْنِ وَمِنْهُم**)الانتقاء في فضائل الثلاثة الأئمة الفقهاء ١/١١٣ — ابن عبد البر (ت ٤٦٣)**

ഇബ്നു അബ്ദുൽ ഹകം(റ) ഇമാം ഷാഫിയിൽ നിന്ന് അറിവ് സ്വീകരിക്കുകയും അവിടുത്തെ കിതാബുകൾ തനിക്കും തന്റെ മകനുംവേണ്ടി എഴുതുകയും ചെയ്തു. മാലിക്കി ഇമാമിന്റെ മദ്ഹബിൽ അഗ്രഗണ്യനാണ് അദ്ദേഹം. ഇമാം ശാഫിഈ(റ) മിസ്റിൽ വന്നാൽ ഇബ്നു അബ്ദുൽ ഹകമിന്റെ കൂടെയാണ് താമസിക്കാറുള്ളത്. അവിടെ വച്ചാണ് ഇമാം വഫാതാകുന്നതും. തന്റെ മക്കളുടെ ഖബ്റുകൾക്ക് ഇടയിലാണ് ഇമാം ഷാഫിഈ(റ) വിനെ മറവ് ചെയ്തത്. അവർ അവിടുത്തെ ഖബറിന് മുകളിൽ ഖുബ്ബ പണിതു.... **(അൽ ഇൻതിഖാഅ്/ ഇമാം ഇബ്നു അബ്ദുൽ ബർ:113)**

ഇമാം നവവി(റ) തന്നെ മറ്റു പല മഹാന്മാരുടേയും ഖബറുകൾക്കു മുകളിലുള്ള ഖുബ്ബയെ വിശേഷിപ്പിക്കുന്നതു കാണാം.

عقيل بن أبي طالب الصحابي رضى الله عنه.... توفى في خلافة معاوية وقد كف بصره ودفن بالبقيع وقبره مشهور عليه قبة فى أول البقيع(**تهذيب الأسماء واللغات ١/٣٣٧**)

അഖീലുബ്നു അബീത്വാലിബ്(റ): വഫാതായത് മുആവിയ (റ)വിന്റെ കാലത്താണ്. അദ്ദേഹത്തിന്റെ ഖബർ പ്രസിദ്ധമാണ്. ജന്നതുൽ ബഖീഇന്റെ തുടക്കത്തിൽ തന്നെയുള്ള ആ ഖബറിന് മുളകിൽ ഒരു ഖുബ്ബയുണ്ട്. **(തഹ്ദീബുൽ അസ്മാഉ വല്ലുഗാത്ത്/ ഇമാംനവവി(റ):1/310)**

നബി(സ്വ) യുടെ മകൻ ഇബ്റാഹീം(റ) വിന്റെ ഖബർ

ابـراهيم ابـن أبي القاسـم محمـد رسـول الله ودفـن بـالبقيع وقـبره مشـهور عليـه قبة(**تهذيب الأسماء واللغات: ١/١٠٣**)

നബി(സ)യുടെ മകൻ ഇബ്രാഹിം(റ): ബഖീഇലാണ് മറവു ചെയ്യപ്പെട്ടത്. അവരുടെ ഖബറ് പ്രസിദ്ധമാണ്. അതിനുമുകളിൽ ഖുബ്ബയുണ്ട് **(തഹ്ദീബുൽ അസ്മാഉ വല്ലുഗാത്ത്/ ഇമാം നവവി(റ) :1/103)**

ഇമാം മാലിക്(റ) വിന്റെ മഖ്ബറയെ കുറിച്ച്

مالك بن أنس الإمام...، ودفـن بالبقيـع، وقبره بباب البقيـع، وعليه قبة **(تهذيب الأسماء واللغات: 2/79 — النووي( ت ٦٧٦)**

മാലിക്(റ) വിന്റെ ഖബ്ർ ബഖീഇന്റെ കവാടത്തിനടുത്താണ്. അതിനു മുകളിൽ ഒരു ഖുബ്ബയുണ്ട്. **(തഹ്ദീബുൽ അ സ്മാഉ വല്ലുഗാത്ത്/ ഇമാം നവവി(റ):2/79)**

## സ്വഹാബിയുടെ ഖബർ

ഇന്നത്തെ കോൺസ്റ്റാന്റിനോപ്പിളിലാണ് പ്രമുഖ സ്വഹാബി അബൂ അയ്യൂബുൽ അൻസ്വാരി(റ) വിന്റെ ഖബർ സ്ഥിതി ചെയ്യുന്നത്.

ഇമാം ഹാക്കിം(റ) റിപ്പോർട്ടു ചെയ്യുന്ന ഹദീസ്

5929- حَدَّثَنَا أَبُو عَبْدِ اللَّهِ الْأَصْبَهَانِيُّ، ثَنَا مُحَمَّدُ بْنُ عَبْدِ اللَّهِ بْنِ رُسْتَةَ، ثَنَا سُلَيْمَانُ بْنُ دَاوُدَ، ثَنَا مُحَمَّدُ بْنُ عُمَرَ، قَالَ: «آخَى رَسُولُ اللَّهِ ﷺ بَيْنَ أَبِي أَيُّوبَ، وَبَيْنَ مُصْعَبِ بْنِ عُمَيْرٍ، وَشَهِدَ أَبُو أَيُّوبَ بَدْرًا، وأُحُدًا، وَالْخَنْدَقَ وَالْمَشَاهِدَ كُلَّهَا مَعَ رَسُولِ اللَّهِ ﷺ، وَتُوُفِّيَ عَامَ غَزَا يَزِيدُ بْنُ مُعَاوِيَةَ الْقُسْطَنْطِينِيَّةَ فِي خِلَافَةِ أَبِيهِ مُعَاوِيَةَ سَنَةَ اثْنَتَيْنِ وَخَمْسِينَ، وَقَبْرُهُ بِأَصْلِ حِصْنِ الْقُسْطَنْطِينِيَّةِ بِأَرْضِ الرُّومِ فِيمَا ذُكِرَ يَتَعَاهَدُونَ قَبْرَهُ، وَيَزُورُونَهُ وَيَسْتَسْقُونَ بِهِ إِذَا قَحَطُوا» **(المستدرك على الصحيحين للحاكم - ط العلمية ٥١٨/٣ — أبو عبد الله الحاكم (ت ٤٠٥)**

അബൂ അയ്യുബുൽ അൻസാരിയുടെ ഖബർ റോമിലെ ഖുസ്ത്വൻഥീനിയ്യയിലെ കോട്ടക്ക് സമീപ്പമാണുള്ളത്. അവിടെയുള്ളവർ ആ ഖബർ നിരന്തരം സന്ദർശിക്കുകയും ജല ക്ഷാമമുണ്ടാകുന്ന സമയം അവിടുത്തെ കൊണ്ട് മഴയെതേടുകയും ചെയ്യാറുണ്ട്. **(മുസ്തദ്റക്/ ഇമാം ഹാക്കിം:5929)**

ഹിജ്റ 277ൽ വഫാതായ യഅ്ഖൂബുൽ ഫസൂരി(റ)[1] ഈ ഖബറിനെ കുറിച്ചെഴുതുന്നു.

يعقوب بن سفيان قال نا صفوان بن صالح قال حدثنا الوليد قال نا ابن جابر أن أبا أيوب لم يقعد عن الغزو في زمان عمر وعثمان ومعاوية، وأنه توفي في غزاة يزيد بن معاوية بالقسطنطينية قال الوليد: فحدثني شيخ من أهل فلسطين أنه رأى بنية بيضاء دون حائط القسطنطينية فقالوا: هذا قبر أبي أيوب الأنصاري صاحب النبي ﷺ، فأتيت تلك البنية فرأيت قبره في تلك البنية وعليه قنديل معلّق بسلسلة **)المعرفة والتاريخ - - ط العراق ٣١٩/٣ — يعقوب بن سفيان الفسوي (ت ٢٧٧) تاريخ بغداد ت بشار ٤٩٥/١ — الخطيب البغدادي (ت ٤٦٣)**

ഖുസ്ത്വൻത്വീനിയ്യയിൽ ഒരു വെളുത്ത കെട്ടിടം കണ്ടപ്പോൾ വലീദിനോട് അവിടെയുള്ള ഒരു ശൈഖ് പറഞ്ഞു ഇത് അബൂ അയ്യൂബുൽ അൻസ്വാരി(റ)വിന്റെ ഖബറാണ്. ആ കെട്ടിടത്തിനകത്ത് കയറിയപ്പോൾ ആഖബറും അതിനു മുകളിൽ തൂക്കിയിട്ട

[1] ഇമാം തുർമുദി, നസാഈ(റ) അടക്കമുള്ള മുഹദ്ദിസുകളുടെ ശൈഖാണ്. ഈ കിതാബിനെ കുറിച്ച് ഹാഫിളുദ്ദഹബി വലിയ ഫാഇദകളുള്ള കിതാബാണെന്ന് പറയുന്നുണ്ട്. (സിയറു അഅ്ലാമുന്നുബലാഅ്:13/180)

വിളക്കും ഞാൻ കണ്ടു. **(അൽ മഅ്റിഫതു വത്താരീഖ്:3/319)(താരീഖു ബഗ്ദാദ്/ഖത്വീബുൽ ബഗ്ദാദി(റ):1/495)**

ഹാഫിളു ദഹബി തന്റെ കാലംവരെ റോമുകാർ ഈ ഖബ്ർ ആദരിച്ചു പോരുകയും ഈ ഖബറിനു ചാരെ മഴയെ തേടാറുണ്ടെന്നും വ്യക്തമാക്കുന്നുണ്ട്.**(ദുവലുൽ ഇസ്‌ലാം:1/39)**

- فالرُّوم تعظم قبره ويَسْتَسقُون إِلى اليوم به ، وكان من البدريين ، ولما قدم النبي ﷺ المدينة نزل على أبي أيوب مدة حتى بنى مسجده وحُجُرَهُ **(دول الإسلام للحافظ الذهبي : ١/٣٩ )**

ഇമാം ബുഖാരി(റ)വിന്റെ മഖ്ബറയുടെ ചരിത്രം നിരവധി ഇമാമീങ്ങൾ എഴുതുന്നുണ്ട്.

قَحطَ المَطَرُ عِنْدنَا بِسَمَرْقَنْدَ فِي بَعْضِ الأَعْوَامِ، فَاسْتسقَى النَّاسُ مِرَارًا، فَلَمْ يُسْقَوا، فَأَتَى رَجُلٌ صَالِحٌ مَعْرُوْفٌ بِالصَّلاَحِ إِلَى قَاضِي سَمَرْقَنْدَ فَقَالَ لَهُ: إِنِّي رَأَيْتُ رأْيًا أَعرِضُهُ عَلَيْكَ . قَالَ: وَمَا هُوَ؟ قَالَ: أَرَى أَنْ تخرجَ وَيخرجَ النَّاسُ مَعَكَ إِلَى قَبْرِ الإِمَامِ مُحَمَّدِ بنِ إِسْمَاعِيْلَ البُخَارِيِّ، وَقبرُهُ بخَرْتَنْك، وَنستسقِي عِنْدَهُ، فعسَى اللهُ أَنْ يَسْقِينَا.قَالَ: فَقَالَ القَاضِي: نِعْمَ مَا رَأَيْت . فَخَرَجَ القَاضِي وَالنَّاسُ مَعَهُ، وَاسْتسقَى القَاضِي بِالنَّاسِ، وَبَكَى النَّاسُ عِنْدَ القَبْرِ، وَتشفَّعُوا بصَاحِبِهِ، فَأَرسلَ اللهُ -تَعَالَى- السَّمَاءَ بِمَاءٍ عَظِيْمٍ غَزِيْرٍ أَقَامَ النَّاسُ مِنْ أَجلِهِ بِخَرْتَنْك سَبْعَةَ أَيَّامٍ أَوْ نحوَهَا، لاَ يَسْتَطيعُ أَحَدٌ الوُصُوْلَ إِلَى سَمَرْقَنْدَ مِنْ كَثْرَةِ المَطَرِ وَغزَارتِهِ، وَبَيْنَ خرتنك وَسَمَرْقَنْدَ نَحْوَ ثَلاَثَةِ أَمِيَالٍ **(سير أعلام النبلاء - ط الرسالة ١٢/٤٦٩ — شمس الدين الذهبي (ت ٧٤٨)(تاريخ ا لإسلام - ط التوفيقية ١٩/١٩٥ — الذهبي (ت ٧٤٨)**

“സമർഖന്ദിൽ ഹിജ്റ 464 ൽ വലിയ ക്ഷാമം വന്നു. ആ സമയത്ത് ഒരു സ്വാലിഹായ മനുഷ്യൻ സമർഖന്ദിയിലെ ഖാളിയെ സമീപ്പിച്ചു കൊണ്ട് പറഞ്ഞു. ഞാനൊരഭിപ്രായം പറയാം എന്താണെന്ന് ഖാളി ചോദിച്ചു. അദ്ദേഹം പറഞ്ഞു: “നിങ്ങൾ ഇവിടെയുള്ള ജനങ്ങളെ വിളിച്ചുകൂട്ടി, ഇമാംബുഖാരി(റ) വിന്റെ ഖബർ ശരീഫിൽ പോകണം. അവിടെ വെച്ച് മഴക്ക് വേണ്ടി തേടണം, ഖർത്വങ്കിലാണ് ഇമാം ബുഖാരിയുടെ ഖബറുള്ളത് അല്ലാഹു മഴ നൽകാൻ അതു മാത്രം മതി.” അപ്പോൾ ഖാളി നല്ല അഭിപ്രായമാണ് താങ്കൾ പറഞ്ഞതെന്ന് പറഞ്ഞു ജനങ്ങളുമായി ഇ

മാം ബുഖാരി(റ) വിന്റെ ഖബർ ശരീഫിലേക്ക് പുറപ്പെട്ടു. അവിടെ വെച്ച് മഴക്ക് വേണ്ടി തേടുകയും, ഇമാം ബുഖാരി(റ) വിനെക്കൊണ്ട് ശുപാർശ തേടുകയും ചെയ്തപ്പോൾ അവർക്ക് അല്ലാഹു മഴ നൽകി,

ചരിത്രം രേഖപ്പെടുത്തിയ മഹാന്മാർ

**الصلة في تاريخ أئمة الأندلس** لابن بشكوال ١/٦٠٣ **المعلم بشيوخ البخاري ومسلم** ١/٢٦ لابن خلفون **سير أعلام النبلاء** للحلفظ الذهبي ١٢/٤٦٩ **تاريخ الإسلام** للحافظ الذهبي ١٩/٢٧٣ **طبقات الشافعية الكبرى** للإمام السبكي ٢/٢٣٤ **إرشاد الساري** لشرح صحيح البخاري للإمام القسطلاني ١/٣٩ **مرقاة المفاتيح** لملا علي القاري

ചരിത്രത്തിൽ മഖാമുകളുമായി ബന്ധപ്പെട്ടു നടന്ന ഒട്ടേറെ സംഭവങ്ങൾ ഇനിയും ഉദ്ധരിക്കാനാകും. ചില സംഭവങ്ങൾ തബർറുകിന്റ ഭാഗത്ത് നൽകുന്നുണ്ട്. മഹാത്മാക്കളുടെ മഖാമുകൾക്ക് പ്രത്യേക പരിഗണന അടുത്ത കാലത്തുണ്ടായതോ കേരള സുന്നികൾ മാത്രം ചെയ്തുപോരുന്ന കാര്യമോ അല്ലെന്ന് തെളിയിക്കാനാണ് ചെറിയ ചില സംഭവങ്ങൾ മാത്രം ഉദാഹരണമായി നൽകിയത്.

## ഇബ്നു തൈമിയ്യ പോലും

ബിദ്അതുകാരുടെ പ്രധാന നേതാവായ ഇബ്നുതൈമിയ്യ പോലും മഹാത്മാക്കളുടെ മഖാമിന്റെ പോരിശ അംഗീകരിക്കുന്നുണ്ട്. അദ്ധേഹത്തിന്റെ ഏറ്റവും വലിയ ശിഷ്യൻ ഇബ്നുൽ ഖയ്യിമിൽ നിന്ന് മുമ്പ്നാം ഉദ്ധരിച്ചു കഴിഞ്ഞു.

ഇബ്നു തൈമിയ്യ എഴുതുന്നു.

وكذلك ما يذكر من الكرامات، وخوارق العادات، التي توجد عند قبور الأنبياء والصالحين مثل نزول الأنوار والملائكة عندها وتوقي الشياطين والبهائم لها، واندفاع النار عنها وعمن جاورها، وشفاعة بعضهم في جيرانه من الموتى، واستحباب الاندفان عند بعضهم، وحصول الأنس والسكينة عندها، ونزول العذاب بمن استهانها - فجنس هذا حق،

ليس مما نحن فيه. وما في قبور الأنبياء والصالحين، من كرامة الله ورحمته، وما لها عند الله من الحرمة والكرامة فوق ما يتوهمه أكثر الخلق، لكن ليس هذا موضع تفصيل ذلك
**(اقتضاء الصراط المستقيم لمخالفة أصحاب الجحيم ٢٥٥/٢ — ابن تيمية (ت ٧٢٨ )**

അമ്പിയാക്കളുടെയും സ്വാലിഹീങ്ങളുടെയും ഖബറുകളുടെ ചാരെ കണ്ടുവരുന്ന കറാമത്തുകളും അസാധാരണ സംഭവങ്ങളും അപ്രകാരമാണ്. മലക്കുകളും പ്രകാശവും അതിന് ചാരത്തു ഇറങ്ങുക, ശൈത്താന്മാരിൽ നിന്നും മൃഗങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കുക, ആ മഖ്ബറകളും ചാരെ നിൽക്കുന്നവരും അഗ്നിയിൽ നിന്ന് രക്ഷപ്പെടുക, അവരുടെ ചാരെ മരണപ്പെട്ടു കിടക്കുന്ന ഖബറാളികൾക്ക് അവർ ശഫാഅത് ചെയ്യുക, അതിന്റെ പരിസരത്തിൽ നിൽക്കുന്നവർക്ക് സമാധാനം ലഭിക്കുക, അതിനെ നിന്ദിക്കുന്നവർക്ക് ശിക്ഷ ലഭിക്കുക തുടങ്ങിയ കറാമത്തിന്റെ ഇനങ്ങൾ മുഴുവനും യഥാർത്ഥ്യമാണ്. അമ്പിയാക്കളുടെയും സ്വാലിഹീങ്ങളുടെയും ഖബ്റുകൾ ചാരെ കണ്ടുവരുന്ന കറാമത്തുകളും റബ്ബിന്റെ ഔദാര്യവും, റബ്ബിന്റെയടുക്കൽ അതിനുള്ള ബഹുമതിയും ഹുർമതും ഭൂരിപക്ഷംജനങ്ങളും ചിന്തിക്കുന്നതിലുമപ്പുറമാണ്.! എങ്കിലും അവ വിശദീകരിക്കുന്ന ഇടമല്ല ഇത്. **(ഇഖ്തിളാഉ സ്വിറാതുൽ മുസ്തഖീം/ഇബ്നു തൈമിയ്യ:2/**255)

ഇത്രമാത്രം സർവ്വാംഗീകൃതമായ മഹാത്മാക്കളുടെ മഖാമുകളെയാണ് ബിദ്അതുകാർ വളരെ മോഷമായി അവതരിപ്പിക്കാറുള്ളത്. മഹാന്മാരുടെ ഖബറുകൾ വിഗ്രഹമാണെന്നും അവിടം പിശാചിന്റെ കേന്ദ്രമാണെന്നും വ്യാപകമായി ഇന്നും ബിദ്അതിലകപ്പെട്ടവർ വിശ്വസിക്കുന്നു. ബിദ്അതുകാരുടെ ചില പ്രസിദ്ധീകരണങ്ങളിൽ നിന്ന് വായിക്കാം.

## ശിർക്കിന്റെ കേന്ദ്രമോ!?

ഇത്രയും മഹത്വങ്ങൾ നിറഞ്ഞ മഹാത്മാക്കളുടെ മഖാമുകൾ ശിർക്കും ശിർക്കിന്റെ കേന്ദ്രവുമാണെന്ന് ബിദ്അതുകാർ പല തവണ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. മമ്പുറം തങ്ങളുടെ മഖാം

ഒരു വിഗ്രഹമാണെന്ന് പ്രസംഗിച്ച വഹാബീ നേതാവിനെ കേൾക്കാത്തവരുണ്ടാവില്ല.

ബിദ്അതുകാരുടെ ഏറ്റവും വലിയ പൂർവിക നേതാവ് ഉമർ മൗലവി തന്നെ തുറന്നെഴുതുന്നത് കാണുക.

> ബിദ്അത്തിനെ സംബന്ധിച്ച വിവരണത്തിൽ നിന്ന് ബിദ്അത്ത് മൂന്നു വിധമുണ്ടെന്ന് മനസ്സിലാക്കാം.
>
> തനി ശിർക്കും കുഫ്റുമായിട്ടുള്ളത് ഒന്ന്: ഇസ്തിഗാസ, നേർച്ച, മാല, മൗലിദ്, റാത്തീബ്, ജാറം കെട്ടിപൊന്തിക്കൽ, ജാറത്തിലേക്കുള്ള യാത്ര മുതലായതൊക്കെ ഈ ഇനത്തിൽ പെടുന്നു. **(ഫാത്തിഹയുടെ തീരത്ത്/ഉമർ മൗലവി:131)**

# ഖബർ സിയാറതും തബർറുകെടുക്കലും

ജാഹിലിയ്യാകാലത്ത് ഖബറിനെ ആരാധിക്കലും അതിനെ ഭിംബമാക്കലും അതിലേക്ക് തിരിഞ്ഞു ആരാധനകൾ നിർവ്വഹിക്കലും ഉണ്ടായിരുന്നെന്ന് നാം മുമ്പ് വിശദീകരിച്ചു. പരിശുദ്ധ ദീനിന്റെ ലക്ഷ്യത്തിന് നേർ വിപരീത ഘടകമായ പ്രവർത്തനങ്ങൾ ഖബറുകളുമായി നടന്നുവന്നതു കാരണം ഇസ്ലാം ആദ്യ കാലത്ത് ഖബർ സിയാറത് പാടേ വിലക്കിയിരുന്നു. അത്രമാത്രം ജാഹിലിയ്യത്തിനെ അത് മോശമായ രീതിയിൽ സ്വാധീനിച്ചിരുന്നു. എന്നാൽ പിന്നീട് ഇസ്ലാം അതിനെ നിയമവിധേയമാക്കി. നബി (സ) പറഞ്ഞു.

١٩٧٧ (وَحَدَّثَنَا مُحَمَّدُ بْنُ عَبْدِ اللهِ بْنِ نُمَيْرٍ ، حَدَّثَنَا مُحَمَّدُ بْنُ فُضَيْلٍ ، حَدَّثَنَا ضِرَارُ بْنُ مُرَّةَ أَبُو سِنَانٍ ، عَنْ مُحَارِبِ بْنِ دِثَارٍ ، عَنْ عَبْدِ اللهِ بْنِ بُرَيْدَةَ ، عَنْ أَبِيهِ قَالَ: قَالَ رَسُولُ اللهِ ﷺ: «نَهَيْتُكُمْ عَنْ زِيَارَةِ الْقُبُورِ فَزُورُوهَا.......، **(صحيح مسلم - ط التركية ٨٢/٦ — مسلم (ت ٢٦١)**

“ഞാൻ നിങ്ങളോട് ഖബർ സിയാറത് വിലക്കിയിരുന്നു. ഇനി നിങ്ങൾ സിയാറത് ചെയ്യുവീൻ..” **(സ്വഹീഹു മുസ്‌ലിം: 1977)**

ഇമാ ഇബ്നു ബത്വാൽ(റ)(ഹി.449) എഴുതുന്നു.

ومعنى النهى عن زيارة القبور، إنما كان فى أول الإسلام عند قربهم بعبادة الأوثان، واتخاذ القبور مساجد، والله أعلم، فلما استحكم الإسلام، وقوى فى قلوب الناس، وأمنت عبادة القبور والصلاة إليها، نسخ النهى عن زيارتها، لأنها تذكر الآخرة وتزهد فى الدنيا. **)شرح صحيح البخاري - ابن بطال ٢٧١/٣ — ابن بطال (ت ٤٤٩)**

“ഇസ്ലാമിന്റെ ആദ്യ കാലങ്ങൾ ബിംബാരാധനകളോടും ഖബറുകളെ മസ്ജിദാ(സുജൂദ് ചെയ്യുന്നിടം)ക്കുന്നതിനോടും അടുത്ത കാലഘട്ടമായതിനാലാണ് സിയാറതിനെ വിരോധിക്കപ്പെട്ടിരുന്നത്. പിന്നീട് ഇസ്ലാം സ്ഥാപിതമായി, ജനങ്ങളുടെ ഹൃദയത്തിൽ വിശ്വാസം ഉറച്ചുകഴിയുകയും, ഖബറുകളെ ആ രാധിക്കുന്നതും അതിലേക്ക് തിരിഞ്ഞു നിസ്കരിക്കുന്നതുമായ പ്രവർത്തനങ്ങളിൽനിന്ന് നിർഭയമാവുകയും ചെയ്തപ്പോൾ സിയാറത്ത് പാടില്ലെന്ന വിരോധന പിൻവലിക്കുകയുണ്ടായി. കാരണം സിയാറതിന് ആഖിറത്തെ ഓർമ്മിപ്പിക്കുക, ദുൻയാവിനെ ത്യജിക്കുക എന്നിങ്ങനെയുള്ള ഗുണങ്ങളുണ്ട്.” **(ശറഹുൽ ബുഖാരി /ഇമാം ഇബ്നു ബത്വാൽ:3/271)**

ഇതിൽ നിന്നെല്ലാം ജാഹിലിയ്യാ കാലത്ത് ഖബറുകളുമായി ബന്ധപ്പെട്ടു പല വിധത്തിലുള്ള ആരാധനകൾ നടന്നിരുന്നുവെന്ന് വീണ്ടും വ്യക്തമാകുന്നുണ്ട്. അതോടുകൂടെ ഇത്തരം അപകടങ്ങളൊന്നുമില്ലാതെ ഖബർ സിയാറതിനെ ഇസ്ലാം പ്രോത്സാഹിപ്പിക്കുന്നു. ഈ അനുവദിക്കപ്പെട്ട സിയാറതിൽ തന്നെ മറ്റു പല വിധിവിലക്കുകളുമുണ്ട്. പുരുഷൻമാരെ പോലെ സ്ത്രീകൾക്ക് ഖബർ സിയാറത്ത് നിരുപാധികം സുന്നത്തില്ല, ആദരിക്കേണ്ടവരുടെ ഖബറിനെ ആദരിക്കുക തുടങ്ങിയ നിയമങ്ങൾ അതിൽ പ്രധാനമാണ്.

## മഹത്തുക്കളെ സിയാറത് ചെയ്യൽ

സാധാരണക്കാരുടെ ഖബറുകളെ അപേക്ഷിച്ച് മഹാന്മാരുടെ ഖബറുകൾക്ക് മഹത്വമുണ്ടെന്നും അത് ബറകതിന്റെ കേന്ദ്ര

ങ്ങളാണെന്നും പരിശുദ്ധഖുർആൻ കൊണ്ടുതന്നെ നാം മുൻ അധ്യായത്തിൽ വിശദീകരിച്ചു. അതിനാൽ മറ്റു ഖബർ സിയാറതുകളെ അപേക്ഷിച്ച് മഹത്തുക്കളുടെ ഖബർ സിയാറതും വളരെ മഹത്വമേറിയതാണ്. എല്ലാ ഖബ്റുകൾക്കും ഇസ്‌ലാം തുല്യ സ്ഥാനമല്ല കൽപ്പിക്കുന്നത്. ജീവിത കാതത്ത് മഹത്വമുള്ളവരുട ഖബറിനും ഖബർ സിയാറതിനും വളരെവലിയ മഹത്വങ്ങളുണ്ട്. മാത്രമല്ല ലോക നേതാവ് മുത്ത് നബി(സ) യുടെ ഖബർ സിയാറത്ത് ഹജ്ജ് ചെയ്യുന്നവർക്ക് പ്രത്യേക സുന്നത്താണെന്നത് ഇജ്മാഅ്കൊണ്ട് ദീനിൽ സ്ഥിരപ്പെട്ടതും വളരെ  മഹത്വമേറിയതുമായ ഇബാദത്താണ്.

ഇമാം നവവി(റ) പറയുന്നു.

(وَاعْلَمْ) أَنَّ زِيَارَةَ قَبْرِ رَسُولُ اللَّهِ ﷺ مِنْ أَهَمِّ الْقُرُبَاتِ وَأَنْجَحِ الْمَسَاعِي فَإِذَا انْصَرَفَ الْحُجَّاجُ وَالْمُعْتَمِرُونَ مِنْ مَكَّةَ اُسْتُحِبَّ لَهُمْ اسْتِحْبَابًا مُتَأَكَّدًا أَنْ يَتَوَجَّهُوا إِلَى الْمَدِينَةِ لِزِيَارَتِهِ ﷺ**(المجموع شرح المهذب - ط المنيرية 8/272— النووي( ت ٦٧٦)**

അറിയണം മുത്ത് നബി(സ)യുടെ ഖബർ സിയാറത് ചെയ്യുക എന്നത് ആരാധനകളിൽ വെച്ച് ഏറ്റവും മുഖ്യമായതും പരിശ്രമങ്ങളിൽ വെച്ച് ഏറ്റവും വിജയകരവുമായതുമാണ്. ഹജ്ജ് ഉംറകൾ ചെയ്യുന്നവർ അതിൽ നിന്ന് വിരമിച്ചാൽ മദീന സിയാറത്ത് ചെയ്യാൻ യാത്ര തിരിക്കൽ ശക്തമായ സുന്നത്താക്കപ്പെടും.**(മജ്മൂഅ്/ ഇമാം നവവി(റ):8/272)**

മറ്റു മഹത്തുക്കളെ സിയാറത് ചെയ്യുന്നതിനെ കുറിച്ച് ഇമാം ഗസ്സാലി(റ) എഴുതുന്നു.

، وأما المشاهد فلا تتساوى، بل بركة زيارتها على قدر درجاتهم عند الله عز وجل،**(إحياء علوم الدين: ١/٢٥٤)**

“എന്നാൽ മഹാന്മാരുടെ ദർഗകൾ എല്ലാം തുല്യ സ്ഥാനമല്ല. അവയെ സന്ദർശിക്കുന്നതിനാൽ ലഭിക്കുന്ന ബറകത്ത് അല്ലാഹുവിന്റെയടുക്കൽ മഹാന്മാർക്കുള്ള സ്ഥാനത്തിലുള്ള വ്യ

ത്യാസത്തെ അടിസ്ഥാനമാക്കി വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. **(ഇഹ്യാ ഉലൂമുദ്ദീൻ/ ഇമാം ഗസ്സാലി(റ): 1/254)**

അതിനാൽ നബി(സ) പൊതുവെ ഖബർ സിയാറതു കൊണ്ടുള്ള മഹത്വങ്ങൾ പറഞ്ഞ ഹദീസ് ഉയർത്തിക്കാണിച്ചു കൊണ്ട് ഇതിൽ ബറകത് ലഭിക്കുമെന്നില്ലല്ലോ എന്നെല്ലാം ചോദിക്കുന്നതിനർത്ഥമില്ല. അവിടുന്ന് ഖബർ സിയാറതിന്റെ മഹത്വമായി പറഞ്ഞ ദുൻയാവിന്റെ ത്യാഗവും പരലോക സ്മരണയും പൊതുവെ എല്ലാ ഖബർ സിയാറതുകൾ കൊണ്ടുമുള്ള ഗുണമാണ്. ഈ ഗുണങ്ങൾ കാഫിറിന്റെ ഖബറുകൾ സിയാറത് ചെയതാൽ പോലും ലഭിക്കുമെന്ന് ഇമാമീങ്ങൾ പഠിപ്പിച്ചിട്ടുണ്ട്.

## യാത്ര കെട്ടിപ്പുറപ്പെടൽ

ഏതൊരു നല്ല കാര്യത്തിന് വേണ്ടിയുള്ള യാത്രയും പ്രതിഫലാർഹമായ യാത്രയാണ്. ഈ അർത്ഥത്തിൽ സിയാറത്ത് ചെയ്യുവാനുള്ള യാത്ര വളരെ പ്രതിഫലമുള്ളതാണ്. 'നല്ല കാര്യങ്ങൾ ചെയ്യാം. പക്ഷേ, അതിനുവേണ്ടി യാത്ര ചെയ്യരുത്.' എന്നിങ്ങനെയുള്ള വികലാവാദങ്ങൾ സിയാറത്തിനെ എതിർ ക്കാൻ വേണ്ടി മാത്രം ഇബ്നു തൈമിയ കൊണ്ടുവന്ന വാദമാണ്. അതാണെങ്കിൽ ഏതു നന്മക്കും ബാധകമായ കാര്യമാവുണ്. അറിവ് പഠിക്കാം, പക്ഷേ അറിവ് പഠിക്കാൻ വേണ്ടി ഒരിടത്തേക്കും യാത്ര ചെയ്യരുത് എന്ന വാദം എത്രമാത്രം ഗൗരവപരമാണ്.! ഈ വാദത്തിന് തെളിവായി ഇബ്നു തൈമിയ്യ കൊണ്ടുവന്ന ഹദീസ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ പക്ഷ വാദത്തിന്റെ തെളിവായി മനസ്സിലാക്കാം.

ബുഖാരിയിലെ ആ ഹദീസൊന്ന് ശ്രദ്ധിക്കുക.

١١٨٩) - ح) حَدَّثَنَا عَلِيٌّ: حَدَّثَنَا سُفْيَانُ، عَنِ الزُّهْرِيِّ، عَنْ سَعِيدٍ، عَنْ أَبِي هُرَيْرَةَ ، عَنِ النَّبِيِّ ﷺ قَالَ: «لَا تُشَدُّ الرِّحَالُ إِلَّا إِلَى ثَلَاثَةِ مَسَاجِدَ؛ الْمَسْجِدِ الْحَرَامِ، وَمَسْجِدِ الرَّسُولِ ﷺ، وَمَسْجِدِ الْأَقْصَى.» **(صحيح البخاري - ط السلطانية ٢/ ٦٠ — البخاري (ت ٢٥٦)**

മൂന്നു പള്ളികളിലേക്ക് അല്ലാതെ യാത്ര കെട്ടി പുറപ്പെടുകയില്ല. മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി മസ്ജിദുൽ അഖ്സ്വ എന്നിവയാണ് അവ.(**സ്വഹീഹുൽ ബുഖാരി:1189**)

ഈ ഹദീസിൽ എവിടെയാണ് സിയാറത്തിനു പോകരുതെന്നതിലേക്ക് ചെറിയ നിലക്കെങ്കിലുമുള്ള സൂചന!?

പ്രത്യക്ഷത്തിൽ ഇതിനർത്ഥം 'ഈ മൂന്ന് പള്ളികളിലേക്ക് മാത്രമേ യാത്ര ചെയ്യാൻ പാടുള്ളൂ... നാലാമതൊരു പള്ളിയിലേക്ക് യാത്ര ചെയ്യരുത്!' എന്നാണെന്ന് വെച്ചാൽ പോലും ഇതിലെവിടെ സിയാറത്തിനു പോകരുതെന്നുള്ളത്!?

ഇനി മറ്റൊരു നിലക്കുള്ള അർത്ഥം 'ഈ മൂന്നു പള്ളിയിലേക്കല്ലാതെ നിങ്ങൾ ഒരിടത്തേക്കും യാത്ര ചെയ്യരുത്!' എന്നുപറയാം. ഇതിനർത്ഥം ആർക്കെങ്കിലും അംഗീകരിക്കാനാകുമോ!?

ഇവിടെയാണ് ഇമാമീങ്ങൾ കൃത്യമായി ഈ ഹദീസിനെ വിശദീകരിച്ചത്. ഇതിനർത്ഥം പള്ളി എന്ന അർത്ഥത്തിൽ സമ്പൂർണ്ണമായ പ്രതിഫലം ഈ മൂന്ന് പള്ളികൾക്ക് മാത്രമേയുള്ളൂ. അത് ഹദീസുകളിൽ നബി(സ) കൃത്യമായി പഠിപ്പിച്ച പ്രതിഫലമാണ്.

ഇബ്നു തൈമിയ്യയുടെ ഈ അറുവഷള വാദം കേട്ട ഇമാമീങ്ങളെല്ലാം അദ്ദേഹത്തെ പരിഹസിക്കും വിധം എഴുതിയിട്ടുണ്ട്. ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി(റ) എഴുതുന്നത് കാണുക.

وَالْحَاصِل إِنَّهُم الزموا بن تيميه بِتَحْرِيم شدّ الرحل إِلَى زِيَارَةِ قَبْرِ سَيِّدُنَا رَسُولُ اللَّهِ ﷺ وَأَنْكَرْنَا صُورَةَ ذَلِكَ وَفِي شَرْحِ ذَلِكَ مِنَ الطَّرَفَيْنِ طُولٌ وَهِيَ مِنْ ابشع الْمَسَائِل المنقوله عَن بن تَيْمِيَةَ وَمِنْ جُمْلَةِ مَا اسْتَدَلَّ بِهِ عَلَى دَفْعِ مَا ادَّعَاهُ غَيْرُهُ مِنَ الْإِجْمَاعِ عَلَى مَشْرُوعِيَّةِ زِيَارَةِ قَبْرِ النَّبِيِّ ﷺ مَا نُقِلَ عَنْ مَالِكٍ أَنَّهُ كَرِهَ أَنْ يَقُولَ زُرْتُ قَبْرَ النَّبِيِّ ﷺ وَقَدْ أَجَابَ عَنْهُ الْمُحَقِّقُونَ مِنْ أَصْحَابِهِ بِأَنَّهُ كَرِهَ اللَّفْظَ أَدَبًا لَا أَصْلَ الزِّيَارَةِ فَإِنَّهَا مِنْ أَفْضَلِ الْأَعْمَالِ وَأَجَلِّ الْقُرُبَاتِ الْمُوَصِّلَةِ إِلَى ذِي الْجَلَالِ وَأَنَّ مَشْرُوعِيَّتَهَا مَحَلُّ إِجْمَاعٍ بِلَا نِزَاعٍ وَاللَّهُ الْهَادِي إِلَى الصَّوَابِ(**فتح الباري لابن حجر ٣/٦٦ — ابن حجر العسقلاني (ت ٨٥٢)**

www.sunnahclub.in

ചുരുക്കത്തിൽ തിരുസിയാറതിന് യാത്ര പുറപ്പെടുന്ന വിഷയത്തിൽ ഇബ്നു തൈമിയ്യയെ അവർ മുട്ടുകുത്തിച്ചിട്ടുണ്ട്. ഈ ചർച്ചയുടെ രണ്ടു വശവും വിശദമായി പറയാനുണ്ട്. ഇത് ഇബ്നു തൈമിയ്യയെ തൊട്ടുദ്ധരിക്കുന്ന മസ്അലകളിൽ ഏറ്റവും വൃത്തികെട്ട വാദമാണ്. തിരു സിയാറത് ശറആക്കപ്പെട്ടതാണെന്നതിന്റെ ഇജ്മാഇനെ എതിർക്കാൻ അവർ കൊണ്ടു വന്ന തെളിവിന്റെ ആകത്തുക, ഇമാം മാലിക്(റ) പറഞ്ഞ 'ഞാൻ തിരു ഖബ്ർശരീഫ് സന്ദർശിച്ചുവെന്ന് പറയൽ കറാഹതാണ്' എന്ന വാക്കാണ്. മാലികി ഇമാമിന്റെ അസ്ഹാബിൽ നിന്നുള്ള മുഹഖിഖുകൾ ഇതിന് നൽകിയ മറുപടി, അത് അദബ് കൊണ്ട് പറഞ്ഞതാണെന്നാണ്.[1] അതിനാൽ തിരുസിയാറത് അമലുകളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമേറിയതും അല്ലാഹു വിലേക്കടുപ്പിക്കുന്ന ഏറ്റവും നല്ല ഇബാദതുമാണ്. അത് ശറആക്കപ്പെട്ടതാണെന്നത് ഇജ്മാഅ് കൊണ്ട് സ്ഥിരപ്പെട്ട, തർക്കത്തിന് വകുപ്പില്ലാത്ത കാര്യവുമാണ്. **(ഫത്ഹുൽ ബാരി /ഇമാം അസ്ഖലാനി: 3/66)**

ഇമാം ഗസ്സാലി(റ) കൃത്യമായി തന്നെ എഴുതുന്നു.

والحـديث إنما ورد في المسـاجد، ولـيس في معناها المشـاهد، لِأَنَّ الْمَسَـاجِدَ بَعْـدَ الْمَسَـاجِدِ الثَّلَاثَةِ مُتَمَاثِلَةٌ ، وَلَا بَلْدَ إِلَّا وَفِيهِ مَسْجِدٌ فَلَا مَعْنَى لِلرَّحْلَةِ إلى مسجد آخر، وأما المشاهد فلا تتساوى، بل بركة زيارتها على قدر درجاتهم عند الله عز وجل، **(إحياء علوم الدين ١/٢٥٤ — أبو حامد الغزالي (ت ٥٠٥)**

'മൂന്നു പള്ളികളിലേക്കല്ലാതെ യാത്ര കെട്ടിപ്പുറപ്പെടരുതെന്ന്' ഹദീസ് പള്ളികളെ കുറിച്ച് പറഞ്ഞതാണ്. അതും മഹാന്മാരുടെ മഖാമുകളും യാതൊരു ബന്ധവുമില്ല!! കാരണം: മൂന്ന് പള്ളികളല്ലാത്ത എല്ലാ പള്ളികളും പ്രതിഫലത്തിൽ തുല്യമാണ്. ഏതൊരു നാട്ടിലും ഒരു പള്ളിയുണ്ടാകുമല്ലോ അപ്പോൾ മറ്റൊരു പള്ളിയിലേക്ക് അതിനേക്കാൾ പുണ്യം പ്രതീക്ഷിച്ചു യാത്രപോകുന്നതിനു യാതൊരർത്ഥവുമില്ല എന്നാണ് ഈ ഹദീസി

[1] ഞാൻ ഒരാളെ സന്ദർശിച്ചുവെന്ന് പറയുന്നതിനു പകരം അയാളുടെ വീട് സന്ദർശിച്ചുവെന്ന് പറയൽ മര്യാദയല്ല.

ന്റെ വിവക്ഷ. അതേ സമയം മഹാന്മാരുടെ ദർഗകൾ എല്ലാം തുല്യമല്ല. അവയെ സന്ദർശിക്കുന്നതിനാൽ ലഭിക്കുന്ന ബറകത്ത് അല്ലാഹുവിന്റെയടുക്കൽ മഹാന്മാർക്കുള്ള പദവികളെ അടിസ്ഥാനമാക്കി വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. **(ഇഹ്‌യാ ഉലൂമുദ്ദീൻ/ഇമാം ഗസ്സാലി:1/254)**

ഇമാം നവവി(റ) എഴുതുന്നു:

فَإِذَا انْصَرَفَ الْحُجَّاجُ وَالْمُعْتَمِرُونَ مِنْ مَكَّةَ اسْتُحِبَّ لَهُمْ اسْتِحْبَابًا مُتَأَكَّدًا أَنْ يَتَوَجَّهُوا إِلَى الْمَدِينَةِ لِزِيَارَتِهِ وينوي الزائر مع الزِّيَارَةِ التَّقَرُّبَ وَشَدَّ الرَّحْلِ إِلَيْهِ وَالصَّلَاةَ فِيهِ) **المجموع شرح المهذب: ٢٧٢/٨ - ط المنيرية — النووي (ت ٦٧٦)**

ഹജ്ജ് ഉംറ ചെയ്തു കഴിഞ്ഞവർ മക്കയിൽ നിന്ന് പിരിഞ്ഞാൽ മുത്ത് നബി(സ)യെ സിയാറത് ചെയ്യുവാനായി യാത്ര തിരിക്കൽ ശക്തിയായ സുന്നത്താണ്. ഈ യാത്ര കൊണ്ടവൻ സിയാറത്തിന്റെ പ്രതിഫലത്തിനു പുറമെ സിയാറത്തിലേക്കുള്ള പ്രത്യേക യാത്ര കെട്ടിപ്പുറപ്പെടലിനെയും അവിടെവച്ച് നി സ്കരിക്കലിനെയും കരുതണം. **(ശറഹുൽ മുഹദ്ദബ് /ഇമാം ന വവി(റ): 8/272)**

ചുരുക്കത്തിൽ ഒരർത്ഥവുമില്ലാത്ത വാദമാണ് ബിദ്അത്തുകാർ സിയാറത് യാത്രയെ എതിർക്കാൻ വേണ്ടി ഉന്നയിക്കാറുള്ളത്. ലോക ഉലമാക്കൾക്കിടയിൽ ഇജ്മാഉള്ള മുത്ത് നബി (സ) യെ സന്ദർശിക്കാനുള്ള യാത്രക്കെതിരെയാണ് ഇബ്നു തൈമിയ്യ ഈ വാദം ഉന്നയിക്കുകയും അതിനായി ഒരു സൂചന പോലുമില്ലാത്ത ഹദീസിനെ ദുർവ്യാഖ്യാനിച്ചു കൂട്ടുപിടിച്ചത്. ഇന്നത്തെ ബിദ്അതുകാർക്ക് അവരുടെ സമ്മേളനങ്ങളിലേക്കും സ്വന്തം നാട്ടിലെ ജുമുഅയിൽ പോലും കൂടാതെ മറ്റു പള്ളികളിലേക്കും യാത്ര ചെയ്യുന്നതിനെ അവർ ഈ നിയമം ചിന്തിക്കുക പോലും ചെയ്യാറില്ല.

ഇബ്നു തൈമിയ്യയുടെ ഈ കണിയിൽ പെട്ടു കുടുങ്ങിപ്പോയ ഇബ്നു റജബുൽ ഹമ്പലിയുമായി തന്റെ ഉപ്പക്കുണ്ടായ

ഒരനുഭവം ഉപ്പ പറഞ്ഞത് ഹാഫിളുൽ ഇറാഖി(റ) ഉദ്ധരിക്കുന്നുണ്ട്.

وَكَانَ وَالِدِي رحمه الله يَحْكِي أَنَّهُ كَانَ مُعَادِلًا لِلشَّيْخِ زَيْنُ الدِّينِ عَبْدُ الرَّحِيمِ بْنُ رَجَبٍ الْحَنْبَلِيِّ فِي التَّوَجُّهِ إلَى بَلَدِ الْخَلِيلِ فَلَمَّا دَنَا مِنْ الْبَلَدِ قَالَ نَوَيْتُ الصَّلَاةَ فِي مَسْجِدِ الْخَلِيلِ لِيَحْتَرِزَ عَنْ شَدِّ الرَّحْلِ لِزِيَارَتِهِ عَلَى طَرِيقَةِ شَيْخِ الْحَنَابِلَةِ ابْنِ تَيْمِيَّةَ قَالَ فَقُلْت نَوَيْت زِيَارَةَ قَبْرِ الْخَلِيلِ ؟ ثُمَّ قُلْت لَهُ أَمَّا أَنْتَ فَقَدْ خَالَفْت النَّبِيَّ ﷺ؛ لِأَنَّهُ قَالَ «لَا تُشَدُّ الرِّحَالُ إلَّا إلَى ثَلَاثَةِ مَسَاجِدَ»، وَقَدْ شَدَدْتَ الرَّحْلَ إلَى مَسْجِدٍ رَابِعٍ وَأَمَّا أَنَا فَاتَّبَعْتُ النَّبِيَّ ﷺ؛ لِأَنَّهُ قَالَ «زُورُوا الْقُبُورَ» . أَفَقَالَ إلَّا قُبُورَ الْأَنْبِيَاءِ؟ قَالَ فَبُهِت **(طرح التثريب في شرح التقريب ٤٣/٦ — العراقي (ت ٨٠٦)**

ഇബ്റാഹീം നബി(അ)നെ സിയാറത്ത് ചെയ്യുവാനായി ഞാനും ഇബ്നു റജബിൽ ഹമ്പലി(റ) യും യാത്രപുറപ്പെട്ടു. സ്ഥലത്ത് എത്താൻ നേരത്ത് ഇബ്നു റജബുൽ ഹമ്പലി(റ) പറഞ്ഞു: മൂന്ന് പള്ളിയിലേക്ക് അല്ലാതെ യാത്ര പുറപ്പെടാൻ പാടില്ലെന്ന് ഇബ്നു തൈമിയ്യ പറഞ്ഞതിനാൽ ഞാൻ ഇബ്രഹീം നബി(അ) ന്റെ പള്ളിയിൽവച്ച് നിസ്കരിക്കാൻ ആണ് നിയ്യത്ത് വെച്ചത്. ഇറാഖി(റ) പറഞ്ഞു. ഞാൻ ഇബ്രാഹിം നബി(അ)ന്റെ സിയാറത്തിനെ തന്നെയാണ് കരുതിയത്. ശേഷം ഞാൻ ചോദിച്ചു. “അല്ല, താങ്കൾ ഇപ്പോൾ നബി(സ) യുടെ ഹദീസിനോട് നേരെ എതിര് കാണിക്കുകയല്ലേ ചെയ്തത്!? നബി(സ) പറഞ്ഞത് മൂന്നു പള്ളിയിലേക്ക് അല്ലാതെ യാത്ര കെട്ടി പുറപ്പെടരുത് എന്നാണ്. താങ്കളിതാ നാലാമതായി ഇബ്രാഹിം നബി(അ)ന്റെ പള്ളിയിലേക്കും നിയ്യത്ത് വെച്ച് യാത്ര കെട്ടിപുറപ്പെട്ടിരിക്കുന്നു. എന്നാൽ ഞാൻ മുത്ത്നബി(സ)യെ അനുസരിക്കുകയാണ് ചെയ്തിട്ടുള്ളത്. അവിടുന്ന് പറഞ്ഞിട്ടുള്ളത് “ഖബ്ർ സിയാറത്ത് ചെയ്തോളൂ..” എന്നാണ്. അവിടുന്ന് അമ്പിയാക്കന്മാരുടെ ഖബ്ർ അല്ലാതെ എന്ന് ഒപ്പം പറഞ്ഞിട്ടില്ലല്ലോ!?” ഇതുകേട്ട ഇബ്നു റജബുൽ ഹമ്പലി(റ) ഉത്തരം മുട്ടി. **(ത്വർഹു തഖ്രീബ്/ഹാഫിളുൽ ഇറാഖി(റ):6/43)**

ഈ മൂന്ന് പള്ളികൾ ഒഴികെയുള്ള ലോകത്തെ മുഴുവൻ പള്ളികളും നിസ്കാരത്തിന് പ്രതിഫലം ലഭിക്കുക എന്ന അർത്ഥ

ത്തിൽ ഒരേസ്ഥാനത്താണ് എന്നാണ് ഹദീസിന്റെ വിവക്ഷ. ഹദീസിൽ നിന്ന് കർമശാസ്ത്രപരമായി ഒരു പ്രധാന മസ്അല തന്നെയുണ്ട്. ഈ മൂന്ന് പള്ളിയല്ലാത്ത മറ്റൊരു പള്ളിയിൽ ഒരാൾ നിസ്കരിക്കാൻ നേർച്ചയാക്കിയാൽ അവന് ഏതു പള്ളിയിൽ വച്ച് നിസ്കരിച്ചാലും തുല്യ പ്രതിഫലമാണെന്ന കാരണം കൊണ്ട് ആ നേർച്ച വീടുന്നതാണ്.

ഈ ആശയം കൃത്യമായി മനസ്സിലാക്കി തരുന്ന റിപ്പോർട്ടുകളും ഈ ഹദീസിൽ വന്നിട്ടുണ്ട്. മുസ്നദ് അഹ്മദ് റിപ്പോർട്ട് ചെയ്ത ഈ ഹദീസിന്റെ വാചകം നോക്കുക.

-حَدَّثَنَا هَاشِمٌ، حَدَّثَنَا عَبْدُ الْحَمِيدِ، حَدَّثَنِي شَهْرٌ، قَالَ: سَمِعْتُ أَبَا سَعِيدٍ الْخُدْرِيَّ، وَذُكِرَتْ عِنْدَهُ صَلَاةٌ فِي الطُّورِ فَقَالَ: قَالَ رَسُولُ اللهِ ﷺ: «لَا يَنْبَغِي لِلْمَطِيِّ أَنْ تُشَدَّ رِحَالُهُ إِلَى مَسْجِدٍ يُبْتَغَى فِيهِ الصَّلَاةُ، غَيْرَ الْمَسْجِدِ الْحَرَامِ، وَالْمَسْجِدِ الْأَقْصَى، وَمَسْجِدِي هَذَا»
**(مسند أحمد ١١٦٠٩ - ط١١٦٠٩ الرسالة ١٥٢/١٨ — أحمد بن حنبل (ت ٢٤١ )**

നബി(സ) പറഞ്ഞു. “നിസ്കാരത്തിന്റെ പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ട് മസ്ജിദുൽ ഹറാം, മസ്ജിദുൽ അഖ്സ്വാ, മസ്ജിദുന്നബവി എന്നിവിടങ്ങളിലേക്കല്ലാതെ ഒരു യാത്രക്കാരനും യാത്ര തിരിക്കേണ്ടതില്ല.**(മുസ്നദ് അഹമദ്:11609)**

നിസ്കാരത്തിന് പ്രത്യേക പ്രതിഫലമുണ്ടെന്ന നിലക്ക് ഈ മൂന്ന് പള്ളികളിലേക്കേ ആ പ്രതിഫലം കൊതിച്ചു പോയിട്ട് കാര്യമുള്ളൂവെന്നർത്ഥം.

പുറമെ, അവിടുന്ന് എല്ലാ ശനിയാഴ്ച്ചയും നടന്നും വാഹനത്തിലായും മസ്ജിദുൽ ഖുബാഇൽ പോകാറുണ്ട്. ഇമാം ബുഖാരി(റ) ഇബ്നു ഉമർ(റ) വിൽ നിന്ന് ഉദ്ധരിക്കുന്നു.

-حَدَّثَنَا يَعْقُوبُ بْنُ إِبْرَاهِيمَ: حَدَّثَنَا ابْنُ عُلَيَّةَ: أَخْبَرَنَا أَيُّوبُ، عَنْ نَافِعٍ: أَنَّ ابْنَ عُمَرَ  كَانَ .... وَيَوْمَ يَأْتِي مَسْجِدَ قُبَاءٍ، فَإِنَّهُ كَانَ يَأْتِيهِ كُلَّ سَبْتٍ، فَإِذَا دَخَلَ الْمَسْجِدَ كَرِهَ أَنْ يَخْرُجَ مِنْهُ حَتَّى يُصَلِّيَ فِيهِ. قَالَ: وَكَانَ يُحَدِّثُ: أَنَّ رَسُولَ اللَّهِ ﷺ كَانَ يَزُورُهُ رَاكِبًا وَمَاشِيًا .(**صحيح البخاري**-١١٣٤ )

ഇബ്നു ഉമർ(റ) എല്ലാ ശനിയാഴ്ചയും മസ്ജിദുൽ ഖുബാഇൽ പോകാറുണ്ട്. അവിടുന്ന് പറയും. നബി(സ്വ) നടന്നും വാഹനത്തിലായും ഇവിടെ സന്ദർശിക്കാറുണ്ട്. (**സ്വഹീഹുൽ ബുഖാരി:1134**)

മാത്രമല്ല, മുത്ത് നബി(സ) തന്നെ ശുഹദാക്കളെ സിയാറത്ത് ചെയ്യാൻ നിത്യവും പോകാറുണ്ടെന്ന് ഹദീസുകൾ കൊണ്ട് തന്നെ സ്ഥിരപ്പെട്ടതാണ്.

- عَنْ أَبِي هُرَيْرَةَ، قَالَ: كَانَ رَسُولُ اللَّهِ ﷺ يَأْتِي الشُّهَدَاءَ فَإِذَا أَتَى فُرْضَةَ الشِّعْبِ، يَقُولُ: السَّلَامُ عَلَيْكُمْ بِمَا صَبَرْتُمْ فَنِعْمَ عُقْبَى الدَّارِ، **(دلائل النبوة للبيهقي ٣٠٦/٣ — أبو بكر البيهقي (ت ٤٥٨)**

## സ്ത്രീകൾക്കും സുന്നത്ത്

ഖബർ സിയാറത് പുരുഷൻമാർക്ക് മാത്രം സുന്നത്തായ ഇബാദതാണ്. സ്ത്രീകൾക്ക് സിയാറത് സുന്നത്തില്ലെന്ന് സകല കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങളിലും കാണാം. എന്നാൽ മുത്ത്നബി(സ)യെയും മറ്റു മഹത്തുക്കളേയും സിയാറത് ചെയ്യൽ സ്ത്രീകൾക്കും സുന്നത്തുണ്ടെന്ന് ഫുഖഹാക്കൾ പ്രത്യേകം പറഞ്ഞിട്ടുണ്ട്.

ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) പറയുന്നു.

فَيُسَنُّ لَها وَلَوْ شَابَّةً إذْ لا خَشْيَةَ فِتْنَةٍ هُنا ويُفَرَّقُ بَيْنَ نَحْوِ العُلَماءِ والأَقارِبِ بِأَنَّ القَصْدَ إظْهَارُ تَعْظِيمِ نَحْوِ العُلَماءِ بِإِحْياءِ مَشاهِدِهِمْ وَأَيْضًا فَزُوَّارُهُمْ يَعُودُ عَلَيْهِمْ مِنْهُمْ مَدَدُ أُخْرَوِى لا يُنْكِرُهُ إلَّا المَحْرُومُونَ بِخِلَافِ الْأَقَارِبِ **(تحفة المحتاج في شرح المنهاج ٢٠١/٣ —ابن حجر الهيتمي (ت ٩٧٤)**

മഹാന്മാരുടെ സിയാറത്ത് സ്ത്രീകൾക്കും സുന്നത്താണ്. അവൾ യുവതിയാണെങ്കിലും. കാരണം നിസ്കാരത്തിന് വരുമ്പോഴുള്ള ആ ഫിത്ന ഇവിടെ വരുന്നില്ല. കുടുംബക്കാരുടെ സിയാറത്ത് അവൾക്ക് പാടില്ലെന്നും മഹാത്മാക്കൾ പോലുള്ളവരുടേത് പറ്റുമെന്നും പറയാൻ കാരണം: മഹാത്മാക്കളെ പോലുള്ളവരുടെ മഖാമുകൾ സിയാറത്ത് ചെയ്യൽ കൊണ്ടുള്ള ലക്ഷ്യം അവ

രോടുള്ള ആദരവ് പ്രകടിപ്പിക്കുക എന്നതിനു പുറമെ മഹാത്മാക്കളെ സിയാറത്ത് ചെയ്യുന്നവരിലേക്ക് അവരിൽ നിന്ന് ആത്മീയമായ സഹായം ലഭിക്കുമെന്നതും കൂടിയാണ്. നന്മകൾ തടയപ്പെട്ടവരല്ലാതെ ഇതിനെ നിഷേധിക്കുകയില്ല. **(തുഹ്ഫ/ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) :3/201)**

ഇമാം റംലി(റ) വും സമാനമായി തന്റെ നിഹായയിൽ ഇത് പ്രബലമാണെന്ന് തുറന്ന് പറയുകയും മുൻഗാമികളെല്ലാം അംഗീകരിച്ചതാണെന്നും വ്യക്തമാക്കുന്നുണ്ട്.

- وَمَحَلُّ هَذِهِ الْأَقْوَالِ فِي غَيْرِ زِيَارَةِ سَيِّدِنَا رَسُولِ اللَّهِ ﷺ، أَمَّا هِيَ فَلَا تُكْرَهُ بَلْ تَكُونُ مِنْ أَعْظَمِ الْقُرُبَاتِ لِلذُّكُورِ وَالْإِنَاثِ، وَيَنْبَغِي أَنْ تَكُونَ قُبُورُ سَائِرِ الْأَنْبِيَاءِ وَالْأَوْلِيَاءِ كَذَلِكَ كَمَا قَالَهُ ابْنُ الرِّفْعَةِ وَالْقَمُولِيُّ وَهُوَ الْمُعْتَمَدُ **(نهاية المحتاج إلى شرح المنهاج ٣٧/٣ — الرملي، شمس الدين (ت ١٠٠٤)**

ചുരുക്കത്തിൽ ശാഫിഈ ഫിഖ്ഹിൽ സ്ത്രീകൾക്ക് മഹാന്മാരുടെ ഖബ്ർ സിയാറത് സുന്നത്താണെന്നത് അർത്ഥശങ്കയില്ലാതെ പറയാവുന്ന മസ്അലയാണ്.

സിയാറതിന് പോകുന്ന സ്ത്രീകൾ പൂർണ്ണഹിജാബോടെയാണ് പോകാണ്ടതെന്ന് പ്രത്യേകം പറയേണ്ടതില്ല. നിസ്കരിക്കാൻ പള്ളിയിൽ പോകുന്നത് വരെ അവർക്ക് എല്ലാ നിബന്ധനകളുമൊത്താൽ തന്നെ ഒഴിവാക്കലാണ് നല്ലത്. വീട്ടിലെ നിസ്കാരത്തിനാണ് കൂടുതൽ പ്രതിഫലമെന്ന് മുത്ത്നബി(സ) തന്നെ പഠിപ്പിച്ചതാണ്. എന്നാൽ നിബന്ധനകൾ പാലിച്ചു കൊണ്ടാകുമ്പോൾ സ്ത്രീ കൾക്ക് മഹത്തുക്കളുടെ സിയാറതിനുവേണ്ടി പോകൽ സുന്നത്താണ്. ഇതാണ് ഇവരണ്ടും തമ്മിലുള്ള കർമ്മ ശാസ്ത്രപരമായി തന്നെയുള്ള വ്യത്യാസം. നിബന്ധനകൾ പാലിച്ചാൽ തന്നെ സ്ത്രീകൾക്ക് നിസ്കാരം വീട്ടിലാണ് ഉത്തമമെങ്കിൽ, മഹത്തുക്കളുടെ സിയാറതിന് വേണ്ടി മഖാമുകളിൽ പോകുന്നത് അവർക്ക് സുന്നത്തുണ്ട്. അതിനാൽ പള്ളിയിലേക്ക് വിടാതെ സിയാറത് പോകുന്നതെന്തെന്ന ബിദ്അതുകാരുടെ ചോദ്യങ്ങൾക്ക് കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങൾക്കു മുന്നിൽ പ്രസക്തിയില്ല.

## മഖ്ബറയും തബർറുകും

മഹാത്മാക്കളുടെ ഖബറുകൾ സിയാറത് ചെയ്യുന്നത് വളരെ മഹത്വമേറിയ കാര്യമാണെന്നും അവിടെ ബറകതിന്റെ കേന്ദ്രമാണെന്നും പരിശുദ്ധ ഖുർആനിൽനിന്ന് തന്നെ വ്യക്തമായി നാം മനസ്സിലാക്കി.

മഹാത്മാക്കളുടെ ഖബർ തബറുകിന്റെ കേന്ദ്രമാണെന്നതിൽ തർക്കമുള്ള ഒരു ഇമാമിനേയും കാണാൻ സാധിക്കുകയില്ല. ആ ബറകത് അവരെ സിയാറത് ചെയ്യൽകൊണ്ട് തന്നെ കരസ്ഥമാകുന്നതാണ്. അവിടെ എത്രസമയം ചിലവഴിക്കുന്നുവോ അത്രയും ബറകത് ലഭിക്കുമെന്നത് വ്യക്തമാണ്. ഇബ്നു ഹജറുൽ ഹൈതമി(റ) തന്റെ തുഹ്ഫയിൽ ഖബർ ദ്രവിക്കുന്ന കാലം കഴിഞ്ഞാലും മഹാത്മാക്കളുടെ ഖബർ ഒരുനിലക്കും പൊളിച്ചു കളയരുതെന്ന് പറഞ്ഞത് സിയാറതുകൊണ്ട് അവിടെ വന്നുനിൽക്കുന്നവർക്ക് ലഭിക്കുന്ന തബറുകിനെ ഉദ്ധേശിച്ചു കൊണ്ടാണ്. ജീവിത കാലത്ത് ബറകതെടുക്കപ്പെടുന്ന മഹാത്മാക്കൾ വഫാതായാൽ വഫാതിനു ശേഷവും അവരെ കൊണ്ടു ബറകതെടുക്കാവുന്നതാണ്.

ഇമാം ഗസ്സാലി(റ) തന്നെ ഇത് വ്യക്തമാക്കുന്നുണ്ട്.

وَيَدْخُلُ فِي جُمْلَتِهِ زِيَارَةُ قُبُورِ الْأَنْبِيَاءِ وَقُبُورِ الصَّحَابَةِ، وَالتَّابِعِينَ وَسَائِرِ الْعُلَمَاءِ، وَالْأَوْلِيَاءِ، وَكُلُّ مَنْ يُتَبَرَّكُ بِمُشَاهَدَتِهِ فِي حَيَاتِهِ يُتَبَرَّكُ بِزِيَارَتِهِ بَعْدَ وَفَاتِهِ **(إحياء علوم الدين: 2/247 — أبو حامد الغزالي (ت ٥٠٥)**

പ്രതിഫലാർഹമായ യാത്രകളിൽ പെട്ടതാണ് അമ്പിയാക്കൾ, സ്വഹാബത്, ഉലമാക്കൾ, ഔലിയാക്കൾ എന്നിവരുടെ ഖബർ സിയാറത് ചെയ്യാൻ വേണ്ടിയുള്ള യാത്രകൾ. ജീവിത കാലത്ത് നേരിൽ കണ്ടുകൊണ്ട് ബറകതെടുക്കുന്ന മഹാത്മാക്കളെ മുഴുവൻ വഫാതിനുശേഷം അവരെ സിയാറത് ചെയ്യൽ കൊണ്ടും ബറകതെടുക്കാം. **(ഇഹ്യാ ഉലൂമിദ്ദീൻ/ ഇമാം ഗസ്സാലി(റ)** :2/247)

മാലികി മദ്ഹബിലെ പ്രശസ്ത പണ്ഡിതൻ ഇമാം ഇബ്നുൽ ഹാജ് (റ) പറയുന്നു.

تَحقَّقَ لِذَوِي الْبَصَائِرِ، وَالِاعْتِبَارِ أَنَّ زِيَارَةَ قُبُورِ الصَّالِحِينَ مَحْبُوبَةٌ لِأَجْلِ التَّبَرُّكِ مَعَ الِاعْتِبَارِ، فَإِنَّ بَرَكَةَ الصَّالِحِينَ جَارِيَةٌ بَعْدَ مَمَاتِهِمْ كَمَا كَانَتْ فِي حَيَاتِهِمْ) **المدخل لابن الحاج :1/255— ابن الحاج )ت ٧٣٧)**

“തബർറുകിന് വേണ്ടി സ്വാലിഹീങ്ങളുടെ ഖബർ സിയാറത് സുന്നത്താക്കപ്പെട്ടതാണെന്ന് നല്ല ഗ്രാഹ്യശക്തിയുള്ളവരും പരിഗണനീയരുമായ ഇമാമീങ്ങൾ ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. കാരണം സ്വാലിഹീങ്ങളുടെ ബറകത് അവരുടെ ജീവിതകാലത്തുള്ളതു പോലെ വഫാതിനു ശേഷവും നിലനിൽക്കുമെന്നതു കൊണ്ടാണ്.” **(അൽ മദ്ഖൽ/ഇമാം ഇബ്നുൽ ഹാജ്:1/255)**

ഈ തബർറുകിന്റെ കർമ്മശാസ്ത്ര മസ്അലകൾ നമുക്ക് പരിശോധിക്കാം

## ഖബർ ചുംബിക്കുക, തൊട്ടുമുത്തുക.

മഹാത്മാക്കളുടെ മഖാമുകൾ സന്ദർശിക്കുന്നവർ വളരെയധികം അദബ് പാലിക്കേണ്ടത് അത്യാവശ്യമാണ്. ജീവിച്ചിരിക്കുമ്പോൾ സന്ദർശിക്കുന്നതിനു സമാനമായി തന്നെ നാം വഫാത്തിനു ശേഷവും അദബ് പാലിക്കേണ്ടതുണ്ട്. ഇത് മഹാത്മാക്കളുടെ സ്ഥാനം അനുസരിച്ചു കൊണ്ട് വ്യത്യാസപ്പെടുന്ന കാര്യമാണ്. നബി(സ)യുടെ ചാരെ സിയാറതിനു വരുന്നവർ എത്രമാത്രം അദബിലായി നിൽക്കണമെന്ന് ഇമാമീങ്ങൾ പഠിപ്പിക്കുന്നുണ്ട്.

ഈ അദബിനെ നിരാകരിച്ചു കൊണ്ട് ഒരു തബർറുകും ശരീഅത് അനുവധിക്കുന്നില്ല എന്നതാണ് നാം മനസ്സിലാക്കേണ്ടത്. വലിയ പദവിയുള്ളള്ള ഒരു മഹാൻ കയറിവരുന്ന സമയത്ത് അദ്ദേഹത്തിന്റെ കൈകൾ പിടിച്ചു ചുംബിക്കാൻ തിരക്കു കൂട്ടി അദ്ധേഹത്തെ തന്നെ ബുദ്ധിമുട്ടാക്കുന്ന സ്വഭാവക്കാരെയും അദബോടു കൂടെ അൽപ്പം അകന്നു അനങ്ങാതെ നിന്ന് ആദരിക്കുന്നവരേയും കാണാനാകും. ഒരു ആലിമിനെ കണ്ട പാടെ ഓടി

ച്ചെന്ന് കൈയുംകാലും ചുംബിച്ച് കെട്ടിപ്പിടിക്കുന്ന സ്വഭാവവും ആദരവും അദബും പാലിച്ച് ബഹുമാന പൂർവ്വം അടങ്ങി നിൽക്കുന്ന ശൈലിയും ഇന്നും നാം കാണുന്നവയാണ്. ഇതിൽ അദബും ആദരവും മേളിച്ച രണ്ടാമത് പറഞ്ഞ ശൈലിയാണ് ഏറ്റവും നല്ലതെന്ന് ഏതൊരാൾക്കും വ്യക്തമൊണ്. തബർറുകിനു വേണ്ടിയാണെങ്കിൽ പോലും അദബു ആദരവും നഷ്ടപ്പെടുത്തി പ്രവർത്തിക്കുന്നത് ഒരു പക്ഷേ വിപരീതഫലം ലഭിക്കാൻ തന്നെ കാരണമായേക്കും.

ഇവിടെയാണ് അഇമ്മത് മഹാന്മാരുടെ ഖബർ ചുംബിക്കുക, ഖബറിൻ മേൽ തലവെക്കുക തുടങ്ങിയ കാര്യങ്ങൾ സിയാറത് ചെയ്യുന്നവർ ഒരു ചടങ്ങായി നിർവ്വഹിക്കുന്നതിനെ എതിർത്തിട്ടുള്ളത്.

ഇമാം നവവി(റ) പറയുന്നു.

ويُكْرَهُ إلْصَاقُ الْبَطْنِ وَالظهْرِ بِجِدَارِ الْقَبْرِ قَالَهُ الْحَلِيميُّ وَغَيْرُهُ، وَيُكْرَهُ مَسحهُ بِالْيَدِ وَتَقْبِيلُهُ بَلْ الأَدَبُ أَنْ يَبْعُدَ مِنْهُ كَمَا يَبْعُدُ مِنْهُ لَوْ حَضَرَ في حَيَاتِهِ ﷺ هذَا هُوَ الصَّوَابُ (١) وَهُوَ الّذِي قَالَهُ الْعُلَمَاءُ وَأطْبقُوا عَلَيْهِ، وَيَنْبَغِي أنْ لاَ يَغْتَرَّ بِكَثِيرِ مِنَ الْعَوَامّ في مُخَالَفَتِهِمْ ذلِكَ فَإِنْ الاقْتِدَاءَ وَالْعَمَلَ إنَّمَا يَكُونُ بِأَقْوَالِ الْعُلماءِ وَلاَ يلتفتُ إلى مُحْدَثَاتِ العَوَامِ وجهالاتهم،

**(الإيضاح في مناسك الحج والعمرة ص:456 — النووي (ت ٦٧٦)**

"തിരു സിയാറത് ചെയ്യുന്നവർ തന്റെ വയറ് ഖബറിന്റെ ഭിത്തിയിൽ ചേർത്തുവെക്കൽ കറാഹതാണ്. ഹലീമി(റ)വും മറ്റു പലരും പറഞ്ഞിരിക്കുന്നു: ഖബർ കൈകൊണ്ട് തൊടലും ചുംബിക്കലും കറാഹതാണ്. എന്നല്ല, മുത്ത് നബി(സ) യുടെ ജീ വിത കാലത്താണെങ്കിൽ അദബ് കാരണം എത്രമാത്രം അകന്നുനിൽക്കുമോ അത്രയും അകന്നു നിൽക്കലാണ് അദബ്. ഇതാണ് ശരിയായവശവും ഉലമാക്കൾ ഒന്നടങ്കം പറഞ്ഞതും. ഇതിനെതിരായി കൂടുതൽ സാധാരണക്കാർ ചെയ്യുന്നത് കണ്ട് ആരും പെട്ടുപോകേണ്ടതില്ല. ഉലമാക്കൾ പറയുന്നിടത്താണ് നിൽക്കേണ്ടത്. ജനങ്ങൾ വിവരമില്ലാതെ ഉണ്ടാക്കിയ പുതിയ കാര്യങ്ങളിലേക്ക് തിരിഞ്ഞു നോക്കേണ്ടതില്ല." **(ഈളാഹ്/ഇമാം നവവി(റ):456)**

നാം ഇതുവരെ പറഞ്ഞ കാര്യങ്ങൾ കൃത്യമായി തന്നെ ഇമാം നവവി(റ) പറഞ്ഞുതന്നു. മുത്ത് നബി(സ) യുടെ ജീവിത കാലത്ത് അവിടുത്തെ മുന്നിൽ കാണിക്കേണ്ട അത്രമാത്രം അദബ് നാം വഫാതിനു ശേഷവും നിലനിർത്തണം. അദബിനെ കവച്ചുവെച്ചുകൊണ്ട് തബർറുകെടുക്കുന്നത് പ്രശ്നമാണ്. ഇതു തന്നെയാണ് കർമ്മശാസ്ത്ര പണ്ഡിതർ ഈ വിഷയത്തിൽ പറഞ്ഞതിന്റെ അടിസ്ഥാനവും.

ഇമാം റംലി(റ)വും ഇതുതന്നെ പറയുന്നത് ശ്രദ്ധിക്കുക.

- وَيُكْرَهُ إِلْصَاقُ الظَّهْرِ وَالْبَطْنِ بِجِدَارِ الْقَبْرِ كَرَاهَةً شَدِيدَةً وَمَسْحُهُ بِالْيَدِ وَتَقْبِيلُهُ، بَلْ الْأَدَبُ أَنْ يَبْعُدَ عَنْهُ كَمَا لَوْ كَانَ بِحَضْرَتِهِ ﷺ فِي حَيَاتِهِ) **نهاية المحتاج إلى شرح المنهاج ٣٢٠/٣ — الرملي، شمس الدين (ت ١٠٠٤)**

ഇനി നമുക്ക് ഇതിന്റെ മറ്റുവശം കൂടി പരിശോധിക്കാം. ഇത്തരം പ്രവർത്തികൾ ചെയ്യുന്നവർ വിമർശിക്കപ്പെടേണ്ടതുണ്ടോ ഇല്ലയോ എന്ന് ഇതേ കിതാബുകളിൽ തന്നെ മുമ്പ് പറഞ്ഞ അദബ് എന്ന വിശദീകരണം കൂടി പരിഗണിച്ചു നമുക്ക് നോക്കാം.

ഇമാം റംലി(റ) ഇതേ കിതാബിൽ മറ്റൊരിടത്ത് എഴുതുന്നത് കാണുക.

نَعَمْ إنْ قَصَدَ بِتَقْبِيلِ أَضْرِحَتِهِمْ التَّبَرُّكَ لَمْ يُكْرَهْ كَمَا أَفْتَى بِهِ الْوَالِدُ - رَحِمَهُ اللَّهُ تَعَالَى
**(نهاية المحتاج إلى شرح المنهاج ٣٤/٣ — الرملي، شمس الدين (ت ١٠٠٤) )حاشية الجمل على شرح المنهج ٢٠٦/٢ — الجمل (ت ١٢٠٤)**

“എന്നാൽ മഹാത്മാക്കളുടെ ഖബറുകൾ ചുംബിക്കുന്നത് കൊണ്ട് ബറകതെടുക്കുകയാണ് ഉദ്ധേശ്യമെങ്കിൽ അത് കറാഹതാവുകയില്ല. ഇങ്ങനെ ഉപ്പ മുഹമ്മദു റംലി(റ) ഫത്വ കൊടുത്തിട്ടുമുണ്ട്.” **(നിഹായ/ഇമാം റംലി(റ):3/34)**[1]

[1] അബ്ദു റസാഖു റഷീദീ(റ) ഇത് വിശദീകരിച്ച് എഴുതുന്നു.

സമാനമായി ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) അദ ബില്ലാതെ ഖബറിനു ചാരെ വന്നു ചുംബിക്കുക പോലെയുള്ള കാര്യങ്ങളെ തന്റെ തുഹ്ഫയിൽ വിമർശിക്കുകയും തന്റെ ജൗഹറുൽ മുനള്ളമിൽ അനുകൂലിക്കുന്ന സാഹചര്യം വ്യക്തമാക്കുന്നതും കാണാനാകും. ആഭാഗത്തു തന്നെ ഖബർ ചുംബിക്കുന്നതുമായി ബന്ധപ്പെട്ട മുൻഗാമികളുടെ നിരവധി രേഖകൾ ഉദ്ധരിക്കുന്നുണ്ട്.

## മുൻഗാമികളിൽ നിന്ന്

മുൻഗാമികൾ ഖബർ ചുംബിക്കുന്ന നിരവധി സംഭവങ്ങളും ഇമാമീങ്ങൾ സമ്മതം നൽകിയ റിപ്പോർട്ടുകളും നമുക്ക് കാണാനാകും. അതുകൂടെ പറഞ്ഞുകൊണ്ട് ഇതിലെ കൃത്യമായ വിശദീകരണത്തിലേക്ക് കടക്കാം.

ഫാത്വിമാ(റ) ചെയ്ത ഒരു സംഭവം കാണുക.

أَخْبَرَنَا ابْنُ نَاصِرٍ، أَنْبَأَنَا عَبْدُ الْقَادِرِ بْنُ يُوسُفَ، أَنْبَأَنَا أَبُو الْحُسَيْنِ بْنُ الآبَنُوسِ، قَالَ: أَنْبَأَنَا عُمَرُ بْنُ شَاهِينَ، حَدَّثَنَا مُحَمَّدُ بْنُ مُوسَى، حَدَّثَنَا أَحْمَدُ بْنُ مُحَمَّدٍ الْكَاتِبُ، حَدَّثَنِي طَاهِرُ بْنُ يَحْيَى، حَدَّثَنِي أَبِي، عَنْ جَدِّي، عَنْ جَعْفَرِ بْنِ مُحَمَّدٍ، عَنْ أَبِيهِ، عَنْ عَلِيٍّ، كَرَّمَ اللَّهُ وَجْهَهُ، قَالَ: " لَمَّا رُمِسَ رَسُولُ اللَّهِ ﷺ جَاءَتْ فَاطِمَةُ فَوَقَفَتْ عَلَى قَبْرِهِ وَأَخَذَتْ قَبْضَةً مِنْ تُرَابِ الْقَبْرِ فَوَضَعَتْهُ عَلَى عَيْنَيْهَا وَبَكَتْ، وَأَنْشَأَتْ تَقُولُ:

مَاذَا عَلَيَّ مِنْ شَمِّ تُرْبَةِ أَحْمَدَ ... أَنْ لا يُشَمَّ مَدَى الزَّمَانِ غَوَالِيَا
صُبَّتْ عَلَيَّ مَصَائِبٌ لَوْ أَنَّهَا ... صُبَّتْ عَلَى الأَيَّامِ عُدْنَ لَيَالِيَا

**(مثير العزم الساكن إلى أشرف الأماكن ط الراية ٢/ ٣٠٠ - ابن الجوزي (ت ٥٩٧)**

മുത്ത് നബി(സ) യെ മറമാടിയതിന് ശേഷം ഫാത്വിമ(റ) അവിടുത്തെ ഖബറിന്റെ മണ്ണ് ഒരുപിടിയെടുത്ത് തന്റെ കണ്ണുകൾ

---

(قَوْلُهُ: نَعَمْ إنْ قَصَدَ بِتَقْبِيلِ أَضْرِحَتِهِمْ التَّبَرُّكَ إلَخْ) هَذَا هُوَ الْوَاقِعُ فِي تَقْبِيلِ أَضْرِحَتِهِمْ وَأَعْتَابِهِمْ فَإِنَّ أَحَدًا لَا يُقَبِّلُهَا إلَّا بِهَذَا الْقَصْدِ كَمَا هُوَ ظَاهِر **(حاشية أحمد بن عبد الرزاق المعروف بالمغربي الرشيدي (١٠٩٦هـ) ص: نهاية المحتاج ٣٤/٣)**

തബർറുക് തന്നെയാണ് മഹാത്മാക്കളുടെ മകാമുകളിൽ ജനങ്ങൾ ചുംബിക്കുമ്പോൾ ഉദ്ധേശിക്കപ്പെടുന്നത്. ഈ ഉദ്ധേശത്തോടെയല്ലാതെ ഒരാളും ചുംബിക്കാറില്ലെന്നത് വ്യക്തമാണ്.**(ഹാശിയതു നിഹായ/റശീദി:3/34)**

ക്കിടയിലേക്ക് ചേർത്തു വെച്ചു കരഞ്ഞുകൊണ്ട് പാടി. "മുത്ത്നബി(സ)യുടെ ഈ മണ്ണിന്റെ സുഗന്ധമറിഞ്ഞാൽ പിന്നീടൊരിക്കലും വിലപിടിപ്പുള്ള സുഗന്ധങ്ങൾ ഉപയോഗിക്കില്ല............."

ഇത് ഉദ്ധരിച്ച കിതാബുകൾ:

**الدرة الثمينة في أخبار المدينة** - ط بحوث المدينة ٣٨٣/١ — محب الدين ابن النجار (ت ٦٤٣) **إتحاف الزائر وإطراف المقيم للسائر** ١٦٧/١ — أبو اليمن بن عساكر (ت ٦٨٦) **المغني لابن قدامة** - ت التركي ٤٩٠/٣ — ابن قدامة (ت ٦٢٠) **شفاء الغرام بأخبار البلد الحرام** ٤٥٠/٢ — التقي الفاسي (ت ٨٣٢) **سلوة الكئيب بوفاة الحبيب** ١٩١/١ — ابن ناصر الدين الدمشقي (ت ٨٤٢) **تاريخ مكة المشرفة والمسجد الحرام** والمدينة الشريفة والقبر الشريف ٣٢١/١ — ابن الضياء (ت ٨٥٤) **وفاء الوفاء بأخبار دار المصطفى** ٢١٨/٤ — السمهودي (ت ٩١١) **سبل الهدى والرشاد في سيرة خير العباد** ٣٣٧/١٢ — الصالحي الشامي (ت ٩٤٢) **تاريخ الخميس في أحوال أنفس النفيس** ١٧٣/٢ — الديار بكري (ت ٩٦٦) **جمع الوسائل في شرح الشمائل** ٢١٠/٢ — الملا على القاري (ت ١٠١٤) **شرح الزرقاني على المواهب اللدنية** ١٦٨/١٢ — الزرقاني، محمد بن عبد الباقي (ت ١١٢٢) **شرح سنن أبي داود** ٦٩٠/١٨ — ابن رسلان (ت ٨٤٤) **المواهب اللدنية بالمنح المحمدية** ٥٨٢/٣ — القسطلاني (ت ٩٢٣) **اتحاف السائل** بما لفاطمة من المناقب والفضائل ١٠٣/١ — عبد الرؤوف المناوي (ت ١٠٣١)

തിരു വഫാതിന്റെ ദുഃഖം കാരണം മദീന വിട്ടുപോയ ബിലാൽ(റ) മദീനയിലാക്ക് തന്നെ കടന്നുവരുന്ന സംഭവം എണ്ണമറ്റ ഇമാമീങ്ങൾ ഉദ്ധരിക്കുന്നുണ്ട്.

ഇമാം ഇബ്നുഅസാകിർ(റ) കൃത്യമായ സനദിലൂടെ ഉദ്ധരിക്കുന്നു.

٧٥ - حَدَّثَنَا أَبُو إِسْحَاقَ إِبْرَاهِيمُ بْنُ مُحَمَّدِ بْنِ سُلَيْمَانَ بْنِ بِلَالِ بن أبي الدراء قَالَ حَدَّثَنِي أَبِي مُحَمَّدُ بْنُ سُلَيْمَانَ عَنْ أَبِيهِ سُلَيْمَانَ بْنِ بِلَالٍ عَنْ أُمِّ الدَّرْدَاءِ عَنْ أَبِي الدَّرْدَاءِ .... ثُمَّ إِنَّ بِلَالًا رَأَى فِي مَنَامِهِ النَّبِيَّ ﷺ وَهُوَ يَقُولُ مَا هَذِهِ الْجَفْوَةُ يَا بِلَالُ أما آن أن تزورني فَانْتَبَهَ حَزِينًا وَجِلًا خَائِفًا فَرَكِبَ رَاحِلَتَهُ وَقَصَدَ الْمَدِينَةَ فَأَتَى قَبْرَ النَّبِيِّ ﷺ فَجَعَلَ يَبْكِي عِنْدَهُ وَجَعَلَ يُمَرِّغُ وَجْهَهُ عَلَيْهِ وَأَقْبَلَ الْحَسَنُ وَالْحُسَيْنُ صلوَات الله عَلَيْهِمَا فَجعل يضمهما وَيُقَبِّلُهُمَا فَقَالَا لَهُ يَا بِلَالُ نَشْتَهِي نَسْمَعُ أَذَانَكَ الَّذِي كُنْتَ تؤذنه لروس اللَّهِ ﷺ فِي السَّحَرِ فَفَعَلَ فَعَلَا

سَطْحَ لمَسْجِد فَوَقَفَ مَوْقِفَهُ الَّذِي كَانَ يَقِفُ فِيهِ فَلَمَّا أَنْ قَالَ اللَّهُ أَكْبَرُ اللَّهُ أَكْبَرُ ارْتَجَّتِ الْمَدِينَةُ فَلَمَّا أَنْ قَالَ أَشْهَدُ أَنَّ لَا إِلَهَ إِلَّا اللَّهُ زَادَ تَعَاجِيجُهَا فَلَمَّا أَنْ قَالَ أَشْهَدُ أمُحَمَّدًا رَسُولُ اللَّهِ خَرَجَ الْعَوَاتِقُ من خَ دورهن فَقَالُوا أَبُعِثَ رَسُولُ اللَّهِ ﷺ فَمَا رؤى يَوْمٌ أَكْثَرَ بَاكِيًا وَلَا بَاكِيَةً بَعْدَ رَسُولِ اللَّهِ ﷺ مِنْ ذَلِكَ الْيَوْمِ) تاريخ دمشق لابن عساكر ١٣٧/٧ — أبو القاسم ابن عساكر (ت ٥٧١)

ബിലാൽ(റ) വിനോട് മുത്ത്നബി(സ) സ്വപ്നത്തിൽ 'എന്താ എന്നോടിത്ര അകൽച്ച!?' എന്ന് ചോദിച്ചതു കാരണം അവിടുന്ന് വളരെ ദുഃഖിതനായി തിരു ഹബീബിന്റെ ഖബറിനടുക്കൽ വന്നു. പൊട്ടിക്കരഞ്ഞു കൊണ്ട് അവിടുത്തെ മുഖം ഖബറിൻമേൽ വെച്ച് ചുബിച്ചു തേങ്ങി. അപ്പോൾ ഹസൻ ഹുസൈൻ(റ) വരികയും ബാങ്ക്കൊടുക്കാൻ ആവശ്യപ്പെടുകയും കൊടുത്തപ്പോൾ മദീനയിലുള്ളവരെല്ലാം കേട്ട് കരഞ്ഞു.... **(താരീഖു ദിമിശ്ഖ്/ഇമാം ഇബ്നു അസാകിർ:7/137)**

ഹിജ്റ 315ൽ വഫാതായ ഇമാം ഗസ്സാനി(റ) അടക്കം നിരവധി പണ്ഡിതർ ഈ സംഭവം സനദ് സഹിതം ഉദ്ധരിക്കുന്നുണ്ട്. ചില ഗ്രന്ഥങ്ങൾ മാത്രം താഴെ നൽകാം.

📚 **أخبار وحكايات للغساني** ٤٦/١ — الغساني، أبو الحسن (ت ٣١٥) 📚 **أسد الغابة في معرفة الصحابة** ط الفكر ٢٤٤/١ — ابن الأثير، أبو الحسن (ت ٦٣٠) 📚 **مرآة الزمان في تواريخ الأعيان** ٣٣٦/٥ — سبط ابن الجوزي (ت ٦٥٤) 📚 **مختصر تاريخ دمشق** ١١٨/٤ — ابن منظور (ت ٧١١) 📚 **سير أعلام النبلاء** - ط الرسالة ٣٥٨/١ — شمس الدين الذهبي (ت ٧٤٨) 📚 **تاريخ الإسلام** - ت تدمري ٦٧/١٧ — شمس الدين الذهبي (ت ٧٤٨) 📚 **تاريخ مكة المشرفة والمسجد الحرام والمدينة الشريفة والقبر الشريف** ٣٣٨/١ — ابن الضياء (ت ٨٥٤) 📚 **فتح القريب المجيب على الترغيب والترهيب** ٤٢٢/٢ — حسن بن علي الفيومي (ت ٨٧٠) 📚 **خلاصة الوفا بأخبار دار المصطفى** ٣٥٥/١ — السمهودي (ت ٩١١)

ഇതിന്റെ പരമ്പര വളരെ നല്ലതാണെന്ന് നിരവധി ഇമാമീങ്ങൾ വ്യക്തമാക്കിയിട്ടുമുണ്ട്. ചില ഉദാഹരണങ്ങൾ കാണാം.

ഇമാം സുമഹൂദി(റ) അടക്കം പലരും എഴുതുന്നു.

وممن سافر إلى زيارة النبي صلى الله تعالى عليه وسلم من الشام إلى قبره بالمدينة بلال بن رباح مؤذن رسول الله صلى الله تعالى عليه وسلم، كما رواه ابن عساكر بسند جيد عن أبي الدرداء رضي الله تعالى عنه

📚 **وفاء الوفاء بأخبار دار المصطفى** ١٨٣،١٨٢/٤ السمهودي (ت ٩١١) 📚 **الجوهر المنظم في زيارة القبر الشريف النبوي،** —لابن حجر الهيتمي، ص :٦٥ 📚 **سبل الهدى والرشاد في سيرة خير العباد** ٣٥٩/١٢ — الصالحي الشامي (ت ٩٤٢) 📚 **شرح الزرقاني على المواهب اللدنية بالمنح المحمدية** ٧١/٥ — الزرقاني، محمد بن عبد الباقي (ت ١١٢٢) 📚 **البدر التمام شرح بلوغ المرام ت الزبن** ٤١٢/٥ — الحسين بن محمد المغربي (ت ١١١٩)

ഇമാം സുബ്കി(റ) പറയുന്നു.

ليس اعتمادنا يعني في الأخذ بذلك في السفر للزيارة على رؤيا المنام فقط، بل على فعل بلال، سيما في خلافة عمر رضي الله تعالى عنه، والصحابة متوافرون ولا تخفى عنهم هذه القصة،**(شفاء السقام في زيارة خير الأنام — للإمام تقي الدين السبكي:44,45) (وفاء الوفاء بأخبار دار المصطفى ١٨٣،١٨٢/٤ — السمهودي (ت ٩١١)**

തിരുസിയാറതിനായി ബിലാൽ(റ) വന്നു എന്നത് മാത്രമല്ല ഈ ചരിത്രത്തിൽ നമുക്ക് അവലംബമായുള്ളത്. ബിലാൽ(റ) അവിടെ ചെയ്ത കാര്യങ്ങളാണ്. പ്രത്യേകിച്ച് ഉമർ(റ)വിന്റെ കാലഘട്ടത്തിൽ. നിരവധി സ്വഹാബത്തുണ്ടാവുകയും, അവരെ ല്ലാവരും അറിയെ നടന്ന സംഭവം. **(ശിഫാഉ സ്സഖാം/ഇമം സുബ്കി (റ):44,45)**

സമാനമായി സ്വഹാത്തിലെ പ്രധാനിയായ അബൂ അയ്യൂബു ൽ അൻസ്വാരി(റ) തിരുനബി(സ) യുടെ ഖബറിനു ചാരെ വന്ന പ്പോൾ ചെയ്ത സ്വഹീഹായ സംഭവം ഇമാം അഹ്മദ് ബ്നു ഹമ്പ ൽ(റ) തന്റെ മുസ്നദിലും, ഇമാം ഹാകിം(റ) മുസ്തദ്റകിലും മറ്റു നിരവധി മുഹദ്ധിസീങ്ങളും റിപ്പോർട്ട് ചെയ്യുന്നുണ്ട്.

٨٥٧١- حَدَّثَنَا أَبُو الْعَبَّاسِ مُحَمَّدُ بْنُ يَعْقُوبَ، ثَنَا الْعَبَّاسُ بْنُ مُحَمَّدِ بْنِ حَاتِمٍ الدُّورِيُّ، ثَنَا أَبُو عَامِرٍ عَبْدُ الْمَلِكِ بْنُ عُمَرَ الْعَقَدِيُّ، ثَنَا كَثِيرُ بْنُ زَيْدٍ، عَنْ دَاوُدَ بْنِ أَبِي صَالِحٍ، قَالَ: أَقْبَلَ مَرْوَانُ يَوْمًا فَوَجَدَ رَجُلًا وَاضِعًا وَجْهَهُ عَلَى الْقَبْرِ، فَأَخَذَ بِرَقَبَتِهِ وَقَالَ: أَتَدْرِي مَا تَصْنَعُ؟ قَالَ: نَعَمْ، فَأَقْبَلَ عَلَيْهِ فَإِذَا هُوَ أَبُو أَيُّوبَ الْأَنْصَارِيُّ ، فَقَالَ: جِئْتُ رَسُولَ اللَّهِ ﷺ وَلَمْ آتِ

www.sunnahclub.in

الْحَجَرَ.....» هَذَا حَدِيثٌ صَحِيحُ الْإِسْنَادِ، وَلَمْ يُخْرِجَاهُ " **(المستدرك على الصحيحين للحاكم**(ح 8571) - ط العلمية ٥٦٠/٤ — **أبو عبد الله الحاكم** (ت ٤٠٥)

**مسند أحمد**(ح 23585) - ط الرسالة ٥٥٨/٣٨ — أحمد بن حنبل (ت ٢٤١) **التاريخ الكبير لابن أبي خيثمة** - السفر الثالث - ط الفاروق ٧٦/٢ — ابن أبي خيثمة (ت ٢٧٩) **تاريخ دمشق** لابن عساكر ٢٥٠/٥٧ — أبو القاسم ابن عساكر (ت ٥٧١) **إمتاع الأسماع** ٣٨٣/١٢ — المقريزي (ت ٨٤٥) **جامع المسانيد والسنن** ٥١/٩ — ابن كثير (ت ٧٧٤) **غاية المقصد فى زوائد المسند** ٣٢٣/٢ — نور الدين الهيثمي (ت ٨٠٧) **مجمع الزوائد ومنبع الفوائد** ٢٤٥/٥ — نور الدين الهيثمي (ت ٨٠٧) رَوَاهُ أَحْمَدُ، وَالطَّبَرَانِيُّ فِي الْكَبِيرِ وَالْأَوْسَطِ، وَفِيهِ كَثِيرُ بْنُ زَيْدٍ، وَثَّقَهُ أَحْمَدُ وَغَيْرُهُ، وَضَعَّفَهُ النَّسَائِيُّ وَغَيْرُهُ. **إتحاف المهرة لابن حجر** ٣٥٨/٤ — ابن حجر العسقلاني (ت ٨٥٢) **سبل الهدى والرشاد في سيرة خير العباد** ٣٩٨/١٢ — الصالحي الشامي (ت ٩٤٢) **وفاء الوفاء بأخبار دار المصطفى** ٢١٧/٤ — السمهودي (ت ٩١١) **الجوهر المنظم في زيارة القبر الشريف النبوي**،— لابن حجر الهيتمي، ص : ١٥٧(ت ٩٧٤)

മർവാൻ രാജാവ് മദീനയിൽവന്ന സമയം മുത്ത് നബി(സ)യുടെ ഖബറിനോട് ചേർത്ത് മുഖംവെച്ച നിലയിൽ ഒരാൾ നിൽക്കുന്നത് കണ്ടു. അവിടുന്ന് തോളിൽപിടിച്ചു,'എന്താ ചെയ്യുന്നതെന്ന്' തിരക്കി, 'അതെ' എന്ന് പറഞ്ഞുകൊണ്ട് നിവർന്നുനിന്നു. അത് അബൂ അയ്യൂബുൽ അൻസ്വാരി(റ) ആയിരുന്നു. അവിടുന്ന് ശേഷം പറഞ്ഞു. 'ഞാൻ മുത്ത് നബി(സ)യിലേക്കാണ് വന്നിരിക്കുന്നത്, ഈ ഭിത്തികളെ തേടിവന്നതല്ല.' **(ഹാക്കിം: 8571) (മുസ്നദ് അഹ്മദ്: 23585)**[1]

ഇബ്നു ഉമർ(റ) ചെയ്യാറുണ്ടായിരുന്ന ഒരു കാര്യം ഹിജ്റ 282ൽ വഫാതായ ഖാളീ ഇസ്മാഈൽ അൽമാലികി(റ) ഉദ്ധരിക്കുന്നു.

-حَدَّثَنِي إِسْحَاقُ بْنُ مُحَمَّدٍ قَالَ: ثنا عَبْدُ اللَّهِ بْنُ عُمَرَ، عَنْ نَافِعٍ، أَنَّ ابْنَ عُمَرَ، كَانَ إِذَا قَدِمَ مِنْ سَفَرٍ صَلَّى سَجْدَتَيْنِ فِي الْمَسْجِدِ، ثُمَّ يَأْتِي النَّبِيَّ ﷺ فَيَضَعُ يَدَهُ الْيَمِينَ عَلَى قَبْرِ النَّبِيِّ

[1] ഇമാം ഹാക്കിം(റ) ഇത് സ്വഹീഹായ പരമ്പരയുള്ള ഹദീസാണെന്ന് കൂടെ പറയുന്നുണ്ട് (4/560) هَذَا حَدِيثٌ صَحِيحُ الْإِسْنَادِ

ﷺ وَيَسْتَدْبِرُ الْقِبْلَةَ ثُمَّ يُسَلِّمُ عَلَى النَّبِيِّ ﷺ ثُمَّ عَلَى أَبِي بَكْرٍ وَعُمَرَ **(فضل الصلاة على النبي لإسماعيل القاضي ٨٤/١ — القاضي إسماعيل المالكي (ت ٢٨٢)) القول البديع في الصلاة على الحبيب الشفيع ٢١٢/١ — شمس الدين السخاوي (ت ٩٠٢)**

ഇബ്നു ഉമർ(റ)യാത്ര കഴിഞ്ഞുവരുന്ന സമയത്തൊക്കെ രണ്ടു റക്അത് നിസ്കരിച്ചു, മുത്ത് നബി(സ)യുടെ ചാരെവന്നു, ഖിബ്‌ലയിൽ നിന്ന് പിന്തിരിഞ്ഞു, ഖബർ ശരീഫിന്റെ മുകളിൽ അവിടുത്തെ വലതു കൈ വെച്ചു കൊണ്ട് സലാം ചൊല്ലുകയും പിന്നെ അബൂബകർ(റ), ഉമർ(റ) എന്നിവർക്കും സലാം പറയും ചെയ്യുമായിരുന്നു. **(ഫള്‌ലു സ്വലാത്:84)**

ഇമാം ബൈഹഖി(റ) ഇബ്നു ഉമർ(റ) തിരു ഖബറിനു ചാരെ വന്നുകൊണ്ട് ഖബർ ചുംബിച്ചില്ലെന്ന് പറയുന്ന റിപ്പോർട്ട് ഉദ്ധരിക്കുന്നുണ്ടെങ്കിലും അതും ഇതും വ്യത്യസ്ഥ സമയങ്ങളിലായിരിക്കുമെന്ന് ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) ജൗഹറുൽ മുനള്ളമിൽ വിശദീകരിക്കുന്നുണ്ട്.

ഇതെല്ലാം സ്വഹാബതിന്റെ കാലത്ത് അവർ ചെയ്ത സംഭവങ്ങളാണ്. ശേഷമുള്ള താബിഉകൾക്കിടയിലും അവർക്ക് ശേഷം വന്ന മഹത്തുക്കൾക്കിടയിലും ഇതിലേറെ സംഭവങ്ങൾ കാണാനാകും.

താബിഉകളുടെ നേതാവും ഇമാം ബുഖാരി(റ)വിന്റെ ശൈഖുമാരിൽ പ്രധാനിയുമായ മുഹമ്മദ്ബ്നുൽ മുൻകദിർ(റ)(ഹി. 51-130) വിന്റെ ചരിത്രം ഹാഫിളുദ്ദഹബി ഉദ്ധരിക്കുന്നത് കാണുക.

وَقَالَ مُصْعَبُ بْنُ عَبْدِ اللَّهِ: ثنا إِسْمَاعِيلُ بن يعقوب التيمي قال: كان محمد ابن الْمُنْكَدِرِ يَجْلِسُ مَعَ أَصْحَابِهِ وَكَانَ يُصِيبُهُ صِمَاتٌ فَكَانَ يَقُومُ كَمَا هُوَ حَتَّى يَضَعَ خَدَّهُ عَلَى قَبْرِ النَّبِيِّ ﷺ ثُمَّ يَرْجِعُ، فَعُوتِبَ فِي ذَلِكَ فَقَالَ: إِنَّهُ تُصِيبُنِي خَطْرَةٌ فَإِذَا وَجَدْتُ ذَلِكَ اسْتَغَثْتُ بِقَبْرِ النَّبِيِّ ﷺ وَكَانَ يَأْتِي مَوْضِعًا مِنَ الْمَسْجِدِ يَتَمَرَّغُ فِيهِ وَيَضْطَجِعُ فَقِيلَ لَهُ فِي ذَلِكَ فَقَالَ: إِنِّي رَأَيْتُ النَّبِيَّ ﷺ فِي هَذَا الْمَوْضِعِ١.. **(تاريخ الإسلام - ت تدمري ٢٥٦/٨ — شمس الدين**

**الذهبي (ت ٧٤٨) (التاريخ الكبير لابن أبي خيثمة - السفر الثالث - ط الفاروق ٢٥٩/٢ — ابن أبي خيثمة (ت ٢٧٩)**

മുഹമ്മദ് ബ്നുൽ മുൻകദിർ(റ) തന്റെ കൂട്ടുകാർക്കൊപ്പം ഇരിക്കുന്ന ചില സമയങ്ങളിൽ ദുഖം വരുമ്പോൾ എഴുന്നേറ്റ് മുത്ത് നബി(സ)യുടെ ഖബറിനുചാരെ വന്നുകൊണ്ട് അവിടുത്തെ കവിൾതടം ആ ഖബറിനു മുകളിൽ വെക്കുമായിരുന്നു. ഇതിൽ ആരോ വിമർശിച്ചപ്പോൾ അവിടുന്ന് പറഞ്ഞു. “എനിക്ക് ദുഖമുണ്ടാകുന്ന സമയം ഞാൻ മുത്ത് നബി(സ)യുടെ ഖബ്ർ കൊണ്ട് സഹായം തേടുന്നതാണിത്.” അവിടുന്ന് പള്ളിയിൽ മുത്ത് നബി(സ) ഇരുന്നിരുന്ന സ്ഥലത്തും ഇതുപോലെ ചെയ്യാറുണ്ടായിരുന്നു. **(താരീഖുൽ ഇസ്ലാം/ഹാഫിളു ദഹബി: 8/256)**

ഈസംഭവം ഹി.279ൽ വഫാതായ ഇബ്നു അബീ ഖൈസമ(റ) തന്റെ താരീഖിലും ഉദ്ധരിക്കുന്നുണ്ട്.

ഇമാം അഹ്മദ് ബ്നു ഹമ്പൽ(റ) പറയുന്നത് തന്റെ മകൻ രേഖപ്പെടുത്തുന്നു.

٣٢٤٣ -سَأَلته عَن الرجل يمس مِنْبَر النَّبِيِّ ﷺ ويتبرك بمسه ويقبله وَيفْعل بالقبر مثل ذَلِك أَو نَحْو هَذَا يُرِيد بذلك التَّقَرُّب إِلَى الله جلّ وَعز فَقَالَ لَا بَأْس بذلك **(العلل ومعرفة الرجال لأحمد رواية ابنه عبد الله ٤٩٢/٢ — أحمد بن حنبل (ت ٢٤١)**

അഹ്മദ് ബ്നു ഹമ്പൽ(റ)വിനോട് മുത്ത്നബി(സ)യുടെ മിമ്പർ തൊട്ടുകൊണ്ടും ചുംബിച്ചുകൊണ്ടും ബറകതെടുക്കുന്ന തനെ കുറിച്ച് ഞാൻ ചോദിച്ചു. സമാനമായി അല്ലാഹുവിനുള്ള ആരാധന എന്ന ഉദ്ദേശ്യത്തോടെ മുത്ത് നബി(സ) യുടെ ഖബറിനെ കൊണ്ടും ചുംബിച്ചു ബറകതെടുക്കുന്നതിനെ കുറിച്ചും ചോദിച്ചു. അവിടുന്ന് മറുപടി നൽകിയത് “അത്കൊണ്ടൊരു പ്രശ്നവുമില്ല” എന്നായിരുന്നു. **(അൽ ഇലൽ വ മഅ്രിഫതു രിജാൽ -രിവയതു അബ്ദില്ലാഹ്/ഇമാം അഹ്മദ്:2/492)**

സമാനമായ ഇനിയും നിരവധി സംഭവങ്ങൾ ചരിത്രത്തിൽ കാണാനാകും. ഇതൊന്നും നമ്മൾ തുടക്കത്തിൽ പറഞ്ഞ അ

ദബിനെ ബാധിക്കാത്ത സംഭവങ്ങളല്ല എന്ന് മനസ്സിലാക്കേണ്ട തുണ്ട്. മുത്ത് നബി(സ) യോട് അത്രമാത്രം അടുത്ത ബന്ധമു ള്ളവരായിരുന്നു ഇവർ. എന്നാൽ പിന്നീട് വന്നകാലത്തേക്ക് ചേ ർത്തിനോക്കുമ്പോൾ നമുക്ക് ചിന്തിക്കാൻ പോലും സാധിക്കാ ത്ത അദബു കേടാണിത് എന്നതു കൊണ്ടാണ് ഇതിനെ അഇമ്മ ത് വിമർശിച്ചത്.

പരിശുദ്ധ ഖുർആൻ പോലും മുത്ത്നബി(സ)യുടെ ചാരെ നിൽക്കേണ്ട അദബിന്റെ രൂപം വളരെ ഗൌരവത്തോടെയാണ് ഉണർത്തിയിട്ടുള്ളത്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا لَا تَرْفَعُوٓا أَصْوَ تَـكُمْ فَوْقَ صَوْتِ ٱلنَّبِيِّ وَلَا تَجْهَـرُوا لَهُۥ بِـٱلْقَوْلِ كَجَهْـرِ بَعْضِكُمْ لِبَعْضٍ أَن تَحْبَطَ أَعْمَـٰلُكُمْ وَأَنتُمْ لَا تَشْعُرُونَ﴾ **[الحجرات ٢]**

*സത്യ വിശ്വാസികളേ.. നിങ്ങളുടെ ശബ്ദം മുത്ത്നബി(സ)യു ടെ ശബ്ദത്തേക്കാൾ ഉയർത്തരുത്! നിങ്ങൾ പരസ്പരം സം സാരി ക്കുന്നതുപോലെ അവിടുത്തോട് ഉറക്കെയുള്ള സംസാരം അരു ത്! അത് നിങ്ങളറിയാതെ നിങ്ങളുടെ അമലുകൾ മുഴുവൻ പൊ ളിഞ്ഞു പോകാൻ കാരണമാകും.(ഹുജുറാത്:2)*

ഈ ആയത് ഇന്നും മുത്ത്നബി(സ)യുടെ ഹുജ്റതുശ്ശരീഫി ൽ സ്വർണ്ണ ലിപിയിൽ കൊത്തിവെച്ചിട്ടുണ്ട്. വഫാത്തിന് ശേഷ വും ഈ ആദരവ് അവിടുത്തെ ചാരെ വരുന്നവർ പൂർണ്ണമായും പാലിക്കേണ്ടതാണ്. അത് നഷ്ടപ്പെടുത്തുന്നത് വിശ്വാസിയെ വള രെ പ്രതികൂലമായി ബാധിക്കുന്ന കാര്യമാണ്. അത് എത്ര വലിയ ബറകതാണ് ലക്ഷ്യമെങ്കിലും അദബിനെ കവച്ചു വെച്ചുകൊണ്ട് നേടാനാവുകയില്ല. ഈ അദബിന്റെ ഭാഗമായിട്ടാണ് മുത്ത്നബി (സ)യുടെ മുന്നിലെത്തി അവിടുത്തോട് പിന്തിരിഞ്ഞു നിൽക്കു ന്ന അവസ്ഥ ഉണ്ടാവാൻ പാടില്ലെന്ന് വരെ നാലു മദ്ഹബിലെ ഇമാമീങ്ങളും വ്യക്തമാക്കിയത്.

ഇമാം ഗസ്സാലി(റ) എഴുതുന്നു.

www.sunnahclub.in

ثُمَّ يَأْتِي قَبْرَ النَّبِيِّ ﷺ فَيَقِفُ عِنْدَ وَجْهِهِ وَذَلِكَ بِأَنْ يَسْتَدْبِرَ الْقِبْلَةَ وَيَسْتَقْبِلَ جِدَارَ الْقَبْرِ عَلَى نَحْوٍ مِنْ أَرْبَعَةِ أَذْرُعٍ مِنَ السَّارِيَةِ الَّتِي فِي زَاوِيَةِ جدار القبر ويجعل القنديل على رأسه وَلَيْسَ مِنَ السُّنَّةِ أَنْ يَمَسَّ الْجِدَارَ وَلَا أن يقبله بَلِ الْوُقُوفُ مِنْ بُعْدٍ أَقْرَبُ لِلْإِحْتِرَامِ **(إحياء علوم الدين ٢٥٩/١ — أبو حامد الغزالي (ت ٥٠٥)**

മുത്ത് നബി(സ)യുടെ ഖബറിനു ചാരെ വന്നുകൊണ്ട് അവിടുത്തെ മുഖത്തിന്റ് ഭാഗത്തിൽ ഖിബലയിൽ നിന്ന് തെറ്റി, ഖബറിലേക്ക് തിരിഞ്ഞ്, ഖബറിന്റെ ഭിത്തിയിൽ നിന്ന് നാലുമുഴം അകലയായി അവിടെയുള്ള വിളക്ക് തലയുടെ മുകളിലാകുന്ന വിധം നിൽക്കണം. ഖബറിന്റെ ഭിത്തി തൊടുന്നതും ചുംബിക്കുന്നതും സുന്നത്തിൽ പെട്ടതല്ല. മറിച്ച് അവിടം ദൂരയായി നിൽക്കലാണ് ആദരവിന്റെ ഏറ്റവും നല്ല മാർഗ്ഗം. **(ഇഹ്‌യാ ഉലൂമിദ്ദീൻ ഇമാം ഗസ്സാലി(റ):1/259)**

ഇമാം നവവി(റ) പറയുന്നു.

وَيُكْرَهُ مَسحهُ بِالْيَدِ وَتَقْبِيلُهُ بَلْ الأَدَبُ أنْ يَبْعُدَ مِنْهُ كَمَا يَبْعُدُ مِنْهُ لَوْ حَضَرَ. في حَيَاتِهِ ﷺ**(الإيضاح في مناسك الحج والعمرة ص:456 — النووي (ت ٦٧٦)**

തിരു ഖബറുശ്ശരീഫ് കൈ കൊണ്ട് തൊടലും ചുംബിക്കലും കറാഹതാണ്. എന്നല്ല, മുത്ത്നബി(സ) യുടെ ജീവിത കാലത്ത് അവിടുത്തെ സന്നിധിയിലാണെന്നത് പോലെ അകന്നുനിൽക്കലാണ് അദബ്. **(ഈളാഹ്/ഇമാം നവവി(റ):456)**

ഈ മസ്അല പിൽക്കാലത്ത് വന്ന എല്ലാ ഇമാമീങ്ങളും ഏകോപന സ്വരത്തിൽ പറഞ്ഞതാണ്. ഇമാം നവവി(റ)വും അങ്ങനെ തന്നെ വ്യക്തമാക്കുന്നുണ്ട്. ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) അതിന്റെ കാരണം പറയുന്നത് കാണുക.

فيجوز أن يكون السلف أجمعوا على ذلك بعد انقراض الصحابة رضى الله عنهم ، أى لمصلحة فطم الناس عن ذلك المؤدى التمكين منه الى مفاسد من العوام لا تنحصر.كما هو ظاهر **(الجوهر المنظم في زيارة القبر الشريف النبوي، لابن حجر الهيتمي، ص :١٥٨)**

സ്വഹാബത് അവിടുത്തെ ഖബർ ചുംബിച്ചിട്ടുണ്ടെങ്കിലും ശേഷം വന്നവർ അത് കറാഹതാണെന്നതിൽ ഏകോപിച്ചതാ

യിരിക്കാം. പിൽകാലത്ത് സിയാറതിന് വരുന്നവർക്ക് അതിന് സൗകര്യം ചെയ്തുകൊടുത്താൽ സാധാരണക്കാരിൽ നിന്നുണ്ടാകുന്ന ഫസാദുകൾ(അദബിനു വിരുദ്ധമായി) മനസ്സിലാക്കിയതു കാരണമാണ് അവർ ഇതിൽ ഏകോപിച്ചത്. **(അൽ ജൗഹറുൽ മുനള്ളം:158)**

ഇത്രമാത്രം ആദരിക്കേണ്ട ഖബറുശ്ശരീഫിനെ എങ്ങനെ ഒരാൾക്ക് വാരിപ്പുണർന്ന് ചുംബിക്കാൻ സാധിക്കും.!? തിരു ഹബീബിന്റെ ചാരെ വന്നു ഭക്തിനിർഭരമായി അദബിന്റെയും അങ്ങേയറ്റ അവസ്ഥയിലെത്തി ബോധം നഷ്ടപ്പെട്ടുപോയവരുടെ ചരിത്രങ്ങൾ പലതും കാണാനാകും. തിരു റൗളയുടെയും മദീനയുടെയും ഭാഗത്തേക്ക് കാലെടുത്തുവെക്കാൻ പോലും ഭയന്ന ഔലിയാക്കളുടെ ചരിത്രങ്ങളുണ്ട്.

ഇവിടെയാണ് ബിദ്അതുകാരും സുന്നികളും വേർത്തിരിയുന്നത്. അവർക്ക് ഒരു സാധാരണക്കാരുടെ ഖബറിന്റെ സ്ഥാനത്തിലപ്പുറം മുത്ത് നബി(സ)യുടെ ഖബറിന് മഹത്വമുണ്ടെന്ന വിശ്വാസമില്ല. ഖബർ ചുംബിക്കലും തൊടലും അകന്നു നിൽക്കലും അവരെ സംബന്ധിച്ചെടുത്തോളം തെറ്റായത് അദബ് നഷ്ടപ്പെട്ടുപോകുമെന്ന ഭയം കൊണ്ടല്ല. അവിടെനിന്ന് ആർത്തുവിളിച്ചു, ശബ്ദ മുണ്ടാക്കിയാലും അങ്ങാടിയും ഖബറും പ്രത്യേക വ്യത്യാസമുള്ളതായി അവർ കാണുന്നേയില്ല. ജീവിച്ചിരിക്കുന്ന ഒരാളെ ആ ദരിക്കുന്നത് വരെ ശിർക്കും കുഫ്റുമാക്കുന്ന ഇവർക്ക് ഈ സകല ഇമാമീങ്ങളും പഠിപ്പിച്ച അങ്ങേയറ്റത്തെ ആദരവിൽ നിന്ന് ഒരംശം ഹൃദയത്തിൽ തോന്നുന്നതു പോലും ഖബർ പൂജയും ഖബറാരാധനയുമാണ്. എന്നിട്ടല്ലെ, ചുംബിക്കലും കൈകൾ കൊണ്ട് തൊട്ടുമുത്തലും!

ചുരുക്കത്തിൽ തിരു ഖബറുശ്ശരീഫിനോടുള്ള ആദരവും അദബും അൽപ്പമങ്കിലും നഷ്ടപ്പെടുമെന്ന കാരണത്താലാണ് ഇമാമീങ്ങൾ ചുംബിക്കൽ പോലുള്ള കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കണമെന്ന് പറഞ്ഞതെങ്കിൽ നേരെ തിരിച്ചുള്ള ആശയം കാരണത്താലാണ് ബിദ്അതുകാർ ഇതിനെ എതിർക്കുന്നത്. അൽ

പ്പം ആദരവ് വന്നുപോകുന്നത് വരെ ബിദ്അതുകാരുടെ ഭാഷയിൽ ഇസ്‌ലാമിൽ നിന്ന് പുറത്തുപോകുന്ന കാര്യമാണ്.

## മഖ്ബറകളും തബർറുകും.

മഹത്തുക്കളുടെ മഖ്ബറകൾ വലിയ ബറകതിന്റെ കേന്ദ്രങ്ങളാണന്ന് വിശ്വസിക്കുന്നവർക്കിടയിൽ മുത്ത്നബി (സ)യുടെ ഖബറുശ്ശരീഫിന് മറ്റു മഖ്ബറകളേക്കാൾ സ്ഥാനമുണ്ടെന്ന് അംഗീകരിക്കാതിരിക്കാൻ സാധിക്കില്ല. അവിടുത്തെ ഖബറാണ് ഈ ലോകത്ത് ഏറ്റവും മഹത്വമുള്ള സ്ഥലമെന്ന് സകല ഇമാമീങ്ങളും ഏകോപിച്ചു പറഞ്ഞത് തുടക്കത്തിൽ വിശദീകരിച്ചിരുന്നു. മഹത്തുക്കൾക്ക് റബ്ബിന്റെയടുക്കലുള്ള സ്ഥാനമനുസരിച്ചു കൊണ്ട് അവരുടെ മഖ്ബറകളുടെ സ്ഥാനത്തിനും ഏറ്റവ്യത്യാസമുണ്ട്.

ഇമാം ഗസ്സാലി(റ) വിന്റെ മുകളിലുദ്ധരിച്ച വരിയിൽ നിന്ന്.

وأما المشاهد فلا تتساوى بل بركة زيارتها على قدر درجاتهم عند الله **(إحياء علوم الدين ١/٢٥٤ — أبو حامد الغزالي (ت ٥٠٥)**

മഹാന്മാരുടെ ദർഗകൾ എല്ലാം തുല്യമല്ല. അവയെ സന്ദർശിക്കുന്നതിനാൽ ലഭിക്കുന്ന ബറകത്ത് അല്ലാഹുവിന്റെയടുക്കൽ മഹാന്മാർക്കുള്ള സ്ഥാനത്തിലുള്ള വ്യത്യാസത്തെ അടിസ്ഥാനമാക്കി വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. **(ഇഹ്‌യാ ഉലൂമുദ്ദീൻ/ ഇമാം ഗസ്സാലി(റ):1/254)**

ആദരവിന്റെ വിഷയത്തിലും ഈവ്യത്യാസം ഉണ്ടാകുമെന്ന് പറയേണ്ടതില്ലല്ലോ. അതനുസരിച്ച് മുത്ത്നബി(സ)യുടെ ഖബറിന് ചാരെവന്നു നിൽക്കേണ്ട അതേ അളവിൽ മറ്റു മഹത്തുക്കളുടെ ഖബറിനുചാരെ അദബ് പാലിക്കേണ്ടതില്ല. അതിനാൽ മറ്റുമഹത്തുക്കളുടെ ഖബർ ചുംബിക്കുന്നതിൽ ബറകതിന് വേണ്ടിയാണെങ്കിൽ അനുവദനീയമാണെന്ന് ഇമാം റംലി(റ) തന്നെ തുറന്നു പറഞ്ഞിട്ടുണ്ട്.

www.sunnahclub.in

نَعَمْ إنْ قَصَدَ بِتَقْبِيلِ أَضْرِحَتِهِمْ التَّبَرُّكَ لَمْ يُكْرَهْ كَمَا أَفْتَى بِهِ الْوَالِدُ - رَحِمَهُ اللَّهُ تَعَالَى
**(نهاية المحتاج إلى شرح المنهاج ٣/٣٤ — الرملي، شمس الدين (ت ١٠٠٤)**

എന്നാൽ മഹാത്മാക്കളുടെ ഖബറുകൾ ചുംബിക്കുന്നത് കൊണ്ട് ബറകതെടുക്കുകയാണ് ഉദ്ധേശ്യമെങ്കിൽ അത് കറാഹതാവുകയില്ല. ഇങ്ങനെ ഉപ്പ മുഹമ്മദു റംലി(റ) ഫത്‌വ കൊടുത്തിട്ടുണ്ട്. (**നിഹായ/ഇമാം റംലി(റ)**:3/34)

ഈ ചുംബിക്കൽ അദബ് നഷ്ടപ്പെടുത്തുന്ന രൂപത്തിലാവരുതെന്ന് പറയേണ്ടതില്ല. മഹാത്മാക്കളുടെ ഖബറാണെങ്കിൽ പോലും അദബിനെതിരായ കാര്യമായതു കൊണ്ടാണ് ചുംബിക്കുക പോലുള്ള കാര്യങ്ങൾ പാടില്ലെന്ന് പറഞ്ഞവരുണ്ടായത്. എന്നാൽ മഹാത്മാക്കളിലേക്ക് ചേർത്തി നോക്കൽ കൊണ്ട് ഖബർ ചുംബിക്കുന്നതിൽ അദബിന് കോട്ടം സംഭവിക്കാത്തതുമുണ്ടെന്നതു കാരണമാണ് അനുവദനീയമാണെന്ന് ഇമാമീങ്ങൾ പറഞ്ഞതിന് പിന്നിൽ.

## അനിയന്ത്രിതമായാൽ

ഇതുവരെ പറഞ്ഞ മുഴുവൻ മസ്അലകളും മുത്ത്നബി(സ)യോടും മറ്റുമഹത്തുക്കളോടുമുള്ള അതിരറ്റ മഹബ്ബത് കാരണം സ്വശരീരത്തെ നിയന്ത്രിക്കാൻ കഴിയാത്തവർക്ക് ബാധകമാകുന്നതല്ല. മഹബ്ബതു കൊണ്ട് സ്വനിയന്തിരിതരാവാൻ കഴിയാത്ത അവസ്ഥ ഈമാനുള്ളവർക്ക് ഉണ്ടായേക്കാം. ആ അവസ്ഥയിൽ ഒരാൾ ഖബർ ചുംബിച്ചിട്ടുണ്ടെങ്കിൽ അത് ബറകതിനല്ല എങ്കിൽ പോലും എതിർക്കപ്പെടേണ്ട കാര്യമല്ല.

ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) എഴുതുന്നു.

نعم إن غلبه وجد أو حال فلا كراهة...... وقد تغلب المحبة والشوق على بعض الناس فترتفع الحجب عن نظره ويصير كالمشاهد لوجهه المكرم ﷺ المماس لحبيبه حتى يخرجه ذلك عن قياس العادات الى حقائق المنازلات ، أذا قنا الله سبحانه وتعالى ذلك والمحسنين الينا وذرارينا بمنه وجوده وكرمه ، آمين . **(الجوهر المنظم في زيارة القبر الشريف النبوي، لابن حجر الهيتمي، ص : ١٦٩،١٧٠)**

എന്നാൽ ഒരാൾക്ക് അനിയന്ത്രിതമായി ദുഖമോ ഹാലോ വന്നാൽ അവന് ഈ പറഞ്ഞ കാര്യങ്ങൾ കറാഹതില്ല... ചിലർക്ക് സിയാറതിന്റെ സമയം മഹബ്ബതും ശൗഖും അതിരുകടന്നേക്കാം അപ്പോൾ അവരെതൊട്ട് മറ ഉയർത്തപ്പെടുകയും. അങ്ങനെയവർ മുത്ത്നബി(സ)യെ നേരിൽ കാണുന്നതും ഒപ്പം നിന്ന് അനുഭവിക്കുന്നതുമായ അവസ്ഥയിലെത്തും. അവർ അസാധാരണ അവസ്ഥയിയിലേക്ക് നീങ്ങിയതാണ്. അല്ലാഹു നമ്മെയും നമ്മെ സ്നേഹിക്കുന്നവരേയും ആമാർഗ്ഗം രുചിപ്പിക്കട്ടെ.. ആമീൻ. **(അൽ ജൗഹറുൽ മുനള്ളം:196,170)**

ഇപ്പറഞ്ഞതെല്ലാം ഏറ്റവും അദബും അടുപ്പവും അനുസരിച്ചു വ്യത്യാസപ്പെട്ടുകൊണ്ടേയിരിക്കും. ഇമാം സുംഹൂദി(റ), ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ), ഇമാം ശാമി(റ) തുടങ്ങിയവരെല്ലാം ഇബനു ഹംല(റ)വിനെ ഉദ്ധരിച്ചു അവസാനം കുറിച്ചുവെക്കുന്നത് കാണുക.

والمقصود من ذلك كله الاحترام والتعظيم، والناس تختلف مراتبهم في ذلك كما كانت تختلف في حياته، فأناس حين يرونه لا يملكون أنفسهم بل يبادرون إليه، وأناس فيهم أنة يتأخرون، والكل محل خير، انتهى.

📚 **الجوهر المنظم في زيارة القبر الشريف النبوي**، لابن حجر الهيتمي، ص : ١٦١) 📚 **وفاء الوفاء بأخبار دار المصطفى** ٢١٨/٤ — السمهودي (ت ٩١١) 📚 **سبل الهدى والرشاد في سيرة خير العباد** ٣٩٨/١٢ — الصالحي الشامي (ت ٩٤٢)

ഇപ്പറഞ്ഞതിന്റെ മുഴുവനും കൊണ്ടർത്ഥമാക്കുന്നത് ആദര വും ബഹുമാനവും നിലനിർത്തുക എന്നതാണ്. അത് ജനങ്ങൾ ക്കനുസരിച്ചുകൊണ്ട് മാറ്റങ്ങളുണ്ടാവും. ചിലർക്ക് അവരെത്തന്നെ ഒതുക്കാൻ കഴിയാതെ ഇത്തരം കാര്യങ്ങൾക്ക് ദൃതികാണിക്കും. മറ്റുചിലർ ഭയന്നു അകന്നു നിൽക്കും, എല്ലാം ഖൈർ തന്നെയാണ്. **(വഫാഉൽ വഫാ/ ഇമാം സുംഹൂദി(റ) :4/214) (അൽ ജൗഹറുൽ മുനള്ളം:161) (സുബലുൽ ഹുദാ വറശാദ്:12/398)**

ബിദ്അതുകാർക്ക് പോലും സ്വീകാര്യനായ ഇബ്നു തൈമിയ്യയുടെ ശിഷ്യൻ ഹാഫിളു ദഹബി എഴുതുന്നു.

قُلْتُ: كَرِهَ ذَلِكَ لأَنَّهُ رَآهُ إِسَاءَةَ أَدَبٍ، وَقَدْ سُئِلَ أَحْمَدُ بْنُ حَنْبَلٍ عَنْ مَسِّ الْقَبْرِ النَّبَوِيِّ وَتَقْبِيلِهِ، فَلَمْ يَرَ بِذَلِكَ بَأْسًا، رَوَاهُ عَنْهُ وَلَدُهُ عَبْدُ اللَّهِ بْنُ أَحْمَدَ.فَإِنْ قِيلَ: فَهَلا فَعَلَ ذَلِكَ الصَّحَابَةُ؟ قِيلَ: لأَنَّهُمْ عَايَنُوهُ حَيًّا وَتَمَلَّوْا بِهِ وَقَبَّلُوا يَدَهُ وَكَادُوا يَقْتَتِلُونَ عَلَى وُضُوئِهِ وَاقْتَسَمُوا شَعْرَهُ الْمُطَهَّرَ يَوْمَ الْحَجِّ الأَكْبَرِ، وَكَانَ إِذَا تَنَخَّمَ لا تَكَادُ نُخَامَتُهُ تَقَعُ إِلا فِي يَدِ رَجُلٍ فَيُدَلِّكُ بِهَا وَجْهَهُ، وَنَحْنُ فَلَمَّا لَمْ يَصِحْ لَنَا مِثْلُ هَذَا النَّصِيبِ الأَوْفَرِ تَرَامَيْنَا عَلَى قَبْرِهِ بِالالْتِزَامِ وَالتَّبْجِيلِ وَالاسْتِلامِ وَالتَّقْبِيلِ، أَلا تَرَى كَيْفَ فَعَلَ ثَابِتٌ الْبُنَانِيُّ؟ كَانَ يُقَبِّلُ يَدَ أَنَسِ بْنِ مَالِكٍ وَيَضَعُهَا عَلَى وَجْهِهِ وَيَقُولُ: يَدٌ مَسَّتْ يَدَ رَسُولِ اللَّهِ ﷺ. وَهَذِهِ الأُمُورُ لا يُحَرِّكُهَا مِنَ الْمُسْلِمِ إِلا فَرْطُ حُبِّهِ لِلنَّبِيِّ ﷺ، إِذْ هُوَ مَأْمُورٌ بِأَنْ يُحِبَّ اللَّهَ وَرَسُولَهُ أَشَدَّ مِنْ حُبِّهِ لِنَفْسِهِ، وَوَلَدِهِ وَالنَّاسِ أَجْمَعِينَ، وَمِنْ أَمْوَالِهِ، وَمِنَ الْجَنَّةِ وَحُورِهَا، بَلْ خَلْقٌ مِنَ الْمُؤْمِنِينَ يُحِبُّونَ أَبَا بَكْرٍ، وَعُمَرَ أَكْثَرَ مِنْ حُبِّ أَنْفُسِهِمْ **(معجم الشيوخ الكبير للذهبي ٧٣/١ شمس الدين الذهبي (ت ٧٤٨)**

ഞാൻ പറയട്ടെ!: ചുംബിക്കൽ കാറാഹതാണ് എന്നതൊക്കെ പറഞ്ഞത് അദബുകേടാകുമെന്ന കാരണം കൊണ്ടാണ്. അഹ്മദ് ബ്നു ഹമ്പൽ(റ) തന്നെ ചുംബിക്കുന്നത് പ്രശ്നമില്ലെന്ന് പറഞ്ഞത് തന്റെ മകൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്വഹാബത് ചുംബിച്ചില്ലേ എന്ന് ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി, അവർ മുത്ത്നബി(സ)യെ നേരിൽ കാണുകയും അവിടുത്തെ കൈകൾ മുത്തുകയും അവിടുന്ന് വുളൂഅ് ചെയ്ത വെള്ളത്തിന് വേണ്ടി തിരക്കു കൂട്ടിയവരും അവിടുത്തെ ശഅ്റ് വീതംവെച്ചവരും അവിടുത്തെ തുപ്പുനീർ വരെ മുഖത്ത് പുരട്ടിയ വരാണ്. എന്നാൽ, നമുക്ക് ഈ അവസരം കിട്ടാത്തതു കൊണ്ട് നാം അവിടുത്തെ ഖബർ ചുംബിക്കൽ കൊണ്ടും തൊട്ടുമുത്തൽ കൊണ്ടും ചാരത്തിരിക്കൽ കൊണ്ട് മുതലെടുക്കുന്നു. സാബിതുൽ ബുനാനീ(റ) മുത്ത്നബി(സ) സ്പർശിച്ച കൈയാണെന്ന് അറിഞ്ഞപ്പോൾ അനസ്(റ)വിന്റെ കൈ എടുത്ത് മുഖത്തുവെച്ച സംഭവം പ്രസിദ്ധമല്ലെ..! ഇതെല്ലാം മുത്ത് നബി(സ)യോടുള്ള സ്നേഹം കൊണ്ട് ഒരു മുസ്ലിമിനെ ആവേശം കൊള്ളിക്കുന്ന കാര്യങ്ങളാണ്. സ്വന്തത്തേക്കാൾ അവിടുത്തെ സ്നേഹിക്കാൻ വിശ്വാസികളോട് ദീനിന്റെ കൽപ്പനയാണ്. **(മുഅ്ജമു ശ്ശുയൂഖ് /ഹാഫി ളു ദഹബി:1/73)**

**ചുരുക്കം**

- മഖ്ബറകൾക്ക് ചാരെ നിൽക്കുന്നത് തന്നെ ആ മഖ്ബറ കൊണ്ടുള്ള ഏറ്റവും വലിയ അദബും തബർറു

കുമാണ്. അദബ് നഷ്ടപ്പെടാതെ ചുംബിച്ചും മുത്തിയും ബറകതെടുക്കാം.

- മുത്ത്നബി(സ)യുടെ ഖബറിൽ ഏറ്റവും അദബ് പാലിക്കേണ്ട സ്ഥലമായതിനാൽ ആദരവോടെ അകന്നു നിൽക്കുകയാണ് വേണ്ടത്. ചുംബിച്ചും മറ്റും ബറകതെടുക്കൽ കറാഹതാണ്.
- തിരു ഖബർ സ്വഹാബതും താബിഉകളും ചുംബിച്ച സംഭവങ്ങളുണ്ടെങ്കിലും അതെല്ലാം മഹബ്ബതിന്റെ കാഠിന്യം കാരണം ചെയ്തതാണ്. ശക്തമായ ഹുബ്ബുള്ളവർക്ക് ഇളവുണ്ട്.
- ജീവിതകാലത്തുള്ള അടുപ്പവും ആദരവും സ്നേഹവും ഓരോ വ്യക്തിയുടെയും മഹത്തുക്കളുടെയും സാഹചര്യമനുസരിച്ചു ഈ ഹുക്മ് മാറിക്കൊണ്ടിരിക്കും.
- സുന്നികൾ അദബ് നഷ്ടപ്പെടുമെന്ന കാരണത്താലാണ് ചില തബറുകിന്റെ ശൈലി വേണ്ടെന്നു വെക്കുന്നതെങ്കിൽ ബിദ്അതുകാർ ഖബറിനു ചാരെ അദബ് വന്നു പോയാൽ ശിർക്കാകുമെന്നതുകൊണ്ടാണ് ഇതിനെ എതിർക്കുന്നത്.

## വിളക്ക്, കൊടി, ജാറം മൂടുൽ

നേരിട്ട് ഖബറിനെ ചുംബിക്കുന്നത് തബർറുകിനാണെങ്കിൽ തന്നെയും നല്ലതല്ലെന്ന അഭിപ്രായം പറഞ്ഞ ഫുഖഹാക്കളെ പരിഗണിച്ചുകൊണ്ട് ബറകതെടുക്കാനുള്ള മറ്റു സൗകര്യമാണ് ഖബറിനു ചാരെ എണ്ണയും ഖബറിനെ പുതപ്പിച്ച തുണിയും ഖബറിനോട് ചേർത്തുവെച്ച കൊടിയുമെല്ലാം. എന്നാൽ മഹാത്മാക്കളുടെ ഖബറിനു മുകളിൽ പട്ടുവിരിക്കുന്നത് എതിർത്ത പണ്ഡിതരുണ്ട്. പക്ഷെ, മുത്ത്നബി(സ)യുടെയും മറ്റു അമ്പിയാക്കളുടേയും ഖബറിനുമീതെ പട്ടു വസ്ത്രങ്ങൾ വിരിക്കുന്നത് അനുവദനീമാണെന്നും ഒരുപണ്ഡിതരും എതിർക്കാത്ത വിധം കാലങ്ങ

ളോളമായി കൈമറിവന്നതാണെന്നും മിക്ക ശാഫിഈ ഫിഖ്ഹിന്റ ഗ്രന്ഥങ്ങളിലും പ്രബലാഭിപ്രായമായി തന്നെ കാണാനാകും.

ഇമാം ഖതീബു ശിർബീനി(റ) മുഗ്നിയിൽ എഴുതുന്നു.

نَعَمْ يَجُوزُ سَتْرُ الْكَعْبَةِ بِهِ، وَيَنْبَغِي جَوَازُ سَتْرِ قَبْرِهِ ﷺ بِهِ كَمَا جَرَتْ بِهِ الْعَادَةُ مِنْ غَيْرِ نَكِيرٍ. **(مغني المحتاج ١/٥٨٥ — الخطيب الشربيني (ت ٩٧٧)**

കഅ്ബ പട്ടുകൊണ്ട് മറക്കൽ അനുവദിനിയമാണ്. ഒരു എതിർപ്പും കൂടാതെ പതിവായി ചെയ്തുവരുന്ന കാര്യവുമായതു കൊണ്ട് നബി(സ)യുടെ ഖബ്റും പട്ടുകൊണ്ട് മറക്കൽ അനുവദനീയമാണെന്നത് പ്രബലാഭിപ്രായമാണ്. **(മുഗ്നിൽ മുഹ്താജ്/ ഇമാം ശിർബീനി(റ):1/585)**

ഇമാം മുഹമ്മദു റംലി(റ) പറയുന്നു.

قَوْلُهُ وَيَجُوزُ سَتْرُ الْكَعْبَةِ بِالدِّيبَاجِ) أَمَّا مَشَاهِدُ الْأَنْبِيَاءِ فَيَنْبَغِي الْجَزْمُ فِيهَا بِالْجَوَازِ كَالْكَعْبَةِ **(حاشية الرملي الكبير عالي أسنى المطالب ١/٣٨١ —الرملي الكبير محمد الرملي )**

കഅ്ബയെ പോലെ തന്നെ അമ്പിയാക്കളുടെ മഖാമുക ളും പട്ടുകൊണ്ട് മറക്കൽ അനുവദനീയമാണെന്ന് ഉറപ്പിച്ചു പറയാനാകുന്നതാണ്.**(ഹാശിയതു അസ്നുൽ മത്വാലിബ്/ഇമാം മുഹമ്മദ് റംലി(റ):1/381)**

ഇനിയും നിരവധി കിതാബുകളുണ്ട്. ചിലത്.

- نَعَمْ يَجُوزُ سَتْرُ الْكَعْبَةِ بِهِ تَعْظِيمًا لَهَا، وَالْأَوْجَهُ جَوَازُ سَتْرِ قَبْرِهِ ﷺ وَسَائِرِ الْأَنْبِيَاءِ بِهِ كَمَا جَزَمَ بِهِ الْأُشْمُونِيُّ فِي بَسِيطِهِ جَرْيًا عَلَى الْعَادَةِ الْمُسْتَمِرَّةِ مِنْ غَيْرِ نَكِيرٍ. **(نهاية المحتاج إلى شرح المنهاج ٢/٣٨١ — الرملي، شمس الدين (ت ١٠٠٤)**
- وَيَجُوزُ سَتْرُ الْكَعْبَةِ بِالْحَرِيرِ لِفِعْلِ السَّلَفِ وَالْخَلَفِ لَهُ تَعْظِيمًا لَهَا بِخِلَافِ سَتْرِ غَيْرِهَا بِهِ وَأَخَذَ بَعْضُ الْمُتَأَخِّرِينَ مِنْ التَّعْلِيلِ جَوَازَ سَتْرِ قَبْرِهِ ﷺ بِهِ. وَيَنْبَغِي اعْتِمَادُهُ **(مغني المحتاج إلى معرفة معاني ألفاظ المنهاج ٢/١٠٠ — الخطيب الشربيني (ت ٩٧٧)**

- نَعَمْ يَجُوزُ سَتْرُ الْكَعْبَةِ بِهَا تَعْظِيمًا لَهَا وَالْأَوْجَهُ جَوَازُ سَتْرِ قَبْرِهِ ﷺ وَسَائِرِ الْأَنْبِيَاءِ كَمَا جَزَمَ بِهِ الْأُشْمُونِيُّ فِي بَسِيطِهِ جَرْيًا عَلَى الْعَادَةِ الْمُسْتَمِرَّةِ مِنْ غَيْرِ نَكِيرٍ **(حاشية الجمل على شرح المنهج = فتوحات الوهاب بتوضيح شرح منهج الطلاب ٨٥/٢ — الجمل (ت ١٢٠٤)**

- نَعَمْ يَجُوزُ سَتْرُ الْكَعْبَةِ بِهِ تَعْظِيمًا لَهَا وَالْأَوْجَهُ جَوَازُ سَتْرِ قَبْرِهِ ﷺ وَسَائِرِ الْأَنْبِيَاءِ بِهِ كَمَا جَزَمَ بِهِ الْأُشْمُونِيُّ فِي بَسِيطِهِ جَرْيًا عَلَى الْعَادَةِ الْمُسْتَمِرَّةِ مِنْ غَيْرِ نَكِيرٍ اهـ **(حاشية الشرواني علي تحفة المحتاج ٢١/٣ — الشرواني)**

- وَأَخَذَ بَعْضُ الْمُتَأَخِّرِينَ مِنْ التَّعْلِيلِ جَوَازَ سَتْرِ قَبْرِهِ ﷺ بِهِ وَيَنْبَغِي اعْتِمَادُهُ**(حاشية الشرواني علي تحفة المحتاج ٢٨٢/٣ — الشرواني)**

അമ്പിയാക്കളുടെ മഖാമിനെ പോലെതന്നെ ഔലിയാക്കളുടെ മഖാമുകളിലും അനുവദനീയമാണെന്ന് അലിയ്യു ശിബ്രാമല്ലസി(റ) അടക്കം പറയുന്നുണ്ട്.

- **(**قَوْلُهُ: وَيُقْطَعُ بِسَرِقَةِ سِتْرِ الْكَعْبَةِ) وَيَنْبَغِي أَنْ يَقُولَ مِثْلَ ذَلِكَ فِي سِتْرِ الْأَوْلِيَاءِ **(حاشية الرشبراملسي– علي النهاية المحتاج٤٤٦/٧ -علي الرشبراملسي– (ت1087)**

- (قَوْلُهُ بِسَرِقَةِ سَتْرِ الْكَعْبَةِ إلَخْ) وَيَنْبَغِي أَنْ يُقَالَ مِثْلُ ذَلِكَ فِي سَتْرِ الْأَوْلِيَاءِ اهـ ع ش**(حاشية الشرواني علي تحفة المحتاج ١٣٢/٩ — الشرواني)**

പുറമെ, ജീവിച്ചിരിക്കുന്നവരെ ഷാളണിയിച്ച് ആദരിക്കുന്നതു പോലെ മഹത്തുക്കളോടുള്ള ആദരവിന്റെ സൂചകമായും നമുക്കിതിനെ വിലയിരുത്താനാകും. ഇമാം അബ്ദുൽ ഗനിയ്യുന്നാബൽസി(റ) വിന്റെ വാക്കുകൾ ഇസ്മാഈലുൽ ഹഖീ(റ) തന്റെ തഫ്സീറിൽ ഉദ്ധരിക്കുന്നത് കാണുക.

فبناء القباب على قبور العلماء والأولياء والصلحاء ووضع الستور والعمائم والثياب على العالمية امر جائز إذا كان القصد بذلك التعظيم فى أعين العامة حتى لا يحتقروا صاحب قبورهم هذا القبر وكذا إيقاد القناديل والشمع عند قبور الأولياء والصلحاء من باب التعظيم والإجلال ايضا للاولياء فالمقصد فيها مقصد حسن. ونذر الزيت والشمع للاولياء يوقد عند قبورهم تعظيما لهم ومحبة فيهم جائز ايضا لا ينبغي النهى عنه ومنها الدخول والقعود فيها

والمكث والعبادة والذكر ودراسة العلوم ونحو ذلك **(روح البيان ٣/٤٠٠ — إسماعيل حقي (ت ١١٢٧)**

അമ്പിയാ, ഔലിയാ, സ്വാലിഹീങ്ങളുടെ ഖബറിന് മുകളിൽ ഖുബ്ബ നിർമ്മിക്കൽ ഖബറിന്മേൽ വസ്ത്രം തലപ്പാവ് തുടങ്ങിയവ വെക്കൽ എന്നിങ്ങനെയുള്ള കാര്യങ്ങൾ അനുവദിനീയമാണ്. അത് കൊണ്ട് ആ മഹാന്മാരെ ജനങ്ങൾക്കിടയിൽ നിസ്സാരരാക്കാതെ വലിയ ആദരവുള്ളവരാക്കലാണ് ഉദ്ദേശം. അപ്രകാരം മഖ്ബറകൾക്ക് ചാരെ വിളക്ക്, മെഴുക് തുടങ്ങിയവ കത്തിക്കലും ഇത്തരത്തിലുള്ള ആദരവിന്റെ ഭാഗമാണ്. അത്കൊണ്ടുള്ള ഉദ്ദേശം വളരെ നല്ലതാണ്. മഖ്ബറകൾക്ക് വേണ്ടി വെണ്ണയും മെഴുകും നേർച്ചയാക്കൽ കൊണ്ട് അവരോടുള്ള ആദരവും സ്നേഹവും പ്രകടിപ്പിക്കലാണ് ഉദ്ദേശമെങ്കിൽ അതെല്ലാം അനുവദനീയം തന്നെ! അതൊരിക്കലും തടയപ്പെടേണ്ടതല്ല. മഹാന്മാരുടെ മഖ്ബറകളിൽ പ്രവേശിക്കലും അവിടെനിൽക്കലും ദിക്റുകളും ഇൽമും മറ്റു ഇബാദത്തുകൾ കൊണ്ട് ജോലിയാവലും ഇതേ ഗണത്തിൽ പെട്ടതാണ്. **(തഫ്സീറു റൂഹുൽ ബയാൻ:3/400)**

## ചില തെറ്റിദ്ധാരണകൾ ഒഴിവാക്കാം

കേരളത്തിനു പുറത്തു പോയാൽ ചില മഖാമുകളിലേക്ക് കയറിവരുന്ന വാതിൽ കട്ടിലുകൾ പോലും വെള്ളി നിറം നൽകി അതിലും തൊട്ടുമുത്തുകയും അതിനു വേണ്ടി കുനിയുകയും ചെയ്യുന്ന അവസ്ഥ കാണാറുണ്ട്. സാധാരണക്കാർ അടക്കം അത്തരം കാര്യങ്ങളിൽ നിന്ന് തെറ്റുധാരണകൾ അകറ്റാൻ വേണ്ടി മാറി നിൽകുന്നത് നല്ലതാണ്. അവ തബറുകിന് വേണ്ടി ചുംബിക്കുന്നത് കുഴപ്പമില്ലെന്ന് ഫുഖഹാക്കൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാഹചര്യങ്ങൾക്കനുസരിച്ചുള്ള തെറ്റിദ്ധാരണകൾക്ക് വഴിവെക്കാതിരിക്കുകയാണ് നല്ലത്.

തബർറുകും തഅ്ളീമും(ആദരവ്) രണ്ടും രണ്ടാണ്. ഖബറുകളെ ആദരവിനു വേണ്ടി ചുംബിക്കാൻ പാടില്ലെന്ന് ഇമാമീങ്ങൾ പറഞ്ഞിട്ടുണ്ട്. കാരണം ആദരവിന് വേണ്ടിയുള്ള ചുംബനം എന്നൊരു സംഗതിയില്ലാത്തതു കൊണ്ടാണ്. മഹത്തുക്കളുടെ ഖ

ബറിനു മുന്നിൽ ആദരവ് വേണം എന്നതിൽ അഇമ്മതിന് തർക്കമേയില്ല. എന്നാൽ എന്തെങ്കിലും ചെയ്തുകൂട്ടുന്നത് ആദരവാണെന്ന് പറയുന്നതിൽ ഒരർത്ഥവുമില്ല. അദബു കേടൊന്നുമില്ലാതെ ജീവിതകാലത്തുള്ളതു പോലെ ശാന്തനായി നിൽക്കുക എന്നതാണ് മഹാത്മാക്കളുടെ ഖബറിനെ ആദരിക്കേണ്ട രൂപം. പുറമെ, ജീവിതകാലത്ത് തന്നെ ആദരവിന് വേണ്ടി ഒരു വ്യക്തിയുടെ മുന്നിൽ കുനിയുക പോലുള്ള കാര്യങ്ങൾ ഇസ്ലാം നിരുത്സാഹപ്പെടുത്തിയതാണ്.

ഇന്ന് സാധാരണക്കാർ ഖബറുകൾ ചുംബിക്കുന്നത് ആദരവിനാണെന്ന് ഈ പറഞ്ഞതിൽ നിന്നൊന്നും അർത്ഥമില്ല.

ഇമാം റശീദി(റ) നിഹായയിൽ ബറകതിനേ ചുംബിക്കാവൂ എന്ന് പറഞ്ഞതിനെ വിശദീകരിക്കുന്നത് കാണുക.

(قَوْلُهُ: نَعَمْ إِنْ قَصَدَ بِتَقْبِيلِ أَضْرِحَتِهِمْ التَّبَرُّكَ إِلَخْ) هَذَا هُوَ الْوَاقِعُ فِي تَقْبِيلِ أَضْرِحَتِهِمْ وَأَعْتَابِهِمْ فَإِنَّ أَحَدًا لَا يُقَبِّلُهَا إِلَّا بِهَذَا الْقَصْدِ كَمَا هُوَ ظَاهِرٌ **(حاشية أحمد بن عبد الرزاق المعروف بالمغربي الرشيدي (١٠٩٦هـ) ص: نهاية المحتاج ٣٤/٣)**

തബർറുക് തന്നെയാണ് മഹാത്മാക്കളുടെ മകാമുകളിൽ ജനങ്ങൾ ചുംബിക്കുമ്പോൾ ഉദ്ധേശിക്കാറുള്ളത്. ഈ ഉദ്ധേശത്തോടെയല്ലാതെ ഒരാളും ചുംബിക്കാറില്ലെന്നത് വ്യക്തമാണ്. **(ഹാശിയതു നിഹായ/റശീദി:3/34)**

എന്നാൽ ഉലമാക്കൾ ഇത്തരം തബറുകിൽ നിന്ന് മാറിനിൽകുകയാണ് ചില സാധാരണക്കാരിൽ തെറ്റിദ്ധാരണയുണ്ടാകുന്നതിനാൽ നല്ലെതെന്ന് അല്ലാമാ ശർവാനി(റ) എഴുതുന്നുണ്ട്.

فَيَنْبَغِي لِمَنْ يَقْتَدِي بِهِ أَنْ لَا يَفْعَلَ نَحْوَ تَقْبِيلِ قُبُورِ الْأَوْلِيَاءِ فِي حُضُورِ الْجُهَلَاءِ الَّذِينَ لَا يُمَيِّزُونَ بَيْنَ التَّعْظِيمِ وَالتَّبَرُّكِ وَاللَّهُ أَعْلَمُ **(حاشية الشرواني - تحفة المحتاج في شرح المنهاج : ١٧٦/٣ — ابن حجر الهيتمي (ت ٩٧٤)**

തഅ്ളിമും തബറുകും തിരിച്ചറിയാത്ത വിവരമില്ലാത്തവരുടെ മുന്നിൽ നിന്ന് മാതൃകയാക്കപ്പെടുന്നയാളുകൾ ബറകതെടുക്കാതിരിക്കുകയാണ് വേണ്ടത്.**(ശർവാനി3/169)**

റശീദീ(റ) പറഞ്ഞതുപോലെ അത്തരം വിവരമില്ലാത്തവർ നമ്മുടെ നാടുകളിലില്ലെന്ന് പറയാനാകുമായിരിക്കും. മഹത്തുക്കളെ ജീവിതകാലത്തു തന്നെ കൈകൾ ചുംബിച്ച് ബറകതെടുക്കുന്നത് ഇന്ന് വ്യാപകമാണല്ലോ.. അല്ലാഹു അഅ്‌ലം!

## ഖബറിനു മുന്നിൽ സുജൂദ്

സൃഷ്ടികൾക്ക് മുന്നിൽ സുജൂദ് ചെയ്യുന്നത് കടുത്ത തെറ്റും ഒരുവേള ഇസ്ലാമിൽ നിന്ന് തന്നെ മുർത്തദ്ദായി പോകാൻ കാരണമാകുന്ന കാര്യവുമാണ്. മുത്ത് നബി(സ) തന്നെ വ്യക്തമായി ഇത് ശപിക്കപ്പെട്ട കാര്യമാണെന്ന് പറഞ്ഞ ഹദീസ് തുടക്കത്തിൽ വിശദീകരിക്കുകയും ചെയ്തു. ഇതിൽ സുന്നത്ത് ജമാഅതിന്റെ ഇമാമീങ്ങൾക്കിടയിൽ തർക്കമില്ല. അതുകൊണ്ട് തന്നെ കേരളത്തിൽ സുന്നികൾ സിയാറത് ചെയ്യുന്ന നൂറുകണക്കിന് മഖാമുകൾ ഉണ്ടായിട്ടും  ഒരൊറ്റ സുന്നിയും ഖബറുകൾക്കു മുന്നിൽ സുജൂദ് ചെയ്യുന്നത് ഇക്കാലം വരെ ബിദ്അതുകാർക്ക് കാണിക്കാൻ സാധിച്ചിട്ടില്ല. സുന്നികളെ ഇത്തരം കാര്യങ്ങൾ ആരോപിക്കുവാൻ ബിദ്അതുകാർ വേറെയേതെങ്കിലും നാടുകളിൽ ആരെങ്കിലും ചെയ്യുന്ന ഇത്തരം കടുത്ത തെറ്റുകൾ സുന്നികളുടെ മേൽ ആരോപിക്കാൻ ശ്രമിക്കാറുണ്ട്.

കേരളത്തിൽ വഹാബിസമെന്ന ബിദ്അത് പ്രസ്ഥാനം വരുന്നതിന് നൂറ്റാണ്ടുകൾക്കും മുമ്പേ സുന്നത്ത് ജമാഅതിന്റെ നേർ ശത്രുക്കളായി ഉണ്ടായിരുന്ന എണ്ണമറ്റ വ്യാജ ത്വരീഖതുകാർ ഇന്നും കേരളത്തിനകത്തുണ്ട്. അവരിൽനിന്നും ഇത്തരം പ്രവണതകൾ കണ്ടുവരാറുണ്ട്. കൊണ്ടോട്ടി ത്വരീഖത് പോലുള്ള വ്യാജർ ഇതിനുദാഹരണമാണ്. മമ്പുറം തങ്ങളുടെ കാലത്തുതന്നെ ഇവർക്കെതിരെ അവിടുന്ന് യുദ്ധം നയിച്ചതും ഉമർ ഖാളി(റ) രചനകൾ നടത്തിയതും ചരിത്രത്തിൽ കാണാം. ഇത്തരക്കാരുടെ ഖബറിനു മുന്നിലുള്ള സുജൂദ് പോലുള്ള ചെയ്തികളും സുന്നികളുടെ പേരിൽ വെച്ചുകെട്ടേണ്ട ഗതി ഇന്നത്തെ ബിദ്അതുകാർക്ക് സുന്നികളെ വിമർശിക്കാൻ ചെയ്യേണ്ടി വന്നിട്ടുണ്ട്.

# മഖ്ബറ നിർമ്മാണം

മഹാത്മാക്കൾ അന്ത്യ വിശ്രമം കൊള്ളുന്ന സ്ഥലം അനുഗ്ര ഹത്തിന്റെയും ബറകതിന്റെയും കേന്ദ്രങ്ങളാണെന്നും മറ്റു ഖബ റുകളെ അപേക്ഷിച്ച് മഹത്തുക്കളുടെ ഖബറുകൾക്ക് വലിയ മ ഹത്വമുണ്ടെന്നും കൃത്യമായി വിവരിച്ചു. സ്വന്തം മാതാപിതാക്ക ളുടെ ഖബർ സിയാറത് സുന്നത്തില്ലാത്ത സ്ത്രീകൾക്കു പോലും മഹാത്മാക്കളുടെ ഖബർസിയാറത് സുന്നത്താണെന്ന് വരെ കർ മ്മ ശാസ്ത്ര പണ്ഡിതർ വ്യക്തമാക്കിയതും അതിന്റെ കാരണവും നാം വായിച്ചു.

ഈ പോയിന്റുകളിലെല്ലാം ബിദ്അതുകാർ സുന്നത്ത് ജമാ അതിനോട് വിയോജിക്കുന്നവരാണെന്നും നമുക്ക് മനസ്സിലായി. മഹാന്മാരുടെ ഖബർ സിയാറതിനും തബറുകിനും വരുന്നവർ ക്ക് അതിനു വേണ്ടി കൂടുതൽ സൗകര്യങ്ങളൊരുക്കുന്നതിനെ ന മുക്ക് മഖ്ബറ/ മഖാം എന്നൊക്കെ വിളിക്കാം.

മറ്റു ഖബറുകളെ അപേക്ഷിച്ചു കൊണ്ട് മഹാത്മാക്കളുടെ ഖബർ സിയാറതിന് വലിയ ബറകതും പുണ്യവുമുണ്ടെന്ന കാ രണം കൊണ്ട് വിശ്വാസികൾ ഖബർ സിയാറതിനായി മഹാത്മാ

ക്കളുടെ ഖബറിടം സന്ദർശിക്കാൻ വരുമെന്നത് സ്വാഭാവികമാണ്. ഒരു സാധാരണ വ്യക്തിയുടെ ഖബർ അദ്ധേഹത്തിന്റെ കുടുംബവും മറ്റു പരിചയക്കാരും ആ ഓർമ നിലനിൽക്കുന്ന കാലം വരെ സിയാറത് നിലനിൽക്കുകയുള്ളൂ. ഇത് കാരണം പൊതു സ്മശാനത്തിലെ സാധാരണക്കാരുടെ ഖബർ അതിലുള്ളതെല്ലാം പൂർണ്ണമായും ജീർണ്ണിച്ചു പോകാവുന്ന സമയം കഴിഞ്ഞാൽ മറ്റുള്ളവർക്ക് വേണ്ടി, അത് ഒഴിഞ്ഞുകൊടുക്കണമെന്ന കാര്യം സകല കർമ്മശാസ്ത്രഗ്രന്ഥങ്ങളിലും കാണാനാകും. എന്നല്ല, ആ ഖബർ ഈ സമയം കഴിഞ്ഞതിനു ശേഷം മണ്ണുകൂട്ടി നന്നാക്കിയെടുക്കൽ ഹറാമാണ്. കാരണം പൊതുസ്മശാനം മറ്റുള്ളവർക്കും അവകാശപ്പെട്ടതാണ് എന്നതു തന്നെ!

ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) എഴുതുന്നു.

وَلَوْ انْمَحَقَ الْمَيِّتُ وَصَارَ تُرَابًا جَازَ نَبْشُهُ وَالدَفْنُ فِيهِ بَلْ تَحْرُمُ عِمَارَتُهُ وَتَسْوِيَةُ تُرَابِهِ فِي مُسَبَّلَةٍ لِتَحْجِيرِهِ عَلَى النَّاسِ( **تحفة المحتاج في شرح المنهاج:206/3 ابن حجر الهيتمي (ت ٩٧٤)**

ഒരു മയ്യിത്ത് പൂർണ്ണമായും ദ്രവിക്കുകയും അത് മണ്ണിനോട് ചേരുകയും ചെയ്താൽ ആ ഖബർ കുഴിക്കലും അതിൽ മറവ് ചെയ്യലും അനുവദനീയമാണ്. എന്നല്ല, ആ ഖബർ അതുപോലെ പരിപാലിക്കലും അതിനുമുകളിലുള്ള മണ്ണ് നേരെയാക്കിയിടലും പൊതുസ്മശാനത്തിൽ ഹറാമാണ്. കാരണം അതിൽ ജനങ്ങളുടെ അവകാശം കൈയടക്കലുണ്ട്. (തുഹ്ഫ/ **ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ):3/206)**

ഇമാം നവവി(റ) തന്റെ റൗളയിലും ഈ മസ്അലയുടെ കാരണം എഴുതുന്നത് 'ദ്രവിച്ചതിനു ശേഷവും ഖബറിന്റെ രൂപ ത്തിലായി നിലകൊണ്ടാൽ അത് പുതിയ ഖബറാണെന്ന് ധരിച്ചു പോകുന്നതിനാൽ ജനങ്ങൾക്കതിൽ പ്രയാസമുണ്ടാകും എന്നാണ്.'

- وَإِذَا بَلِيَ الْمَيِّتُ، لَمْ يَجُزْ عِمَارَةُ قَبْرِهِ وَتَسْوِيَةُ التُّرَابِ عَلَيْهِ فِي الْمَقَابِرِ الْمُسَبَّلَةِ، لِئَلَّا يَتَصَوَّرَ بِصُورَةِ الْقَبْرِ الْجَدِيدِ فَيَمْتَنِعَ النَّاسُ مِنَ الدَّفْنِ فِيهِ. **(روضة الطالبين وعمدة المفتين ٢/١٤٠ — النووي (ت ٦٧٦)**

എന്നാൽ മഹാത്മാക്കളുടെ ഖബറിന്റെ ഹുകമ് ഇങ്ങനെയല്ല. അവർ വഫതായതിനു ശേഷവും അത് എക്കാലത്തുമുള്ള വിശ്വാസികൾക്ക് ബറകതിന്റെ കേന്ദ്രമായി തന്നെ നിലനിർത്തണമെന്നതിനാൽ അത് മറ്റുള്ളവർക്ക് വേണ്ടി ഒഴിഞ്ഞു കൊടുക്കാൻ പാടുള്ളതല്ല. ആ ഖബർ കൊണ്ട് പ്രത്യേകമായി ലഭിക്കുന്ന തബർറുകെന്ന ഉപകാരം എക്കാലത്തും നിലനിൽ ക്കുന്നുണ്ട് എന്നതാണ് കാരണം.

ഇമാം ഇബ്നു ഹജറുൽ(റ) തന്നെ തുടർന്നെഴുതുന്നു.

قَالَ بَعْضُهُمْ إلَّا فِي صَحَابِيٍّ وَمَشْهُورِ الْوِلَايَةِ فَلَا يَجُوزُ وَإِنْ انْمَحَقَ وَيُؤَيِّدُهُ تَصْرِيحُهُمَا بِجَوَازِ الْوَصِيَّةِ بِعِمَارَةِ قُبُورِ الصُّلَحَاءِ أَيْ فِي غَيْرِ الْمُسَبَّلَةِ عَلَى مَا يَأْتِي فِي الْوَصِيَّةِ لِمَا فِيهِ مِنْ إحْيَاءِ الزِّيَارَةِ وَالتَّبَرُّكِ **(تحفة المحتاج في شرح المنهاج:206/3 ابن حجر الهيتمي (ت ٩٧٤)**

എന്നാൽ ചിലപണ്ഡിതർ ഈ മസ്അല സ്വഹാബികൾ, വിലായതു കൊണ്ട് പ്രസിദ്ധമായവർ എന്നവരിരുടെ ഖബറിന് ബാധകമല്ലെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അവരുടെ ഖബറുകൾ പൊളിച്ചു മാറ്റൽ അനുവദനീയമല്ല. അത് നുരുമ്പിപ്പോയാലും ശരി. സ്വാലിഹീങ്ങളുടെ ഖബറുകൾ പൊതു സ്മശാനമല്ലാത്തിടത്ത് പരിപാലിക്കാൻ വസ്വിയ്യത് ചെയ്യാമെന്ന് ഫുഖഹാക്കൾ വ്യക്തമാക്കിപ്പറഞ്ഞത് ഇതിന് ശക്തിപകരുന്നുണ്ട്. കാരണം തബർറുകും സിയാറതും നിലനിർത്താൻ വേണ്ടിയാണത്. (തുഹ്ഫ/ **ഇമാം ഇബ്നു ഹജർ(റ):3/206)**

ചില കിതാബുകൾ കൂടി

- بَلْ تَحْرُمُ عِمَارَتُهُ وتسوية التراب عليه لئلا يمتنع الناس منا لدفن فِيهِ لِظَنِّهِمْ عَدَمَ الْبِلَى وَاسْتَثْنَى قُبُورَ الصَّحَابَةِ وَالْعُلَمَاءِ وَالْأَوْلِيَاءِ**)فتح الوهاب بشرح منهج الطلاب ١/١١٨ — زكريا الأنصاري (ت ٩٢٦)**

- وَكَذَا الْإِيعَابُ عِبَارَتُهُ فَالَّذِي يُتَّجَهُ أَنَّهُ يَجُوزُ فِيهَا أَيْ فِي قُبُورِ الصَّالِحِينَ فِي الْمُسَبَّلَةِ تَسْوِيَةُ التُّرَابِ وَنَحْوِهَا مِمَّا يَمْنَعُ انْدِرَاسَهَا وَيُدِيمُ احْتِرَامَهَا اه.**(الشرواني ٢٠٦/٣)**
- قَالَ الْمُوَفَّقُ حَمْزَةُ الْحَمْوِيُّ فِي مُشْكَلِ الْوَسِيطِ أَنْ يَكُونَ الْمَدْفُونُ صَحَابِيًّا أَوْ مَنْ اُشْتُهِرَتْ وِلَايَتُهُ فَلَا يَجُوزُ نَبْشُهُ عِنْدَ الِانْمِحَاقِ. قَالَ ابْنُ شُهْبَةَ: وَقَدْ يُؤَيِّدُهُ مَا ذَكَرَهُ الشَّيْخَانِ فِي الْوَصَايَا أَنَّهُ تَجُوزُ الْوَصِيَّةُ لِعِمَارَةِ قُبُورِ الْأَنْبِيَاءِ وَالصَّالِحِينَ لِمَا فِيهِ مِنْ إحْيَاءِ الزِّيَارَةِ وَالتَّبَرُّكِ.**(مغني المحتاج إلى معرفة معاني ألفاظ المنهاج ٦٠/٢ — الخطيب الشربيني (ت ٩٧٧)**

ചുരുക്കത്തിൽ പരിശുദ്ധ ഖുർആൻ പോലും പറഞ്ഞ മഹത്തുക്കൾ അന്തിയുറങ്ങുന്ന മഖാമുകളുടെ മഹത്വം ചെറുതൊന്നുമല്ല. ഈ ബറകത് കരസ്ഥമാക്കുവാനായി മഹാന്മാരുടെ ഖബറിനു ചാരെ സിയാറതിനെത്തുന്നവർക്ക് സൗകര്യം ഒരുക്കൽ പോലും പുണ്യകർമ്മമാണെന്ന് ഇമാം ശാഫിഈ(റ) തന്നെ വ്യക്തമാക്കിയത് കർമശാസ്ത്ര ഗ്രന്ഥങ്ങളിൽ കാണാം.

ശാഫിഈ അസ്ഹാബിലെ ഏറ്റവും വലിയ പണ്ഡിതൻ എന്ന് വിശേഷിപ്പിച്ച ഇമാം ഗസ്സാലി(റ) അടക്കമുള്ള മഹത്തുക്കളുടെ ഉസ്താദായ ഇമാമുൽ ഹറമൈൻ(റ)(ഹി.478)

وألحق الشافعي بذلك عمارة قبور الأنبياء عليهم السلام، وهذا حسن؛ فإن قبورهم مشاهد قوم، وعمارتها قُربة، وكان شيخي يميل إلى ذلك في قبور مشائخ الإسلام وعلماء الدين، بناءً على ما ذكرناه،**(نهاية المطلب في دراية المذهب ٢٩٧/١١ — الجويني، الإمام الحرمين (ت ٤٧٨)**

മസ്ജിദ് നിർമാണം പോലുള്ള കാര്യങ്ങൾക്കു വേണ്ടി വസ്വിയ്യത് പറ്റുമെന്നതിനോട് ഇമാം ശാഫിഈ(റ) അമ്പിയാക്കളുടെ ഖബ്റുകളുടെ പരിപാലനം കൂടെ ചേർത്തു പറഞ്ഞിട്ടുണ്ട്. അത് നല്ലതാണ്. കാരണം: അവരുടെ ഖബ്റുകൾ അവരുടെ ശേഷിപ്പാണ്. അത് പരിപാലിക്കൽ പുണ്യകർമ്മമാണ്. ഇക്കാരണത്തിനു വേണ്ടി എന്റെ ശൈഖ് ഇതിലേക്ക് മശാഇഖൻമാരുടെയും ഉലമാക്കളുടെയും ഖബ്റുകളെ ചേർത്തിപ്പറഞ്ഞിട്ടുണ്ട്.**(നിഹായതുൽ മത്്ലബ്/ ഇമാമുൽ ഹറമൈനി(റ):11/297)**

ശാഫിഈ മദ്ഹബിലെ ഏറ്റവും അവലംബ യോഗ്യ ഗ്രന്ഥങ്ങളായ തുഹ്ഫയിലും നിഹായയിലും ഒരു പോലെ ഈ മസ്അല രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

وَشَمِلَ عَدَمُ الْمَعْصِيَةِ الْقُرْبَةَ كَعِمَارَةِ الْمَسَاجِدِ وَلَوْ مِنْ كَافِرٍ وَقُبُورِ الْأَنْبِيَاءِ وَالْعُلَمَاءِ وَالصَّالِحِينَ لِمَا فِي ذَلِكَ مِنْ إحْيَاءِ الزِّيَارَةِ وَالتَّبَرُّكِ بِهَا **[نهاية المحتاج إلى شرح المنهاج ٦/٤٢] [تحفة المحتاج : ٧/٥]**

തെറ്റായ കാര്യങ്ങൾക്ക് വേണ്ടി വസിയ്യത് പാടില്ലെന്ന് പറഞ്ഞതിൽ നിന്ന് പുണ്യകർമ്മങ്ങൾക്ക് വസ്വിയ്യത്ത് ചെയ്യാമെന്നായി. പള്ളി പരിപാലിക്കാനും അമ്പിയാക്കൾ, സ്വാലിഹീങ്ങൾ, ഉലമാക്കൾ എന്നിവരുടെ ഖബറുകൾ പരിപാലിക്കാൻ വസിയ്യത് ചെയ്യുന്നത് പോലെ, കാരണം: അതിൽ സിയാറത്ത് നിലനിർത്തലിനും ബറകതെടുക്കലിനും സൗകര്യം ചെയ്യലുണ്ട്. **(നിഹായ:6/42) (തുഹ്ഫതുൽ മുഹ്താജ്: 7/5)**

ശാഫിഈ മദ്ഹബിലെ ശൈഖാനി എന്നറിയപ്പെടുന്ന ഇമാം നവവി(റ)വും ഇമാം റാഫിഈ(റ)വും രേഖപ്പെടുത്തുന്നു.

- (فَرْعٌ) يَجُوزُ للمسلم والذِّمي الوَصِيَّةُ لِعِمارَةِ المَسْجِدِ الأقصى وغَيْرِهِ مِنَ المساجد ولِعِمارَةِ قُبُورِ الأنبياء والعُلَماءِ والصَّالِحِينَ لما فيها من إحْياءِ الزِيارَةِ والتَّبَرُّكِ بِها **(روضة الطالبين وعمدة المفتين: -٩٨/٦ النووي( ت ٦٧٦)**
- ويجوزُ للمُسْلِمِ والذِّمِّيِّ الوصيةُ لِعَمَارَةِ المسْجِدِ الأقْصَى، ولعمارَةِ قُبُورِ الأنْبِيَاءِ والعلَمَاءِ الصَّالِحِينَ لما فيها من إحياءِ الزِّيارة والتَّبَرُّكِ بها **(العزيز شرح الوجيز = الشرح الكبير للرافعي - ط العلمية ٨/٧ — الرافعي، عبد الكريم (ت ٦٢٣)**

ഒരു മുസ്ലിമിന് മസ്ജിദുൽ അഖ്സയും മറ്റുപള്ളികളും പരിപാലിക്കാൻ വേണ്ടിയും അംബിയാഅ്, ഉലമാഅ്, സ്വാലിഹീങ്ങൾ എന്നിവരുടെ ഖബറുകൾ പരിപാലിക്കാൻ വേണ്ടിയും വസിയ്യത് ചെയ്യാവുന്നതാണ്. കാരണം: അതിൽ സിയാറത്ത് നില നിർത്തുക, തബറുകെടുക്കുക, തുടങ്ങിയവ ഉണ്ടായതിനു വേണ്ടിയാണ്. **(റൗളതുത്വാലിബീൻ/ ഇമാംനവവി(റ):6/98) (ശറഹു വജീസ് /ഇമാം റാഫിഈ(റ):8/7)**

ഫത്ഹുൽ മുഈനിലും തുഹ്ഫയിലും ഈ മസ്അല പറയുന്നത് പൊതുവല്ലാത്തിടത്ത് മഹത്തുക്കളുടെ മഖ്ബറകൾക്കു മുകളിൽ ഖുബ്ബ പോലുള്ളത് നിർമ്മിക്കാൻ വസ്വിയ്യത് ചെയ്യൽ സുന്നത്താണെന്നാണ്.

- وَشَمِلَ عَدَمُ الْمَعْصِيَةِ الْقُرْبَةَ كَبِنَاءِ مَسْجِدٍ وَلَوْ مِنْ كَافِرٍ وَنَحْوِ قُبَّةٍ عَلَى قَبْرِ نَحْوِ عَالِمٍ فِي غَيْرِ مُسَبَّلَةٍ وَتَسْوِيَةِ قَبْرِهِ وَلَوْ بِهَا **[تحفة المحتاج ابن حجر الهيتمي: ٧/٥]**
- وكعمارة نحو قبة على قبر نحو عالم في غير مسبلة. (فتح المعين بشرح قرة العين:424 -زين الدين المعبري )ت ٩٨٧)
- فقد جزم الرافعي في أول كتاب الوصية بجواز الوصية لعمارة قبور الأنبياء والعلماء والصالحين، وعلله بأن فيه إحياء للزيارة والتبرك بها فينبغي استثناء هذه الأمور هنا أيضًا، بل تعليل الجواز هناك بإحياء الزيارة يقتضي الجواز مطلقًا هنا أو هناك، لأن زيارة الكل مستحبة. **(المهمات في شرح الروضة والرافعي ٦/٢٣٠ — الإسنوي (ت ٧٧٢)**

ഹമ്പലി മദ്ഹബിലെ ചില ഗ്രന്ഥങ്ങളിൽ തന്നെ

- وقال في «التَّرْغيبِ»: تَصِحُّ الوَصِيَّةُ لِعمارَةِ قُبورِ المَشايخِ والعُلَمَاءِ. **)الإنصاف في معرفة الراجح من الخلاف - التركي ٣١٣/١٧ المرداوي الحنبلي (ت ٨٨٥)**
- وقال في «الترغيب»: تصح الوصية لعمارة قبور المشايخ والعلماء. **)شرح منتهى الإرادات لابن النجار ٣٥٧/٧ — ابن النجار الفتوحي (ت ٩٧٢)**
- وَفِي التَّرْغِيبِ تَصِحُّ الْوَصِيَّةُ لِعِمَارَةِ قُبُورِ الْمَشَايخِ وَالْعُلَمَاءِ **)شرح منتهى الإرادات للبهوتي ٤٥٣/٢ — البهوتي (ت ١٠٥١)**

ഇതു കാരണമാണ് ഇമാം നവവി(റ) പല മഹത്തുക്കളുടേയും ഖബറുകൾ പരിചയപ്പെടുത്തിയപ്പോൾ അതിനു മുകളിൽ ഖുബ്ബയുണ്ടെന്ന് പ്രത്യേകം എടുത്തു പറഞ്ഞത്. തുടക്കത്തിൽ അത് വിശദമായി വിവരിച്ചിട്ടുണ്ട്.

മുല്ലാ അലിയ്യുൽ ഖാരി(റ) എഴുതുന്നു.

وَقَدْ أَبَاحَ السَّلَفُ الْبِنَاءَ عَلَى قَبْرِ الْمَشَايِخِ وَالْعُلَمَاءِ وَالْمَشْهُورِينَ لِيَزُورَهُمُ النَّاسُ، وَيَسْتَرِيحُوا بِالْجُلُوسِ فِيهِ اهـ.)**مرقاة المفاتيح شرح مشكاة المصابيح:1217/3 — الملا على القاري (ت ١٠١٤)**

തീർച്ചയായും സലഫുകൾ പ്രസിദ്ധരായ മശാഇഖുമാരുടെയും ഉലമാക്കളുടെയും ഖബറുകൾക്ക് മുകളിൽ ജനങ്ങൾക്ക് സിയാറത് ചെയ്യുവാനും അവിടം വരുന്നവർക്ക് വിശ്രമിക്കാനും വേണ്ടി എടുപ്പുണ്ടാക്കൽ അനുവദിനീയമാക്കിയിട്ടുണ്ട്. (**മിർഖാത് /മുല്ലാ അലിയ്യുൽ ഖാരി(റ)**:3/1217)

ചില കിതാബുകൾ കൂടി..

- وقد أباح السلف أن يبنى على قبور المشايخ والعلماء المشهورين ليزورهم الناس، ويستريح الناس بالجلوس في البناء الذي يكون على قبورهم مثل الرباطات والمساجد.**(المفاتيح في شرح المصابيح ٤٤٧/٢ - مظهر الدين الزيداني (ت ٧٢٧)**
- وقد أباح السلف البناء على قبور العلماء المشهورين والمشايخ المعظمين؛ ليزورها الناس، ويستريحوا إليها بالجلوس **(شرح المصابيح لابن الملك ٣٦٥/٢ — ابن الملك (ت ٨٥٤)**
- وقد أباح السلف البناء على قبور الفضلاء الأولياء والعلماء ليزورهم الناس ويستريحون فيه،**(مجمع بحار الأنوار ٥٧٩/٥ الفتني (ت ٩٨٦)**

ചുരുക്കത്തിൽ മഹാത്മാക്കളുടെ ഖബറുകൾ ബറകതിന്റെ കേന്ദ്രമാണന്നും അതിനാൽ അവരെ സിയാറത് ചെയ്യുന്നത് വളരെ പുണ്യവും അതിന് സൗകര്യം ചെയ്തു കൊടുക്കൽ പുണ്യകർമ്മമാണെന്നും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിലൂടെ ഫുഖഹാക്കൾ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അതിനു വേണ്ടി ഖുബ്ബ നിർമ്മിക്കൽ പോലും മഹത്വമാണെന്ന് ഇമാമീങ്ങൾ പഠിപ്പിച്ചു.

അതായത് മഹത്തുക്കളുടെ ഖബറിനു മുകളിൽ സിയാറതിനു വരുന്നവർക്ക് സൗകര്യാർത്ഥം കെട്ടിടവും ഖുബ്ബയും നിർമ്മിക്കുന്നത് അടിസ്ഥാനപരമായി തന്നെ പ്രതിഫലാർഹമായ കാര്യമാണ്. ഇത് പൊതു സ്മശാനത്തിലാകുമ്പോൾ അനുവദനീയമല്ലെന്ന് ഫുഖഹാക്കൾ പറഞ്ഞത് പുറമെയുള്ള മറ്റുള്ളവർക്കു കൂ

ടി അവകാശപ്പെട്ട പൊതുസ്ഥലമെന്ന കാരണത്താലാണ്. അത് പള്ളിയാണെങ്കിലും പൊതുഖബർസ്ഥാനിനു വേണ്ടിയുള്ള സ്ഥലത്ത് നിർമ്മിക്കൽ അനുവദനീയമല്ല.

വിധിയിൽ പള്ളിയുണ്ടാക്കുന്ന അതേ സ്ഥാനത്താണ് മഖ്ബറ നിർമ്മിക്കുന്നതിനുമെന്നാണ് പറഞ്ഞുവന്നത്. അതുകൊണ്ടാണ് എല്ലാ ഫിഖ്ഹിന്റെ കിതാബിലും പുണ്യകർമ്മങ്ങൾക്കുദാഹരണമായി പള്ളിനിർമ്മിക്കുന്നതിനോട് ഒപ്പം തന്നെ മഖ്ബറയെയും പറഞ്ഞത്. ഈ അടിസ്ഥാന വിധിയെ പരിഗണിച്ചുകൊണ്ടാണ് ഇമാം നവവി(റ) ജന്നത്തുൽ ബഖീഇൽ മറ മാടിയ പല മഹത്തുക്കളുടെയും ഖബറിനെ കുറിച്ച് തന്നെ അതിനു മുകളിൽ വലിയ ഖുബ്ബയുണ്ടാക്കി സിയാറതിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കിയത്. ഇമാം ശാഫിഈ(റ) വിന്റെ മഖ്ബറയുടെ പ്രൗഡിയും അവിടുന്ന് സുന്ദരമായി രേഖപ്പെടുത്തിയത് നാം വായിച്ചു.

മുത്ത് നബി(സ)യുടെ ഖബറുശരീഫിനു മേലെയുള്ള ബിദ്അതുകാർ പൊളിച്ചു കളയുമെന്ന് പറയുന്ന ഖുബ്ബ അത് നിർമ്മിക്കുന്നത് തന്നെ പുണ്യകർമ്മമാണെന്ന് ഇതിൽ നിന്ന് മനസ്സിലായി. ആ പുണ്യകർമ്മത്തെ കുറിച്ച് ബിദ്അതുകാരുടെ വിശ്വാസം കടുത്ത അനാചാരമാണെന്നാണ്. കാരണം ഫുഖഹാക്കൾ ഇത്തരം മസ്അലകളെ കണ്ട രൂപത്തിലല്ല ബിദ്അതുകാർ കാണുന്നത്. ബിദഇകൾക്ക് ഇതെല്ലാം ശിർക്കും ശിർക്കിന്റെ കേന്ദ്രവും അനാചാരവും, ശിയായിസവുമാണ്. അല്ലാഹു ദീൻ കൃത്യമായി മനസ്സിലാക്കാൻ നമുക്ക് തൌഫീഖ് നൽകട്ടെ..

# ഖബർ കെട്ടി ഉയർത്തൽ
# കർമ്മ ശാസ്ത്ര വീക്ഷണങ്ങൾ

മരണാനന്തര കർമ്മങ്ങളിൽ മറ്റു മതങ്ങളിൽ നിന്ന് ഏറെ വ്യത്യസ്ഥമാണ് ഇസ്‌ലാമിലെ മയ്യിത്ത് സംസ്കരണം. മൃതദേഹം കത്തിച്ചു കളയുക, പുഴയിലെറിയുക, മറ്റു ജീവികൾക്ക് ഭക്ഷിക്കാൻ എറിഞ്ഞു കൊടുക്കുക തുടങ്ങിയ പലവിധത്തിലുള്ള ആചാരങ്ങൾ നമുക്ക് ചുറ്റുമുള്ള മതങ്ങളിൽ കാണാനാകും. പലതും മാനുഷികമായ പരിഗണനയിൽ നിന്ന് പാടെ അകന്ന രീതിയിലാണ്. ഇസ്‌ലാമിൽ ഒരു മുസ്‌ലിമായ വ്യക്തി മരണപ്പെടുന്നതോടുകൂടെ അവന് മനുഷ്യനെന്ന സ്ഥാനമില്ലാതാകുന്നില്ല. വളരെ മൃതുലമായ രീതിയിൽ കുളിപ്പിച്ചു വൃത്തിയാക്കി, അഴുക്കുകളെല്ലാം കളഞ്ഞു, നല്ല വസ്ത്രം അണിയിപ്പിച്ചു കൊണ്ടാണ് മയ്യിതിനെ യാത്രയാക്കേണ്ടത്.

പുറമെ, പൊളിഞ്ഞു വീഴില്ലെന്നുറപ്പുള്ള നല്ലൊരു ഖബറിൽ തന്നെ അവനെ മറവു ചെയ്യണം. ശരീരത്തിലേക്ക് നേരെ മണ്ണുവാരിയിട്ടു കൊണ്ടുപോലും മറവ് ചെയ്യരുത്. മറ്റു ജീവികളുടെ ശല്യമോ ഉരുൾപൊട്ടൽ പോലുള്ള പ്രകൃതി ക്ഷോഭങ്ങളോ

ഏൽക്കാത്ത വിധം സംരക്ഷിക്കപ്പെടുന്ന കുഴിയായിരിക്കണം മയ്യിത്തിന് വേണ്ടി തയ്യാറാക്കേണ്ടത്.

ഖബറുകൾക്ക് ആഴവും വീതിയും, ഉയരവും ഇസ്‌ലാം നിശ്ചയിച്ചിട്ടുണ്ട്. കൃസ്ത്യീയ സ്മശാനങ്ങളെ പോലെയല്ല പള്ളിപ്പറമ്പുകളെന്ന് ഏതൊരാൾക്കും ബോധ്യമാകുന്ന കാര്യമാണ്. ഒരു പള്ളിപ്പറമ്പിൽ ആയിരം ഖബറുകളുണ്ടെങ്കിൽ ആ ആയിരത്തിനും ഒരേദിശയും ഒരേ ഉയരവുമായിരിക്കും കാണപ്പെടുക. അതെല്ലാം ഇസ്ലാമിക കർമ്മശാസ്ത്രം പഠിപ്പിച്ചതാണ്.

ഇമാം നവവി(റ) പറയുന്നു.

يُسْتَحَبُّ أَنْ يُرْفَعَ الْقَبْرُ عَنْ الْأَرْضِ قَدْرَ شِبْرٍ **(المجموع شرح المهذب - ط المنيرية ٢٩٦/٥ — النووي (ت ٦٧٦)**

ഖബർ ഭൂപ്രതലത്തിൽ നിന്ന് ഒരു ചാൺ അളവിൽ ഉയർത്തൽ സുന്നത്താണ്. **(മജ്മൂഅ്/ഇമാം നവവി(റ):5/296)**

ഇത് നാലു മദ്ഹബുകളിലും പ്രസിദ്ധമായ സുന്നത്തായതു കൊണ്ട് ലോകത്തെല്ലാ മുസ്ലിം ഖബർസ്ഥാനുകളിലെ ഖബറുകളും ഇതേ രീതിയിലാണ് കാണപ്പെടാറുള്ളത്. നമ്മുടെ നാട്ടിൽ ഓരോ ഗ്രാമങ്ങളിലൂടെ സഞ്ചരിച്ചാലും എല്ലാ ഖബറുകളും ഇതേ അവസ്ഥയിലാണ് കാണപ്പെടുക.

ഖബർ കെട്ടിപ്പൊക്കുന്നത് ഇസ്‌ലാമിൽ അടിസ്ഥാനപരമായി കറാഹതായ കാര്യമാണ്. അതിന്റെ കാരണവും ഇമാമീങ്ങൾ കൃത്യമായിപഠിപ്പിച്ചിട്ടുണ്ട്. പ്രമാണങ്ങളിലെ കൽപ്പനകളും വിരോധനകളും കൃത്യമായി മനസ്സിലാക്കേണ്ടത് അത് നമ്മിലേക്ക് കൈമാറിത്തന്ന മുജ്തഹിദുകളുടെ വിശദീകരണങ്ങളിൽ നിന്നാണ്. ചില വിരോധനകൾ ചില സന്ദർഭങ്ങളിലേക്കും ചില പ്രത്യേക കാരണങ്ങലിലേക്കും മാത്രം ഒതുങ്ങി നിൽക്കുന്നതുണ്ടാകും. ആ കാരണങ്ങളും സന്ദർഭങ്ങളും പരിഗണിച്ചു കൊണ്ടായിരിക്കും ഫുഖഹാക്കൾ ദീനിലെ വിധി പറയുന്നത്.

ഖബർ കെട്ടിപ്പൊക്കുന്നതിനെ കുറിച്ചുള്ള വിരോധനയും അതിന്റെ സാഹചര്യവും ഇമാമീങ്ങൾ കൃത്യമായി പഠിച്ചു മനസ്സിലാക്കി അതിന്റെ വിധി രേഖപ്പെടുത്തിയിട്ടുണ്ട്.

ആദ്യം ഈ ഹദീസ് കാണാം.

نَهَى رَسُولُ اللَّهِ ﷺ أَنْ يُجَصَّصَ الْقَبْرُ وَأَنْ يُبْنَى عَلَيْهِ وَأَنْ يُقْعَدَ عَلَيْهِ».

നബി(സ) ഖബറിനു മുകളിൽ ഇരിക്കുന്നതും ഖബർ കുമ്മായം പൂശുന്നതും അതിനു മുകളിൽ എടുപ്പുണ്ടാക്കുന്നതും വിരോധിച്ചിരിക്കുന്നു. **(സ്വഹീഹ് മുസ്‌ലിം:970)**

ഈ ഹദീസ് ഉദ്ധരിച്ചു കൊണ്ട് ഖബർ പൊതു സ്മശാനത്തിൽ കെട്ടിപ്പൊക്കരുതെന്ന് പറഞ്ഞ ശേഷം ഇമാം ശാഫിഈ (റ) എഴുതുന്നത് ശ്രദ്ധിക്കുക:

فَإِنْ كَانَتْ الْقُبُورُ فِي الأَرْضِ يَمْلِكُها المَوْتَى فِي حَياتِهِمْ أَوْ وَرَثَتُهُمْ بَعْدَهُمْ لَمْ يُهْدَمْ شَيْءٌ أَنْ يُبنى منها وإنَّما يُهدمُ إِنْ هُدِمَ ما لا يَمْلِكُهُ أَحَدٌ فَهَدْمُه لِئَلَّا يُحْجِرَ عَلَى النَّاسِ مَوضِعُ القَبْرِ فَلَا يُدْفَنُ فِيهِ أَحَدٌ فَيَضِيق ذَلكَ بالناس **[الأم، الإمام الشافعي ١/٣١٦]**

"സ്വന്തമോ തന്റെ അനന്തരാവകാശികൾക്കുള്ളതോ ആയ ഭൂമിയിലാണ് ഖബർ കെട്ടിപ്പൊക്കിയതെങ്കിൽ അതൊരു നിലക്കും പൊളിക്കേണ്ടതില്ല. ഒരാൾക്കും ഉടമസ്ഥാവകാശമില്ലാത്തിടത്ത് (പൊതു സ്മശാനത്തിൽ) കെട്ടിപ്പൊക്കിയ ഖബറുകൾ മാത്രമാണ് പൊളിക്കേണ്ടത്. ഇത് മറ്റുജനങ്ങളുടെ സ്ഥലം നഷ്ടപ്പെടുത്താതിരിക്കാൻ വേണ്ടിയാണ്. പൊതു സ്മശാനത്തിൽ ഖബർ കെട്ടിപ്പൊക്കുമ്പോൾ പിന്നീട് ഒരാളെയും അവിടെ മറവ് ചെയ്യാൻ സാധിക്കാതെ വരും. അതുകാരണം ജനങ്ങൾക്ക് പ്രയാസമായിത്തീരും." **(അൽ ഉമ്മ്/ഇമാം ശാഫിഈ:1/316)**

മുകളിൽ പറഞ്ഞ ഹദീസ് ഇമാം ശാഫിഈ(റ) ഉദ്ധരിച്ചത് ഈ കാരണം പറയാനാണ്. തൊട്ട് താഴെ ഈ പറഞ്ഞ കാരണം മാത്രം വെട്ടിമാറ്റി, ഹദീസെടുത്തുകൊണ്ട് ബിദ്അതുകാർ ഇമാം ശാഫിഈ(റ) യുടെ പേരിൽ പ്രചരിപ്പിച്ചു, സാധാരണക്കാരെ നിത്യവും തെറ്റിദ്ധരിപ്പിക്കാറുണ്ട്. ബിദ്അതുകാർക്കൊരിക്ക

ലും ഇമാം ശാഫിഈ(റ) തൊട്ട് താഴെ പറഞ്ഞ ഈ വിശദീകരണം ഉൾക്കൊള്ളാൻ സാധിക്കുകയില്ല.

ഇതിലേക്ക് നാം തൊട്ടുമുമ്പത്തെ അദ്ധ്യായത്തിൽ വിവരിച്ച ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ)വിന്റെ വാക്കുകൾ കൂടി ചേർത്തുവായിക്കേണ്ടതുണ്ട്.[1] സാധാരണക്കാരുടെ മയ്യിത്ത് ദ്രവിച്ചു പോകുന്ന കാലയളവ് കഴിഞ്ഞാൽ പൊതു സ്മശാനത്തിലുള്ള ആ ഖബർ വീണ്ടും നന്നാക്കി പരിപാലിക്കൽ ഹറാമാണ്. ആ സ്ഥലം മറ്റു മയ്യിതുകൾക്കു വേണ്ടി ഒഴിഞ്ഞു കൊടുക്കുകയാണ് ചെയ്യേണ്ടതെന്ന് നാം വിശദമായി വായിച്ചു.

അതായത് പൊതു സ്മശാനത്തിൽ ഖബറുകൾ ആർക്കും കെട്ടി ഇഷ്ടത്തിനനുസരിച്ച് കെട്ടിപ്പൊക്കാനാകുമെങ്കിൽ അത് ദ്രവിച്ചു കഴിഞ്ഞാലും ആ സ്ഥലം മുടക്കായി കാലങ്ങളോളം നിലകൊള്ളുന്നതു മൂലം പിൽക്കാലത്തു വരുന്ന പൊതു ജനങ്ങൾക്ക് ഒരു ഉപകാരവമില്ലാതെ ആസ്ഥലം ശല്യമായിത്തീരുന്ന അവസ്ഥ കടന്നുവരും എന്നതു കൊണ്ടാണ് ഇസ്ലാം ഇതിനെ വിരോധിച്ചത്. ഇതനുസരിച്ചു കൊണ്ട് തന്നെയാണ് ലോകത്തെല്ലായിടത്തുമുള്ള സുന്നികൾ പ്രവർത്തിക്കാറുമുള്ളത്. അതിനുള്ള അവസരം പാടെ അടക്കുകയാണ് നബി(സ)യുടെ ചെയ്തതെന്നാണ് ഈ ഹദീസിലുള്ള വിരോധനയെ കുറിച്ച് ഇമാമീങ്ങൾ വ്യക്തമാക്കിയതിന്റെ സാരം. അതുകാരണമാണ് സ്വന്തം ഭൂമിയിലാണ് ഖബറുള്ളതെങ്കിൽ അത് കെട്ടി ഉയർത്തിയത് ഈ ഹദീസിന്റെ അ

[1]ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) എഴുതുന്നു.

وَلَوْ انْمَحَقَ الْمَيِّتُ وَصَارَ تُرَابًا جَازَ نَبْشُهُ وَالدَفْنُ فِيهِ بَلْ تَحْرُمُ عِمَارَتُهُ وَتَسْوِيَةُ تُرَابِهِ فِي مُسَبَّلَةٍ لِتَحْجِيرِهِ عَلَى النَّاسِ( **تحفة المحتاج في شرح المنهاج:206/3 ابن حجر الهيتمي (ت ٩٧٤)**

ഒരു മയ്യിത്ത് പൂർണ്ണമായും ദ്രവിക്കുകയും അത് മണ്ണിനോട് ചേരുക യും ചെയ്താൽ ആ ഖബർ മാന്തലും അതിൽ മറവ് ചെയ്യലും അനുവദനീയ മാണ്. എന്നല്ല, ആ ഖബർ അതുപോലെ പരിപാലിക്കലും അതിനുമുകളിലു ള്ള മണ്ണ് നേരെയാക്കിയിടലും പൊതുസ്മശാനത്തിൽ ഹറാമാണ്. കാരണം അതിൽ ജനങ്ങളുടെ അവകാശം കൈയടക്കലുണ്ട്. (**തുഹ്ഫ/ ഇമാം ഇ ബ്നു ഹജറുൽ ഹൈതമി(റ):3/206)**

ടിസ്ഥാനത്തിൽ പൊളിക്കേണ്ടതില്ലെന്ന് ഇമാം ശാഫിഈ(റ) എഴുതിയത്.

ചുരുക്കത്തിൽ ഖബർ കെട്ടിപ്പൊക്കലിന് ഇസ്ലാമിൽ പല വിധത്തിലുള്ള സാഹചര്യങ്ങളെ പരിഗണിച്ച് പല വിധികളുമുണ്ട്. ഒരുവേള ഖബർ കെട്ടിപ്പൊക്കൽ നിർബന്ധം പോലുമാകുന്ന സാഹചര്യം എല്ലാ ഫിഖ്ഹിന്റെ ഗ്രന്ഥങ്ങളിലും കാണാനാകും. നമുക്ക് ഇതുമായി ബന്ധപ്പെട്ട ഓരോ വിധികളും പരിശോധിക്കാം.

## കെട്ടിപ്പൊക്കൽ നിർബന്ധം

ഹദീസിൽ വന്ന വിരോധന പ്രത്യേക കാരണങ്ങളെ പരിഗണിച്ചാണെന്ന് ഇമാംശാഫിഈ(റ) വിന്റെ വാക്കിൽ നിന്നുതന്നെ വ്യക്തമായല്ലോ. ഈ അടിസ്ഥാനത്തിൽ നിന്ന് ഇസ്‌ലാമിൽ ഖബറുകൾ കെട്ടിപ്പൊക്കൽ നിർബ്ബന്ധമാകുന്ന സാഹചര്യങ്ങൾ തന്നെ നമുക്ക് കാണാനാകും.

അടിസ്ഥാന വിധി കറാഹതാണെന്ന് പറഞ്ഞതിനു ശേഷം ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) എഴുതുന്നു.

(وَيُكْرَهُ تَجْصِيصُ الْقَبْرِ).... (وَالْبِنَاءُ)....نَعَمْ إنْ خُشِيَ. نَبْشٌ أَوْ حَفْرُ سَبُعٍ أَوْ هَدْمُ سَيْلٍ لَمْ يُكْرَهْ الْبِنَاءُ وَالتَّجْصِيصُ بَلْ قَدْ يَجِبَانِ **(تحفة المحتاج في شرح المنهاج وحواشي الشرواني والعبادي:196/3)**

"പക്ഷെ, ആരെങ്കിലും ഖബർ മാന്തുമെന്നോ, വന്യമൃഗത്തിന്റെ ശല്യമോ, ഉരുൾപൊട്ടൽ കൊണ്ട് പൊളിഞ്ഞു പോകുമെന്നോ ഭയന്നാൽ കറാഹതില്ല. മറിച്ച് ഈ സാഹചര്യങ്ങളിൽ ഖബർ കെട്ടിപ്പൊക്കലും, കുമ്മായം തേക്കലും നിർബ്ബന്ധം തന്നെയാകും."(**തുഹ്ഫ/ഇബ്നു ഹജറുൽ ഹൈതമി:3/196**)

മുസ്ലിമീങ്ങളുടെ ഖബറുകൾ കണ്ടാൽ പൊളിച്ചു കളയുന്ന ശത്രുക്കളുള്ള സാഹചര്യത്തിൽ ഒരു ചാൺ ഉയർത്തൽ സുന്നത്താണെന്ന മസ്അല ഹറാമാകുമെന്നും ഫുഖഹാക്കൾ പഠിപ്പിച്ചിട്ടുണ്ട്. ചില നാടുകളിൽ സാധാരണ രീതിയിൽ ഖബർ കുഴി

ച്ചാൽ വന്യമൃഗങ്ങൾ വന്ന് മയ്യിത്തെടുത്തു പോകുന്ന സാഹചര്യമുള്ളതായും ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) തുഹ്ഫയുടെ മറ്റൊരു ഭാഗത്ത് പറയുകയും, വേണ്ടിവന്നാൽ അവിടെ പെട്ടിപോലുള്ളതിലാക്കി മറവ് ചെയ്യൽ നിർബ്ബന്ധവുമാണെന്ന മസ്അലയും കർമ്മ ശാസ്ത്രത്തിലുണ്ട് *(തുഹ്ഫ:3/16 6)*

ഈ മസ്അല ഇങ്ങനെ പറയുന്നത് ഹദീസിൽ വിരോധനയായി വന്ന കാര്യം സാഹചര്യങ്ങളും കാരണങ്ങളും പരിഗണിക്കുമ്പോൾ നിർബ്ബന്ധവും സുന്നത്തായ കാര്യം ഹറാമുമാകുന്ന സാഹചര്യമുണ്ടെന്ന് ബോധ്യപ്പെടുത്തുവാൻ വേണ്ടിയാണ്. കർമ്മശാസ്ത്രത്തെ പാടെ നിരാകരിക്കുന്ന പുത്തൻവാദികൾക്ക് ഇത്തരം സന്ദർഭങ്ങളിലുള്ള വിധികൾ പറയാൻ സാധിക്കുകയില്ല.

## കെട്ടിപ്പൊക്കൽ കറാഹത്

ഹദീസിലെ വിരോധനയുടെ അടിസ്ഥാന വിധി കറാഹതാണെന്ന് നാം മുമ്പ് പറഞ്ഞു. ഇമാം ശാഫിഈ(റ) പോലും സ്വന്തം ഉടമസ്ഥതയിലാണെങ്കിൽ ഒന്നുംതന്നെ പൊളിക്കേണ്ടതില്ലെന്ന് വ്യക്തമായി പറയുകയും ചെയ്തു. മറ്റുള്ളവർക്കും അവകാശപ്പെട്ട ഭൂമിയിൽ ഒരിക്കലും എടുത്തുമാറ്റപ്പെടാത്ത രൂപത്തിൽ കാലാകാലം പൊതുസ്ഥലം അപഹരിക്കപ്പെട്ടു കിടക്കുന്ന അവസ്ഥയുണ്ടാകുമെന്നതാണ് കാരണമായി അവിടുന്ന് പറഞ്ഞത്.

ഇമാം നവവി(റ) പറയുന്നു.

وَأَمَّا الْبِنَاءُ عَلَيْهِ فَإِنْ كَانَ فِي مِلْكِ الْبَانِي فَمَكْرُوهٌ( **شرح النووي على مسلم :7/27( النووي ت ٦٧٦)**

“സ്വന്തം ഉടമസ്ഥതയിൽ ഖബർ കെട്ടിഉയർത്തൽ കറാഹതാണ്.” **(ശറഹു മുസ്ലിം:7/27)**

ഈ മസ്അലയും മഹാന്മാരുടെ ഖബറുകൾ അല്ലാത്തിടത്താണ്. മഹാത്മാക്കളുടെ ഖബർ പൊതു സ്മശാനത്തിലല്ലെ

www.sunnahclub.in

ങ്കിൽ കെട്ടി ഉയർത്തുന്നതിനും കറാഹതില്ലെന്ന് ഫുഖഹാക്കൾ വ്യക്തമാക്കിയിട്ടുണ്ട്.

ഹനഫീ മദ്ഹബിലെ പ്രധാന അവലംബ ഗ്രന്ഥത്തിൽ നിന്ന് വായിക്കാം.

وَقِيلَ لَا يُكْرَهُ الْبِنَاءُ إذَا كَانَ الْمَيِّتُ مِنْ الْمَشَايِخِ وَالْعُلَمَاءِ وَالسَّادَاتِ اهـ **(حاشية ابن عابدين - رد المحتار ط الحلبي ٢/٢٣٧ — ابن عابدين (ت ١٢٥٢)**

ഖബർ കെട്ടിപ്പൊക്കൽ കറാഹതാകുന്നത് മശാഇഖൻമാരുടെയും ഉലമാക്കളുടെയും സാദാത്തുകളുടെയും ഖബറുകൾ അല്ലെങ്കിലാണെന്ന അഭിപ്രായമുണ്ട്. **(ഹാശിയതു ഇബ്നു ആബിദീൻ:2/237)**

## കെട്ടിപ്പൊക്കൽ ഹറാം

പൊതു സ്മശാനങ്ങളിൽ ഖബർ കെട്ടിപ്പൊക്കൽ ഹറാമാണ്. അതിന്റെ കാരണവും ഇമാം ശാഫിഈ(റ) വ്യക്തമായി പറഞ്ഞത് നാം കണ്ടു. അതുകൊണ്ട് തന്നെ പൊതുസ്മശാനങ്ങളിലെവിടെയും സുന്നികൾ ഖബറുകൾ കെട്ടിപ്പൊക്കാറില്ല. ഒരു ഖബർസ്ഥാനിൽ ആയിരം ഖബറുകളുണ്ടെങ്കിൽ പൊതു സ്മശാനം എന്ന നിലക്ക് ഒരൊറ്റ ഖബറും കെട്ടിപ്പൊക്കിയത് കാണാനാകില്ല.

എന്നാൽ ചില അപൂർവ്വം പൊതു സ്മശാനങ്ങളിൽ ചില മഖാമുകൾ കെട്ടിപ്പൊക്കിയത് പതിനായിരത്തിൽ ഒന്ന് എന്ന നിലക്ക് കണ്ടെന്നും വരാം. മമ്പുറം മഖാം അതിനുദാഹരണമാണ്. പക്ഷെ ഇവ കെട്ടിപ്പൊക്കുന്ന സമയം അവിടം പൊതു സ്മശാനം ആയിരുന്നില്ല. ഒരു മഹാത്മാവിനെ ഒരിടത്ത് മറവ് ചെയ്യുന്നു. അവിടെ സിയാറതിന് വരുന്നവരുടെ ആധിക്യം പരിഗണിച്ചു വലിയ സംവിധാനങ്ങളൊരുക്കി, മഖ്ബറയും ഖുബ്ബയും നിർമ്മിക്കുന്നു. അത് പുണ്യകർമ്മമാണെന്ന് ഇമാമീങ്ങൾ നിസ്സംശയം പറഞ്ഞത് നാം വായിച്ചു.

മഹാത്മാക്കളുടെ മഖാമിനു സമീപ്പം മറവിട്ടു കിടക്കുന്നതും അതിന് ആഗ്രഹിക്കുന്നതും ശറഇൽ വലിയ മഹത്വമുള്ളതാണെന്ന കാര്യം കർമ്മ ശാസ്ത്ര പണ്ഡിതർ വിശദീകരിച്ചതും നാം തുടക്കത്തിൽ വ്യക്തമാക്കിയിരുന്നു. ഉമർ(റ) മുത്ത് നബി(സ)യുടെ ചാരെ അവസരം ലഭിക്കാൻ ആഗ്രഹിച്ചു, സമ്മതം ചോദിച്ചു വാങ്ങിയ സംഭവം തന്നെ അതിന് വ്യക്തമായ തെളിവാണ്. ഇതാഗ്രഹിച്ചു കൊണ്ട് വരുന്നവർക്ക് വേണ്ടി ആ ഖബറിന്റെ ചില ഭാഗങ്ങൾ മറവുചെയ്യാൻവേണ്ടി സൗകര്യമൊരുക്കുകയാണ് ഇവിടെ ഇത്തരത്തിൽ പൊതുസ്മശാനമായ ഇടങ്ങളിൽ അപൂർവമായെങ്കിലും മഖ്ബറകൾ കാണപ്പെടാൻ കാരണം. ഇങ്ങനെ പൊതുസ്മശാനമായത് ഈ വിരോധനയുടെ പരിധിയിൽ വരില്ലെന്ന് എല്ലാ കർമ്മശാസ്ത്ര ഗ്രന്ഥങ്ങളും വിശദീകരിക്കുന്നുണ്ട്.

ഇമാം റംലി(റ) എഴുതുന്നു.

قَدْ أَفْتَى جَمَاعَةٌ مِنْ الْعُلَمَاءِ بِهَدْمِ مَا بُنِيَ فِيهَا، وَيَظْهَرُ حَمْلُهُ عَلَى مَا إذَا عُرِفَ حَالُهُ فِي الْوَضْعِ فَإِنْ جُهِلَ تُرِكَ حَمْلًا عَلَى وَضْعِهِ بِحَقٍّ **(نهاية المحتاج إلى شرح المنهاج ٣/٣٤،٣٥، — الرملي، شمس الدين (ت ١٠٠٤)**

'പണ്ഡിതരിൽ നിന്ന് ചിലർ പൊതുസ്മശാനത്തിൽ കെട്ടിയുണ്ടാക്കിയത് പൊളിക്കണമെന്ന് ഫത്‌വനൽകിയിട്ടുണ്ട്. ഇത് കെട്ടി ഉയർത്തിയ സമയം തന്നെ പൊതുസ്മശാനം ആണെന്ന് അറിയപ്പെട്ടിടത്തേക്കാണെന്ന് വ്യക്തമാണ്. അതറിയില്ലെങ്കിൽ പൊളിക്കരുത്. ഹഖിന്റെ പേരിലായിരിക്കും ഉണ്ടാക്കിയതെന്നതിന്റെ മേൽ ചുമത്തപ്പെടണം.'(**നിഹായ/ഇമാം റംലി:3/34,35**)

ഇത് മഖ്ബറയിൽ മാത്രമല്ല. പള്ളിയാണ് നിർമ്മിച്ചതെങ്കിലും പൊളിച്ചുകളയൽ നിർബ്ബന്ധമാണ്. ഇക്കാരണത്താൽ ഇമാം നവവി(റ) തന്നെ വളരെ മഹത്വപ്പെടുത്തി സംസാരിച്ച[1] ഇ

[1] ഇമാം നവവി(റ) ഈ ഖബറിനെ കുറിച്ച് പറഞ്ഞത് മുമ്പ് വിശദീകരിച്ചിട്ടുണ്ട്.

وَقَبْرُهُ بِمِصْرَ. عَلَيْهِ مِنْ الْجَلَالَةِ وَلَهُ مِنْ الِاحْتِرَامِ مَا هُوَ لَائِقٌ بِمَنْصِبِ ذَلِكَ الْإِمَامِ. **[تهذيب الأسماء واللغات - ١/٤٦] (المجموع شرح المهذب:٨/١ - ط المنيرية — النووي) ت ٦٧٦)**

മാം ശാഫിഈ(റ) വിന്റെ ഖുബ്ബ പൊളിക്കണമെന്ന് പലരും അ ക്കാലത്ത് ഫത്വ നൽകിയിരുന്നു. പക്ഷെ കെട്ടിപ്പൊക്കിയതിനു ശേഷമാണ് പൊതുസ്മശാനമായി മാറിയതെങ്കിൽ പൊളിക്കാൻ പാടില്ലെന്ന് ഈ കർമ്മശാസ്ത്ര വിധികൊണ്ട് ആ ഫത്വകളെ ഇ മാമീങ്ങൾ തള്ളുകയാണ് ചെയ്തത്.

ഇമാം അലിയ്യു ശിബ്റാമൽസി(റ) പറയുന്നു.

وَهُـوَ مَـرْدُودٌ؛ لِأَنَّ قُبَّـةَ إمَامِنَـا كَانَـتْ قَبْـلَ الْوَقْـفِ دَارَ ابْـنِ عَبْـدِ الْحَكَـمِ **(حاشـية الشبراملسي علي نهاية المحتاج - نور الدين بن علي الشبراملسي ٣٥/٣، (١٠٨٧ه)**

ശാഫിഈ ഇമാമീന്റെ ഖുബ്ബ പൊളിക്കണമെന്ന ഫത്വ ത ള്ളപ്പെട്ടതാണ്. കാരണം അവിടുത്തെ ഖുബ്ബ വഖ്ഫിനു മുമ്പ് നി ല കൊള്ളുന്നത് അബ്ദുൽ ഹകമിന്റെ വീട്ടിലാണ്. (**ഹാശിയതു നിഹായ:3/35**)

ഇതോടെ ഇനി വളരെ ഒറ്റപ്പെട്ട ഖബറുകൾ പൊതുസ്മശാ നമായിരിക്കെ തന്നെ ഖബർ കെട്ടിപ്പൊക്കിയത് ഉണ്ടായേക്കാം എന്നേ ചിന്തിക്കാനാവൂ.. എന്നാൽ ഈ മസ്അലകളെല്ലാം മ ഹാത്മാക്കളുടെ ബറകതിന്റെ കേന്ദ്രങ്ങളായ ഖബറല്ലാത്തിട ത്താണന്ന് നിരവധി ഇമാമീങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ഉണ്ടാക്കു ന്ന സമയത്ത് പൊതു സ്മശാനമാണെങ്കിൽ പോലും മഹാത്മാ ക്കളുടെ ഖബർ കെട്ടി ഉയർത്തുന്നത് കുഴപ്പമില്ലെന്ന് കർമ്മ ശാ സ്ത്ര ഗ്രന്ഥങ്ങളിൽതന്നെ കാണാനാകും. മഹാത്മാക്കളുടെ ഖബ റുകൾ പൊതുസ്മശാനത്തിലും മറ്റു ഖബറുകൾ പോലെയല്ലെന്ന്

---

ഇമാം ഷാഫി(റ) വിന്റെ ഖബ്റു ശരീഫ് മിസ്റിലാണ്. ആ ഖബർ ഇമാമിന്റെ ഉന്നത സ്ഥാനത്തിന് യോജിക്കുന്ന രീതിയി ലുള്ള ഗാംഭീര്യവും ബഹുമാനവു മുള്ളതാണ്. (**തഹ്ദീബുൽ അസ്മാഇ വല്ലുഗാത്/ഇമാംനവവി**(റ): 1/46) (**മജ്മൂഅ്:1/8**)

നിസ്സംശയം എല്ലാ ഇമാമീങ്ങളും പറഞ്ഞത് വിശദമായി മുമ്പ് വിസ്തരിച്ചിട്ടുണ്ടല്ലോ..[1]

ഇമാം ബുജൈരിമി(റ) എഴുതുന്നു.

(قَوْلُهُ: وَحَرُمَ أَيْ الْبِنَاءُ) وَمحَلُّ ذَلِكَ مَا لَمْ يَكُنْ الْمَيِّتُ مِنْ أَهْلِ الصَّلَاحِ وَمِنْ ثَمَّ جَازَتْ الْوَصِيَّةُ بِعِمَارَةِ قُبُورِ الصَّالِحِينَ لِمَا فِي ذَلِكَ مِنْ إحْيَاءِ الزِّيَارَةِ أَوْ التَّبَرُّكِ ح ل(**حاشية البجيرمي على شرح المنهج ٤٩٦/١ — البجيرمي (ت ١٢٢١)**

“കെട്ടി ഉയർത്തൽ ഹറാമാണെന്ന് പറഞ്ഞത് ആ മയ്യിത്ത് മഹാത്മാക്കളിൽ പെട്ടതല്ലാത്തിടത്താണ്. ഇക്കാരണത്താലാണ് സ്വാലിഹീങ്ങളുടെ ഖബറുകൾ സിയാറതിനും തബറുകിനും വേണ്ടി പരിപാലിക്കാൻ വസ്വിയ്യത് അനുവദനീയമായത്.” **(ബുജൈരിമി-ശറഹുൽ മൻഹജ്:1/496)**

ഈ നിലക്ക് ഇമാം ഹലബി(റ) ഫത്‌വ കൊടുത്തതായും ഇമാം ഇബ്നു സിയാദ്(റ) അദ്ദേഹത്തിന് അധികാരമുള്ളിടത്ത് നടപ്പിലാക്കിയതായും കാണാനാകും.

نَعَمْ اسْتَثْنَى بَعْضُهُمْ قُبُورَ الْأَنْبِيَاءِ وَالشُّهَدَاءِ وَالصَّالِحِينَ وَنَحْوَهُمْ، بِرْمَاوِيٌّ وَعِبَارَةُ الرَّحْمَانِيِّ: نَعَمْ قُبُورُ الصَّالِحِينَ يَجُوزُ بِنَاؤُهَا وَلَوْ بِقُبَّةٍ لِإِحْيَاءِ الزِّيَارَةِ وَالتَّبَرُّكِ، قَالَ الْحَلَبِيُّ: وَلَوْ فِي مُسْبَلَةٍ، وَأَفْتَى بِهِ، وَقَالَ: أَمَرَ بِهِ الشَّيْخُ الزِّيَادِيُّ مَعَ وِلَايَتِهِ **(حاشية البجيرمي على الخطيب = تحفة الحبيب ٢٩٧/٢ البجيرمي (ت ١٢٢١)**

മറ്റു ചില കിതാബുകൾ

- وَاسْتَثْنَى بَعْضُهُمْ مِنْ وُجُوبِ الْهَدْمِ مَشَاهِدَ الصَّالِحِينَ وَالْعُلَمَاءِ(**حاشيتا قليوبي وعميرة ٤١١/١ — القليوبي (ت ١٠٦٩)**
- وَاسْتَثْنَى قُبُورَ الصَّحَابَةِ وَالْعُلَمَاءِ وَالْأَوْلِيَاءِ **(حاشية الجمل على شرح المنهج : ٢١٢/٢ — الجمل (ت ١٢٠٤)**

[1] അതായത് സാധാരണ ഖബറുകൾ ദ്രവിച്ചുപോകുന്ന കാലം കഴിഞ്ഞാൽ നന്നാക്കൽ ഹറാമും, മറ്റുള്ളവർക്ക് ഒഴിഞ്ഞു കൊടുക്കൽ നിർബ്ബന്ധവുമാണെന്നും ബറകതെടുക്കപ്പെടുന്ന ഖബറാണെങ്കിൽ അത് മാന്തൽ ഹറാമാണെന്നും എല്ലാ കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിലും കാണാം. മുമ്പ് കൃത്യമായി വിശദീകരിച്ചിട്ടുണ്ട്.

- وعبارة الرحماني. نعم، قبور الصالحين يجوز بناؤها ولو بقية لإحياء الزيارة والتبرك. قال الحلبي: ولو في مسبلة، وأفتى به، وقد أمر به الشيخ الزيادي مع ولايته، وكل ذلك لم يرتضه شيخنا الشوبري، وقال: الحق خلافه. وقد أفتى العز بن عبد السلام بهدم ما في القرافة. **(إعانة الطالبين على حل ألفاظ فتح المعين ١٣٧/٢ — البكري الدمياطي (ت ١٣١٠)**

ഇതിനെല്ലാം പുറമെ, ഇന്ന് മിക്കമഖ്ബറകളിലും കാണപ്പെടുന്ന താബൂതുകൾ (ഖബർ ഉയർത്താൻ മുകളിൽ വെക്കുന്ന പെട്ടികൾ) കെട്ടിപ്പടുക്കുന്നതിൽ പെടില്ല എന്ന അഭിപ്രായവും കർമ്മശാസ്ത്ര പണ്ഡിതർക്കിടയിൽ ഉണ്ട്.

- (قَوْلُهُ: وَلَوْ بَنَى فِي مَقْبَرَةٍ مُسَبَّلَةٍ) وَلَيْسَ مِنْ الْبِنَاءِ مَا اُعْتِيدَ مِنْ تَوَابِيتِ الْأَوْلِيَاءِ،**(حاشية نهاية المحتاج إلى شرح المنهاج ٣٤/٣ )**

- (قَوْلُهُ وَبِنَاءٌ عَلَيْهِ) وَلَيْسَ مِنْ الْبِنَاءِ مَا اُعْتِيدَ مِنْ تَوَابِيتِ الْأَوْلِيَاءِ **(حاشية الجمل على شرح المنهج ٢٠٧/٢ — الجمل (ت ١٢٠٤)**

ഖബർ കെട്ടിപ്പൊക്കുന്നതുമായി ബന്ധപ്പെട്ട് ശാഫിഈ ഫിഖ്ഹിലെ പ്രധാന കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ നിന്നാണ് ഇതുവരെ ഉദ്ധരിച്ചത്. ബാക്കി മൂന്ന് മദ്ഹബുകളിലും ഇതോ ഇതിനോട് സമാനമായതോ ആണ് വിധി. ശാഫിഈ മദ്ഹബിൽ ഹറാമാണെന്ന് പറയപ്പെടുന്ന ചിലമസ്അലകൾ കറാഹതേയുള്ളുവെന്ന് ഹനഫീ മദ്ഹബിൽ പ്രബലമായതുതന്നെ കാണാം. എല്ലാ മദ്ഹബുകാരും കാരണമായി പറഞ്ഞതും ഇമാം ശാഫിഈ (റ) പറഞ്ഞ കാരണം തന്നെയാണ് എന്നതാണ് ശ്രദ്ധേയം. അതായത്, മറ്റുള്ളവർക്കുകൂടി അവകാശപ്പെട്ട സ്ഥലം കവരുകയെന്ന പുറമെയുള്ള ഒരു പൊതുപ്രശ്നം പരിഗണിച്ചാണ് പാടില്ലെന്ന വിധി വന്നത്. മഹാത്മാക്കളുടേതാകുമ്പോൾ ബറകതിനു സൗകര്യം ചെയ്യുകയെന്ന കാരണത്താൽ ഇത് ബാധകമല്ലെന്ന വിധിയും മറ്റു മദ്ഹബുകളിലും കാണാനാകും.

ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം, സുന്നികൾക്ക് ഖബർ കെട്ടിപ്പൊക്കൽ -ഖുബ്ബയും മഖ്ബറയും നിർമ്മിക്കലല്ല- സുന്നത്താണെന്ന വാദമൊന്നുമില്ല എന്നതാണ്. അതിനാ

ൽ എവിവടെയെങ്കിലും എന്തുകൊണ്ട് കെട്ടി ഉയർത്തിയിട്ടില്ല എന്ന ചോദ്യത്തിന് മറുപടി അർഹിക്കുന്നില്ല.

ഖബർകെട്ടിപ്പൊക്കുന്നതിന് ദീനിൽ വിലക്ക് വന്നത് ശിർക്കും ശിർക്കിന്റെ കാരണവുമായതിനാലാണെന്ന് ബിദ്അതുകാർ പ്രചരിപ്പിക്കുന്നത് ലോകത്തൊരു ഇമാമും പറയാത്തതാണ്. അത് അവരുടെ പ്രഖ്യാപിത നേതാക്കളായ ഇബ്നു തൈമിയ്യയും അദ്ധേഹത്തെ പിൻതാങ്ങിയ കിറച്ചുപേരും ഉണ്ടാക്കിയ ആദർശമാണ്. പുണ്യകർമമാണെന്ന് വ്യക്തമായി ഇമാമീങ്ങൾ പഠിപ്പിച്ച മഖ്ബറയും ഖുബ്ബയും നിർമ്മിക്കുന്നതു പോലും ഈ അർത്ഥത്തിലാണ് ഇവർ കാണുന്നത്. ഇവരുടെ ആശയം സമർത്ഥിക്കാൻ വേണ്ടി ഖുബ്ബനിർമ്മിക്കൽ പുണ്യ കർമ്മമാണെന്ന് പറഞ്ഞ ഇബ്നു ഹജറുൽ ഹൈതമി(റ) വിന്റെ കിതാബിൽ നിന്ന് മുറിച്ച ഭാഗം ബിദ്അതുകാർ കൊണ്ടുവരാറുണ്ട്. അതിനുള്ള മറുപടി ചോദ്യോത്തര ഭാഗത്ത് നൽകുന്നുണ്ട്. സുന്നികൾക്ക് ഒരു കടപ്പാടുമില്ലാത്ത മദ്ഹബ് വിരോധിയായ ഇബ്നു ഹസമാണ് ബിദ്അതുകാർക്കുള്ള മറ്റൊരു തെളിവ്.

ഇതെല്ലാം ഖബറിന്റെ മുന്നിൽ സുജൂദ് ചെയ്യുക, ഖബറിലേക്ക് തിരിഞ്ഞു നിസ്കരിക്കുക തുടങ്ങിയതിനെ കുറിച്ചല്ല പറയുന്നത്. അത് കടുത്ത തെറ്റാണെന്ന് വിശ്വസിക്കാത്ത ഒരു സുന്നിയുമില്ല. സുന്നികളുടെ ഒരൊറ്റ മഖ്ബറയിലും അത് കാണാനുമാകില്ല. അതും ഖബർ കെട്ടിപ്പൊക്കലും കൂട്ടിക്കലർത്തി ബിദ്അതുകാർ നന്നായി പ്രചരിപ്പിക്കാറുണ്ട്. അത് ജനങ്ങളെ കബളിപ്പിക്കാൻ വേണ്ടിമാത്രമാണ്. അത്തരം ചെയ്തികൾ ഒരു സുന്നിയും ചിന്തിക്കുക പോലും ചെയ്യാത്ത കാര്യങ്ങളാണ്. അതും ഖബർ കെട്ടിപ്പൊക്കലും യാതൊരു ബന്ധവുമില്ല എന്ന് സ്വന്തം അതികാരത്തിലാണെങ്കിൽ പൊളിക്കേണ്ടതില്ലെന്ന ഇമാം ശാഫിഈ(റ)വിന്റെ വാക്കിൽ നിന്ന് തന്നെ വ്യക്തമാണ്.

## ചുരുക്കം

- ഖബർ കെട്ടിപ്പൊക്കുന്നതിന് ദീനിൽ സാഹചര്യങ്ങൾ ക്കനുസരിച്ച് നിർബന്ധമടക്കം പല വിധികളുമുണ്ട്.

- പൊതുസ്മശാനത്തിലാണ് കെട്ടിപ്പൊക്കൽ ഹറാം. അതിനു കാരണം മറ്റുള്ളവർക്ക് അവകാശപ്പെട്ട സ്ഥലം കയ്യേറുന്ന സാഹചര്യം വരുന്നതു കൊണ്ടാണെന്ന് ഇമാം ശാഫിഈ(റ) തന്നെ വ്യക്തമാക്കി. ഇതിൽ നിന്ന് മഹാന്മാരുടേത് ഒഴിവാണെന്ന് പറഞ്ഞ ഇമാമീങ്ങളുണ്ട്. ബറകതെടുക്കാം എന്ന സർവാംഗീഗൃത കാരണമാണ് അവർക്ക് തെളിവ്.

- പൊതു സ്മശാനമല്ലാത്തിടത്ത് കെട്ടിപ്പൊക്കുന്നത് വിരോധമില്ലെന്നും ഇമാംശാഫിഈ(റ) വ്യക്തമാക്കി. അവിടെ കറാഹതാണ് വിധി. മഹത്തുക്കളുടെ ഖബർ ഇതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

- ഇതൊന്നും പൊതുസ്മശാനമല്ലാത്തിടത്ത് മഹത്തുക്കളുടെ ഖബറിനു മീതെ ഖുബ്ബ/ജാറം നിർമ്മിക്കുന്ന വിഷയത്തെ കുറിച്ചല്ല. അത് പുണ്യകർമ്മമാണെന്നതിൽ ഇമാമീങ്ങൾക്ക് തർക്കമില്ല. ഇമാംശാഫിഈ(റ) തന്നെ ഇത് വ്യക്തമാക്കി.

- ഖബർ കെട്ടിപ്പൊക്കുന്നത് ശിർക്കും ശിർക്കിന്റെ കാരണവുമാണെന്ന് ബിദ്അതുകാർ പ്രചരിപ്പിക്കുന്നതിന് സുന്നത്ത് ജമാഅതിൽ യാതൊരു അടിസ്ഥാനവുമില്ലാത്തതാണ്.

# അനുസ്മരണ സമ്മേളനവും ആണ്ട് നേർച്ചകളും

മഹാന്മാരുടെ മഹത്വം പറയലും അനുസ്മരിക്കലും ഇസ്ലാമിൽ വളരെ പുണ്യമുള്ള കാര്യമാണ്. തെറ്റുകൾ പൊറുപ്പിക്കുവാനും അല്ലാഹുവിന്റെ റഹ്മത് ഇറങ്ങുവാനും പ്രധാന കാരണവുമാണ് അനുസ്മരണം. ഇസ്ലാമിന്റെ തുടക്ക കാലം മുതൽ തന്നെ സ്വഹാബതും താബിഉകളും അടക്കം മുൻഗാമികൾ മുഴുവനും മഹാത്മാക്കളെ അനുസ്മരിക്കുന്നതിന് വലിയ മഹത്വം കൽപ്പിച്ചിരുന്നു. ഈ മഹത്വം ലഭിക്കാനായി ജനങ്ങൾ ഏതെങ്കിലും സമയത്ത് ഒരുമിച്ചു കൂടുകയും ഇതിന്റെ പേരിൽ ഭക്ഷണം നൽകുകയും ചെയ്യുന്നതിനെ അനുസ്മരണ സമ്മേളനം എന്നു വിളിക്കാം. സുന്നികൾ മുൻഗാമികളായ ഔലിയാക്കളെ അനുസ്മരിക്കുവാൻ വേണ്ടി ഒരുമിച്ചുകൂടുന്നതിനെ പരിഹസിക്കുന്ന ബിദ്അതുകാർ അവരുടെ സ്വന്തം നേതാക്കൾ മരിച്ചാലും, ശേഷം വർഷാവർഷവും അനുസ്മരണ പരിപാടികൾ സംഘടിപ്പിക്കുന്ന അവസ്ഥയിലേക്ക് എത്തിയിട്ടുണ്ട്. ആദ്യം പ്രാമാണികമായി ഈ വിഷയത്തെ നമുക്ക് സമീപ്പിക്കാം.

മുത്ത് നബി(സ) തന്നെ ഖദീജാ ബീവി(റ) യുടെ മഹത്വം പറയാറുണ്ടായിരുന്നുവെന്നും ചിലപ്പോൾ ഒപ്പം ആടിനെയറുത്ത് വിതരണം ചെയ്യാറുമുണ്ടെന്ന് ആയിശാ(റ) പറയുന്നത് സ്വഹീഹുൽ ബുഖാരിയിൽ തന്നെ കാണാം.

٣٨١٨ - حَدَّثَنِي عُمَرُ بْنُ مُحَمَّدِ بْنِ حَسَنٍ: حَدَّثَنَا أَبِي: حَدَّثَنَا حَفْصٌ، عَنْ هِشَامٍ، عَنْ أَبِيهِ، عَنْ عَائِشَةَ قَالَتْ: «مَا غِرْتُ عَلَى أَحَدٍ مِنْ نِسَاءِ النَّبِيِّ ﷺ مَا غِرْتُ عَلَى خَدِيجَةَ، وَمَا رَأَيْتُهَا، وَلَكِنْ كَانَ النَّبِيُّ ﷺ يُكْثِرُ ذِكْرَهَا، وَرُبَّمَا ذَبَحَ الشَّاةَ، ثُمَّ يُقَطِّعُهَا أَعْضَاءً، ثُمَّ يَبْعَثُهَا فِي صَدَائِقِ خَدِيجَةَ، فَرُبَّمَا قُلْتُ لَهُ: كَأَنَّهُ لَمْ يَكُنْ فِي الدُّنْيَا امْرَأَةٌ إِلَّا خَدِيجَةُ، فَيَقُولُ: إِنَّهَا كَانَتْ، وَكَانَتْ، وَكَانَ لِي مِنْهَا وَلَدٌ **(صحيح البخاري: ٣٨١٨ - ط السلطانية ٣٨/٥ )**

ആഇശാ(റ) പറയുന്നു.

“എനിക്ക് ഖദീജാ(റ)യോട് ഈർശ്യത തോന്നിയതു പോലെ നബി(സ)യുടെ ഭാര്യമാരിൽ ഒരാളോടും തോന്നിയിട്ടുണ്ടാവില്ല. അവിടുന്ന്(സ) ഖദീജാ(റ)യെ സ്മരിക്കുന്നത് വല്ലാതെ വർദ്ധിപ്പിക്കുമായിരുന്നു. ചിലപ്പോൾ ആടിനെ വരെ അറുക്കും. അത് കഷ്ണങ്ങളാക്കി ഖദീജാ(റ)വിന്റെ കൂട്ടുകാരിലേക്ക് കൊടുത്തയക്കും. ചിലപ്പോൾ നബി(സ)യോട് ഞാൻ പറയും. ഈ ദുൻയാവിൽ ഖദീജാ(റ) അല്ലാതെ മറ്റാരുമില്ലാത്തതു പോലുണ്ടിത്! അവിടുന്ന് വീണ്ടും പറയും. ഖദീജാ(റ) അങ്ങനെയായിരുന്നു, ഇങ്ങനെയായിരുന്നു.., അവരിൽ നിന്നെനിക്ക് ഒരു കുഞ്ഞുമുണ്ടായിരുന്നു **(സ്വഹീഹുൽ ബുഖാരി:3818)**

സ്വഹീഹുൽ ബുഖാരി മുസ്ലിം അടക്കമുള്ള എല്ലാ ഹദീസ് ഗ്രന്ഥങ്ങളിലും സ്വഹാബതിന്റെ മഹത്വം(ഫളാഇലു സ്വഹാബ) പറയാൻ വേണ്ടി ഒരു ഭാഗം തന്നെ നീക്കിവെച്ചത് കാണാം. ഇവിടെയെല്ലാം ഓരോസ്വഹാബിയുടെ മഹത്വങ്ങളും സ്ഥാനങ്ങളും നൂറ്റാണ്ടുകൾക്ക് ശേഷവും മുസ്ലിം ഉമ്മത്ത് കൈമാറി വരികയും അവ വിവരിക്കാൻ ഏറ്റവും പ്രാധാന്യം നിറഞ്ഞ ഹദീസ് ഗ്രന്ഥങ്ങൾ വലിയെരുഭാഗം മാറ്റിവെക്കുകയുമാണ് ചെയ്യുന്നത്.

## കാരുണ്യം വർഷിക്കും.

മഹാത്മാക്കളെ സ്മരിക്കുന്നത് അല്ലാഹുവിന്റെ റഹ്മത് ഇറങ്ങാൻ കാരണമായ കാര്യമാണെന്ന് നരവധി മഹാത്മാക്കൾ തന്നെ പറഞ്ഞിട്ടുണ്ട്. താബിഉകളിൽ പ്രധാനിയായ സുഫിയാനു സ്സൗരി(റ) പറഞ്ഞതായി ഇമാം അഹ്മദ് ബ്നു ഹമ്പൽ(റ) തന്റെ കിതാബു സുഹ്ദിൽ എഴുതുന്നത് കാണുക.

وَقَالَ حَدَّثَنِي أَبِي قَالَ قَالَ سُفْيَانُ: «كَانَ يُقَالُ عِنْدَ ذِكْرِ الصَّالِحِينَ تَنْزِلُ الرَّحْمَةُ»**(الزهد لأحمد بن حنبل ١/٢٦٤ — أحمد بن حنبل (ت ٢٤١)(الجامع لعلوم الإمام أحمد - الأدب والزهد ٢٠/٣١٤ — أحمد بن حنبل (ت ٢٤١)**

സുഫിയാനു സൗരി(റ) പറയാറുണ്ടായിരുന്നു. "സ്വാലിഹീങ്ങളെ സ്മരിക്കുന്ന സ്ഥലത്ത് റഹ്മത് ഇറങ്ങുന്നതാണ്." **(അസ്സുഹ്ദ്/ ഇമാം അഹ്മദ് ബ്നു ഹമ്പൽ(റ):1/264)**

മറ്റു ചില കിതാബുകൾ

- حَدَّثَنَا أَبُو حَامِدٍ ابْنُ مُحَمَّدِ بْنِ الْحُسَيْنِ، ثنا الْحُسَيْنُ بْنُ مُحَمَّدٍ الْجُعَيْنِيُّ، ثنا مُحَمَّدُ بْنُ حَسَّانَ، قَالَ: سَمِعْتُ ابْنَ عُيَيْنَةَ، يَقُولُ: «عِنْدَ ذِكْرِ الصَّالِحِينَ تَنْزِلُ الرَّحْمَةُ**(حلية الأولياء وطبقات الأصفياء - ط السعادة ٧/٢٨٥ — أبو نعيم الأصبهاني (ت ٤٣٠)**
- ٢١٩٥ - قَالَ الثَّوْرِيُّ: «عِنْدَ ذِكْرِ الصَّالِحِينَ تَنْزِلُ الرَّحْمَةُ»**( جامع بيان العلم وفضله ٢/١١١٣ — ابن عبد البر (ت ٤٦٣)**
- وبهذه الدقيقة يعرف سر قوله ﷺ عند ذكر الصالحين تنزل الرحمة **(إحياء علوم الدين ٢/٢٣١ — أبو حامد الغزالي (ت ٥٠٥)**
- وقد قال سفيان بن عينية رحمه الله تعالى: عند ذكر الصالحين تنزل الرحمة**(ترتيب المدارك ١/٢٣ — القاضي عياض (ت ٥٤٤)**

ഇമാം അബൂ ഹനീഫാ(റ) പറയുന്നതായി ഇമാം ഖാളീ ഇയാള്(റ) രേഖപ്പെടുത്തുന്നു.

وقال أبو حنيفة: الحكايات عن العلماء ومحاسنهم أحب إلي من الفقه، لأنها آداب القوم **(ترتيب المدارك وتقريب المسالك ٢٣/١ — القاضي عياض (ت ٥٤٤ )**

“ഉലമാക്കളെ കുറിച്ചുള്ള ഉദ്ധരണികളും അവരുടെ നന്മകളും എനക്ക് ഫിഖ്ഹിനേക്കാൾ ഇഷ്ടമാണ്. കാരണം അത് മഹാന്മാരുടെ ആദാബുകളാണ്.” **(തർതീബുൽ മദാരിക്:1/23)**

ഹദീസ് നിദാന ശാസ്ത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഗ്രന്ഥമായ മുഖദ്ദിമയിൽ ഇമാം ഇബ്നു സ്വലാഹ്(റ) എഴുതുന്നു:

وَمِنْ أَقْرَبِ الْوُجُوهِ فِي إِصْلَاحِ النِّيَّةِ فِيهِ مَا رُوِّينَا ... عَنْ أَبِي عَمْرٍو إِسْمَاعِيلَ بْنِ نُجَيْدٍ أَنَّهُ سَأَلَ أَبَا جَعْفَرٍ أَحْمَدَ بْنَ حَمْدَانَ، وَكَانَا عَبْدَيْنِ صَالِحَيْنِ، فَقَالَ لَهُ: «بِأَيِّ نِيَّةٍ أَكْتُبُ الْحَدِيثَ؟» فَقَالَ: "أَلَسْتُمْ تَرْوُونَ أَنَّ عِنْدَ ذِكْرِ الصَّالِحِينَ تَنْزِلُ الرَّحْمَةُ؟ «قَالَ:»نَعَمْ «، قَالَ:»فَرَسُولُ اللَّهِ ﷺ رَأْسُ الصَّالِحِينَ **(مقدمة ابن الصلاح = معرفة أنواع علوم الحديث - ت عتر ٢٤٦/١ — ابن الصلاح (ت ٦٤٣) (سير أعلام النبلاء - ط الرسالة ٦٤/١٤ — شمس الدين الذهبي (ت ٧٤٨)**

മഹത്തുകളിൽ പ്രമുഖരായ അബൂജഅ്ഫർ(റ) അഹ്മദ് ബ്നു ഹംദാൻ(റ) വിനോട് ചോദിച്ചു. “ഹദീസുകൾ രേഖപ്പെടുത്തുമ്പോൾ എന്താണ് നാം നിയ്യത്ത് ചെയ്യേണ്ടത്.!?” അവിടുന്ന് പ്രതികരിച്ചു. “സ്വാലിഹീങ്ങളെ പറയുന്നിടത്ത് റഹ്മത് ഇറങ്ങുമെന്ന കാര്യം താങ്കൾക്കറിയില്ലേ..?” “അതെ” “എന്നാൽ അവരുടെയെല്ലാം നേതാവാണല്ലോ മുത്ത് റസൂൽ.” **(മുഖദ്ദിമതു ഇബ്നു സ്വലാഹ്:1/246) (സിയറു അഅലാമു ന്നുബലാഅ്/ ഹാഫിളുദ്ദഹബി: 14/64)**

ഇമാം നവവി(റ) 24000 ഖത്മ് തീർത്ത അബൂബക്കറു ബ്നു ഇയാശ്(റ) പോലുള്ള ളഈഫായ ഹദീസുകൾ റിപ്പോർട്ട് ചെയ്ത മഹാന്മാരുടെ ചരിത്രം പറഞ്ഞ ശേഷം പറയുന്നു.

وَلَا يَنْبَغِي لِمُطَالِعِهِ أَنْ يُنْكِرَ هَذِهِ الْأَحْرُفَ فِي أَحْوَالِ هَؤُلَاءِ الَّذِينَ تُسْتَنْزَلُ الرَّحْمَةُ بِذِكْرِهِمْ مُسْتَطِيلًا لَهَا فَذَلِكَ مِنْ عَلَامَةِ عَدَمِ فَلَاحِهِ إِنْ دَامَ عَلَيْهِ **(شرح النووي على مسلم ٧٩/١ — النووي (ت ٦٧٦)**

"ഈ ഗ്രന്ഥം വായിക്കുന്ന ഒരാളും ഇത്തരക്കാരുടെ മഹത്വങ്ങൾ നിശേധിക്കാൻ തുനിയരുത്.! ഈ മഹാത്മാക്കളെ സ്മരിക്കൽ കൊണ്ടു തന്നെ വർദ്ധിച്ച റഹ്മത് ഇറക്കപ്പെടുന്നതാണ്. അവരെ വിമർശിക്കുന്നവർ അത് തുടരുകയാണെങ്കിൽ അത് അവന്റെ പരാജയത്തിന്റെ അടയാളമാണ്." **(ശറഹു മുസ്ലിം/ ഇമാം നവവി(റ):1/79)**

മറ്റൊരു ഗ്രന്ഥത്തിൽ ഇമാം നവവി(റ) തന്നെ

-عبد الله بن المبارك بن واضح الحنظلى مولاهم المروزى، أبو عبد الرحمن، الإمام المجمع على إمامته وجلالته فى كل شىء، الذى تستنزل الرحمة بذكره، وترتجا المغفرة بحبه، وهو من تابعى التابعين **(تهذيب الأسماء واللغات ١/٢٨٥ — النووي (ت ٦٧٦)**

അബ്ദുല്ലാഹിബ്നുൽ മുബാറക്(റ) എല്ലാ നിലക്കും ഇമാമും മഹത്തുക്കളിൽ പെട്ടവരുമാണെന്നതിൽ തർക്കമില്ല. അവിടുത്തെ പറയൽ കൊണ്ടുതന്നെ റഹ്മതുകൾ ഇറക്കപ്പെടും. അവരെ സ്നേഹിക്കൽ കൊണ്ട് പാപമോചനമാണ് പ്രതീക്ഷിക്കപ്പെടുന്നത്. **(തഹ്ദീബുൽ അസ്മാഅ്/ഇമാം നവവി(റ):285)**

ബിദ്അതുകാർ അവരുടെ നേതാവായി കൊണ്ടു നടക്കുന്ന ഇബ്നു തൈമിയ്യ പോലും എഴുതുന്നു.

فتارة يكون المعلوم محبوبا يلتذ بعلمه وذكره كما يلتذ المؤمنون بمعرفة الله وذكره بل ويلتذون بذكر الأنبياء والصالحين ولهذا يقال عند ذكر الصالحين تنزل الرحمة بما يحصل في النفوس من الحركة إلى محبة الخير والرغبة فيه والفرح به والسرور واللذة والأمور الكلية تحب النفس معرفتها لما فيها من الإحاطة التي توصلها إلى معرفة المعينات. **(الصفدية ٢/٢٦٩ — ابن تيمية (ت ٧٢٨)**

ചില അറിവുകൾ കൊണ്ടും സ്മരണകൾ കൊണ്ടും ആനന്ദം ലഭിക്കും. മുഅ്മിനീങ്ങൾക്ക് അല്ലാഹുവിന്റെ മഅ്റിഫത് കൊണ്ടും ദിക്ർകൊണ്ടും ആനന്ദം ലഭിക്കുന്നതു പോലെ. എന്നല്ല, അമ്പിയാക്കളേയും സ്വാലിഹീങ്ങളേയും സ്മരിക്കുമ്പോൾ തന്നെ മുഅ്മിനീങ്ങൾക്ക് ആനന്ദംലഭിക്കും. അതിനാലാണ് സ്വാലിഹീങ്ങളെ സ്മരിക്കുന്നിടത്ത് റഹ്മത് ഇറങ്ങുമെന്ന് പറയപ്പെടു

ന്നത്. അത് നന്മ വർത്തിക്കുന്നതിലേക്കുള്ള താത്പര്യവും ആത്മീയ ഉണർവും ശരീരത്തിന് നൽകും... **(സിഫ്ദിയ്യ/ഇബ്നു തൈമിയ്യ:2/269)**

ഇതുകാരണമാണ് സുന്നികൾ മഹത്തുക്കളുടെയെല്ലാം നേതാക്കളായ ബദ്റിൽ പങ്കെടുത്ത സ്വഹാബത്തിന്റെ പേരുകൾ പോലും ഉച്ചരിക്കുന്നത് മഹത്വമായി കാണുന്നത്. അവരെ പറയുന്നിടത്ത് റഹ്മത്തിറങ്ങുമെന്നതും അതിനാൽ പ്രാർത്ഥനക്ക് വലിയ ഇജാബതുണ്ടാകുമെന്നതും സുന്നികൾ ഇന്നും അനുഭവിച്ചു ബോധ്യപ്പെട്ടതിനാലാണ് ഇത്തരം മജ്ലിസുകൾക്ക് ഇന്നും വലിയ സ്വീകാര്യത ലഭിക്കാനുള്ള പ്രധാനകാരണം.

## ദുആക്ക് ഉത്തരം- അസ്മാഉൽ ബദ്ർ

ബദ്ർ മൗലിദിന്റെ കൂടെ വളരെ പ്രാധാന്യം കൽപ്പിച്ചു കൊണ്ട് ബദ്റിൽ പങ്കെടുത്തവരുടെ പേരുകൾ ചൊല്ലിത്തീർക്കാറുണ്ട്. ഇതും കൃത്യമായി മുൻഗാമികൾ അനുഭവിച്ച അടിസ്ഥാനത്തിൽ നമുക്ക് കൈമാറിത്തന്ന കാര്യമാണ്. ഇന്നും ഇതിന്റെ ഫലങ്ങൾ അനുഭവിക്കുന്ന മജലിസുകളും, അനുഭവിച്ചറിഞ്ഞവരും ധാരാളമാണ്. ഇമാം ഹലബി(റ) തന്റെ പ്രശസ്ത ഗ്രന്ഥമായ സീറതുൽ ഹലബിയ്യയിൽ എഴുതുന്നു.

وذكر الإمام الدواني أنه سمع من مشايخ الحديث أن الدعاء عند ذكرهم يعني أصحاب بدر مستجاب، وقد جرب ذلك. **(السيرة الحلبية ٢٠٢/٢ — نور الدين الحلبي (ت ١٠٤٤)(سمط النجوم العوالي في أنباء الأوائل والتوالي ٩٣/٢ — العصامي (ت ١١١١)**

ഇമാം ദവ്വാനി(റ) തന്റെ ഹദീസിന്റെ മശാഇഖുമാരിൽ നിന്ന് കേട്ടതായി പറയുന്നു. "ബദരീങ്ങളെ പറഞ്ഞുകൊണ്ടുള്ള ദുആഇന് ഇജാബത്തുണ്ട്. ഇത് അനുഭവിച്ചറിഞ്ഞ കാര്യമാണ്. **(സീറതുൽ ഹലബിയ്യ:2/202)**

## മറ്റു ഇബാദതുകൾക്കൊപ്പം

ഇബാദത്തുകൾക്ക് വേണ്ടി സമയം മാറ്റിവെക്കേണ്ടിടത്തെല്ലാം സ്വാലിഹീങ്ങളെ സ്മരിക്കാനും ഉപയോഗപ്പെടുത്താൻ അഉമ്മത് നിർദ്ദേശിക്കുന്നുണ്ട്.

ഇശാഅ് നിസ്കാരത്തിന് ശേഷം അനാവശ്യ സംസാരങ്ങൾ കറാഹതാണ്. എന്നാൽ ആ സമയം മഹത്തുക്കളെ സ്മരിക്കുക അടക്കമുള്ള സൽകർമ്മങ്ങൾക്ക് ചിലവഴിക്കാം. ഇമാം നവവി (റ) എഴുതുന്നു.

- باب كراهة الحديث بعد العشاء الآخرة وأَمَّا الحَديثُ في الخَيرِ كمُذَاكَرَةِ العِلْمِ وَحِكايَاتِ الصَّالِحِينَ...، ونحو ذلك، فلا كَرَاهَة فيه، بل هُوَ مُسْتَحَبٌّ **)رياض الصالحين - ت الفحل ١/٤٨٥ — النووي (ت ٦٧٦((المجموع شرح المهذب - ط المنيرية ٣/٤٢ — النووي (ت ٦٧٦)**

ഇശാഇനു ശേഷം സംസാരിക്കൽ കറാഹതാണ്. അറിവ് ഓർത്തെടുക്കുക, സ്വാലിഹീങ്ങളുടെ മഹത്വങ്ങൾ പറയുക പോലുള്ള നല്ല കാര്യങ്ങളിൽ ആ സമയം ചിലവഴിക്കൽ കറാഹത്തില്ല, മറിച്ച് സുന്നത്താണ്. **(രിയാളു സ്വാലിഹീൻ:485) (മജ്മൂഅ്:3/42)- ഇ മാം നവവി(റ)**

രോഗിയായി കിടക്കുന്നയാൾക്ക് അവന്റെ സമയങ്ങൾ ചില വഴിക്കേണ്ടത് എങ്ങനെയാണെന്ന് കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ കൃത്യമായി വിവരിച്ചിട്ടുണ്ട്. മരണത്തെ പ്രതീക്ഷിക്കുന്ന രോഗ വിശ്രമത്തിലാണെങ്കിൽ അവൻ ചെയ്യേണ്ട കാര്യങ്ങൾക്കിടയിൽ ഇമാം നവവി(റ) എഴുതുന്നു

وَأَنْ يَتَعَاهَدَ نَفْسَهُ بِقِرَاءَةِ الْقُرْآنِ وَالذِّكْرِ وَحِكَايَاتِ الصَّالِحِينَ وَأَحْوَالِهِمْ عِنْدَ الْمَوْتِ **(المجموع شرح المهذب - ط المنيرية ٥/١١٨ — النووي (ت ٦٧٦) (الأذكار للنووي ط ابن حزم ١/٢٦٠ — النووي (ت ٦٧٦)**

രോഗി സ്വന്തമായിതന്നെ ഖുർആൻ പാരായണം, ദിക്റുകൾ, സ്വാലിഹീങ്ങളെ കുറിച്ചുള്ള സംഭവങ്ങൾ, അവരുടെ അന്ത്യ നിമിഷങ്ങളെ സ്മരിക്കൽ എന്നിവ കൊണ്ട് മരണത്തിന് വേണ്ടി തയ്യാറെടുക്കണം.**(മജ്മൂഅ്:5/11)(അദ്കാർ/ഇമാം നവവി(റ):260)**

മറ്റു കിതാബുകൾ

- وَيُسَنُّ أَنْ يَتَعَهَّدَ نَفْسَهُ بِتِلَاوَةِ الْقُرْآنِ وَالذِّكْرِ وَحِكَايَاتِ الصَّالِحِينَ وَأَحْوَالِهِمْ عِنْدَ الْمَوْتِ **(تحفة المحتاج في شرح المنهاج وحواشي الشرواني ٩١/٣ — ابن حجر الهيتمي (ت ٩٧٤)**
- وَيُسَنُّ أَنْ يَتَعَهَّدَ نَفْسَهُ بِتِلَاوَةِ الْقُرْآنِ وَالذِّكْرِ وَحِكَايَاتِ الصَّالِحِينَ وَأَحْوَالِهِمْ عِنْدَ الْمَوْتِ،**(نهاية المحتاج إلى شرح المنهاج ٤٣٥/٢ — الرملي، شمس الدين (ت ١٠٠٤)**

## തെറ്റുകൾ പൊറുക്കാൻ

മഹാത്മാക്കളെ സ്മരിക്കൽ തെറ്റുകൾ പൊറുപ്പിക്കപ്പെടാനുള്ള പ്രധാന കാരണങ്ങളിൽ പെട്ടതാണ്. ശൈഖ് ജീലാനി(റ) എഴുതുന്നു.

فتكفير شرب الخمر بالتصدق بكل شراب حلال هو أحب إليه،أطيب عنده، وسماع الملاهي بسماع القرآن وأحاديث رسول الله ﷺ، وحكايات الصالحين، **(الغنية لطالبي طريق الحق ٢٤١/١ — عبد القادر الجيلاني (ت ٥٦١)**

"കള്ളുകുടിച്ചവൻ അവന്റെ തെറ്റുപൊറുപ്പിക്കാനുള്ള പ്രായശ്ചിത്തമായി ചെയ്യേണ്ടത് ഹലാലായ ഇഷ്ടപ്പെട്ട പാനീയം വിതരണം ചെയ്യലാണ്. അനാവശ്യങ്ങൾ കേട്ടതിനുള്ള പ്രായശ്ചിത്തം ഖുർആൻ, ഹദീസ്, സ്വാലിഹീങ്ങളുടെ സംഭവങ്ങൾ എന്നിവ കേൾക്കലാണ്." **(ഗുൻയ/ശൈഖ് ജീലാനി(റ):241)**

## മരണപ്പെട്ട ഇടങ്ങളിലും

മരണപ്പെട്ട ഇടങ്ങളിൽ ഖുർആൻ ദിക്റുകൾ ദുആകൾ എന്നിവക്ക് പുറമെ സാധാരണയായി മൗലിദുകൾ ചൊല്ലുന്ന പതിവ് നമ്മുടെനാട്ടിൽ തന്നെ വളരെ സജീവമാണ്. സ്വാലിഹീങ്ങളുടെ മഹത്വം പറയൽ ഖുർആനിനും ദിക്റിനും പുറമെ ഇമാം നവവി(റ) എണ്ണുന്നത് കാണാം.

ويشتغل القاعدون بتلاوة القرآن، والدعاء للميت، والوعظ، وحكايات أهل الخير، وأحوال الصالحين**(الأذكار للنووي ط ابن حزم ٢١٣/١ - النووي (ت ٦٧٦)**

ഖബറിന് ചാരെ സംഗമിച്ചവർ ഖുർആൻ ഓതുക, ദുആ ചെയ്യുക, വഅള് പറയുക, സ്വാലിഹീങ്ങളുടെയും മഹാന്മാരുടെയും അനുസ്മരണങ്ങൾ(മൗലിദ്) തുടങ്ങിയ കാര്യങ്ങളിൽ ഏർപ്പെടേണ്ടതാണ്. **(അദ്കാർ/ഇമാം നവവി(റ):288)**

ഇതുതന്നെയാണ് ഇന്ന് മഖ്ബറകൾക്ക് സമീപ്പം സുന്നികൾ നടത്തുന്ന ആണ്ട് നേർച്ചയുടെയും ആകത്തുക.

## അനുസ്മരണ ഗാനം

മുത്ത് നബി(സ)യുടെ കാലത്തു തന്നെ ഔലിയാക്കളിലെ ഏറ്റവും വലിയമഹത്തുക്കളായ ബദ്ർ ശുഹദാക്കളെ അനുസ്മരിച്ചു കൊണ്ട് കുഞ്ഞുങ്ങൾ ദഫ് കൊട്ടി പാട്ടുപാടിയ സംഭവം സ്വഹീഹുൽ ബുഖാരി ഉദ്ധരിക്കുന്നുണ്ട്.

قَالَتِ الرُّبَيِّعُ بِنْتُ مُعَوِّذِ بْنِ عَفْرَاءَ » :جَاءَ النَّبِيُّ ﷺ فَدَخَلَ حِينَ بُنِيَ عَلَيَّ، فَجَلَسَ عَلَى فِرَاشِي كَمَجْلِسِكَ مِنِّي، فَجَعَلَتْ جُوَيْرِيَاتٌ لَنَا يَضْرِبْنَ بِالدُّفِّ وَيَنْدُبْنَ مَنْ قُتِلَ مِنْ آبَائِي يَوْمَ بَدْرٍ، إِذْ قَالَتْ إِحْدَاهُنَّ: وَفِينَا نَبِيٌّ يَعْلَمُ مَا فِي غَدٍ، فَقَالَ: دَعِي هَذِهِ وَقُولِي بِالَّذِي كُنْتِ تَقُولِينَ « .**[صحيح البخاري: ٥١٤٧]**

റുബയ്യിഅ്(റ) പറയുന്നു. എന്റെ വിവാഹ ദിവസം മുത്ത്നബി(സ്വ) വീട്ടിൽ വരികയും എന്റെ വിരിപ്പിൽ വന്നിരിക്കുകയും ചെയ്തു. അപ്പോൾ ചെറിയ പെൺ കുട്ടികൾ ബദ്ർ യുദ്ധത്തിൽ ശഹീദായ അവരുടെ പിതാക്കന്മാരുടെ മദ്ഹുകൾ പാടുകയും ദഫ് മുട്ടുകയും ചെയ്യുകയായിരുന്നു. അങ്ങനെയിരിക്കെ അവരിലൊരു കുട്ടി ബദ്രീങ്ങളുടെ മഹത്വങ്ങൾ പറയുന്നത് നിർത്തി "ഞങ്ങളിൽ നാളെ നടക്കാനിരിക്കുന്ന കാര്യങ്ങൾ അറിയുന്ന നബി(സ്വ)യുണ്ടെന്ന്" തുടങ്ങുന്ന നബി (സ്വ)യുടെ മദ്ഹ് പാടാൻ തുടങ്ങിയപ്പോൾ നബി(സ്വ) പറഞ്ഞു. "നിർത്തൂ..... ആദ്യം പാടിയ(ബദ്രീങ്ങളുടെ) മദ്ഹുകൾ തന്നെ തുടരുക.!" **(സ്വഹീഹുൽ ബുഖാരി:5147)**[1]

[1] ഈ സംഭവം ദുർവ്യാഖ്യാനിച്ചു ബിദ്അതുകാർ മുത്ത്നബി(സ)ക്ക് മറഞ്ഞത് അറിയില്ലെന്ന് പറയാറുണ്ട്. വിശദീകരണത്തിൽ അസ്ഖലാനി ഇമാം എഴുതുന്നു.

മഹാത്മാക്കളെ സ്മരിക്കാൻ എത്ര കൃത്യമായുള്ള രേഖയാണിത്!? മുത്ത് നബി(സ) തന്നെ ബദ്രീങ്ങളെ അനുസ്മരിക്കാൻ നേരിൽ കൽപ്പിക്കുകയാണിവിടെ.

## ആണ്ടു നേർച്ചകൾ

സ്വാലിഹീങ്ങളുടെ ഖബറുകൾക്ക് ചാരത്തോ അല്ലാതെയോ നിശ്ചിത മഹത്തുക്കളെ അനുസ്മരിക്കാൻ വേണ്ടി വർഷത്തിലൊരിക്കൽ ഒരുമിച്ചു കൂടുന്നതിനെ നമുക്ക് ആണ്ട്നേർച്ച, ഉറൂസ് മുബാറക്, തുടങ്ങിയ പേരുകൾ വിളിക്കാം. എല്ലാ വർഷവും നിശ്ചിത സമയം കണ്ടെത്തി അതിനായി ജനങ്ങളെ ഒരുമിച്ചുകൂട്ടി കഴിയുന്നത്ര സൽക്കർമ്മങ്ങൾ വർദ്ധിപ്പിച്ചു, അനുസ്മരണ/ആത്മീയ പ്രഭാഷണങ്ങൾ നടത്തി, പങ്കെടുക്കുന്നവർക്ക് ആത്മീയ ഉന്നമനം നൽകാനുതകുന്ന രീതിയിലാണ് ഇത്തരം പരിപാടികൾ ക്രമീകരിക്കാറുള്ളത്. ചിലയിടങ്ങളിൽ പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് നൽകാൻ വേണ്ടി ഭക്ഷണം തയ്യാറാക്കുകയും അതിലേക്ക് കഴിവുള്ളവർ ആവശ്യമായത് സ്വദഖ ചെയ്യുകയും ചെയ്യാൻ നേർച്ചയാക്കുകയും ചെയ്യുന്ന രീതികൾ കാണാം.

ഇത്തരം സൽ പ്രവർത്തികൾ കൊണ്ട് വിശ്വാസികൾ അവരുടെ പാരത്രിക വിജയവും ആഗ്രഹ സഫലീകരണവുമാണ് ലക്ഷ്യമാക്കാറുള്ളത്. അതിനെല്ലാം ഉതകുന്ന ഉത്തമ മജ്‌ലിസുകളാണ് അനുസ്മരണ വേദികളെന്ന് അനുഭവം കൊണ്ടും മുൻഗാമികളിൽ നിന്ന് ലഭിച്ച അറിവ് കൊണ്ടുമാണ് വിശ്വാസികൾ ഇ

---

وسائِرُ ما كانَ النَّبِيُّ ﷺ يُخْبِرُ بِهِ مِنَ الغُيُوبِ بِإعْلامِ اللَّهِ تَعالى إيّاهُ لا أنَّهُ يَسْتَقِلُّ بِعِلْمِ ذَلِكَ كَما قالَ تَعالى عالِمُ الغَيْبِ فَلا يُظْهِرُ عَلى غَيْبِهِ أحَدًا إلّا مَنِ ارْتَضى **[فتح الباري ٢٠٣/٩ — ابن حجر العسقلاني]**

നബിﷺ തങ്ങൾ പറയാറുള്ള മറഞ്ഞ കാര്യങ്ങൾ മുഴുവൻ അല്ലാഹു അറിയിച്ചു കൊടുത്തത് കൊണ്ടാണ്. അത് നബി ﷺ യുടെ സ്വയം കഴിവല്ല! കാരണം: അല്ലാഹു പറയുന്നു: മറഞ്ഞ കാര്യങ്ങൾ അവൻ ഇഷ്ടപ്പെട്ടവർക്ക് അറിയിച്ചു കൊടുക്കുന്നതാണ്. (ഫത്ഹുൽ ബാരി:9/203)

ന്നും ആണ്ടു നേർച്ചകൾ സജീവമായി തന്നെ സംഘടിപ്പിക്കുന്നത്. ഇക്കാരണങ്ങൾ കൊണ്ടെല്ലാം ആവശ്യപ്പെടാതെ തന്നെ സാധു ജനങ്ങൾ വേണ്ടതെല്ലാം എത്തിക്കുന്നതും പതിനായിരങ്ങൾ സംബന്ധിക്കുന്നതുമായ നേർച്ചകൾ ഇന്നും സജീവമായി എല്ലായിടത്തും നടന്നുവരുന്നു.

മഹാത്മാക്കളുടെ മഖ്റകൾക്കു സമീപ്പം ഇത്തരം കാര്യങ്ങളിലേർപ്പെടുന്നത് പ്രമാണ ബലമുള്ളതാണോ എന്ന് നമുക്ക് പരിശോധിക്കാം.

സ്വഹീഹുൽ ബുഖാരിയിലെ ഒരധ്യായം തന്നെ കാണുക.

بَابُ مَوْعِظَةِ الْمُحَدِّثِ عِنْدَ الْقَبْرِ وَقُعُودِ أَصْحَابِهِ حَوْلَهُ **(صحيح البخاري - ط السلطانية:96/2 — البخاري (ت ٢٥٦)**

"ഖബറിന്റെ പരിസരത്തു വെച്ചുള്ള പ്രഭാഷണവും അതിനു വേണ്ടി ജനങ്ങൾ ഒരുമിച്ചു കൂടലും പറയുന്ന അധ്യായം"

ഈ അധ്യായത്തിൽ ഇമാം ബുഖാരി(റ) കൊണ്ടുവന്ന ഹദീസ് കാണാം.

عن على بن أبي طالب رضى الله عنه: كُنَّا فِي جَنَازَةٍ فِي بَقِيعِ الغَرْقَدِ فَأَتَانَا رَسُولُ اللَّهِ صَلَّى اللهُ عليه وسلَّم فَقَعَدَ وَقَعَدْنَا حَوْلَهُ ومعهُ مِخْصَرَةً فَنَكَّسَ فَجَعَلَ يَنْكُتُ بِمِخْصَرَتِهِ ثُمَّ قَالَ: مَا مِنكُم من أَحَدٍ وما مِن نَفْسٍ مَنْفُوسَةٍ إِلَّا كُتِبَ مَكَانُهَا مِنَ الجَنَّةِ والنَّارِ حَوْلَهُ **(صحيح البخاري: رح** ١٣٦٢**- ط السلطانية:96/2 — البخاري (ت ٢٥٦)**

അലി(റ) പറയുന്നു: "ഞങ്ങൾ ജന്നതുൽ ബഖീഇൽ ഒരു ജനാസയിൽ ആയിരുന്നു. നബി(സ്വ) ഞങ്ങളിലേക്ക് കയറിവന്നു കൊണ്ട് ഞങ്ങളുടെ കൂടെ ഇരുന്നു. അവിടുന്ന് തല താഴ്ത്തി, വടി നിലത്തു കുത്തികൊണ്ട് പറഞ്ഞു: നിങ്ങളിൽ ഏതൊരാളുടെയും ശരീരവും നരകത്തിലോ സ്വർഗത്തിലോ ആണെന്ന് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്...."**(സ്വഹീഹുൽ ബുഖാരി: 1362)**

ഈ ഒരൊറ്റ ഹദീസിന് വേണ്ടി മാത്രം ഇമാം ബുഖാരി(റ) ഇത്ര കൃത്യമായി അധ്യായം നൽകുകയാണ്. പല സ്ഥലങ്ങളി

ലും മുത്ത് നബി(സ) സ്വഹാബതിന് ദീൻ പറഞ്ഞുകൊടുത്തതു ണ്ടായിട്ടും ഈയൊരു സംഭവത്തിന് മാത്രം ഇത്ര പ്രാധാന്യ ത്തോടെ തലക്കെട്ടു നൽകുകയും. റസൂൽ(സ) പ്രഭാഷണം പറ ഞ്ഞുവെന്നല്ല, പറഞ്ഞത്. مَوْعِظَةِ الْمُحَدِّثِ പ്രാഭാഷകന്റെ പ്രഭാഷ ണം എന്നാണ് ഇതിലെ തലക്കെട്ട്. ചുറ്റും സ്വഹാബത് കേൾ ക്കാൻ കൂടിയിരുന്ന രംഗത്തേയും അടിവരയിടുന്നുണ്ട്. ഈ ഹ ദീസ് ഇമാം നവവി(റ) തന്റെ അദ്കാറിൽ ഉദ്ധരിച്ചു കൊണ്ട് പ്ര ഭാഷണം, മഹാത്മാക്കളുടെ അനുസ്മരണം, മദ്ഹ്, ഖുർആൻ തുടങ്ങിയവ ഖബറിനു സമീപ്പം സുന്നത്താണെന്ന് വ്യക്തമായി എഴുതിയത് അൽപ്പം മുമ്പ് നാം വായിച്ചു.[1] ഖബറിനു ചാരെ ഇ ത്തരം കാര്യങ്ങളെല്ലാം സംഘമിക്കണമെന്ന ആശയമാണ് ഇത് നമ്മെ ഉണർത്തുന്നത്.

ഇനി ആണ്ടുനേർച്ചകളിലുള്ള ഓരോ കാര്യങ്ങളേയും ന മുക്ക് പ്രാമാണികവും പൌരാണികവുമായ ഗ്രന്ഥങ്ങളിൽ നിന്ന് വായിക്കാനാകും. മഹാത്മാക്കളെ അനുസ്മരിക്കുന്നതിനെ കുറി ച്ച് വിശദമായി നാം മുമ്പ് ചർച്ചക്കെടുത്തു. ഇനി ബാക്കിയുള്ള കാര്യങ്ങൾ നമുക്ക് പരിശോധിക്കാം.

## എല്ലാ വർഷവും!?

എല്ലാ വർഷവും മഹാത്മാക്കളെ സ്മരിക്കാൻ പ്രത്യേക പ രിപാടി സംഘടിപ്പിക്കാമോ എന്ന് ബിദ്അതുകാർ ചോദിക്കാറു ണ്ട്. അവർ സംഘടിപ്പിക്കുന്ന വാർഷിക സമ്മേനങ്ങളും അതി ൽ നടത്താറുള്ള പലവിധത്തിലുള്ള പരിപാടികൾക്ക് അവർ പ്ര തിഫലം ആഗ്രഹിച്ചു തന്നെ പങ്കെടുക്കുകയും സ്വദഖകൾ കൊ

[1] ഇമാം നവവി(റ) എഴുതുന്നു.

( ويشتغل القاعدون بتلاوة القرآن، والدعاء للميت، والوعظ، وحكايات أهل الخير، وأحوال الصالحين.

**الأذكار للنووي ط ابن حزم ٢١٣/١ - النووي (ت ٦٧٦)**

ഖബറിന് ചാരെ സംഗമിച്ചവർ ഖുർആൻ ഓതുക, ദുആ ചെയ്യുക, വഅള് പറയുക, സ്വാലിഹീങ്ങളുടെയും മഹാന്മാരു ടെയും അനുസ്മരണങ്ങൾ (മൗലിദ്) തുടങ്ങിയ കാര്യങ്ങളിൽ ഏർപ്പെടേണ്ടതാണ്. (**അദ്കാർ/ഇമാം നവവി(റ):288**)

ടുക്കുകയും ചെയ്യുന്നതിന് ഒരു വിധത്തിലുള്ള പ്രമാണവും ചിന്തിക്കാറേയില്ല. സുന്നികൾ നടത്തുന്ന സൽകർമ്മങ്ങൾക്കേ ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കാൻ നേതാക്കൾ അവരെ അന്ധമായി വിശ്വസിക്കുന്ന അനുയായികളെ പഠിപ്പിച്ചിട്ടുള്ളൂ..

നമുക്ക് പ്രമാണങ്ങളിലേക്ക് വരാം. മുത്ത്നബി(സ) തന്നെ എല്ലാ വർഷവും മഹത്തുക്കളായ ഉഹ്ദ് ശുഹദാക്കളെ നിശ്ചിത സമയത്ത് സന്ദർശിക്കാറുണ്ടായിരുന്നുവെന്ന് ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം.

ഇമാം ത്വബ്രി(റ)(ഹി.310) ഉദ്ധരിക്കുന്ന ഹദീസ്:

حَدَّثَنَا الْمُثَنَّى، قَالَ: ثنا سُوَيْدٌ، قَالَ: أَخْبَرَنَا ابْنُ الْمُبَارَكِ، عَنْ إِبْرَاهِيمَ بْنِ مُحَمَّدٍ، عَنْ سَهْلِ بْنِ أَبِي صَالِحٍ، عَنْ مُحَمَّدِ بْنِ إِبْرَاهِيمَ، قَالَ: كَانَ النَّبِيُّ ﷺ يَأْتِي قُبُورَ الشُّهَدَاءِ عَلَى رَأْسِ كُلِّ حَوْلٍ فَيَقُولُ: «السَّلَامُ عَلَيْكُمْ بِمَا صَبَرْتُمْ، فَنِعْمَ عُقْبَى الدَّارِ»، وَأَبُو بَكْرٍ، وَعُمَرُ، وَعُثْمَانُ". **(تفسير الطبري جامع البيان - ط هجر ٥١٣/١٣ — أبو جعفر ابن جرير الطبري (ت ٣١٠)**

“എല്ലാ വർഷാരംഭത്തിലും നബി(സ) ശുഹദാക്കളുടെ ഖബറുകൾക്ക് സമീപ്പം പോവുകയും അവരോട് സലാം പറയുകയും ചെയ്യാറുണ്ടായിരുന്നു. അബൂബക്കർ(റ)വും ഉമർ(റ) വും ഉസ്മാൻ(റ)വും സമാനമായി ചെയ്തിരുന്നു. **(തഫ്സീറു ത്വബ്രി/ ഇമാം ത്വബ്രി:13/513)**

നിരവധി ഇമാമീങ്ങൾ ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉഹ്ദ് ശുഹദാഇന്റെ ഖബറിനു ചാരെയായിരുന്നു പോയിരുന്നതെന്ന് ഇമാം ഇബ്നു ശുബ്ബഃ(ഹി.262) റിപ്പോർട്ട് ചെയ്തത് കാണാം. മുആവിയാ(റ) ഹജ്ജ് കഴിഞ്ഞുവരുന്ന സമയത്തും ഇതുപോലെ സിയാറത് ചെയ്തിരുന്നുവെന്ന് ഈ കിതാബിലുണ്ട്.

- قَالَ أَبُو غَسَّانَ: حَدَّثَنِي عَبْدُ الْعَزِيزِ بْنُ عِمْرَانَ، عَنْ مُوسَى بْنِ يَعْقُوبَ الزَّمْعِيِّ، عَنْ عَبَّادِ بْنِ أَبِي صَالِحٍ، " أَنَّ رَسُولَ اللَّهِ ﷺ كَانَ يَأْتِي قُبُورَ الشُّهَدَاءِ بِأُحُدٍ عَلَى رَأْسِ كُلِّ حَوْلٍ فَيَقُولُ: ﴿سَلَامٌ عَلَيْكُمْ بِمَا صَبَرْتُمْ فَنِعْمَ عُقْبَى الدَّارِ﴾ [الرعد: ٢٤] قَالَ: وَجَاءَهَا أَبُو بَكْرٍ، ثُمَّ عُمَرُ، ثُمَّ عُثْمَانُ ، فَلَمَّا قَدِمَ مُعَاوِيَةُ بْنُ أَبِي

سُفْيَانَ حَاجًّا جَاءَهُمْ قَالَ: وَكَانَ النَّبِيُّ ﷺ إِذَا وَاجَهَ الشِّعْبَ قَالَ: «سَلَامٌ عَلَيْكُمْ بِمَا صَبَرْتُمْ فَنِعْمَ أَجْرُ الْعَامِلِينَ»( **تاريخ المدينة ١٣٢/١ ابن شبة (ت ٢٦٢)**

കുറച്ചു കിതാബുകൾ കൂടി.

**النوادر والزيادات** ٦٥٦/١ — ابن أبي زيد القيرواني (ت ٣٨٦) **تفسير الثعلبي = الكشف والبيان عن تفسير القرآن** ٢٨٧/٥ — الثعلبي (ت ٤٢٧) **تفسير الزمخشري الكشاف** ٥٢٧/٢ -الزمخشري (ت ٥٣٨) **تفسير القرطبي = الجامع لأحكام القرآن** ٣١٢/٩ — القرطبي، شمس الدين (ت ٦٧١) **تفسير النيسابوري = غرائب القرآن ورغائب الفرقان** ١٥٥/٤ - النيسابوري، نظام الدين القمي (ت ٨٥٠) **فتوح الغيب في الكشف عن قناع الريب** ٥٠٨/٨ — الطيبي (ت ٧٤٣) **الدر المنثور في التفسير بالمأثور** ٦٤١/٤ — الجلال السيوطي (ت ٩١١) **حاشية ابن عابدين = رد المحتار** ط الحلبي ٢٤٢/٢ — ابن عابدين (ت ١٢٥٢)

മുത്ത് നബി(സ) മഹാത്മാക്കളായ ഉഹ്ദ് ശുഹദാക്കളെ കൃത്യമായ ഇടവേള നിശ്ചയിച്ചുകൊണ്ട് സിയാറത് ചെയ്യാറുണ്ടെന്നത് ഈ ഹദീസിൽ നിന്ന് വ്യക്തമാണ്. ഖുലഫാഉ റാശിദുകളായ മൂന്ന് പേരും ഇതേ പാത തുടർന്നു. ഇക്കാലത്തും സമാനമായി വർഷം തോറും പ്രത്യേക മഹാത്മാക്കളെ ചാരെ ഒരുമിച്ചുകൂടുന്ന രീതിയാണ് ഇന്നത്തെ ഉറൂസ് മുബാറകിനുമുള്ളത്.

## ബദ്രീങ്ങളുടെ ആണ്ട്

ബദ്റും ബദ്രീങ്ങളും അനുസ്മരിച്ചു കൊണ്ട് സുന്നികൾ എല്ലാ വർഷവും ബദ്ർ യുദ്ധം നടന്ന ദിവസത്തിൽ ആണ്ട് നടത്തിവരാറുണ്ട്. സ്വഹാബത് തന്നെ വർഷാവർഷം ഈ ദിനത്തെ പ്രത്യേകം പരിഗണിക്കുകയും ചെയ്ത സംഭവങ്ങൾ കാണാനാകും.

ഹിജ്റ 151 ൽ വഫാതായ ഇബ്നു ഇസ്ഹാഖ്(റ) വും ഇമാം ബൈഹഖി(റ) വും രേഖപ്പെടുത്തുന്നു.

نَا يونس ابن بُكَيْرٍ عَنْ قُرَّةَ بْنِ خَالِدٍ قَالَ سَأَلْتُ عَبْدَ الرَّحْمَنِ بْنَ الْقَاسِمِ عَنْ لَيْلَةِ الْقَدْرِ فَقَالَ «كَانَ زيد بن ثابت يعظم سَابِعَ عَشْرَةَ وَيَقُولُ هِيَ وَقْعَةُ بَدْرٍ

**سيرة ابن اسحاق** ١/١٣٠ — محمد بن إسحاق **(ت ١٥١)** **دلائل النبوة للبيهقي** ٣/١٢٧ — أبو بكر البيهقي **(ت ٤٥٨)** **تاريخ الإسلام** - ت بشار ١/٣٠ — شمس الدين الذهبي (ت ٧٤٨) **سير أعلام النبلاء** - ط الرسالة سيرة ١/٣٠٧ — شمس الدين الذهبي (ت ٧٤٨)

സ്വഹാബി പ്രമുഖനായ സൈദ് ബ്നു സാബിത്(റ) റമളാൻ പതിനേഴിന്റെ ദിവസത്തെ ആദരിക്കുമായിരുന്നു. അവിടുന്ന് പറയും ഈ ദിവസം ബദ്ർ നടന്ന ദിനമാണ്. **(സീറതു ഇബ്നു ഇസ്ഹാഖ്:1/130)(ദലാഇലുന്നുബുവ്വ/ഇമാം ബൈഹഖി (റ):3/127)**

ഇമാം ത്വബരി(റ)(ഹി.310) എഴുതുന്നു.

أَخْبَرَنِي أَبِي، عَنْ خَارِجَةَ بْنِ زَيْدٍ، عَنْ زَيْدِ بْنِ ثَابِتٍ، أَنَّهُ كَانَ يُحْيِي لَيْلَةَ سَبْعَ عَشْرَةَ مِنْ شَهْرِ رَمَضَانَ، وَإِنْ كَانَ لَيُصْبِحُ وَعَلَى وَجْهِهِ أَثَرُ السَّهَرِ، وَيَقُولُ: فَرَّقَ اللَّهُ فِي صَبِيحَتِهَا بَيْنَ الْحَقِّ وَالْبَاطِلِ، وَأَعَزَّ فِي صُبْحِهَا الإِسْلامَ، وَأَنْزَلَ فِيهَا الْقُرْآنَ، وَأَذَلَّ فِيهَا أَئِمَّةَ الْكُفْرِ.. **(تاريخ الطبري = تاريخ الرسل والملوك، ٢/٤٢٠ — أبو جعفر ابن جرير الطبري (ت ٣١٠)**

സൈദ് ബ്നു സാബിത്(റ) റമളാൻ 17ന്റെ രാത്രികൾ ഹയാതാക്കുമായിരുന്നു. സുബ്ഹിയുടെ സമയം അദ്ദേഹത്തിന്റെ മുഖത്ത് അതിന്റെ അടയാളങ്ങൾ കാണാൻ സാധിക്കും. അവിടുന്ന് പറയും: "ഈ പ്രഭാതത്തിലാണ് അല്ലാഹു സത്യവും അസത്യവും വേർതിരിച്ചത്, ഇസ്‌ലാമിന് ഇസ്സത് ലഭിക്കുകയും കാഫിരീങ്ങളുടെ നേതാക്കളെ പരാജയപ്പെടുത്തിയതും. ഈ ദിനത്തിലാണ്". **(താരീഖുത്വബരി/ഇമാം ത്വബരി:2/420)**

അന്നത്തെ സിയാറതുകളിൽ നബി(സ)യും സ്വഹാബതും വയള് നടത്തിയോ!? ഭക്ഷണം വിതരണം ചെയ്തോ!? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഇവിടെ അൽപ്പം പോലും പ്രസക്തിയില്ല. ഇത് എല്ലാ വർഷവും നബി(സ) നോമ്പനുഷ്ഠിച്ചുവെന്ന് പറയുമ്പോൾ എല്ലാ വർഷവും എല്ലാ ദിവസവും അവിടുന്ന് അത്താഴം കഴിച്ചോ!? കാരക്ക കൊണ്ടായിരുന്നോ നോമ്പ് തുറന്നത്!? എന്നിങ്ങനെ ചോദിക്കുന്നതിനു സമാനമാണ്. നബി(സ) മഹത്തുക്കളുടെ ഖബറുകൾ വർഷം തോറും സന്ദർശിച്ചുവെന്ന

www.sunnahclub.in

തിനാണ് ആദ്യം നൽകിയ തെളിവ്. വർഷം തോറും വരുന്ന ബദ്ർ ദിനത്തെ പരിഗണിച്ചു, മഹത്വമായി കണ്ടുവെന്നതാണ് മറ്റൊന്ന്. മഹാത്മാക്കളെ സ്മരിക്കാനും അതിന്റെ പേരിൽ ഭക്ഷണം നൽകാനും വേറെ തെളിവുകളുണ്ട്.

## ഭക്ഷണം നൽകാമോ!?

ഭക്ഷണം നൽകുന്നത് പൊതുവെ പുണ്യമുള്ള കാര്യമാണ്. അതിനെ പ്രോത്സാഹിപ്പിക്കുന്ന ഹദീസുകൾ പറയേണ്ടതി ല്ലാത്ത വിധം അറിയപ്പെട്ടതാണ്. മഹാത്മാക്കളെ സ്മരിച്ചുകൊണ്ടും മരണപ്പെട്ടവരുടെ പേരിലും ഭക്ഷണം നൽകുന്നത് ഇസ്‌ലാം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. മുത്ത് നബി(സ)യുടെ ചാരെ ഉമ്മ മരണപ്പെട്ടെന്ന വിഷമവുമായി വന്ന സ്വഹാബിക്ക് ഉമ്മയുടെ പേരിൽ സ്വദഖ ചെയ്താൽ ആപ്രതിഫലം ഉമ്മക്ക് ലഭിക്കുമെന്ന് പറഞ്ഞ ഹദീസ് സ്വഹീഹുൽ ബുഖാരിയിൽ തന്നെ കാണാം. സഅ്ദ്(റ) തന്റെ ഉമ്മക്ക് വേണ്ടി ഒറു കിണർ തന്നെ കുഴിച്ചു നൽകിയ ചരിത്രം വഴിയേ പറയുന്നുണ്ട്.

മഹാത്മാക്കളെ സ്മരിച്ചു കൊണ്ട് ഭക്ഷണം തയ്യാറാക്കാം എന്നതിനുള്ള വ്യക്തമായ ഹദീസാണ് ഖദീജാ(റ)വിനെ കുറിച്ചുള്ള ബുഖാരിയിലെ ഹീസ്. അതൊന്ന് കൂടെ നോക്കാം.

٣٨١٨ - حَدَّثَنِي عُمَرُ بْنُ مُحَمَّدِ بْنِ حَسَنٍ: حَدَّثَنَا أَبِي: حَدَّثَنَا حَفْصٌ، عَنْ هِشَامٍ، عَنْ أَبِيهِ، عَنْ عَائِشَةَ قَالَتْ: «مَا غِرْتُ عَلَى أَحَدٍ مِنْ نِسَاءِ النَّبِيِّ ﷺ مَا غِرْتُ عَلَى خَدِيجَةَ، وَمَا رَأَيْتُهَا، وَلَكِنْ كَانَ النَّبِيُّ ﷺ يُكْثِرُ ذِكْرَهَا، وَرُبَّمَا ذَبَحَ الشَّاةَ، ثُمَّ يُقَطِّعُهَا أَعْضَاءً، ثُمَّ يَبْعَثُهَا فِي صَدَائِقِ خَدِيجَةَ، فَرُبَّمَا قُلْتُ لَهُ: كَأَنَّهُ لَمْ يَكُنْ فِي الدُّنْيَا امْرَأَةٌ إِلَّا خَدِيجَةُ، فَيَقُولُ: إِنَّهَا كَانَتْ، وَكَانَتْ، وَكَانَ لِي مِنْهَا وَلَدٌ **(صحيح البخاري: ٣٨١٨ - ط السلطانية ٣٨/٥ )**

ആഇശാ(റ) പറയുന്നു.

“എനിക്ക് ഖദീജാ(റ)യോട് ഈർശ്യത തോന്നിയതു പോലെ നബി(സ)യുടെ ഭാര്യമാരിൽ ഒരാളോടും തോന്നിയിട്ടുണ്ടാവില്ല. അവിടുന്ന്(സ) ഖദീജാ(റ)യെ സ്മരിക്കുന്നത് വല്ലാതെ വർദ്ധിപ്പിക്കുമായിരുന്നു. ചിലപ്പോൾ ആടിനെവരെ അറുക്കും. അത് കഷ്ണങ്ങളാക്കി ഖദീജാ(റ)വിന്റെ കൂട്ടുകാരിലേക്ക് കൊടുത്തയക്കും.

ചിലപ്പോൾ നബി(സ)യോട് ഞാൻ പറയും. ഈ ദുൻയാവിൽ ഖദീജാ(റ) അല്ലാതെ മറ്റാരുമില്ലാത്തതു പോലുണ്ടിത്..! അവിടുന്ന് വീണ്ടും പറയും. ഖദീജാ(റ) അങ്ങനെയായിരുന്നു, ഇങ്ങനെയായിരുന്നു, അവരിൽ നിന്നെനിക്ക് ഒരു കുഞ്ഞുമുണ്ടായിരുന്നു **(സ്വഹീഹുൽ ബുഖാരി:3818)**

മഹാന്മാരെ സ്മരിച്ചു കൊണ്ട് അവരെ ഇഷ്ടപ്പെടുന്ന മുഅ്മിനീങ്ങൾക്ക് ഭക്ഷണം നൽകുന്നതിന് ഇതിലും വലിയ ഒരു തെളിവ് ആവശ്യമില്ല. നബി (സ)യെ പിൻപറ്റണമെന്ന് നിരന്തരം പറഞ്ഞു നടക്കുന്ന ബിദ്അതുകാർ അവിടുന്ന് ചെയ്ത ഈ പ്രവർത്തനത്തിന് ശക്തമായി എതിർക്കുന്നവരാണെന്ന കാര്യം അറിയാത്തവരുണ്ടാകില്ല.

## മഖാമിലേക്ക് നേർച്ച

പുണ്യകർമ്മമായ കാര്യങ്ങളെ ചെയ്യുമെന്ന ദൃഢനിശ്ചയം നടത്തി പ്രഖ്യാപിച്ചുക്കൊണ്ട് നിർബ്ബന്ധമാക്കുന്നതാണ് ഇസ്‌ലാമിൽ നേർച്ച കൊണ്ടർത്ഥമാക്കുന്നത്. നിർബന്ധമല്ലാത്ത പുണ്യകർമ്മമായ കാര്യങ്ങൾ മാത്രമേ നേർച്ചയാക്കാൻ സാധിക്കുകയുള്ളൂ.. നേർച്ചയാക്കുന്നതോടു കൂടെ ആകാര്യം നിർബ്ബന്ധമായി തീർന്നു. എന്തെങ്കിലും ഉദ്ദേശ്യം നിറവേറാൻ വേണ്ടി നിശ്ചിത നന്മ ചെയ്യുന്നതു പോലെ നേർച്ച ചെയ്യലും അനുവ ദനീയമാണ്. നിരവധി ഹദീസുകൾ നേർച്ചയുമായി ബന്ധപ്പെട്ടു കാണാനാകും.

ഇമാം അബൂദാവൂദ് റിപ്പോർട്ട് ചെയ്യുന്നു.

٣٣١٤- فَقَالَ: يَا رَسُولَ اللَّهِ، إِنِّي نَذَرْتُ إِنْ وُلِدَ لِي وَلَدٌ ذَكَرٌ أَنْ أَنْحَرَ عَلَى رَأْسِ بُوَانَةَ فِي عَقَبَةٍ مِنَ الثَّنَايَا عِدَّةً مِنَ الْغَنَمِ، قَالَ: لَا أَعْلَمُ إِلَّا أَنَّهَا قَالَتْ: خَمْسِينَ، فَقَالَ رَسُولُ اللَّهِ ﷺ: «هَلْ بِهَا مِنَ الْأَوْثَانِ شَيْءٌ؟» قَالَ: لَا، قَالَ: «فَأَوْفِ بِمَا نَذَرْتَ بِهِ لِلَّهِ قَالَتْ: فَجَمَعَهَا فَجَعَلَ يَذْبَحُهَا، فَانْفَلَتَتْ مِنْهَا شَاةٌ، فَطَلَبَهَا وَهُوَ يَقُولُ: «اللَّهُمَّ أَوْفِ عَنِّي نَذْرِي فَظَفِرَهَا فَذَبَحَهَا«،**(سنن أبي داود: ر ح: 3314 - أبو داود (ت ٢٧٥)**

മൈമൂന(റ) മുത്ത്നബി(സ) യോട് വന്നു ചേദിച്ചു. നബിയേ .. എനിക്കൊരു ആൺകുഞ്ഞ് പ്രസവിച്ചാൽ നിശ്ചിത സ്ഥലത്ത് വെച്ചുകൊണ്ട് ഒത്തിരി ആടുകളെ അറുക്കുവാൻ നേർച്ചയാക്കി യിട്ടുണ്ട്.-50 എണ്ണമാണെന്നാണ് പറഞ്ഞത്- നബി(സ) ചോദിച്ചു. അവിടെ വല്ല ബിംബവുമുണ്ടോ!? ഇല്ലെന്ന് മറുപടി നൽകി. എന്നാൽ നീ നേർച്ചയാക്കിയത് പൂർത്തിയാക്കി വീട്ടുക. അവൾ അറുക്കാനൊരുങ്ങിയപ്പോൾ ഒരുആട് ഓടിപ്പോയി. എന്റെ നേർച്ച പൂർത്തിയാകണം റബ്ബേ എന്ന് ദുആ ചെയ്തപ്പോൾ തിരിച്ചുകിട്ടി. **(സുനനു അബൂദാവൂദ്:3314)**

മറ്റൊരു സംഭവം കാണുക.

٣٣١٣ .. حَدَّثَنِي ثَابِتُ بْنُ الضَّحَّاكِ، قَالَ: نَذَرَ رَجُلٌ عَلَى عَهْدِ رَسُولِ اللَّهِ ﷺ أَنْ يَنْحَرَ إِبِلًا بِبُوَانَةَ فَأَتَى النَّبِيَّ ﷺ، فَقَالَ: إِنِّي نَذَرْتُ أَنْ أَنْحَرَ إِبِلًا بِبُوَانَةَ، فَقَالَ النَّبِيُّ ﷺ: «هَلْ كَانَ فِيهَا وَثَنٌ مِنْ أَوْثَانِ الْجَاهِلِيَّةِ يُعْبَدُ؟» قَالُوا: لَا، قَالَ: «هَلْ كَانَ فِيهَا عِيدٌ مِنْ أَعْيَادِهِمْ؟»، قَالُوا: لَا، قَالَ رَسُولُ اللَّهِ ﷺ: «أَوْفِ بِنَذْرِكَ، فَإِنَّهُ لَا وَفَاءَ لِنَذْرٍ فِي مَعْصِيَةِ اللَّهِ، وَلَا فِيمَا لَا يَمْلِكُ ابْنُ آدَمَ» **(سنن أبي داود - ت محيي الدين عبد الحميد ٢٣٨/٣ — أبو داود (ت ٢٧٥) (حكم الألباني: صحيح] (المعجم الكبير للطبراني ٧٥/٢ — الطبراني (ت ٣٦٠) (السنن الصغير للبيهقي ١٢٠/٤ — أبو بكر البيهقي (ت ٤٥٨)**

നബി(സ)യുടെ കാലത്ത് ഒരാൾ ബുവാനയിൽ വെച്ചു കൊണ്ട് ഒട്ടകത്തെ അറുത്തു നൽകാൻ നേർച്ചയാക്കി, അതിനെ കുറിച്ചു ചോദിക്കാൻ നബി(സ) യുടെ ചാരെയെത്തി. അവിടുന്ന് ചോദിച്ചു."അവിടെ ജാഹിലിയ്യാ കാലത്ത് ആരാധിക്കപ്പെട്ടിരുന്ന വല്ല ബിംബവുമുണ്ടോ!?" ഇല്ലെന്ന് പറഞ്ഞപ്പോൾ "അവിടെ അവരുടെ വല്ല ആഘോഷവുമുണ്ടോ!?" ഇല്ലെന്ന് പറഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞു. "എങ്കിൽ നീ നേർച്ചയാക്കിയത് വീട്ടാം. തെറ്റായ കാര്യങ്ങളിലോ ഒരാൾക്കും ഉടമസ്ഥതയില്ലാത്തതിലോ നേർച്ചയാക്കിയത് വീട്ടാൻ പാടുള്ളതല്ല." **(അബൂ ദാവൂദ്:3313)**

ചുരുക്കത്തിൽ നേർച്ചയാക്കുന്നത് -അത് ആവശ്യങ്ങൾ നിറവേറാൻ വേണ്ടിയാണെങ്കിലും ഇസ്ലാമിന്റെ തുടക്കകാലഘട്ടത്തിലേയുള്ള കാര്യമാണ്. പുണ്യകർമ്മമായ/ പ്രതിഫലാർഹ മാ

യ കാര്യങ്ങളേ നേർച്ചയാക്കാൻ സാധിക്കുകയുള്ളൂ.അതിൽ മറ്റു ആരാധ്യ വസ്തുക്കൾക്ക് വേണ്ടിയുള്ള നേർച്ചയാണ് വിരോധിക്കപ്പെട്ടത്. അതിനാലാണ് അങ്ങനെ തന്നെ നബി(സ) അന്വേശിച്ചതും എന്ന് ഈ സംഭവത്തിൽ നിന്ന് തന്നെ വ്യക്തമാണ്.

മഹാത്മാക്കളുടെ മഖാമുകൾ പരിപാലിക്കലും അവിടെ വരുന്നവർക്ക് സിയാറതിന് അവസരം നൽകലും പുണ്യകർമ്മമാണെന്ന് ശാഫിഈ മദ്ഹബിലെ ശൈഖാനി എന്നറിയപ്പെടുന്ന ഇമാം നവവി(റ)വും ഇമാം റാഫിഈ(റ) ഒരേ സ്വരത്തിൽ പറഞ്ഞത് ഇതിനുമുമ്പ് നാം വിശദീകരിച്ചു. സ്വാഭാവികമായി മറ്റുവിഷയങ്ങളിലേക്ക് നേർച്ചയാക്കുന്നതു പോലെ തന്നെ ഈ പരിപാലനങ്ങൾക്കാവശ്യമായ ചിലവുകളിലേക്ക് നേർച്ചയാക്കുന്ന സമ്പ്രദായം എല്ലാ മഖാമുകളിലും പഴയകാലം മുതലേ കാണപ്പെടുന്ന കാര്യമാണ്. സമാനമായി തന്നെ മഹാത്മാക്കളെ അനുസ്മരിക്കുകയെന്ന വളരെ പുണ്യമേറിയ സദസ്സുകളിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണത്തിലേക്കും നേർച്ചയാക്കുന്നത് സാധാരണയാണ്.

മഹാത്മാക്കളുടെ മഖാമുകൾക്കോ സ്മരണകൾക്കോ യാതൊരു സ്ഥാനവും വിശ്വസിക്കാത്ത ബിദ്അതുകാർ ആകെയുള്ള പിടിവള്ളിയായി, നേർച്ച ചെയ്യുന്നവർ പറയുന്ന 'ഇത് ഇന്ന മഹാനുള്ള നേർച്ചയാണ്' തുടങ്ങിയ പ്രയോഗങ്ങളെ വളച്ചൊടിച്ചുകൊണ്ട് സുന്നികളെ ശിർക്കാരോപിക്കാറുണ്ട്. ഒരു യത്തീമിന്റെ വീടു നിർമ്മാണത്തിന് നേർച്ചയാക്കുന്നവൻ 'ഈ പണം ആ യതീമിനുള്ള നേർച്ചയാണെ'ന്ന് പറഞ്ഞാൽ അത് അല്ലാഹുവല്ലാത്തവർക്കുള്ള നേർച്ചയാകുമോ!? ഇല്ല. ഇതേ രൂപമാണ് മഹത്തുക്കളുടെ പേരിൽ നടക്കുന്ന അനുസ്മരണ സദസ്സിന്റെ ചിലവിലേക്ക് നേർച്ചയാക്കുന്നതു കൊണ്ടും മുഅ്മിനീങ്ങൾ ലക്ഷ്യമാക്കുന്നത്. സഅ്ദ്(റ) തന്റെ മരണപ്പെട്ട ഉമ്മയുടെ പേരിൽ വെള്ളം ഇതേ ശൈലിയിലാണ്.

ഇമാം അബൂദാവൂദ്(റ) റിപ്പോർട്ട് ചെയ്യുന്ന സ്വഹീഹായ ഹദീസ് കാണുക.

١٦٨١عَنْ سَعْدِ بْنِ عُبَادَةَ أَنَّهُ قَالَ: يَا رَسُولَ اللهِ، إِنَّ أُمَّ سَعْدٍ مَاتَتْ فَأَيُّ الصَّدَقَةِ أَفْضَلُ؟ قَالَ: الْمَاءُ ، قَالَ: فَحَفَرَ بِئْرًا، وَقَالَ: هَذِهِ لِأُمِّ سَعْدٍ **(سنن أبي داود:١٦٨١) (النسائي: ٣٦٦٦) (ابن ماجه :٣٦٨٤)، (وأحمد: ٢٣٨٤٥)**

മരണപ്പെട്ട തന്റെ ഉമ്മക്കു വേണ്ടി ഏത് സ്വദഖയാണ് ഉത്തമമെന്ന് സഅ്ദ്(റ) മുത്ത്നബി(സ)യോട് ചേദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു, "വെള്ളം നൽകലാണ്" സഅ്ദ്(റ) ഒരു കിണർ കുഴിച്ചുകൊണ്ട് പറഞ്ഞു. "ഇത് സഅ്ദിന്റെ ഉമ്മക്കുള്ള കിണറാണ്." **(അബൂദാവൂദ്:1681)**

ഇവിടെ പ്രയോഗിച്ച പ്രയോഗം "മരണപ്പെട്ട ഉമ്മു സഅ്ദിനുള്ളതാണ്" എങ്കിൽ പോലും അത് കൊണ്ടുദ്ദേശിച്ചത് അവർക്ക് വേണ്ടി ഹദിയ ചെയ്തതാണ് എന്നാണ്. ഇതാണ് ബദ്രീങ്ങൾക്കുള്ള ആട്/കോഴി തുടങ്ങിയവ നേർച്ചയാക്കുമ്പോഴും ഉപയോഗിക്കുന്ന പദം കൊണ്ടും ഉദ്ദേശിക്കപ്പെടുന്നത്. അതായത് പേരിൽ നടത്തുന്ന സദസ്സിന്റെയോ സിയാറതിന് വരുന്ന മഖ്ബറയുടെയോ ചിലവിലേക്കുള്ള പണമാണ് ലക്ഷ്യം. അതിനു പുറമെ,ഈ ഹദീസിലുള്ളതു പോലെ മറ്റൊരു ആത്മീയമായ ലക്ഷ്യവും ആവാം.

മുത്ത് നബി(സ)യുടെ കാലത്തേയുള്ള ഈ പ്രയോഗം കൃത്യമായി ഫുഖഹാക്കൾ മനസ്സിലാക്കിയിട്ടുണ്ട്. ശാഫിഈ മദ്ഹബിലെ പ്രധാനപ്പെട്ട മൂന്ന് ഗ്രന്ഥങ്ങളും എഴുതുന്നു.

لَوْ نَذَرَ لِوَلِيٍّ مَيِّتٍ بِمَالٍ فَإِنْ قَصَدَ أَنَّهُ يَمْلِكُهُ لَغَا وَإِنْ أَطْلَقَ فَإِنْ كَانَ عَلَى قَبْرِهِ مَا يَحْتَاجُ لِلصَّرْفِ فِي مَصَالِحِهِ صُرِفَ لَهَا وَإِلَّا فَإِنْ كَانَ عِنْدَهُ قَوْمٌ اُعْتِيدَ قَصْدُهُمْ بِالنَّذْرِ لِلْوَلِيِّ صُرِفَ لَهُمْ**(تحفة المحتاج في شرح المنهاج ٣١٦/٦ — ابن حجر الهيتمي (ت ٩٧٤) (نهاية المحتاج إلى شرح المنهاج ٤٢٥/٥ — الرملي، شمس الدين (ت ١٠٠٤) (فتح المعين بشرح قرة العين ٣٩٩/١ — زين الدين المعبري (ت ٩٨٧)**

"മരണപ്പെട്ടുപോയ ഒരു വലിയ്യിന് വേണ്ടി നേർച്ചയാക്കുകയാണെങ്കിൽ ആ നേർച്ച കൊണ്ടുള്ള അവന്റെ ഉദ്ദേശം നേർച്ച വസ്തു മരണപ്പെട്ട വലിയ്യ് ഉടമയാക്കും എന്നാണെങ്കിൽ ആ നേർ

ച്ച പാഴായിപ്പോകും. ഇനി നിരുപാധികം (ഒരു മേഖലയും കരുതാതെ) ഒരു വലിയ്യിന് നേർച്ചയാക്കുമ്പോൾ സാധാരണ നിലക്ക് അദ്ദേഹത്തിന്റെ ഖബറിന് കീഴിലുള്ള നല്ല പ്രവർത്തന ങ്ങൾക്കാണ് നേർച്ച മുതൽ ഉപയോഗിക്കാറുള്ളതെങ്കിൽ അതിന് വേണ്ടി വിനിയോഗിക്കേണ്ടതാണ്. ഇനി,നിരുപാധിക നേർച്ചകൊണ്ട് ഖബ്റിന് പരസരത്തുള്ളവരെയാണ് ലക്ഷ്യമാക്കാറുള്ളതെങ്കിൽ അവർക്കാണ് നൽകേണ്ടത്." **(തുഹ്ഫ:6/ 316) (നിഹായ:5/ 425) (ഫത്ഹുൽ മുഈൻ:399)**

നേർച്ച ശരിയാവണമെന്നുണ്ടെങ്കിൽ തന്നെ അത് പുണ്യ കർമ്മമായിരിക്കണമെന്ന് നാം മുമ്പ് വ്യക്തമാക്കിയിരുന്നു. സുന്നത്തായ കാര്യത്തെ ഏറ്റെടുത്ത് നിർബ്ബന്ധമാക്കുന്നതാണ് നേർച്ചയെന്നത് കൊണ്ട് തന്നെ ഇത്തരം മഖാമുകളിലേക്കും അതിനു കീഴിലുള്ള സംരംഭങ്ങൾക്കും നേർച്ചയാക്കുന്നത് പുണ്യ കർമ്മമാണ്.

ഇത്തരം നേർച്ചകളിൽ പങ്കാളിയാകുന്നതിന് വലിയ ഫലമുണ്ടായതു കാരണവുമാണ് ഇത്തരം പരിപാടികളിലേക്ക് എല്ലാ വർഷവും പല വിധത്തിലുള്ള ലക്ഷ്യ സാഫല്യങ്ങൾക്കു വേണ്ടി ജനങ്ങൾ നേർച്ച നൽകുന്നതും. ചില ലക്ഷ്യങ്ങൾക്ക് ഇതുപോലുള്ള ചിലപ്രത്യേക സ്ഥലങ്ങളിലേക്ക് ഭക്ഷണം മുതലായവ നൽകാൻ നേർച്ചയാക്കുന്ന ശൈലിയും അതുകാരണം പെട്ടൊന്ന് തന്നെ റബ്ബ് ആ ആവശ്യം നിറവേറ്റി നൽകുന്ന സംഭവങ്ങളും സ്ഥലങ്ങളുമുണ്ട്. അതെല്ലാം ജനങ്ങൾ പരീക്ഷിച്ചറിഞ്ഞ ചില സബബുകളും യാഥാർത്ഥ്യങ്ങളുമാണ്.

നബി(സ) യുടെ കാലത്തും ഇത്തരത്തിൽ തേളിന്റെ വിഷമിറക്കാൻ മന്ത്രിക്കുന്ന കുടുംബമുണ്ടായിരുന്നു. സ്വഹീഹു മുസ്ലിമിലെ ഹദീസ് ശ്രദ്ധിക്കുക.

-(٢١٩٩) حَدَّثَنَا أَبُو كُرَيْبٍ ، حَدَّثَنَا أَبُو مُعَاوِيَةَ ، حَدَّثَنَا الْأَعْمَشُ ، عَنْ أَبِي سُفْيَانَ ، عَنْ جَابِرٍ قَالَ: «نَهَى رَسُولُ اللهِ ﷺ عَنِ الرُّقَى، فَجَاءَ آلُ عَمْرِو بْنِ حَزْمٍ إِلَى رَسُولِ اللهِ ﷺ فَقَالُوا: يَا رَسُولَ اللهِ، إِنَّهُ كَانَتْ عِنْدَنَا رُقْيَةٌ نَرْقِي بِهَا مِنَ الْعَقْرَبِ، وَإِنَّكَ نَهَيْتَ عَنِ الرُّقَى! قَالَ:

فَعَرَضُوهَا عَلَيْهِ، فَقَالَ: مَا أَرَى بَأْسًا، مَنِ اسْتَطَاعَ مِنْكُمْ أَنْ يَنْفَعَ أَخَاهُ فَلْيَنْفَعْهُ.« **(صحيح مسلم - ط التركية ١٩/٧ — مسلم (ت ٢٦١)**

നബി(സ) മന്ത്രം നിരോധിച്ചതറിഞ്ഞു കൊണ്ട് അംറുബ്നു ഹസ്മിന്റെ കുടുംബക്കാർ വന്നു പറഞ്ഞു. നബിയേ.. ഞങ്ങളുടെ പക്കൽ തേളിന്റെ വിഷബാധക്ക് മന്ത്രിക്കുന്ന മന്ത്രമുണ്ട്. അങ്ങ് മന്ത്രമെല്ലാം നിരോധിച്ചോ!? അവർ ആ മന്ത്രം നബി(സ)യെ കാണിച്ചു. അവിടുന്ന് പറഞ്ഞു. “ഇതൊരു പ്രശ്നവുമില്ല. കഴിയുമെങ്കിൽ ഇത് എല്ലാവരും ഉപയോഗിച്ചുകൊള്ളട്ടെ.”**(സ്വഹീഹുമുസ്ലിം:2199)**

ഇവിടെ പ്രത്യേക പ്രശ്നത്തിന് പ്രത്യേക പരിഹാരം പരീക്ഷിച്ചറിഞ്ഞ മന്ത്രവുമായിട്ടാണ് വന്നിട്ടുള്ളത്. നബി(സ) അംഗീകരിക്കുകയും ചെയ്തു. ബിദ്അതുകാരുടെ നേതാവായ ഇബ്നു തൈമിയ്യ പോലും ഇതു പോലുള്ള അനുഭവം കൊണ്ട് സ്ഥിരപ്പെട്ട ചില പ്രത്യേക ആയതുകളും ദിക്റുകളും ചില രോഗങ്ങൾ സുഖപ്പെടാനും മറ്റും നിർദ്ദേശിക്കുന്നുണ്ട്.[1] അതെല്ലാം പ്രമാണ

---

[1] മൂക്കിൽ നിന്ന് രക്തമൊലിക്കുന്ന അസുഖത്തിനുള്ള ഇബ്നുതൈമിയ്യ ചെയ്യുന്ന ചികിത്സ:

كتاب للرعاف كَانَ شَيْخُ الْإِسْلَامِ ابْنُ تَيْمِيَّةَ يكتب على جبهته وَقِيلَ يا أَرْضُ ابْلَعِي مَاءَكِ وَيَا سَمَاءُ أَقْلِعِي وَغِيضَ الْمَاءُ وَقُضِيَ الْأَمْرُ وَسَمِعْتُهُ يَقُولُ كَتَبْتُهَا لِغَيْرِ وَاحِدٍ فَبَرَا

ഇബ്നു തൈമിയ്യ ഇത്തരം രോഗികളുടെ നെറ്റിയിൽ ഹൂദ് സൂറത്തിലെ 44-ാംാം സൂക്തം എഴുതികൊടുക്കാറുണ്ട്. ഇബ്നു തൈമിയ്യ പറയുന്നതായി ഞാൻ കേട്ടു: "ഞാൻ പലർക്കും ഇത് പോലെ എഴുതികൊടുത്തത് കാരണം അവരുടെ ഈ അസുഖം സുഖപ്പെട്ടിട്ടുണ്ട്" **(ത്വിബ്ബുന്നവി: 1/271) (സാദുൽ മആദ്:4/529)**

ഇബ്നുൽ ഖയ്യിം ആത്മീയ ചികിത്സ പഠിപ്പിക്കുന്നു.

كِتَابُ آخَرُ لِذَلِكَ يُكْتَبُ فِي إِنَاءٍ نَظِيفَ إِذَا السَّمَاءُ انْشَقَّتْ وَأَذِنَتْ لِرَبِّهَا وَحُقَّتْ وَإِذَا الْأَرْضُ مُدَّتْ وَأَلْقَتْ مَا فِيهَا وَتَخَلَّتْ وَتَشْرَبُ مِنْهُ الْحَامِلُ وَيُرَشُّ عَلَى بَطْنِهَا

സുഖപ്രസവത്തിനു വേണ്ടിയുള്ള മറ്റൊരു ചികിത്സ: വൃത്തിയുള്ള ഒരു പാത്രത്തിൽ സൂറത്തുൽ ഇൻശിഖാഖിലെ ആദ്യ നാല് ആയതുകൾ എഴുതുകയും അത് കുടിപ്പിക്കുകയും ബാക്കി വയറിൻ്റെ പുറത്ത് തെളിക്കുകയും ചെയ്യുക. **(ത്വിബ്ബുന്നബവി: 1/271, സാദുൽ മആദ്:4/528,529)**

ത്തിൽ ഉണ്ടായാലേ ശരിയാവുകയുള്ളൂവെന്നത് ഇബ്നു തൈമിയ്യക്ക് പോലുമില്ലാത്ത ആദർശമാണ്. മറിച്ച് ഇത്തരം ദിക്ർ/ ആയതുകൾ ചെല്ലിയപ്പോൾ പതിവായി നിശ്ചിത ഗുണങ്ങൾ ലഭിച്ചു /ലഭിച്ചു കൊണ്ടിരിക്കുന്നു എന്ന അനുഭവങ്ങൾ മാത്രമാണ് അത് ചെയ്യാനുള്ള പ്രേരണ. അത് ദീൻ വിലക്കുന്നതുമല്ല താനും.

ചരിത്രത്തിലും നേർച്ചകൾ നടക്കുന്ന ഖബറിടങ്ങളും ചില ഖബറുകളിലേക്ക് നേർച്ചയാക്കിയാൽ കിട്ടുന്ന ഫലങ്ങളും കാണാനാകും. ഹിജ്റ 342ൽ വഫാതായ ഖാളി അബുൽ ഖാസിമു തനൂഖി(റ) പറഞ്ഞ വലിയൊരു ചരിത്രം ഖതീബുൽ ബഗ്ദാദി(റ) (ഹി.463) ഉദ്ധരിക്കുന്നതിൽ നിന്ന്.

حَدَّثَنِي الْقَاضِي أَبُو القاسم عَلِيّ بْن المحسن التنوخي، قَالَ: حَدَّثَنِي أَبِي، قَالَ: كنت جالسا بحضرة عضد الدولة..... فوقع طرفه على البناء الذي على قبر النذور، فقال لي: ما هذا البناء؟ فقلت: هذا مشهد النذور، ولم أقل قبر لعلمي بطيرته من دون هذا، فاستحسن اللفظة، وَقَالَ: قد علمت أنه قبر النذور، وإنما أردت شرح أمره. فقلت: هذا يقال: إنه قبر عبيد الله بْن مُحَمَّد بْن عُمَر بْن عَلِيّ بْن الحسين بْن عَلِيّ بْن أَبِي طالب....... وإنما شهر بقبر النذور لأنه ما يكاد ينذر له نذر إلا صح، وبلغ الناذر ما يريد ولزمه الوفاء بالنذر، وأنا أحد من نذر له مرارا لا أحصيها كثرة، نذورا على أمور متعذرة، فبلغتها ولزمني النذر فوفيت به.
**(تاريخ بغداد ت بشار ١/٤٤٦،٤٤٧ — الخطيب البغدادي (ت ٤٦٣)**

ഇബ്നു ഖാസിം(റ) തന്റെ ഉപ്പ പറഞ്ഞതായി പറയുന്നു. ഞാൻ “നേർച്ച ഖബർ” എന്നറിയപ്പെടുന്ന ഒരു ഖബറിന് ചാരെയിരിക്കുമ്പോൾ ഒരാൾ ഇതിനെ കുറിച്ച് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു, ഇത് നേർച്ച ഖബർ എന്ന പേരിലറിയപ്പെടുന്ന ഖബറാണ്. ഉബൈദുല്ലാഹ് (റ) എന്ന മഹാന്റെ ഖബറാണെന്ന് പറയപ്പെടുന്നു. നേർച്ച ഖബറെന്ന് ഇത് അറിയപ്പെടാൻ കാരണംഈ ഖബറിന് വേണ്ടി എന്തുദ്ധേശത്തിൽ നേർച്ചയാക്കിയാലും അത് നിറവേറുകതന്നെ ചെയ്യും. ഞാൻ അത് പലപ്രാവശ്യം പരീക്ഷിച്ചറിഞ്ഞയാളാണ്...**(താരീഖു ബഗ്ദാദ്/ ഇമാം ഖത്വീബുൽ ബഗ്ദാദി (റ):1/446,447)**

## അല്ലാഹുവല്ലാത്തവർക്ക് അറവ്

മഹാത്മാക്കൾക്കുവേണ്ടിയുള്ള നേർച്ചകൊണ്ട് എന്താണർ ത്ഥമാക്കാറുള്ളതെന്ന് കൃത്യമായി വിശദീകരിച്ചു. പ്രത്യേക ല ക്ഷ്യ സാഫല്യത്തിനു വേണ്ടിയാണെങ്കിൽ പോലും നേർച്ച ശ രിയാകുമെന്ന് നേർച്ചയെ കുറിച്ച് പറയുന്ന ഹദീസിൽ നിന്ന് ത ന്നെ വ്യക്തമാണ്. ഇതുതന്നെയാണ് നേർച്ചകളിലേക്ക് വേണ്ടി അറുക്കുന്ന വിശ്വാസികൾക്കും ഉദ്ധേശ്യമുള്ളത്. ഒരു മഹാത്മാ വിന്റെ മഖാമിൽ വരുന്നവർക്ക് ഭക്ഷിക്കാൻ വേണ്ടി അറവു നട ത്തുന്നതിനെ ആമഹാനുവേണ്ടിയുള്ള അറവാണെന്നു പറഞ്ഞു ഇവർ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാറുണ്ട്. ഒരു കുട്ടിയുടെ പേരിൽ അഖീഖത് അറുക്കുന്നതും ഇവരുടെ ഭാഷയിൽ അല്ലാഹുവല്ലാ ത്ത വരുടെ പേരിലും അല്ലാഹുവല്ലാത്തവർക്കുവേണ്ടിയുമുള്ള അറവും ശിർക്കുമായിത്തീരും. കാരണം ഇവർക്ക് വാക്കുകളിൽ പിടിച്ചെങ്കിലും സുന്നികളെ മുഷ്രികാക്കുക എന്ന ലക്ഷ്യമേ ഇതി നു പിന്നിലുള്ളൂ..

ഇതിനായി ഇവർ പല ഇബറതുകളും തെറ്റുദ്ധരിപ്പിക്കാറു ണ്ട്. ഇമാംറാസി(റ) പറഞ്ഞതും ഇമാം ഇബ്നുഹജറുൽ ഹൈ തമി(റ) തന്റെ സവാജിറിൽ രേഖപ്പെടുത്തിയതുമായ ഇബാറത് ഇവർ ഇതിനായി അർത്ഥം തന്നെ മാറ്റി വെക്കാറുണ്ട്. അത് കാ ണുക.

قَالَ الْعُلَمَاءُ: لَوْ أَنَّ مُسْلِمًا ذَبَحَ ذَبِيحَةً، وَقَصَدَ بِذَبْحِهَا التَّقَرُّبَ إِلَى غَيْرِ اللَّهِ صَارَ مُرْتَدًّا
وَذَبِيحَتُهُ ذَبِيحَةُ مُرْتَدٍّ، **(تفسير الرازي = مفاتيح الغيب ١٩٢/٥ — الفخر الرازي (ت ٦٠٦)**

ഉലമാക്കൾ പറഞ്ഞിട്ടുണ്ട്: "ഒരു മുസ്ലിം ഒരു മൃഗത്തെ അറു ക്കുമ്പോൾ അതുകൊണ്ടവൻ അല്ലാഹുവല്ലാത്തവരുടെ ~~സാമീപ്യമാണ്~~ ഉദ്ദേശിച്ചതെങ്കിൽ അവൻ ഇസ്ലാമിൽ നിന്ന് തന്നെ പുറ ത്തുപോകും. അവൻ അറുത്തത് മുർതദ്ദ് അറുത്തതിന്റെ വിധി യുമാണ്."**(തഫ്സീറു റാസി/ഇമാം റാസി:5/192)**

ഇവിടെ التَّقَرُّبَ എന്ന പദത്തിന് 'സാമീപ്യം' എന്ന വെറും ഡി ക്ഷണറി അർത്ഥമാണിവർ നൽകിയിരിക്കുന്നത്. التَّقَرُّبَ എന്ന പ

ദത്തിന് ആരാധന/ ഇബാദത് എന്ന അർത്ഥമാണ് നേർച്ചയുടെ ബാബിൽ തന്നെ സകല ഫുഖഹാക്കളും നൽകിയിട്ടുള്ളത്.[1]

ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) തന്നെ بِالْتِزَامِ الْقُرْبَةِ ഒരു 'ആരാധനയെ' നിർബ്ബന്ധമാക്കുക,ഫത്ഹുൽ മുഈനിൽ التزام مكلف قربة لم تتعين വ്യക്തിപരമായി നിർബന്ധമില്ലാത്ത ഒരു 'ആരാധന'യെ നിർബന്ധമാക്കുക എന്നിങ്ങനെയാണ് നേർച്ചയെ നിർവചിച്ചിട്ടുള്ളത്. അവിടെയെല്ലാം الْقُرْبَةِഎന്ന പദത്തിനർത്ഥം 'ആരാധന' എന്നതാണ്. ഈ الْقُرْبَةِ അല്ലാഹു അല്ലാത്തവർക്ക് വേണ്ടി നിർവ്വഹിക്കലാണ് التَّقَرُّبَ إِلَى غَيْرِ اللَّهِ എന്നതു കൊണ്ട് അർത്ഥമാക്കുന്നതെന്ന് കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ അൽപ്പമെങ്കിലും പരിചയമുള്ളവർക്ക് മനസ്സിലാക്കാനാകും.

ഇമാം നവവി(റ) വിന്റെ ശറഹു മുസ്ലിമിലെ സമാനമായ പ്രയോഗം എടുത്തുകൊണ്ടും ബിദ്അതുകാർ തെറ്റുദ്ധരിപ്പിക്കാറുണ്ട്. അവിടുന്ന് തന്റെ പ്രധാന കർമ്മശാസ്ത്ര ഗ്രന്ഥമായ റൗളയിൽ കൃത്യമായി വിവരിക്കുന്നു.

وَاعْلَمْ أَنَّ الذَّبْحَ لِلْمَعْبُودِ وَبِاسْمِهِ، نَازِلٌ مُنْزِلَةِ السُّجُودِ لَهُ، وَكُلُّ وَاحِدٍ مِنْهُمَا نَوْعٌ مِنْ أَنْوَاعِ التَّعْظِيمِ وَالْعِبَادَةِ الْمَخْصُوصَةِ بِاللَّهِ تَعَالَى الَّذِي هُوَ الْمُسْتَحِقُّ لِلْعِبَادَةِ، فَمَنْ ذَبَحَ لِغَيْرِهِ مِنْ حَيَوَانٍ أَوْ جَمَادٍ كَالصَّنَمِ عَلَى وَجْهِ التَّعْظِيمِ وَالْعِبَادَةِ، لَمْ تَحِلَّ ذَبِيحَتُهُ، وَكَانَ فِعْلُهُ كُفْرًا، كَمَنْ سَجَدَ لِغَيْرِهِ سَجْدَةَ عِبَادَةٍ، وَكَذَا لَوْ ذَبَحَ لَهُ وَلِغَيْرِهِ عَلَى هَذَا الْوَجْهِ، فَأَمَّا إِذَا ذَبَحَ لِغَيْرِهِ لَا عَلَى هَذَا الْوَجْهِ، بِأَنْ ضَحَّى أَوْ ذَبَحَ لِلْكَعْبَةِ تَعْظِيمًا لَهَا لِأَنَّهَا بَيْتُ اللَّهِ تَعَالَى، أَوِ الرَّسُولِ لِأَنَّهُ رَسُولُ اللَّهِ ﷺ، فَهَذَا لَا يَجُوزُ أَنْ يَمْنَعَ حِلَّ الذَّبِيحَةِ، وَإِلَى هَذَا الْمَعْنَى، يَرْجِعُ قَوْلُ الْقَائِلِ: أَهْدَيْتُ لِلْحَرَمِ، أَوْ لِلْكَعْبَةِ، وَمِنْ هَذَا الْقَبِيلِ، الذَّبْحُ عِنْدَ اسْتِقْبَالِ السُّلْطَانِ، فَإِنَّهُ اسْتِبْشَارٌ بِقُدُومِهِ، نَازِلٌ مَنْزِلَةَ ذَبْحِ الْعَقِيقَةِ لِوِلَادَةِ الْمَوْلُودِ، وَمِثْلُ هَذَا لَا يُوجِبُ الْكُفْرَ، ) **روضة الطالبين وعمدة المفتين ٣/٢٠٦ — النووي (ت ٦٧٦)**

"ആരാധിക്കപ്പെടുന്ന വസ്തുവിനോ അതിന്റെ പേരിലോ ഉള്ള നേർച്ച അവക്കുവേണ്ടി സുജൂദ്ചെയ്യുന്നത് പോലെയാണ്. അത്

[1] ഇതിൽ തന്നെ ഇത് വ്യക്തമായി ഉണ്ട്. التَّقَرُّبَ എന്ന ലെ ال എന്താണെന്ന് അറബി അറിയുന്ന അൽപ്പം വിവരമുള്ളവർക്ക് മനസ്സിലാക്കാനാകും.

രണ്ടും അല്ലാഹുവിനു മാത്രം അവകാശപ്പെട്ട ആദരവും ആരാധ നയും മറ്റുള്ളതിന് നൽകുന്ന ഗണത്തിൽപെടും. അതിനാൽ ആരെങ്കിലും അല്ലാഹുവല്ലാത്ത ഒരു ജീവിക്കോ ബിംബത്തെ പോലുള്ള ജീവനില്ലാത്തതിനോ ആരാധനയോ ഇപ്പറഞ്ഞ ആദരവോ ആയ നിലക്ക് അറുത്താൽ ആ അറുക്കപ്പെട്ടത് അനുവദനീയമല്ല. അവന്റെ പ്രവർത്തി കുഫ്റായിത്തീരും. ഇനി, ഈ രൂപത്തിലല്ലാതെ അല്ലാഹുവിന്റെ ഭവനമാണെന്ന ആദരവ് കൽപ്പിച്ചുകൊണ്ട് കഅ്ബക്കുവേണ്ടിയോ, അല്ലെങ്കിൽ അല്ലാഹുവിന്റെ റസൂലാണെന്ന ആദരവ് കൽപ്പിച്ചു കൊണ്ട് മുത്ത്നബി(സ) ക്ക് വേണ്ടിയോ അറവ് നടത്തിയാൽ അത് അനുവദനീയമാകു ന്നതിന് തടസ്സമാവുകയില്ല. ഈ അർത്ഥത്തിലാണ് 'ഹറമി'ന് ഞാൻ അറുത്തുകൊടുത്തു, കഅ്ബക്കുവേണ്ടി ഞാൻ അറുത്തു നൽകി' തുടങ്ങിയ പ്രയോഗങ്ങൾ. ഇതുപോലെയാണ് രാജാവ് വരുമ്പോൾ അതിന്റെ സന്തോഷത്തിനു വേണ്ടിയുള്ള അറവുകളും. ഇതെല്ലാം കുട്ടികളുടെ പേരിൽ ഹഖീഖത് അറുത്തു കൊടുക്കുന്നതിന്റെ സ്ഥാനത്താണ്. ഇതുപോലുള്ളതൊന്നും കുഫ്റാവുകയില്ല. **(റൗളതു ത്വാലിബീ ൻ/ഇമാം നവവി(റ):3/206)**

ഒപ്പം ഇമാം നവവി(റ) എഴുതുന്നു.

وَوَقَعَتْ مُنَازَعَةٌ بَيْنَ جَمَاعَةٍ مِمَّنْ لَقِينَاهُمْ مِنْ فُقَهَاءِ قَزْوِينَ فِي أَنَّ مَنْ ذَبَحَ بِاسْمِ اللَّهِ وَاسْمِ رَسُولِ اللَّهِ ﷺ، هَلْ تَحِلُّ ذَبِيحَتُهُ؟ وَهَلْ يَكْفُرُ بِذَلِكَ؟ وَأَفْضَتْ تِلْكَ الْمُنَازَعَةُ إِلَى فِتْنَةٍ، وَالصَّوَابُ مَا بَيَّنَّاهُ **(روضة الطالبين وعمدة المفتين ٢٠٦/٣ — النووي (ت ٦٧٦)**

ഇകാലത്ത് ഖസ്വീനിലുള്ള ഫുഖഹാക്കൾക്കിടയിൽ അല്ലാഹുവിന്റെ പേരിൽ അറുത്തത്, നബി(സ)യുടെ പേരിൽ അറുത്തത് എന്ന വിഷയത്തെ ചൊല്ലി തർക്കങ്ങളുണ്ടായി. നബി (സ)യുടെ പേരിലറുത്തത് കഴിക്കാമോ!? അതുകൊണ്ടൊരാൾ കാഫിറാകുമോ!? എന്ന ഈ തർക്കം ഒരുപാട് ഫിത്നക്ക് കാരണമായി. ഇതിലെ ശരിയായ വശം ഞാൻ ഈ മുകളിൽ വിശദീകരിച്ചതാണ്. **(റൗളതു ത്വാലിബീൻ/ഇമാം നവവി(റ):3/206)**

വളരെ കൃത്യമായിട്ടാണ് ഇമാം നവവി(റ) ഇവിടെ രണ്ടുതരം ആദരുവകളെയും അടിവരയിട്ട് പഠിപ്പിച്ചത്. ഒന്ന് അല്ലാഹുവിന് മാത്രം പ്രത്യേകമായ ആരാധനയുടെ പരിധിയിൽ വരുന്ന ആദരവാണ്. റസൂലിന് റസൂലിന്റെ സ്ഥാനവും കഅ്ബക്ക് കഅ്ബയുടെ സ്ഥാനവും നൽകിക്കൊണ്ടുള്ള ആദരവ് ഇസ്ലാം അംഗീകരിക്കുന്ന ആദരവാണ്. ആ ആദരവ് അറവിന്റെ സമയത്തുപോലും കുഴപ്പമില്ലെന്ന് വ്യക്തമാക്കി പഠിപ്പിച്ചു.

## നേർച്ചയിലെ അനാചാരങ്ങൾ

ഇക്കാലത്ത് ഏതു നല്ലകാര്യത്തെ കുറിച്ചു പറയുമ്പോഴും പ്രത്യേകമായി ചർച്ചക്കെടുക്കേണ്ട കാര്യമാണ് അനാചാരങ്ങൾ. വിവാഹം എത്രമാത്രം പവിത്രമായ ആചാരമാണെങ്കിലും പല സ്ഥലങ്ങളിലും നടക്കുന്ന ധൂർത്തുകളും അനാചാരങ്ങളും പ്രത്യേകം എതിർക്കപ്പെടേണ്ടതു തന്നെയാണ്. ഇതുപോലെയാണ് മഖ്ബറകളിലെ നേർച്ചയുടെ സദസ്സും. പരിശുദ്ധ ഖുർആനും പ്രഭാഷണവും മറ്റു നല്ല കാര്യങ്ങളും നടക്കുന്ന നേർച്ചകളെ ഒന്നടങ്കം എതിർക്കുന്ന ബിദ്തുകാർക്ക് യഥാർത്തിൽ അതിലെ അനാചാരങ്ങളെ മാത്രം എതിർക്കാൻ അവകാശമില്ല. കാരണം, അവിടെ ഖുർആൻ ഓതുന്നതും, പ്രഭാഷണം നടത്തുന്നതും സിയാറതിന്റെ കേന്ദ്രമാക്കുന്നതും എല്ലാം ഇവർക്ക് ആന, വാദ്യമേളങ്ങൾ പോലുള്ള അനാചാരമാണ്. അല്ലെങ്കിൽ ഇവർ അവിടെ നടക്കുന്ന നല്ല കാര്യങ്ങളെ എതിർക്കാനാണ് ആദ്യം തുനിയേണ്ടത്. കാരണം അതല്ലാത്ത തിന്മകളെ എതിർക്കാൻ സുന്നികൾ തന്നെ എക്കാലത്തും മുൻപന്തിയിലുണ്ടായിട്ടുണ്ട്.

മഹാത്മാക്കളെ സ്മരിക്കുന്നിടത്ത് റഹ്മത് ഇറങ്ങുമെന്ന് വിശദമായി നാം പറഞ്ഞിരുന്നു. അതുതന്നെ ബറകതിന്റെ കേന്ദ്രമായ അവരുടെ ഖബ്റുകൾക്ക് സമീപ്പമാകുമ്പോൾ അതിന്റെ മഹത്വം ചെറുതല്ല. അതിനെല്ലാം പുറമെ മഖാമുകൾ പൂർണ്ണ അദബുകൾ പാലിച്ചു ബഹുമാനിക്കപ്പെടേണ്ട കേന്ദ്രങ്ങളാണ്. അവിടെ എന്തെല്ലാമാണ് നടക്കേണ്ടതെന്ന് വരെ മുൻഗാമികളായ അഇമ്മത് പഠിപ്പിച്ചു തന്നത് വിശദമായി മുമ്പ് ചർച്ച ചെയ്തു.

ഈ സ്ഥാനത്ത് കടുത്ത തിന്മകളും കൂത്താട്ടവും നടത്തുന്നത് കൂടുതൽ ഗൗരവമേറിയ തെറ്റാണ്. മഹത്വം കൽപ്പിക്കേണ്ടിടത്ത് തോന്നിവാസങ്ങൾ ചെയ്യുന്നതും ഒരു മഹത്വവുമില്ലാത്തിടത്ത് തോന്നിവാസങ്ങൾ ചെയ്യുന്നതും വലിയവ്യത്യാസമുണ്ടല്ലോ. അങ്ങാടിയിൽ ആനയെ കൊണ്ടുവന്നു നൃത്തം ചെയ്യുന്നതും മഖാമുകൾ, പള്ളികൾ പോലുള്ള ആദരവ് കൽപ്പിക്കേണ്ടയിടങ്ങളിൽ നൃത്തം ചെയ്യുന്നതും ഒരുപോലെയല്ല.

പക്ഷെ, മഖാമുകൾക്ക് ഒരുമഹത്വവുമില്ല, അത് ശിർക്കിന്റെ കേന്ദ്രങ്ങളും ബിംബങ്ങളെ പോലെയുള്ളതുമാണെന്ന് പറയുന്ന ബിദ്അതുകാർ എന്തിനാണ് ഈ തോന്നിവാസങ്ങളെ എതിർക്കുന്നതെന്ന് ചിന്തിക്കുന്നതിൽ കാര്യമുണ്ട്. അങ്ങാടിയിലും അമ്പലത്തിലും കൂത്താട്ടങ്ങൾ നടക്കുന്നതിനെ എതിർക്കാത്ത ഇവർ അതിലേറെ മലീമസമായ മഖാമുകൾക്ക് ചാരെയാകുമ്പോൾ മാത്രം എതിർക്കുന്നതിൽ രണ്ട് സാധ്യതകളേ കാണാനാകൂ... ഒന്നുകിൽ സുന്നികളെ ചീത്തവിളിക്കാനുള്ള അവസരം എന്ന നിലക്ക് ഈ തിന്മകൾ അവരുടെ ആദർശമാണെന്ന് വരുത്തിത്തീർത്തുകയാണ്. മറ്റൊരു സാധ്യത മഖാമുകൾ ഒരിക്കലും വേണ്ടാത്തരങ്ങൾ അരങ്ങേറേണ്ട സ്ഥലങ്ങളല്ല, അത് ആദരിക്കപ്പെടേണ്ട സ്ഥലമാണെന്ന ഒരു മാനസിക ബോധം ഉള്ളതു കൊണ്ടായിരിക്കും. അതൊരിക്കലും കടുത്ത ബിദ്അതുകാരിൽ നിന്നുണ്ടാകില്ലെന്നും ഉറപ്പാണ്.

ഇത് ഇങ്ങനെതന്നെ ആവർത്തിച്ചു പറയുന്നത് സുന്നികൾ എതിർക്കുന്നതും ബിദ്അതുകാർ എതിർക്കുന്നതും അടിസ്ഥാനപരമായി തന്നെ രണ്ട് ലക്ഷ്യങ്ങളെ മുൻനിർത്തിയാണെന്ന് മനസ്സിലാക്കുവാനാണ്. സുന്നികളുടേത് ആദരിക്കപ്പെടേണ്ട സ്ഥലങ്ങൾ തോന്നിവാസങ്ങളുടെ കേന്ദ്രമായി മാറുമ്പോൾ ഏതു ഈമാനുള്ള സുന്നിയുടെയും ഹൃദയം വേദനിക്കും. ബിദ്അതുകാർ ഈ അർത്ഥത്തിലേയല്ല ഇതിനെ എതിർക്കുന്നതെന്ന് മനസ്സിലാക്കാനാണ്. ഇത്തരം പേക്കുത്തുകൾ സ്കൂളുകളിലും അങ്ങാടിയിലും മറ്റു ക്ലബ്ബുകളിലും നടക്കുമ്പോൾ വിശ്വാസികൾ എ

തിർക്കുന്നത് തിന്മയാണെന്ന കാരണം കൊണ്ട് മാത്രമാണ്. അ നാദരവുണ്ടായതു കാരണമല്ല. അത് ഇവിടെ ചർച്ച ചെയ്യേണ്ട തുമില്ല. മഖാമുകൾക്ക് ചാരെയായതു കൊണ്ടുള്ള എതിർപ്പാണ് ഇവിടുത്തെ ചർച്ച.

സുന്നികൾക്കും ഉലമാക്കൾക്കും സ്വാധീനമുള്ളിടത്തൊ ന്നും നേർച്ചകളിൽ അനിസ്ലാമികമായ കാര്യങ്ങൾ കാണാനാകി ല്ല. എല്ലാം തൊട്ടു മുമ്പ് വിവരിച്ച പുണ്യകർമ്മങ്ങളുടെ സദസ്സാ ണ് നടക്കാറുള്ളത്. പുറമെ, സ്വാധീനമില്ലാത്തിടത്തും ശക്തമാ യി ഇതിനെതിരെ ശബ്ദിച്ചിട്ടുള്ളതും സുന്നികൾ തന്നെയാണ്. കാരണം മഹാത്മാക്കളുടെ മഖാമുകൾ പേക്കൂത്തുകൾ കൊണ്ട് വികൃതമാക്കുന്നതിൽ സുന്നികൾക്കേ പ്രയാസം നേരിടുകയു ള്ളൂ.. ബിദ്അതുകാർ ശബ്ദിക്കുന്നത് ഇത്തരം പേക്കൂത്തുകൾ ക്കെതിരെയല്ല. മറിച്ച്, ഇതിനെല്ലാം പിന്നിൽ സുന്നികളാണെന്ന് ആരോപിച്ചു കൊണ്ട് ശക്തമായി ഇവയെ എതിർക്കുന്ന സുന്നി കളെ ചീത്തവിളിക്കാനുള്ള അവസരമായാണ് ഉപയോഗിച്ചിട്ടു ള്ളത്. അതിന് വേണ്ടി ഈതോന്നിവാസങ്ങൾ സുന്നത്ത് ജമാ അതിന്റെ ഉലമാക്കൾ കൽപ്പിച്ചതു കൊണ്ടും പ്രോത്സാഹിപ്പിച്ച തു കൊണ്ടുമാണെന്ന് പച്ചക്കള്ളം പറഞ്ഞു വീഡിയോകൾ ചെ യ്യലാണ് പതിവ്.

ഇത്തരം നേർച്ചപ്പൂരങ്ങൾക്കു പിന്നിൽ മുഴുവനും അമുസ് ലീങ്ങളും ഇസ്ലാമുമായി ഒരു ബന്ധവുമില്ലാത്തവരുമാണെന്ന് ഇ തിന്റെ കമ്മറ്റികൾ ശ്രദ്ധിച്ചാൽതന്നെ ഏതൊരാൾക്കും ബോധ്യ മാകും. മിക്കതും രാഷ്ട്രീയ താത്പര്യങ്ങൾക്കോ കച്ചവട താത്പ ര്യങ്ങൾക്കോ വേണ്ടിയുണ്ടാക്കുന്ന പൂരങ്ങളാണ്. വഹാബീ രാഷ്ട്രീ യ നേതാക്കൾ പോലും സുന്നികളുടെ ഇടപെടലുകൾ കൊണ്ട് നിർത്തിവെപ്പിച്ച നേർച്ചപ്പൂരങ്ങൾ പുനരാരംഭിക്കാൻ മുൻ കൈ യ്യെടുക്കുമെന്ന് പറഞ്ഞ വാർത്തകൾ നാം വായിച്ചതാണ്. ഇതെ ല്ലാം അറിഞ്ഞിട്ടും സുന്നികളുടെ ഇതിന്റെ പേരിൽ തെറിവിളിക്ക ണമെങ്കിൽ ആദ്യം സുന്നികളുടെ നേതൃത്വത്തിലാണ് ഇതെല്ലാം അരങ്ങേറുന്നതന്ന് ആരോപിക്കണം. മുസ്ലിം സമുദായത്തിലു

ള്ള വിവാഹങ്ങളിലെ ആർബാഡങ്ങൾക്ക് കാരണം ഇസ്ലാമിലെ വിവാഹം എന്നൊരു ആചാരമാണെന്ന് പറയുന്നതിനു തുല്യമാണിത്.

ചുരുക്കത്തിൽ ആനയും അമ്പാരിയും വാദ്യമേളകളും കൂത്താട്ടങ്ങളും നടക്കുന്ന നേർച്ചയുടെ പേരിലുള്ള തോന്നിവാസങ്ങൾക്കൊന്നും സുന്നത് ജമാഅതിന്റെ ഉലമാക്കൾ ഒരു നിലക്കും ഉത്തരവാദിയല്ല. മറ്റു മതസ്ഥരാണ് പലയിടങ്ങളിലും ഇതിന്റെ കമ്മറ്റികളിൽ പോലും കാണപ്പെടുന്നത്. കഴിയുന്നത്ര ഇത്തരം തോന്നിവാസങ്ങൾ അവസാനിപ്പിക്കാൻ സുന്നീ ഉലമാക്കൾ ഇടപെടുകയും സ്വാധീനമുള്ളിടത്ത് നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്.

# ചോദ്യങ്ങളും മറുപടിയും

വിശദമായി മഖാമുകളെ കുറിച്ചുള്ള കർമ്മ ശാസ്ത്രപരമായ വിധികൾ നാം വിശദീകരിച്ചു കഴിഞ്ഞു. ഇനി അതുമായി ബന്ധപ്പെട്ട് ബിദ്അതുകാർ ദുർവ്യാഖ്യാനിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും ചെയ്യാറുള്ള ചില ചോദ്യങ്ങളിലേക്കും അവയുടെ മറുപടികളിലേക്കും കടക്കാം.

## ചോദ്യം:01

*ഖബറുകൾ ആരാധനാ കേന്ദ്രമാക്കിയവരെ ശപിച്ചിരിക്കുന്നു എന്ന് നബി(സ) പറഞ്ഞിട്ടുണ്ടോ!? എന്താണ് ആ ഹദീസ് കൊണ്ടർത്ഥമാക്കുന്നത്!?*

عَنْ عَائِشَةَ ، عَنِ النَّبِيِّ ﷺ قَالَ فِي مَرَضِهِ الَّذِي مَاتَ فِيهِ» :لَعَنَ اللهُ الْيَهُودَ وَالنَّصَارَى؛ اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسْجِدًا» **(صحيح البخاري: ١٣٣٠- ط السلطانية)**

## മറുപടി

ഖബർ ആരാധനാ കേന്ദ്രമാക്കരുതെന്ന് ഹദീസിൽ ഇല്ല. ഖബർ സിയാറത് ആരാധനയാണ്. അതിന്റെ കേന്ദ്രം ഖബർ തന്നെയുമാണ്. ഖബറിനടുത്ത് ആരാധന പറ്റില്ലെന്ന് വാദിക്കുന്നവർ ഖബർ സിയാറതും നിർത്തിവെക്കേണ്ടി വരും. പുറമെ പ്രാർത്ഥ ആരാധനയാണ്. ഖബർ സിയാറതിൽ മരണപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥിക്കാമെന്ന് സമ്മതിക്കുന്നവരാണ് പുതിയ മിക്ക ബിദ്അതുകാരും. ഖബറടക്കിയതിനു ശേഷം പ്രാർത്ഥിക്കുന്നവരേയും ഇപ്പോൾ കണ്ടുവരുന്നു. ഖബറിനടുക്കൽ ആരാധന പാടില്ലെങ്കിൽ ഇതെല്ലാം നിർത്തിവെക്കേണ്ടി വരും. ഇതിനെല്ലാം പുറമെ ആരാധനാ കേന്ദ്രങ്ങളായ പള്ളിക്കാടുകൾ മുഴുവൻ അനാചാരമാണെന്ന് പറഞ്ഞു അവിടേക്ക് മയ്യിത്ത് കൊണ്ടു വരുന്നതും നിർത്തലാക്കേണ്ടി വരും.

ഇനി ഹദീസിലേക്ക് വരാം. ഈഹദീസിനർത്ഥം ഇമാംബൈളാവി(റ) അടക്കം നിരവധി ഇമാമീങ്ങൾ പറഞ്ഞത് തുടക്കത്തിൽ നൽകിയിരുന്നു. അത് വായിക്കാം.

الْبَيْضَاوِيُّ لَمَّا كَانَتِ الْيَهُودُ وَالنَّصَارَى يَسْجُدُونَ لِقُبُورِ الْأَنْبِيَاءِ تَعْظِيمًا لِشَأْنِهِمْ وَيَجْعَلُونَهَا قِبْلَةً يَتَوَجَّهُونَ فِي الصَّلَاةِ نَحْوَهَا وَاتَّخَذُوهَا أَوْثَانًا لَعَنَهُمْ وَمَنَعَ الْمُسْلِمِينَ عَنْ مِثْلِ ذَلِكَ فَأَمَّا مَنِ اتَّخَذَ مَسْجِدًا فِي جِوَارٍ صَالِحٍ وَقَصَدَ التَّبَرُّكَ بِالْقُرْبِ مِنْهُ لَا التَّعْظِيمَ لَهُ وَلَا التَّوَجُّهَ نَحْوَهُ فَلَا يَدْخُلُ فِي ذَلِكَ الْوَعِيد **(تحفة الأبرار شرح مصابيح السنة ١/٢٥٧- البيضاوي (ت٦٨٥)**

“ജൂത-നസ്വറാക്കൾ അവരുടെ അമ്പിയാക്കളെ പരിധിവിട്ട് ആദരിച്ച് അവരുടെ ഖബ്റുകൾക്കു സുജൂദു ചെയ്യുകയും നിസ്കാരത്തിൽ അതിനെ ഖിബലയാക്കി നിസ്കരിക്കുകയും അവ ആരാധിക്കാൻ ബിംബമാക്കുകയും ചെയ്തപ്പോൾ അള്ളാഹു അവരെ ശപിക്കുകയും അത്തരം പ്രവർത്തനങ്ങൾ ചെയ്യു ന്നതിൽ നിന്ന് മുസ്ലിംകളെ വിലക്കുകയും ചെയ്തു. എന്നാൽ ഒരു മഹാന്റെ സാമീപ്യം കൊണ്ട് ബറക്കത്തെടുക്കൽ മാത്രം ലക്ഷ്യ

മാക്കി -മുകളിൽ പറഞ്ഞ പരിധിവിട്ട ആദരവല്ല-[1] അദ്ദേഹത്തിന്റെ ചാരത്ത് ഒരു പള്ളി നിർമ്മിച്ചാൽ പ്രസ്തുത ഹദീസിൽ പരാമർശിച്ച മുന്നറിയിപ്പിൽ പെടുന്നതല്ല. **(ഫത്ഹുൽ ബാരി: 2/275)**

ഈ ഹദീസിനെ ഇത് പോലെ വിശദീകരിച്ചവർ കുറച്ചൊന്നുമല്ല. ചില ഇമാമീങ്ങളും അവരുടെ ഗ്രന്ഥങ്ങളും:

**فتح الباري لابن حجر** :1/525 - ابن حجر العسقلاني **شرح المشكاة للطيبي** ٣/٩٣٧ **الشمائل الشريفة** للإما السيوطي ١/٣٧٥ **إرشاد الساري** للإمام القسطلاني ٦/٤٦٧ **مرقاة المفاتيح** للملا على القاري ٢/٦٠١ **فيض القدير** للمناوي ٥/٢٥١ **شرح الزرقاني على الموطأ** ٤/٣٦٧ **تحفة الأحوذي** ٢/٢٢٦ **فيض الباري** ٢/٥٨

## ചോദ്യം:02

*ഇബ്നു അബ്ദുൽ വഹാബ് ഖബറുകൾ പൊളിച്ചതിനെ സുന്നികൾ വിമർശിക്കുന്നത് കാണുന്നു. അനർഹമായ സ്ഥലത്ത് ഖബർ കെട്ടിപ്പൊക്കിയത് പൊളിക്കാം എന്നല്ലെ കർമ്മ ശാസ്ത്ര കിതാബുകളിലും ഉള്ളത്!? പിന്നെന്തിന് വിമർശനം!?*

### മറുപടി

പൊതു സ്ഥലങ്ങളിൽ ഖബർ എന്നല്ല, എന്തുണ്ടാക്കിയാലും അത് പൊളിച്ചു കളയണം. പള്ളിയാണെങ്കിലും യതീമിന്റെ വീടാണെങ്കിലും പൊതു ശ്മശാനത്തിൽ മറ്റുള്ളവരുടെ അവകാശം നഷ്ടപ്പെടുത്തി ഒന്നും അവിടെ ഉണ്ടാക്കാൻ പാടില്ല എന്നതാണ് വിധി. എന്നല്ല, മയ്യിത്ത് ദ്രവിച്ചു കഴിഞ്ഞാൽ തന്നെ ആ ഖബർ സിയാറത് കൊണ്ട് ബറകതെടുക്കപ്പെടുന്ന ഖബറല്ലെങ്കിൽ മറ്റുള്ളവർക്ക് ഒഴിഞ്ഞു കൊടുക്കണമെന്ന് തന്നെ വ്യക്തമാ

[1] വെറും ആദരവിനെയല്ല ഈ പറയുന്നത്. التَّعْظِيم എന്നതിലെ ال അറബി അറിയുന്നവർക്ക് ഇത് മഅ്‌രിഫയുടെ ال ആണെന്ന് മനസ്സിലാകും. അതായത് മുകളിൽ പറഞ്ഞ ആദരവ്. അത് ജൂത നസ്വാറാക്കൾ ചെയ്ത സുജൂദ് കൊണ്ടുള്ള ആദരവാണ്.( يَسْجُدُونَ لِقُبُورِ الْأَنْبِيَاءِ تَعْظِيمًا لِشَأْنِهِمْ എന്ന ആദരവ്)

യി കർമ്മശാസ്ത്ര പണ്ഡിതർ ചർച്ച ചെയ്തു. ഖബർ കെട്ടിപ്പൊക്കിയത് മഹാത്മാക്കളുടേത് അല്ലെങ്കിലേ പൊളിക്കാണ്ടതുള്ളൂ എന്ന് ഫുഖഹാക്കൾ പറഞ്ഞതും ഫത്വ നൽകിയതും നാം കണ്ടു.

ഇനി പൊളിക്കണം എന്ന അഭിപ്രായത്തെ തന്നെ പരിഗണിച്ചു പൊതു സ്മശാനത്തിൽ അനർഹമായി കെട്ടിപ്പൊക്കിയ ഖബർ പൊളിച്ചു വെന്നതു കൊണ്ട് മാത്രം വിമർശിക്കേണ്ടതല്ല. മറിച്ച് ഇബ്നു അബ്ദുൽ വഹാബ് ചെയ്തതും ഇന്ന് ISIS പോലുള്ള തീവ്രവാദ സംഘടനകൾ ചെയ്യുന്നതും ആദരിക്കപ്പെടുന്നതെല്ലാം അടിച്ചുനിരത്തുക എന്ന ഒരേയൊരു ലക്ഷ്യത്തിലാണ്. മഖ്ബറകൾ ശിർക്കിന്റെ കേന്ദ്രമാമെന്ന അർത്ഥത്തിലാണ് അന്നത്തെ ഖബറുകൾ കർസേവ നടത്തിയത്. അന്ന് പതിനായിരക്കണക്കിന് സുന്നികളെ അവർ നിശ്കരുണം കൊല ചെയ്തിട്ടുണ്ട്. പള്ളിയിൽ കയറി നിസ്കരിച്ചുകൊണ്ടിരിക്കുന്ന ഇമാമീങ്ങളെ വെട്ടിക്കൊന്നിട്ടുണ്ട്.[1]

---

[1] വഹാബി ചരിത്രകാരൻ ഇബ്നു ബിശ്ർ(ഹി:1210-1290) തന്നെ എഴുതുന്നതു കാണുക.[1]

وقصد أرض كربلاء ونازل أهل بلد الحسين وذلك فى ذى القعدة فحشد عليها المسلمون وتسوروا جدرانها ودخلوها عنوة وقتلوا غالب أهلها فى الأسواق والبيوت وهدموا القبة الموضوعة بزعم من اعتقد فيها على قبر الحسين وأخذوا ما في القبة وما حولها وأخذوا جميع ما وجدوا فى البلد من أنواع الأموال والسلاح واللباس والفرش والذهب والفضة والمصاحف الثمينة وغير ذلك ما يعجز عنه الحصر. ولم يلبثوا فيها إلا ضحوة وخرجوا منها قرب الظهر بجميع تلك الأموال وقتل من أهلها قريب من ألفى رجل **(عنوان المجد في تاريخ نجد: ٢٥٧,٢٥٨)**

“ഹി.1216 ൽ വഹാബികൾ കർബല ലക്ഷ്യം വെച്ചു. അവിടെയുള്ള മുസ്ലിംകൾ ശക്തമായി പ്രതിരോധം തീർത്തു. അടച്ചിട്ട മതിലുകൾ തകർത്തു കൊണ്ട് വഹാബികൾ കർബലയിൽ പ്രവേശിച്ചു. അങ്ങാടികളിലും വീടുകളിലുമായി കഴിയുന്ന കർബലയിലെ ഭൂരിഭാഗം ജനങ്ങളെയും അവർ കൊന്നൊടുക്കി. ഹുസൈൻ(റ)വിന്റെ മഖാമും ഖുബ്ബയും തകർത്തു കവർച്ച നടത്തി. കർബലയിലെ സമ്പത്ത്, വസ്ത്രങ്ങൾ, സ്വർണം, വെള്ളി, വിലപിടിപ്പുള്ള മുസ്ഹഫുകൾ തുടങ്ങി എണ്ണിത്തീർ ക്കാൻ പറ്റാത്ത വസ്തുക്കളും അവർ കവർച്ച ചെയ്തു. രണ്ടായി രത്തോളം പേരെ അന്നവർ കൊന്നൊടുക്കി. ഉച്ചയോടെ ആ സമ്പത്തുമായി അവർ സ്ഥലംവിട്ടു.”
**(ഉൻവാനുൽ മജ്ദ് ഫീ താരീഖി നജ്ദ്/ ഇബ്നു ബിശ്ർ:257,258)**

മഹാന്മാരുടെ മഖ്ബറകൾ റഹ്മത് ഇറങ്ങുന്ന കേന്ദ്രമാണെന്നത് ഇമാമീങ്ങൾക്കിടയിൽ തർക്കമില്ല. അതിനു ചുറ്റും ബറകതിന്റെ ഇടമാണെന്ന് ഖുർആൻ തന്നെ വ്യക്തമാക്കിയത് തുടക്കത്തിൽ വിശദീകരിച്ചിരുന്നു. ഇതിനു നേർ വിപരീതമായ ആശയമായ ശിർക്കിന്റെ കേന്ദ്രമാണെന്ന് പറഞ്ഞു കൊണ്ടാണ് വഹാബികൾ അതിനെ തച്ചുടച്ചത്.

പൊതു സ്മശാനത്തിലല്ല മഖാം എന്നുണ്ടെങ്കിൽ അത് കെട്ടിപ്പൊക്കിയത് പൊളിക്കേണ്ടതില്ല, എന്ന് ഇമാം ശാഫിഈ(റ) തന്നെ പറഞ്ഞത് നാം മുമ്പ് വിശദീകരിച്ചിരുന്നു.[1]

പുറമെ, ശിർക്കിന്റെ കേന്ദ്രമാണെന്ന അഹ്ലുസ്സുന്നക്ക് എതിരായ ആശയമുള്ള വഹാബികൾ പൊതു സ്മശാനത്തിലല്ലാത്ത ഖബറുകളും നിരവധി പൊളിച്ചു കളഞ്ഞിട്ടുണ്ട്. ബദർ അതിനുള്ള ഉദാഹരണമാണ്. സിയാറതിന്റെ സൗകര്യത്തിന് എക്കാലത്തും നിലനിർത്തപ്പെടേണ്ട ഖബറുകൾ ആ പരിസരത്തേക്കു പോലും അടുപ്പിക്കാത്ത രൂപത്തിൽ ശക്തമായി വിലക്കുകൾ ഇവർ ഏർപ്പെടുത്തിയിട്ടുണ്ട്.

വഹാബിസത്തിന്റെ ആശയത്തിൽ ഏറ്റവും വലിയ ശിർക്കിന്റെ കേന്ദ്രമാണെന്ന് അവർ വിശ്വസിക്കുന്ന മുത്ത്നബി(സ) യു

[1] ഇമാം ശാഫിഈ(റ) വിന്റെ ഉമ്മിൽ നിന്ന്:

فَإِنْ كَانَتْ القُبُورُ فِي الأَرْضِ يَمْلِكُها المَوْتَى فِي حَياتِهِمْ أَوْ وَرَثَتُهُمْ بَعْدَهُمْ لَمْ يُهْدَمْ شَيْءٌ أَنْ يُبنى منها وإِنَّما يُهدمُ إِنْ هُدِمَ ما لا يَمْلِكُهُ أَحَدٌ فَهَدْمُه لِئَلَّا يُحْجِرَ عَلَى النَّاسِ مَوضِعُ القَبْرِ فَلَا يُدْفَنُ فِيهِ أَحَدٌ فَيَضِيق ذَلِكَ بالناس **[الأم، الإمام الشافعي ١/٣١٦]**

“സ്വന്തമോ തന്റെ അനന്തരാവകാശികൾക്കുള്ളതോ ആയ ഭൂമിയിലാണ് ഖബർ കെട്ടിപ്പൊക്കിയതെങ്കിൽ അതൊരു നില ക്കും പൊളിക്കേണ്ടതില്ല. ഒരാൾക്കും ഉടമസ്ഥാവകാശമില്ലാത്തി ടത്ത് (പൊതു സ്മശാനത്തിൽ) കെട്ടിപ്പൊക്കിയ ഖബറുകൾ മാ ത്രമാണ് പൊളിക്കേണ്ടത്. ഇത് മറ്റു ജനങ്ങളുടെ സ്ഥലം നഷ്ട പ്പെടുത്താതിരിക്കാൻ വേണ്ടിയാണ്. പൊതുസ്മശാനത്തിൽ ഖ ബർ കെട്ടിപ്പൊക്കുമ്പോൾ പിന്നീട് ഒരാളെയും അവിടെ മറവ് ചെയ്യാൻ സാധിക്കാതെ വരും. അതുകാരണം ജനങ്ങൾക്ക് പ്രയാസമായിത്തീരും.” **(അൽ ഉമ്മ്/ഇമാം ശാഫിഈ -1/316)**

www.sunnahclub.in

ടെ ഖബറിന്റെ ഖുബ്ബക്കും കോടാലി വെക്കാൻ അവർക്ക് ആഗ്രഹമുണ്ടായിട്ടുണ്ട്. കേരള വഹാബികൾക്ക് അവസരം കിട്ടിയാൽ അത് പൊളിക്കുമെന്ന് ഇവിടെയുള്ള ബിദ്അതുകാർ തന്നെ പ്രസംഗിച്ചതാണ്. ലോകത്ത് ഏറ്റവും മഹത്വമുള്ള സ്ഥലമാണ് മുത്ത് നബി(സ)യുടെ ഖബർ എന്നതിൽ ഇജ്മാഉണ്ടെന്ന് വരെ അഇമ്മത് പഠിപ്പിച്ചത് നാം വായിച്ചു.

ചുരുക്കത്തിൽ വഹാബിസം ഖബർ പൊളിക്കുകയെന്നതിലൂടെ അവരുടെ മഹത്തുക്കളോടുള്ള കടുത്ത എതിർപ്പാണ് നടപ്പിലാക്കിയത്. അതിനെയാണ് സുന്നികൾ എതിർത്തത്.

ഇമാം അബ്ദുൽ ഹമീദ് അശ്ശർവാനി(ഹി.1303) ലോക പ്രശസ്ത ശാഫിഈ കർമ്മ ശാസ്ത്ര ഗ്രന്ഥമായ ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) വിന്റെ തുഹ്ഫയുടെ വിശ്വവ്യാഖ്യാന ഗ്രന്ഥത്തിൽ എഴുതുന്നു.

يُؤْخَذُ مِنْهُ أَنَّهُ يَحْرُمُ تَمْلِيكُ مَا فِيهِ آثَارُ الصَّحَابَةِ أَوْ الْأَئِمَّةِ الْأَرْبَعَةِ أَوْ غَيْرِهِمْ مِنْ الْفُقَهَاءِ وَالصُّوفِيِّينَ لِمَنْ يُبْغِضُهُمْ مِنْ الْمُبْتَدِعِينَ كَالرَّوَافِضِ وَالْوَهَّابِيِّينَ بَلْ أَوْلَى لِأَنَّ إهَانَتَهُمْ أَشَدُّ مِنْ إهَانَةِ الْكُفَّارِ **(حاشية الشرواني علي تحفة المحتاج : ٤/٢٣٠)**

"സ്വഹാബതിന്റെയും ഇമാമീങ്ങളുടെയും സൂഫിയാക്കളുടെയും ആസാറുകൾ അവരെ വെറുക്കുന്ന ശിയാക്കൾ, വഹാബികൾ പോലുള്ള ബിദ്അതുകാർക്ക് കൈമാറൽ ഹറാമാണ്. കാരണം ഇവർ കാഫിരീങ്ങളേക്കാൾ കൂടുതൽ ഇസ്‌ലാമിക ചിഹ്നങ്ങളെ നിസാരമാക്കുന്നവരാണ്." **(ഹാശിയതു ശർവാനി:4 /230)**

ഇന്ന് വഹാബികളുടെ ഇതേ ആശയങ്ങൾ ഏറ്റെടുത്ത് പൊളിക്കാൻ പാടില്ലെന്ന് ഇമാമീങ്ങൾ പറഞ്ഞ തരത്തിലുള്ള മഖാമുകൾ പോലും വഹാബീ ആദർശം പേറുന്ന ഭീകരവാദ സംഘടനകൾ പൊളിച്ചുകളയുന്നുണ്ട്. കേരളത്തിലും പൊതുസ്മശാനത്തിലല്ലാത്ത മഖ്ബറകൾ പോലും ഇവർ പൊളിച്ചു കളയുകയും അതിനായി ശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്.

## ചോദ്യം:03

*ബിദ്അതുകാർ പ്രചരിപ്പിക്കുന്നതായി കാണുന്ന ഈ ഇബാറതിന്റെ സത്യാവസ്ഥ എന്താണ്.!? ഖുബ്ബ നിർമ്മിക്കൽ പുണ്യകർമ്മമാണെന്ന് പറഞ്ഞ ഇബ്നു ഹജറുൽ ഹൈതമി(റ) ഇങ്ങനെ പറഞ്ഞിട്ടുണ്ടോ!?*

*ഇബ്നു ഹജറുൽ ഹൈതമി(റഹി) രേഖപ്പെടുത്തുന്നു:*

وَتَجِبُ الْمُبَادَرَةُ لِهَدْمِهَا وَهَدْمِ الْقِبَابِ الَّتِي عَلَى الْقُبُورِ إِذْ هِيَ أَضَرُّ مِنْ مَسْجِدِ الضِّرَارِ لِأَنَّهَا أُسِّسَتْ عَلَى مَعْصِيَةِ رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ؛ لِأَنَّهُ عَلَيْهِ الصَّلَاةُ وَالسَّلَامُ نَهَى عَنْ ذَلِكَ وَأَمَرَ بِهَدْمِ الْقُبُورِ الْمُشْرِفَةِ، وَتَجِبُ إِزَالَةُ كُلِّ قِنْدِيلٍ وَسِرَاجٍ عَلَى قَبْرٍ وَلَا يَصِحُّ وَقْفُهُ وَلَا نَذْرُهُ.

*കെട്ടിപ്പൊക്കിയ ഖബ്റുകളും അതിൻമേലുള്ള ഖുബ്ബകളും പൊളിച്ചുനീക്കാൻ ധൃതികാണിക്കൽ നിർബന്ധമാണ്. എന്തുകൊണ്ടെന്നാൽ അത് മസ്ജിദുളിറാറിനെക്കാൾ അപകടം പിടിച്ചതാണ്. ഇത്തരം ജാറങ്ങളും ഖുബ്ബകളും നിർമ്മിക്കപ്പെട്ടത് നബിയുടെ(സ്വ) കൽപന ധിക്കരിച്ചു കൊണ്ടാണ്. നബി(സ്വ) അത് നിരോധിച്ചിരിക്കുന്നു. ഉയർത്തപ്പെട്ട ഖബ്റുകൾ പൊളിക്കാൻ നബി(സ്വ) കല്പിച്ചിട്ടുമുണ്ട്. ഖബ്റിനു മീതെയുള്ള വിളക്കുകളും മറ്റും നീക്കം ചെയ്യൽ നിർബന്ധമാണ്. അവ നേർച്ചയാക്കലും വഖഫ്ചെയ്യലും സ്വീകര്യവുമല്ല. **(അസ്സവാജിർ: 1/149)***

*ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) ഇങ്ങനെ പറഞ്ഞിട്ടുണ്ടോ!? വിശദീകരിക്കുക.*

### മറുപടി

മഹത്തുക്കളുടെ ഖബറുകൾക്ക് മുകളിൽ ഖുബ്ബ നിർമമ്മിക്കൽ പുണ്യകർമ്മമാണെന്ന് വരെ പഠിപ്പിച്ച ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ)[1] തന്റെ കിതാബിൽ താൻ ശക്തമായി എ

[1] ഇബ്നു ഹജറുൽ ഹൈതമി(റ) വിന്റെ തുഹ്ഫയിൽ നിന്ന്

തിർക്കുന്ന ചില ഹമ്പലീ മദ്ഹബുകാരെ ഉദ്ധരിച്ചു കൊണ്ട് പറഞ്ഞ വാക്കുകളാണ് അവിടുത്തെ ആശയമാണന്ന് തെറ്റിദ്ധരിപ്പിച്ചു കൊണ്ട് ബിദ്അതുകാർ പ്രചരിപ്പിക്കുന്നുണ്ട്. ഖബ്‌റിനു മുന്നിൽ സുജൂദ് ചെയ്യുന്നത് കടുത്ത തെറ്റാണെന്ന ആശയം നാലു മദ്ഹബുകാരുടെയും ഉദ്ധരിച്ചു കഴിഞ്ഞതിനു ശേഷമാണ് അവിടുന്ന് نعم قال بعض الحنابلة 'പക്ഷെ, ചില ഹമ്പലികൾ പറഞ്ഞിട്ടുണ്ടെ'ന്ന് പറഞ്ഞുകൊണ്ട് ഈ വാക്കുകൾ ഉദ്ധരിക്കുന്നത്.

ആരാണ് ഈ ഹമ്പലികൾ എന്ന് തൊട്ടപ്പുറത്ത് പറയുന്ന വാക്കുകൾ ജസ്റ്റ് സെർച്ച് ചെയ്താൽ മാത്രം മതിയാകും. ആദ്യം വരുന്നത് ഇബ്നുതൈമിയ്യയുടെ 'ഇഖ്തിളാഅ്'ആണ്.[1] രണ്ടാമതായി ഇബ്നുൽ ഖയ്യിമിന്റെ കിതാബും. കണ്ടതും തൊട്ടതുമെല്ലാം ശിർക്കാക്കി, മുസ്ലിം സമുദായത്തെ ഒന്നടങ്കം ശിർക്കാരോപിക്കുന്ന ഈ ഇബ്നു തൈമിയ്യയുടെ ഈ കലാപാരിപാടിയെ ശക്തമായി എതിർത്ത മഹാനാണ് ഇബ്നു ഹജറുൽ ഹൈതമി(റ) അദ്ധേഹം പിഴച്ചവനും ജനങ്ങളെ പിഴപ്പിക്കുന്ന വനുമാ

---

وَشَمِلَ عَدَمُ الْمَعْصِيَةِ الْقُرْبَةَ كَبِنَاءِ مَسْجِدٍ وَلَوْ مِنْ كَافِرٍ وَنَحْوِ قُبَّةٍ عَلَى قَبْرِ نَحْوِ عَالِمٍ فِي غَيْرِ مُسَبَّلَةٍ وَتَسْوِيَةِ قَبْرِهِ وَلَوْ بِهَا **[تحفة المحتاج ابن حجر الهيتمي: ٧/٥]**

തെറ്റായ കാര്യങ്ങൾക്ക് വേണ്ടി വസിയ്യത് പാടില്ലെന്ന് പറ ഞ്ഞതിൽ നിന്ന് പുണ്യകർമ്മങ്ങൾക്ക് വേണ്ടി വസിയ്യത്ത് ചെയ്യാമെന്നായി. പള്ളി പരിപാലിക്കാനും ഉലമാക്കളെ പോലുള്ളവരുടെ ഖബ്റുകൾക്ക് മുകളിൽ പൊതുസ്മശാനമല്ലാത്തിടത്ത് ഖുബ്ബ നിർമ്മിക്കാനും പൊതു സ്മസാനത്തിൽ ആഅവരുടെ ഖബ്റുകൾ നന്നാക്കി എടുക്കാനും വസിയ്യത് ചെയ്യുന്നതു പോലെ, **(തുഹ്ഫതുൽ മുഹ്താജ്: 7/5)**

[1] نَعَمْ قَالَ بَعْضُ الْحَنَابِلَةِ: قَصْدُ الرَّجُلِ الصَّلَاةَ عِنْدَ الْقَبْرِ مُتَبَرِّكًا بِهَا عَيْنُ الْمُحَادَّةِ لِلَّهِ وَرَسُولِهِ، وَإِبْدَاعُ دِينٍ لَمْ يَأْذَنْ بِهِ اللَّهُ ...... **(الزواجر عن اقتراف الكبائر ٢٤٦/١ — ابن حجر الهيتمي (ت ٩٧٤)**

فأما إذا قصد الرجل الصلاة عند بعض قبور الأنبياء والصالحين، متبركا بالصلاة في تلك البقعة، فهذا عين المحادة لله ورسوله، والمخالفة لدينه، وابتداع دين لم يأذن به الله،.....**(اقتضاء الصراط المستقيم ١٩٣/٢ — ابن تيمية (ت ٧٢٨)**

ണെന്ന് വരെ അവിടുന്ന് നിരവധി കിതാബുകളിൽ തു റന്നെഴു തിയിട്ടുണ്ട്.[1]

ഇനി നമുക്ക് ഇബ്നു ഹജറുൽ ഹൈതമി(റ) പറഞ്ഞ വാ ക്കുകൾ തുടക്കം മുതൽ വായിക്കാം.

وأما اتخاذها أوثانا فجاء النهي عنه بقوله - صلى الله عليه وسلم -: «لا تتخذوا قبري وثنا يعبد بعدي» أي لا تعظموه تعظيم غيركم لأوثانهم بالسجود له أو نحوه، فإن أراد ذلك الإمام بقوله: «واتخاذها أوثانا» هذا المعنى اتجه ما قاله من أن ذلك كبيرة بل كفر بشرطه، وإن أراد أن مطلق التعظيم الذي لم يؤذن فيه كبيرة ففيه بعد. **(الزواجر عن اقتراف الكبائر ٢٤٦/١ — ابن حجر الهيتمي (ت ٩٧٤) (الإعلام بفوائد عمدة الأحكام ٤٩٩/٤ — ابن الملقن (ت ٨٠٤)**

ഖബ്റുകളെ ബിംബങ്ങളാക്കൽ ഹദീസിൽ വിരോധിക്കപ്പെ ട്ടിരിക്കുന്നു. നബി(സ്വ) പറഞ്ഞു: "എന്റെ ഖബ്ർ നിങ്ങൾ എനി ക്കു ശേഷം, ആരാധിക്കപ്പെടുന്ന ബിംബമാക്കരുത്." ഇതിനർ ത്ഥം മറ്റുള്ളവർ അവരുടെ ബിംബങ്ങളെ സുജൂദ് കൊണ്ടും അതു പോലോത്തത് കൊണ്ടും വന്ദിച്ച തരത്തിൽ വന്ദിക്കരുത് എന്നാണ്. ഖബ്റുകളെ ബിംബങ്ങളാക്കൽ' എന്നതു കൊണ്ട് ഇതാണ് ഉദ്ദേശ്യമെങ്കിൽ അത് വൻദോഷമാണെന്നത് ശരിയാ ണ്. എന്നല്ല, സുജൂദ് ചെയ്യൽ കുഫ്റിന്റെ നിബന്ധനയൊത്താ ൽ അത് കുഫ്റുമായിത്തീരും. ഇനി ഖബറിന് സുജൂദ് ചെയ്യൽ കൊണ്ട് കേവലം ആദരവ് മാത്രമാണ് ഉദ്ദേശമെങ്കിൽ അത് വൻ

---

[1] ഇബ്നു ഹജറുൽ ഹൈതമി(റ) എഴുതുന്നു.

"നബി(സ)യുടെ ഖബ്റ് സിയാറത്ത് സുന്നതാണെന്നതിനെ ഇബ്നു തൈമിയ്യ വിമർശിച്ചത് കണ്ട് ആരും വഞ്ചിതരാകരുത്.! കാരണം: തന്റെ സമകാലികനായ ഇസ്സുബ്നു ജമാഅ(റ) പ്രഖ്യാപിച്ചത്പോലെ അല്ലാഹു വഴിപിഴപിച്ച വ്യക്തിയാണ ദ്ധേഹം.... ധാരാളം പണ്ഡിതന്മാർ അദ്ദേഹം കാഫിറാണെന്ന് വരെ പ്രഖ്യാപിച്ചിട്ടുണ്ട്. അല്ലാഹു നീതിപരമായി അയ്യാളോട് പെരുമാറുകയും ഈ ശരീഅത്തിൽ അയാള് പടച്ചുണ്ടാക്കിയ ആശയത്തെ പിൻപറ്റുന്ന അനുയായികളെ അല്ലാഹു പരാജയ പ്പെടുത്തുകയും ചെയ്യട്ടെ." **(ഹാശിയത്തുൽ ഈളാഹ്/ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ):481)** ഫതാവൽ ഹദീസിയ്യ, അൽ ജൌഹറുൽ മുനള്ളം എന്നീ കിതാബുകളിലും സമാനമായി എഴുതിയിട്ടുണ്ട്.

ദോശമാണെന്ന് പറയുന്നതിൽ തന്നെ വിദൂരതയുണ്ട്. (**സവാജിർ / ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ):246)**

ഇത് സുന്നികളും അംഗീകരിക്കുന്ന കാര്യമാണെന്ന് ആർക്കും തർക്കമുണ്ടാവില്ല. ഖബറിന് മുന്നിൽ സുജൂദ് ഹറാമാണെന്ന് എല്ലാ ഉലമാക്കളും ഖണ്ഡിതമ യി പറഞ്ഞതുമാണ്.

എന്നാൽ ഈ കൃത്യമായ മസ്അല പറഞ്ഞതിനു ശേഷമാണ് അവിടുന്ന് نعم قال بعض الحنابلة 'പക്ഷെ, ചില ഹമ്പലികൾ പറഞ്ഞിട്ടുണ്ട്' എന്ന് പറയുന്നത്. ഇതെല്ലാം മുറിച്ച് ശേഷം പറയുന്ന ഭാഗങ്ങൾ മാത്രമാണ് ബിദ്അതുകാർ ജനങ്ങളെ വഞ്ചിക്കാൻ വേണ്ടി വിതരണം ചെയ്യുന്നത്. ഇത് കൃത്യമായി ഇതു വരെ പറഞ്ഞ വിശയങ്ങൾകെതിരായി പറഞ്ഞ ഇബ്നു തൈമിയ്യയെ ഉദ്ധരിച്ചതാണെന്ന് വ്യക്തമാക്കാൻ വേണ്ടി അവസാനം ഉദ്ധരണി അവസാനിച്ചെന്ന് അറിയിക്കാൻ انْتَهَى. വരെ അവിടുന്ന് നൽകിയിട്ടുണ്ട്.

## ചോദ്യം:04

، قَالَ: قَالَ رَسُولُ اللهِ ﷺ: «لَا تَتَّخِذُوا قَبْرِي عِيدًا، وَلَا تَجْعَلُوا بُيُوتَكُمْ قُبُورًا، وَحَيْثُمَا كُنْتُمْ فَصَلُّوا عَلَيَّ، فَإِنَّ صلَاتَكُمْ تَبْلُغُنِي»

مسند أحمد ٨٨٠٤ -سنن أبي داود -2043

*എന്റെ ഖബർ നിങ്ങൾ ആഘോഷമാക്കരുതെന്ന് നബി (സ) പറഞ്ഞതു കൊണ്ട് എന്താണർത്ഥമാക്കുന്നത്!?*

**മറുപടി**

സുനനു അബൂദാവൂദ്, മുസ്നദ് അഹ്മദ് ഉദ്ധരിച്ച സ്വഹീഹാ യ ഹദീസിന്റെ ഒരു ഭാഗം മാത്രമാണ് ഈ ചോദ്യത്തിലുള്ളത്. നിങ്ങളുടെ വീട് നിങ്ങൾ ഖബറാക്കരുത് എന്നും ഹദീസിന്റെ ബാക്കിയായി കാണാം. വീട് ഖബറാക്കുക എന്നവാക്കിന് ഉൾസാരമുണ്ട് എന്ന പോലെ, ഖബർ 'ഈദ്' ആക്കരുതേ എന്നതിനും പ

ല വിധത്തിലുള്ള അർത്ഥം ഇമാമീങ്ങൾ പറഞ്ഞിട്ടുണ്ട്. സാക്ഷാൽ ശൌക്കാനി തന്നെ പറയുന്നത് കാണുക.

وَأَجَابُوا عَنْ حَدِيثِ «لَا تَتَّخِذُوا قَبْرِي عِيدًا» بِأَنَّهُ يَدُلُّ عَلَى الْحَثِّ عَلَى كَثْرَةِ الزِّيَارَةِ لَا عَلَى مَنْعِهَا، وَأَنَّهُ لَا يُهْمَلُ حَتَّى لَا يُزَارَ إلَّا فِي بَعْضِ الْأَوْقَاتِ كَالْعِيدَيْنِ. وَيُؤَيِّدُهُ قَوْلُهُ: «لَا تَجْعَلُوا بُيُوتَكُمْ قُبُورًا» أَيْ: لَا تَتْرُكُوا الصَّلَاةَ فِيهَا كَذَا قَالَ الْحَافِظُ الْمُنْذِرِيُّ وقال السبكي : معناه أنه لا تتخذوا لها وقتا مخصوصا لا تكون الزيارة **(نيل الأوطار ١١٥/٥, ١١٦— الشوكاني (ت ١٢٥٠)**

മുത്ത് നബി(സ)യുടെ ഖബർ സിയാറത് സുന്നത്താണെന്ന് ഇജ്മാഅ് കൊണ്ട് സ്ഥിരപ്പെടുത്തിയ പണ്ഡിതർ لَا تَتَّخِذُوا قَبْرِي عِيدًا എന്ന ഹദീസിനെ കുറിച്ച് പറഞ്ഞത് ഈ ഹദീസ് സിയാറതിനെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത് എന്നാണ്. അതായത് പെരുന്നാൾ ദിനത്തെ പോലെ വർഷത്തിൽ രണ്ട് ദിവസം മാത്രം എന്റെ ഖബറിൽ വരുന്ന അവസ്ഥയാക്കി എന്റെ ഖബറിനെ ഒഴിവാക്കിയിടരുതേ എന്നാണ് ഹദീസ് അർത്ഥമാക്കുന്നത്. കാരണം ഇതിനൊപ്പം തന്നെ നബി(സ) പറഞ്ഞ വാക്കായ لَا تَجْعَلُوا بُيُوتَكُمْ قُبُورًا (നിങ്ങൾ നിങ്ങളുടെ വീട് ഖബറുമാക്കരുത്) എന്നതിനർത്ഥവും വീട്ടിൽ നിസ്കാരം വർദ്ധിപ്പിക്കുവീൻ, അത് ഖബറുകളെ പോലെ ഒഴിച്ചിടരുതേ എന്ന അർത്ഥത്തിലാണ് എന്നത് മേൽ പറഞ്ഞതിനും ഇതേ അർത്ഥമാണെന്നതിന് ശക്തിപകരുന്നുണ്ട്. ഇമാംസുബ്കി(റ) പറഞ്ഞു. സിയാറത്തിനു പെരുന്നാളിനെ പോലെ നിങ്ങൾ ഒരു പ്രത്യേക സമയം നിർണ്ണയിച്ച് അതിൽ മാത്രം സിയാറത്ത് ചെയ്യുന്ന സ്വഭാവം നിങ്ങൾ സ്വീകരികരുത് എന്നാണ് ഈ ഹദീസിന്റെ താല്പര്യം. **(നൈലുൽ ഔതാർ/ ശൗക്കാനി: 5 /115,116)**

മുല്ലാ അലിയ്യുൽ ഖാരി(റ) തന്റെ മിർഖാതിൽ അടക്കം നിരവധി പണ്ഡിതർ ഈ അർത്ഥം ഈഹദീസിന് നൽകുന്നുണ്ട്.

ഇനി ചോദ്യത്തിലുന്നയിച്ചതു പോലെ ഈ ഹദീസിന് നേരെ പ്രത്യക്ഷാർത്ഥം തന്നെ നൽകാം. അതനുസരിച്ച് ഈ ഹദീസ് ഇന്ന് വിവരമുള്ളവരുടെ നിയന്ത്രണത്തിലല്ലാതെ പല നേർച്ച

ക്കമ്മെറ്റികളുടേയും നേതൃത്വത്തിൽ നടക്കുന്ന തോന്നിവാസങ്ങളൊന്നും എന്റെ പൂർണ്ണമായ ആദരവ് പാലിച്ചിരിക്കേണ്ട ഖബറിനു ചാരെ നടത്തരുതേ എന്ന നല്ലൊരു ആശയമാണ് ഈ ഹദീസ് കൊണ്ട് ഉദ്ധേശിക്കുന്നത്. മുത്ത്നബി(സ) യുടെ ജീവിത കാലത്ത് എത്രമാത്രം ആദരവ് കാണിക്കേണ്ടതുണ്ടോ അത്രമാത്രം ആദരവോടെ അവിടുത്തെ ഖബറിന്റെ ചാരത്തും പെരുമാറണമെന്ന് നാം വിശദമായി മുമ്പ് പറയുകയുണ്ടായി. തിരുഖബറിന്റെ ചുവരിൽ ഇന്നും സ്വർണ്ണ ലിപികളാൽ രേഖപ്പെടുത്തിയ സൂറതുൽ ഹുജ്ജുറാതിലെ രണ്ടാം വചനത്തിന് അനാദരവ് വന്നുപോയാൽ അമലുകൾ മുഴുവൻ പൊളിഞ്ഞപോകുമെന്നാണർത്ഥമെന്ന് മുമ്പ് നാം വിശദീകരിച്ചിരുന്നു. ഇമാം ത്വീബി(റ) പറയുന്നു.

الحديث الخامس عن أبي هريرة ?: قوله: «عيدًا» «تو»: يحتمل أن يراد به واحد الأعياد، أي لا تجعلوا زيارة قبري عيدًا، أو قبري مطهر عيد، والمعنى لا تجتمعوا للزيارة اجتماعكم للعيد، فإنه يوم لهو وسرور وزينة، وحال الزيارة مخالفة لتلك الحالة**(شرح المشكاة للطيبي ١٠٤٣/٣ — الطيبي (ت ٧٤٣)**

ഈ ഹദീസിന്റെ വിവക്ഷ എന്റെ ഖബർ ആഘോഷ ഭൂമിയാക്കരുത് എന്ന അർത്ഥമായേക്കാം. അതായത് എന്റെ ഖബറിനു സമീപ്പം സിയാറതിന് വേണ്ടി നിങ്ങൾ പെരുന്നാളിൽ ഒരുമിച്ചു കൂടുന്നതുപോലെ ഒരുമിച്ചുകൂടരുതേ.. അത് കളിയുടെയും തമാശയുടേയും സന്തോഷ പ്രകടനത്തിന്റെയും ദിനമാണ്. സിയാറതാണെങ്കിൽ ഇതിനോടെല്ലാം എതിരായ കാര്യവുമാണ് എന്നാണർത്ഥം.**(ശറഹുൽ മിശ്കാത്:3/1034)**

മഹത്തുക്കളുടെ ഖബറുകളെ എത്രമാത്രം ആദരിക്കണമെന്ന് മുമ്പ് പറഞ്ഞതനുസരിച്ച് മനസ്സിലാക്കിയവർക്ക് ഈ ഹദീസിന്റെ അർത്ഥ വ്യാപ്തി നന്നായി ഗ്രഹിക്കാനാകും. അത് വിശദമായി മുൻ അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുകയും ചെയ്തു.

## ചോദ്യം:05

«اللَّهُمَّ لَا تَجْعَلْ قَبْرِي وَثَنًا يُعْبَدُ»

*"എന്റെ ഖബർ ആരാധിക്കപ്പെടുന്ന ഭിംബമാക്കരുതേ" എന്ന് നബി(സ) പറഞ്ഞിട്ടുണ്ടെന്ന് ബിദ്അതുകാർ നിരന്തരം പറയാറുണ്ട്. എന്താണ് ഇത്പ്രത്യേകം പറയുന്നതിലുള്ള ലക്ഷ്യം?*

### മറുപടി

മുത്ത് നബി(സ) യുടെ ഈ പ്രാർത്ഥനക്ക് ഉത്തരം ലഭിച്ചിട്ടില്ലെന്നും അവിടുത്തെ ഖബർ ആരാധിക്കപ്പെടുന്ന ബിംബമാണെനന്നും പറയാനാണ് ബിദ്അതുകാർ ഈ ഹദീസ് നിരന്തരം പറഞ്ഞു കൊണ്ട് സുന്നികളെ പറ്റിക്കുന്നത്. അവരോട് ഇപ്പോൾ അവിടുത്തെ ഖബർ ബിംബമാണോ!? ആരാധിക്കപ്പെടുന്നുണ്ടോ!? എന്നിങ്ങനെ ചോദ്യങ്ങൾക്ക് ഉത്തരം പോലും പറയാൻ അവർക്ക് സാധിക്കാറില്ല. ഉണ്ടെന്ന് പറഞ്ഞാൽ തിരുസിയാറത് ചെയ്യുന്നവരെല്ലാം ബിംബത്തിന്റെ അടുത്താണ് വരുന്നതെന്ന് പറയേണ്ടി വരും. -നഊദുബില്ലാഹ്!-

നിരവധി ഇമാമീങ്ങൾ അവിടുത്തെ ഈ ദുആക്ക് ഉത്തരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്നുണ്ട്. ഇസ്തിഗാസ ചെയ്യാൻ വ്യക്തമായി തെളിവുകൾ കൊണ്ടുവന്ന ഇമാം ഫാകിഹാനി(റ) പറയുന്നു.

وقد استجاب الله -تعالى- دعاءه ﷺ، فله الحمد والمنة. (رياض الأفهام في شرح عمدة الأحكام ٢٥٤/٣ — تاج الدين الفاكهاني (ت ٧٣٤)

നബി(സ) ഖബർ ഇതുവരെ ആരാധിക്കപ്പെട്ടിട്ടില്ല എന്നത് അവിടുത്തെ ഈ ദുആഇന് ഉത്തരം ലഭിച്ചുവെന്നതിന് ഏറ്റവും വലിയ തെളിവാണ്. അൽഹംദുലില്ലാഹ്! (**രിയാളുൽ അഫ്ഹാം :3/245**)

അവിടുത്തെ ജീവിതകാലത്തെ പോലെത്തന്നെ വളരെ ആദരവോടെ കൂടെ വഫാത്തിന് ശേഷവും അവിടുത്തെ ചാരെ വന്നു നിൽക്കണമെന്ന് ഇമാമീങ്ങൾ പഠിപ്പിച്ചത് വിശദമായി മുമ്പ് നാം വായിച്ചു. വഫാത്തിന് ശേഷവും മുത്തുനബിയുടെ ചാരെ പൂർണ്ണ അച്ചടക്കവും ആദരവും പ്രകടിപ്പിക്കണമെന്ന് പറയാത്ത ഇമാമീങ്ങളില്ല. അതുകൊണ്ട് ഇത്തരത്തിൽ ആദരവോടെ അവിടുത്തെ മുന്നിൽ നിൽക്കുന്നതൊന്നും ആരാധനയല്ല എന്നത് മുത്ത്നബി(സ)യുടെ ഉത്തരം ലഭിച്ച ഈ പ്രാർത്ഥനയിൽ നിന്ന് വ്യക്തമായി.

പതിനായിരക്കണക്കിന് വിശ്വാസികൾ ദിവസവും തിരുമുറ്റത്ത് കൊണ്ട് നാലു മദ്ഹബിലെ ഇമാമീങ്ങളും പഠിപ്പിച്ചത് പോലെ[1] തെറ്റുകൾ പൊറുപ്പിക്കാൻ അവിടുത്തോട് ഇടപെടാൻ കെഞ്ചുകയാണ്. അവിടുത്തെ ഖബറിന് മുകളിൽ എല്ലാ വിശ്വാസികളെയും ആകർഷിപ്പിക്കും വിധം പച്ച ഖുബ്ബ നിർമ്മിക്കുകയും ലോകത്തിന്റെ വിവിധ ദിക്കുകളിൽ ആ ചിത്രം പതിപ്പിക്കുകയും അത് നോക്കി ആത്മീയാനന്ദം കൊള്ളുകയും ചെയ്യുന്നു. എന്നിട്ടു പോലും അവിടുത്തെ ആരാധിക്കപ്പെടുന്ന ബിംബമാക്കലായിട്ടില്ല. സ്വഹാബത്തിൽ നിന്നും പലരും അവിടുത്തെ ഖബ്ർ ചുംബിച്ച നിരവധി സംഭവങ്ങൾ മുമ്പ് ഉദ്ധരിച്ചിരുന്നു. ആ ഖബറു ശ്ശരീഫിന്റെ മുകളിൽ പട്ടു വിരിക്കൽ കാലങ്ങളോളമായി ജനങ്ങൾ ചെയ്തു വരുന്ന കാര്യമാണെന്നും അത് അനുവദനീയമാണെന്നും സകല കർമ്മശാസ്ത്ര പണ്ഡിതന്മാരും വ്യക്തമാക്കിയത് മുമ്പ് വായിച്ചു. ഇതുകൊണ്ടൊന്നും അവിടുന്ന് ബിംബമായിട്ടില്ല എന്നത് റസൂലിന്റെ ഈ ദുആക്ക് ഉത്തരം കിട്ടി എന്നതിന്റെ ഏറ്റവും വലിയ ഫലമാണ്.

നാളെ പരലോകത്ത് വരുമ്പോഴും മുത്ത് നബി(സ)യുടെ ചാരത്തേക്ക് പറഞ്ഞയക്കുന്ന ഈസാ(അ) താൻ ആരാധിക്കപ്പെട്ടുവെന്ന കാരണം പറഞ്ഞുകൊണ്ടാണ്.

---

[1] വിശദമായി വിവരിക്കുന്ന PDF SunnahClub ടെലഗ്രാമിൽ ലഭ്യമാണ്

ഖബറിന് മുന്നിൽ സുജൂദ് ചെയ്യുലും, ഖിബ്‌ലയാക്കി ഖബറിലേക്ക് തിരിഞ്ഞ് നിസ്കരിക്കുന്നതും ജൂത നസ്വാറാക്കളുടെ സംസ്കാരമായിരുന്നെന്നും വിശദമായി നാം പറഞ്ഞിരുന്നു. അല്ലാഹു ഇക്കാരണത്താൽ അവരെ ശപിച്ചിട്ടുണ്ടെന്നും നബി (സ) പറഞ്ഞ ഹദീസിൽ നിന്ന് വളരെ പ്രസിദ്ധമാണ്. ഇത്തരത്തിലുള്ള അവസ്ഥ വിവരമില്ലാത്ത പലനാടുകളിലും നടക്കുന്നുണ്ട്. കേരളത്തിൽ തന്നെ ചില വ്യാജ ത്വരീഖതുകാർ ഇത്തരം തോന്നിവാസങ്ങൾ ചെയ്യാറുണ്ട്. ഇത് വൻകുറ്റവും ഒരു വേള ഇസ്ലാമിൽ നിന്ന് തന്നെ പുറത്ത് പോകാൻ കാരണവുമാണെന്ന് ഇമാമീങ്ങൾ വിശദമായി പറഞ്ഞത് കാണാം. ഈ തിന്മകൾ തന്റെ ഖബറിലും വന്നു ചേരരുതെന്നാണ് ഈ ഹദീസ് കൊണ്ടുള്ള വിവക്ഷയെന്ന് ഇമാം ഖുർതുബി(റ) അടക്കം വിശദീകരിച്ചത് കാണാം. ഇതിൽ നിന്നെല്ലാം തിരുനബിയുടെ ഖബറിനെ സംരക്ഷിക്കാൻ വേണ്ടി പിൽക്കാലത്ത് അവിടുത്തെ ഖബറിന് ചുറ്റും മതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ടെന്ന് ഇമാമീങ്ങൾ പറഞ്ഞിട്ടുണ്ട്

ഇതൊന്നും ഇന്ന് അവിടുത്തെ ഖബർ വലിയ ഖുബ്ബകെട്ടി ആദരവോടെ സംരക്ഷിച്ചതിന് എതിരല്ല. മഹാന്മാരുടെ ഖബർ അനുവദനീയമായ രൂപത്തിൽ കെട്ടിപ്പൊക്കിയതിനോ അതിൽ നിന്ന് ബറക്കതെടുക്കുന്നതിനോ ഒരിക്കലും എതിരാകുന്നില്ല.ആ തരത്തിൽ ബിദ്അത്തുകാർ പ്രചരിപ്പിക്കുന്നത് അവരുടെ പതിവുവേലയായ സുന്നികളെ മുഴുവനും മുശ്രികാക്കാനുള്ള ശ്രമത്തിൽ പെട്ട കാര്യമായേ കാണാവൂ...

## ചോദ്യം:06

*അലി(റ) ഉയർന്നു നിൽക്കുന്ന ഖബറുകളെല്ലാം തട്ടിനിരപ്പാക്കുവാൻ വേണ്ടി കൽപ്പിച്ചുവെന്ന് ഹദീസുകളിൽ കാണുന്നു. എന്താണ് പറയാനുള്ളത്.!?*

## മറുപടി

കെട്ടിപ്പൊക്കിയ ഖബറുകൾ പൊളിച്ചുകളയാൻ ശറഇൽ കൽപ്പനയുള്ള ഭാഗമുണ്ട്. പൊതു സ്മശാനത്തിൽ കെട്ടി ഉയർത്തിയ ഖബറുകൾ പൊളിക്കാമെന്ന് തന്നെയാണ്. മഹത്തുക്കളുടേത് ഇതിൽ നിന്ന് ഒഴിവാണെന്ന് പറഞ്ഞ ഇമാമീങ്ങളും ധാരാളമുണ്ട്. പൊളിക്കാൻ അവകാശപ്പെട്ട ഖബറുകളാണെങ്കിൽ അത് പൊളിക്കാൻ പറഞ്ഞിട്ടുണ്ടെങ്കിൽ അത്ഭുതപ്പെടേണ്ടതില്ല. പൊളിക്കേണ്ടതില്ലെന്ന് ഇമാം ശാഫിഈ(റ) അടക്കം പറഞ്ഞത് നാം വിശദീകരിച്ചു. അത് പൊളിക്കാൻ വ്യക്തമായി പറഞ്ഞിട്ടുണ്ടെങ്കിലേ ഇവിടെ ചർച്ച ചെയ്യേണ്ടതുള്ളൂ..

ഇനി, ഈ ഹദീസിൽ കാര്യം ഒന്നും വ്യക്തമല്ല. ഇസ്ലാമിന്റെ തുടക്ക കാലത്ത് തന്നെയുള്ള അലി(റ) വിന്റെ ഈ കൽപ്പന മുസ്‌ലിമീങ്ങളുടെ ഖബറിനെ കുറിച്ചാണെന്ന് പറയുകയാണെങ്കിൽ എപ്പോഴാണ് അങ്ങനെ കെട്ടി ഉയർത്തിയതെന്ന ചോദ്യം വളരെ പ്രസക്തമാണ്. സ്വഹാബത് നബി(സ) യുടെ സമ്മതമില്ലാതെ അവരുടെ ഖബർ കെട്ടിഉയർത്തിയിട്ടുണ്ടായിരുന്നോ എന്നൊക്കെ ചോദിക്കുന്നതിൽ അർത്ഥമുണ്ട്. പുറമെ, ബിംബങ്ങൾ അടിച്ചു തകർക്കാനും ഒപ്പം കൽപ്പിക്കുന്നുമുണ്ട്. ഇതെല്ലാം നോക്കുമ്പോൾ കാഫിറുകളുടേതാവാനാണ് സാധ്യതയുള്ളത്.

ഇമാം ഇബ്നുത്തർക്കമാനി(റ) ഈഹദീസ് അങ്ങനെതന്നെ വിശദീകരിക്കുന്നുണ്ട്.

(باب تسوية القبور وتسطيحها) ذكر فيه امره عليا (ان لا يترك قبرا مشرفا الا سواه ولا تمثالا الا طمسه) - قلت - الظاهر ان المراد قبور المشركين بقرينة عطف التمثال**(الجوهر النقي ٢/٤ — ابن التركماني (ت ٧٥٠)**

ഈ ഹദീസിന്റെ പ്രത്യക്ഷം ഇത് മുഷ്രികീങ്ങളുടെ ഖബറുകളെ കുറിച്ചാണെന്നാണ്. കാരണം ബിംബങ്ങളെയാണ് ഇതിനോട് ചേർത്തു പറഞ്ഞത്.**(അൽ ജൌഹറുന്നഖീ:4/2)**

ഇനി മുസ്ലിംകളുടേതണെന്ന് പറയാൻ ളാഹിരിക്കാരനായ ഇബ്നു ഹസ്മിന്റെ വാക്കുകൾ ബിദ്അതുകാർ ഉദ്ധരിക്കുന്നുണ്ട്. അദ്ധേഹം നാലു മദ്ഹബിനും എതിരായ ആശയമുള്ള വ്യക്തിയായതിനാൽ ഒരു സുന്നിയും അംഗീകരിക്കാറില്ല.

## ചോദ്യം:07

*നബി(സ)യുടെ ഖബർ ലോകത്ത് ഏറ്റവും മഹത്വമുള്ള മണ്ണാണെന്ന് സകല ഇമാമീങ്ങളും വ്യക്തമാക്കിയത് വായിച്ചു. ആ ഖബർ ശരീഫിന്റെ അവസ്ഥ എന്താണ്!? അത് കെട്ടിപ്പൊക്കിയിട്ടുണ്ടോ!? അതിനുമുകളിലുള്ള ഖുബ്ബ ഏതു കാലം മുതലാണ് സ്ഥാപിക്കപ്പെട്ടത്!? ഇമാം നവവി(റ) കെട്ടിപ്പൊക്കിയിട്ടില്ലെന്ന് പറഞ്ഞെന്നും പറയപ്പെടുന്നു. !?*

## മറുപടി

ഖബർ കെട്ടിപ്പൊക്കുന്നതിന്റെ വിധിവിലക്കുകൾ കൃത്യമായി കർമ്മശാസ്ത്ര പണ്ഡിതർ ചർച്ച ചെയ്തത് വിശദമായി ഒരു അധ്യായത്തിൽ മുകളിൽ വിശദീകരിച്ചിട്ടുണ്ട്. സ്വന്തം അവകാശത്തിലുള്ള സ്ഥലത്ത് കെട്ടിപ്പൊക്കുന്ന ഖബർ പൊളിക്കേണ്ടതുതന്നെയില്ലെന്ന് ഇമാം ശാഫിഈ(റ) തന്നെ വ്യക്തമാക്കി. മഹാത്മാക്കളുടെ ഖബർ കെട്ടിപ്പൊക്കുന്നത് പൊതു ശ്മശാനത്തിലാണെങ്കിൽ പോലും അനുവദനീയമാണെന്ന് പറഞ്ഞ ഫുഖഹാക്കളെ നാം കണ്ടു.

നബി(സ)യുടെ ഖബർ ആഇശാ(റ)യുടെ വീട്ടിലാണ് സ്ഥിതി ചെയ്യുന്നത്. അവിടെ കെട്ടിപ്പൊക്കുന്നതിനും പൊക്കാതിരിക്കുന്നതിനും ഇസ്ലാമിൽ വിലക്കില്ല. കെട്ടിപ്പൊക്കി എന്നതു കൊണ്ട് പ്രത്യേക മഹത്വങ്ങളുമില്ല. അതിനാൽ ഇത്തരം ഒരു ചോദ്യം തന്നെ അസ്ഥാനത്താണ്. കേരളത്തിൽ തന്നെ സുന്നികൾ സിയാറതിനെത്തുന്ന പല വലിയ മഹത്തുക്കളുടെ ഖബറുകളും കെട്ടിപ്പൊക്കാതെ തന്നെ സിയാറതിന് സൗകര്യം ചെയ്തിട്ടുണ്ട്. പൊന്നാണി മഖ്ദൂം തങ്ങളുടെ ഖബർ അതിന് ഉദാഹരമമാണ്.

ഖബർ അനുവദിച്ച രൂപത്തിൽ കെട്ടിപ്പൊക്കുന്നത് ഫുഖഹാക്കൾ അംഗീകരിച്ച തബർറുക് എടുക്കാനുള്ള സൗകര്യത്തെ മാനിച്ചു കൂടിയാണ്. ആ തബർറുക് മുത്ത്നബി(സ)യുടെ ഖബറിൽ അനാദരവിന് കാരണവും അദബു കേടുമാണെന്ന് ഇമാമീങ്ങൾ വിശദീകരിച്ചത് മഖ്ബറയും തബർറുകും എന്ന തലക്കെട്ടിനുള്ളിൽ നന്നായി വിശദീകരിച്ചിട്ടുണ്ട്.

പൊതു സ്മശാനത്തിലല്ല ഒരു ബറകതെടുക്കപ്പെടുന്ന മഖ്ബറ സ്ഥിതി ചെയ്യുന്നതെങ്കിൽ അതിനു ചാരെ സിയാറതിന് വേണ്ടി സൗകര്യം ഒരുക്കലും മുകളിൽ ഖുബ്ബ നിർമ്മിക്കലും പുണ്യകർമ്മമായ കാര്യമാണെന്ന് സകല കർമ്മശാസ്ത്ര പണ്ഡിതരും ഏകോപന സ്വരത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഇമാം ശാഫി(റ) തന്നെ അത് പറയുകയുണ്ടായി. ഈ പുണ്യ കർമ്മവും വഹാബീ വീക്ഷണത്തിൽ കടുത്ത തെറ്റും അനാചാരവുമാണ്. ഈ വിഷയത്തിൽ വഹാബികളെ നാമാണ് ചോദ്യം ചെയ്യേണ്ടത്. മുത്ത്നബി(സ) യുടെ ഖബറിനു മുകളിൽ ഇന്നും സുന്നികൾ പുണ്യകർമ്മമാണെന്ന് പറയുന്ന പച്ചഖുബ്ബ പൂർണ്ണ ഗാംഭീര്യതയോടെ തന്നെ തല പൊക്കി നിൽക്കുന്നുണ്ട്. ബിദ് അതുകാരുടെ വാദത്തിൽ അത് പൊളിച്ചുമാറ്റേണ്ടതാണെന്നതിൽ അവർക്ക് വല്ല തർക്കവുമുണ്ടോ!? ഇല്ല. എന്നിട്ടും ആ ഖുബ്ബയെ വെച്ചു പൊറുപ്പിക്കുന്ന ബിദ്അതുകാരാണ് ഇവിടെ തോറ്റുപോയത്.

ചുരുക്കത്തിൽ ഖബർ കെട്ടിപ്പൊക്കിയില്ലല്ലോ എന്ന് പറഞ്ഞു ബിദ്അതുകാർക്ക് സുന്നികളെ എതിർക്കാൻ ഒരു സാഹചര്യവും നിലനിൽക്കുന്നില്ല. കെട്ടിപ്പൊക്കാം,പൊക്കാതിരിക്കാം. രണ്ടും ജാഇസാണ്. എന്നാൽ ഖുബ്ബ/ കെട്ടിടം നിർമ്മിക്കൽ പുണ്യമാണെന്ന് സകല ഇമാമീങ്ങളും പറഞ്ഞതാണ്. വഹാബികളുടെ അനാചാരവും ശിർക്കിന്റെ കേന്ദ്രവുമാണെന്ന വാക്കിന് ഒരു വിലയുമില്ലാതെ ഇന്നും ആ പച്ചഖുബ്ബ നിലനിൽക്കുന്നുണ്ട്.

'ഖുബ്ബ പിൽക്കാലത്തുണ്ടാക്കിയതല്ലെ' എന്ന് വഹാബികൾ ചില ഇബാറതുകൾ കാണിച്ച് വീമ്പിളക്കാറുണ്ട്. ഖുബ്ബ എന്നാൽ പിൽക്കാലത്ത് വന്ന ഇസ്ലാമിലെ ഒരു ആദരവിന്റെ സൂചകമാ

ണ്. നബി(സ)യുടെ കാലത്തോ സ്വഹാബതിന്റെ കാലത്തോ പള്ളികൾക്കു പോലും ഖുബ്ബയോ മിനാരമോ വന്നിട്ടില്ലായിരുന്നു. ആ നിലക്കുള്ള ആദരവ് മഹത്തുക്കളുടെ ഖബറുകൾക്കും ഹലാലായ സ്ഥലത്ത് ഉണ്ടാക്കുന്നതാണ് പുണ്യകർമ്മമായി ഇമാമീങ്ങൾ പരിചയപ്പെടുത്തിയത്.

മുത്ത്നബി(സ)യെ മറവ് ചെയ്ത മുറിയാണ് ഹുജ്റതു ശരീഫ്(വിശുദ്ധ മുറി). മുത്ത്നബി(സ)യെ അവിടെ മറവ് ചെയ്ത സമയം അതിന്റെ ഭിത്തി ഈന്തപ്പനകൾ കൊണ്ടുള്ളതായിരുന്നു. ഉമർ(റ) വിന്റെ കാലത്ത് അത് ഇഷ്ടികകൾ കൊണ്ട് പുനർനിർമ്മിച്ചു. ആ ഭിത്തികൾ അബ്ദുൽ മലികിന്റെ കാലഘട്ടത്തിൽ (ഹി. 91) പൊളിഞ്ഞ സമയം ഉമർബ്നു അബ്ദുൽ അസീസിന്റെ നേതൃത്വത്തിൽ കറുത്ത കല്ലുകൾ കൊണ്ട് പുനർനിർമ്മാണം നടത്തി.

ഇതിനുള്ള കാരണം ഇമാംനവവി(റ) പറഞ്ഞത് ആദരിക്കപ്പെടുമെന്ന് ഭയന്നിട്ടല്ല. ആദരിക്കേണ്ടതെങ്ങനെയാണെന്ന് കൃത്യമായി അവിടുത്തെ കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങളിൽ പഠിപ്പിച്ചിട്ടുണ്ട്. സ്വഹാബത്ത് വരെ ആഖബറിന്റെ മുകളിൽ തലവെച്ചു ചുംബിച്ച പല സംഭവങ്ങൾ മുകളിൽ പറഞ്ഞു. മറിച്ച്, ഇമാം നവവി(റ) പറഞ്ഞത് خَوْفًا مِنَ الْمُبَالَغَةِ فِي تَعْظِيمِهِ وَالِافْتِتَانِ بِهِ فَرُبَّمَا أَدَّى ذَلِكَ إِلَى الْكُفْرِ كَمَا جَرَى لِكَثِيرٍ مِنَ الْأُمَمِ الْخَالِيَةِ 'ആദരവിൽ അതിരു കവിഞ്ഞു മുൻകാല സമുദായക്കാർ കുഫ്റിലേക്ക് വരെ എത്തുന്ന അവസ്ഥ ഇല്ലാതിരിക്കാൻ വേണ്ടിയാണിതെന്നാണ്.' ഇതിൽ ആർക്കും തർക്കമില്ല. പിൽകാലത്ത് ഇത്തരത്തിൽ ചെയ്യാനുണ്ടായ കാരണം ഇസ്ലാം വ്യാപിച്ചതിനാൽ സിയാറതിന് വരുന്നവരുടെ ആധിക്യം കാരണം അനിയന്ത്രിതമാകുന്നതിനാൽ ശറഅ് കൽപ്പിച്ച ആദരവ് നിലനിർത്താനാകില്ല എന്നതുകൊണ്ടും, വിവരമില്ലാത്തവർ സുജൂദ് ചെയ്യുക പോലുള്ള പ്രവർത്തനങ്ങൾ കൊണ്ട് പരിധിവിടുമെന്ന കാരണത്താലുമാണ്. അങ്ങനെ ഒരാൾക്കും ആ ഖബറിലേക്ക് മുന്നിട്ട് നിസ്കരിക്കാൻ സാധിക്കുകയില്ലാത്ത

വിധം പിൽക്കാലത്ത് അതിനു ചുറ്റും മതിലുകൾ നിർമ്മിക്കുകയുണ്ടായി.

ഇതിലേക്ക് ഇനിയും ആവശ്യമുള്ളതെന്ന് തോന്നുന്ന വിഷയങ്ങൾ ചേർത്ത് ഇടക്ക് പുനർക്രമീകരിച്ചേക്കാം. ഏറ്റവും അവസാന വേർഷൻ PDF Sunnah Club ടെലഗ്രാം ബോട്ടിലും വെബ് സൈറ്റിലും ലഭ്യമാകും. *(വേർഷൻ No: ആമുഖത്തിന് താഴെ നോക്കുക)*

ഇതിൽ ഉപയോഗിച്ച കിതാബുകളുടെ പേജുകൾ മാർക്ക് ചെയ്തു വെച്ചത് കാണാൻ ടെലെഗ്രാം ലിങ്ക് സന്ദർശിക്കുക.

https://telegram.me/burdayanu/1051

Mob: 9539717016